PROCEEDINGS OF THE

TRAVANCORE-COCHIN LEGISLATIVE ASSEMBLY

FIRST SESSION—1953.

Thursday, the 26th March, 1953.

Vol. VIII **OFFICIAL REPORT** **No. 24**

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Thursday, the 26th March, 1953, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted question for the day.)

ORAL ANSWERS.

ട്രാൻസ്പോർട്ട് ബോർഡ് യോഗം.

* ൬൨൨. [൧] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂഡൽഹിയിൽവച്ച് ൨൮-൧-൫൩-ൽ സമ്മേളിച്ച ട്രാൻസ്പോർട്ട് ബോർഡുയോഗത്തിൽ ഈ സംസ്ഥാനഗവണ്മെൻറ് വല്ല പദ്ധതികളും സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണ്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ആർ. ഗംഗാധരൻ: പൊതുമരാമത്തുമന്ത്രി ഈ ജനുവരി മാസം ൨൧-ാംനു ഈ ഗവണ്മെൻറിൻെറ പ്രതിനിധി എന്ന നിലയിൽ ഡെൽഹിയിൽ പോയിരുന്നോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പോയിട്ടുണ്ടായിരുന്നു.

ശ്രീ. ആർ. ഗംഗാധരൻ: ട്രാൻസ്പോർട്ടു ബോർഡു യോഗത്തിൽ സംബന്ധിക്കുന്നതിനാണോ പോയതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ട്രാൻസ്പോർട്ടു ബോർഡു് യോഗത്തിലും ട്രാൻസ്പോർട്ടു അഡ്വൈസറി കമ്മിററിയിലും സംബന്ധിച്ചു.

ശ്രീ. ആർ. ഗംഗാധരൻ: ട്രാൻസ്പോർട്ടു ബോർഡു് യോഗത്തിൽ ഈ ഗവണ്മെൻറ വല്ല പദ്ധതിയും സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അവിടെ നടന്ന ഡിസ്കഷനിൽ പങ്കുകൊണ്ടു എന്നല്ലാതെ പ്രത്യേകം പദ്ധതിയൊന്നും സമർപ്പിച്ചിട്ടില്ല.

ശ്രീ. ആർ. ഗംഗാധരൻ: ട്രാൻസ്പോർട്ടുബോർഡു് യോഗത്തിൽ ഈ ഗവണ്മെൻറവക വല്ല നിർദ്ദേശവും സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ട്രാൻസ്പോർട്ടു ബോർഡു യോഗത്തിൽ റെയിൽവെ ട്രാൻസ്പോർട്ടിനെ സംബന്ധിച്ചു് ചർച്ച നടന്ന അവസരത്തിൽ എറണാകുളം-കൊല്ലം റെയിൽവെ ലൈൻ എത്രയും വേഗം പൂർത്തിയാക്കണമെന്നു നിർദ്ദേശം കൊടുത്തിട്ടുണ്ടു്. കൊല്ലം-എറണാകുളം റെയിൽവെ ഇലക്ട്രിക്ക് റെയിൽവെയായി പണിയണമെന്നും നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

ശ്രീ. ആർ. ഗംഗാധരൻ: ടൂറിസ്റ്റ് ട്രാഫിക്ക് വികസനത്തെ സംബന്ധിച്ചു് എന്തെങ്കിലും നിർദ്ദേശം കൊടുത്തിട്ടുണ്ടോ?

Mr. Speaker: The Question could not be heard; please make use of the mike.

ശ്രീ. ആർ. ഗംഗാധരൻ: ട്രാൻസ്പോർട്ടു ബോർഡു യോഗത്തിൽ സംബന്ധിച്ച അവസരത്തിൽ ടൂറിസ്റ്റ് ട്രാഫിക്ക് വികസനത്തെ സംബന്ധിച്ചു് വല്ല പദ്ധതികളും ഗവണ്മെൻറ സമർപ്പിച്ചിട്ടുണ്ടായിരുന്നോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: പദ്ധതികൾ ഒന്നും സമർപ്പിച്ചില്ല. ടൂറിസ്റ്റ് ട്രാഫിക്കിനെ സംബന്ധിച്ചു് ചർച്ച നടന്ന അവസരത്തിൽ ഈ രാജ്യത്തെ ടൂറിസ്റ്റ് ട്രാഫിക്ക് വികസനത്തിനു അവരിൽനിന്നു ധനപരമായ സഹായം ലഭിക്കുന്നതിനു സാദ്ധ്യതയില്ലെന്നു കണ്ടു.

ശ്രീ. ആർ. ഗംഗാധരൻ: വിമാനാപകടത്തിൽപ്പെട്ടു മൃതിയടഞ്ഞ ശ്രീ. കെ. എസ്സ്. രാഘവൻെറയും ശ്രീ. വി. കെ. ആർ. മേനോൻെറയും കുടുംബങ്ങൾക്കു ധനസഹായംചെയ്യുന്നതിനെ സംബന്ധിച്ചു് ഈ കാൺഫറൻസിൽ എന്തെങ്കിലും ആലോചിക്കുകയുണ്ടായോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ കാൺഫറൻസ് അതിനെ സംബന്ധിച്ചു് ആലോചിക്കുന്നതിനല്ലായിരുന്നു.

ശ്രീ. ആർ. ഗംഗാധരൻ: മന്ത്രി സംബന്ധിച്ച മററു കാൺഫറൻസുകളിൽ അവരുടെ കുടുംബങ്ങൾക്കു ധനപരമായ സഹായം ചെയ്യുന്നതിനെക്കുറിച്ചു വല്ല ആലോചനയും ഉണ്ടായോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനെ സംബന്ധിച്ച് ആലോചന ഉണ്ടായില്ല.

ശ്രീ. ആർ. ഗംഗാധരൻ: അവരുടെ കുടുംബത്തെ സഹായിക്കേണ്ട ആവശ്യമുണ്ടെന്ന്—

Mr. Speaker :What has that to do with Compensation?

ശ്രീ. ആർ. ഗംഗാധരൻ: മന്ത്രി സംബന്ധിച്ച ഏതെങ്കിലും കാൺഫറൻസിൽ അതിനെ സംബന്ധിച്ച് ആലോചന നടന്നോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അത് ഈ ചോദ്യത്തിൽ നിന്ന ഉദിക്കുന്നില്ല.

ശ്രീ. പി. വി. അവിരാ തരകൻ: നാഷണൽ ഹൈവേയുടെ കാര്യ്യത്തിൽ ഹൈവേ ട്രാൻസ്പോർട്ട ബോർഡു യോഗത്തിൽ വല്ല തീരുമാനവും എടുത്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതും ട്രാൻസ്പോർട്ട യോഗവുമായി ബന്ധമില്ല.

ശ്രീ. ടി. എ. മജീദ്: ഈ രാജ്യത്തെ പൊതുവെയുള്ള ആവശ്യത്തിന ഇലക്ട്രിസിററി പോരാതിരിക്കുമ്പോഠം കൊല്ലം-എറണാകുളം റെയിൽവെ ലൈനിന എങ്ങിനെ ഇലക്ട്രിസിററി കൊടുക്കുവാൻ കഴിയും?

ശ്രീ. കളത്തിൽ വേലായുധൻ നായർ: എപ്പോഴും ഇലക്ട്രിസിററിയുടെ ക്ഷാമം ഇവിടെ ഉണ്ടാകയില്ല. ഈ ഗവണ്മെൻറ കാര്യങ്ങഠം കാലേക്കൂട്ടി കാണാൻ സാധിക്കുന്ന ഒരു ഗവണ്മെൻറായതുകൊണ്ടു മുൻകൂട്ടി പറഞ്ഞുവെന്നേയുള്ളു.

ഹരിജൻ കാളനികഠം.

❋ ൩൨൩. [൨] ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

൧൯൫൮-ൽ എത്ര ഹരിജൻ കാളനികഠം സ്ഥാപിക്കാനുദ്ദേശിക്കുന്നു; അവ എവിടെയെല്ലാമാണ്; ഹരിജൻ കാളനികളിൽ താമസിക്കുന്നവക്കം തൊഴിലുണ്ടാക്കിക്കൊടുക്കുന്നതിന വല്ല പദ്ധതിയും സക്കാരിനുണ്ടോ; അവ എന്താണെന്നു പറയുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ): വിശദവിവരം അടങ്ങിയ ഒരു സ്റ്റേറമെൻറ് മേശപ്പുറത്തു വച്ചിരിക്കുന്നു. ❋

ശ്രീ. കെ. കുട്ടപ്പൻ: തൊഴിലുണ്ടാക്കി കൊടുത്തു എന്നു പറയുന്നതു അതു എന്തെല്ലാം തൊഴിലാണെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ചില സ്ഥലങ്ങളിൽ വസ്ത്രങ്ങഠം നെയ്യുന്നതിന കൈത്തറി ഇട്ടു കൊടുത്തിട്ടുണ്ട്. മററ ചില സ്ഥലങ്ങളിൽ പനമ്പു നെയ്യുന്നതിനുള്ള ഏർപ്പാടു ചെയ്തിട്ടുണ്ട്. ടെയിലറിംഗിൽ കുറെ കുട്ടികഠംക്കു പരിശീലനം നൽകി വരുന്നുണ്ട്.

❋ Please See Appendix I

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : മേശപ്പുറത്തു വച്ചിരിക്കുന്ന ലിസ്റ്റിൽ ഇപ്പോഴുള്ള കാളനികൾ എത്രയുണ്ടെന്നു കാണിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : മേശപ്പുറത്തു വച്ചിരിക്കുന്ന ലിസ്റ്റിൽ പറഞ്ഞിരിക്കുന്നതു വരുന്ന കൊല്ലത്തിൽ ആരംഭിക്കുവാൻ പോകുന്ന കാളനികളാണ്. ഇതുവരെ എന്നു കോളനികളാണ് ഉണ്ടാക്കീട്ടുള്ളതു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ഈ എന്നു കോളനികളിൽ കോളനൈസേഷൻ സ്കീം അനുസരിച്ചു തുടങ്ങിയിട്ടുള്ളവ എത്രയാണെന്നു് പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കോളനൈസേഷൻ സ്കീം അനുസരിച്ചുള്ള കോളനിയും ഹരിജനങ്ങളുടെ കാളനി സ്കീം അനുസരിച്ചുള്ള കാളനിയും രണ്ടും രണ്ടാണ്. ഈ ചോദ്യം കോളനൈസേഷൻ സ്കീം അനുസരിച്ചുള്ള കോളനിയെപ്പറ്റിയുള്ളതല്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ഹരിജനങ്ങൾക്കുവേണ്ടി സ്ഥാപിച്ചിട്ടുള്ള കോളനിയിലെ സ്ഥലം അതാതു സ്ഥലത്തെ താമസക്കാരായ ആളുകൾക്കു സർവ്വസ്വാതന്ത്ര്യമായി കൈകാര്യം ചെയ്യുവാൻ അനുവദിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : സർവസ്വാതന്ത്ര്യമായി കൈകാര്യം ചെയ്യുവാൻ അനുവദിച്ചിട്ടില്ല. അങ്ങിനെ അനുവദിച്ചാൽ അതു അവരുടേതായി നിലനിൽക്കുമെന്നു ഗവണ്മെൻറിനു തോന്നുന്നില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : അവർ താമസിക്കുന്ന സ്ഥലം അവർക്കായിട്ടുതന്നെ കൊടുക്കുവാൻ ഗവണ്മെൻറിനു വല്ല പദ്ധതിയും ഉണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ക്രയവിക്രയം ചെയ്യുവാൻ സ്വാതന്ത്ര്യമില്ലാത്ത വിധത്തിൽ അതു അവർക്കു കൊടുക്കുന്നതിനെപ്പറ്റി ഗവണ്മെൻറ ആലോചിക്കുന്നുണ്ടു്.

ശ്രീ. എ. കെ. ചെല്ലയ്യാ : സ്വന്തം വീടു മററുള്ളവർക്കു വാടകയ്ക്കു കൊടുത്തിട്ടുള്ള ആരെയെങ്കിലും ഹരിജന കോളനിയിൽ താമസിക്കുവാൻ അനുവദിച്ചിട്ടുണ്ടോ ?

Mr. Speaker : The list is placed on the table. The hon. Member can ascertain that from the list.

ശ്രീ. എ. കെ. ചെല്ലയ്യാ : അരുവാമൊഴി കോളനിയിൽ അങ്ങനെയുള്ള ആർക്കെങ്കിലും വീടു കൊടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനു പ്രത്യേകം ഒരു ചോദ്യം ചോദിച്ചാൽ ഉത്തരം പറയാം.

ശ്രീ. എ. കെ. ചെല്ലയ്യാ : വീടില്ലാത്തവർക്കും വീടുള്ളതു മററുള്ളവർക്കു കൊടുത്തിട്ടുള്ളവർക്കും കോളനിയിൽ വീടുകൊടുക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : സ്വന്തമായി വീടില്ലാത്തവർക്കും സ്വന്തമായി സ്ഥലമില്ലാത്തവർക്കും ആണ് കോളനിയിൽ സ്ഥലവും വീടും കൊടുക്കുന്നതു്.

ശ്രീ. എ. കെ. ചെല്ലയ്യാ : കോളനിയിൽ താമസിക്കുന്നവരിൽ പലർക്കും വേറെ സ്വന്തമായി വീടുണ്ടെന്നു ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങിനെ ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

ஸ்ரீ. கணபதி : காளனிசேஷன் இல்லாத தாலூகாக்கள் உண்டா ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉണ്ടു്.

ஸ்ரீ. கணபதி : தேவிகுளம் பீரிமேடு தாலூகாக்களில் இந்த நடப்பு வருஷத்தில் காளனிசேஷன் உண்டா ?

ശ്രീ. കെ. കൊച്ചുകുട്ടൻ : വരുന്നകൊല്ലം ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്ന കാളനിയെ സംബന്ധിച്ചാണു് ഈ ലിസ്ററ്. അതിൽ ദേവികുളം പീരിമേടിലേയ്ക്കും ഉണ്ടെന്നാണു് തോന്നുന്നതു്.

ശ്രീ. ഗണപതി : ദേവികുളം-പീരുമേടിൽ കാളനി ഇല്ലെന്നാണു് എൻെറ അറിവു്.

Mr. Speaker : The Member may once again look into the question under discussion.

ശ്രീ. പി. കെ. രാമചന്ദ്രദാസ് : ഇപ്പോഴുള്ള മൂന്നു കാളനികളും വരുന്നകൊല്ലത്തെ ലിസ്ററിൽ ഉൾപ്പെടുത്തിയിരിക്കുകയാണോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : മൂന്നു കാളനികൾ ഇപ്പോൾ ഉണ്ടു്. വരുന്ന കൊല്ലത്തിൽ തുടങ്ങുന്ന കാളനികളാണു് മേശപ്പുറത്തുവച്ചിരിക്കുന്ന ലിസ്റ്റിൽ പറഞ്ഞിരിക്കുന്നതു്.

ശ്രീ. സി. സി. അയ്യപ്പൻ : കോളനി ഉണ്ടാക്കുന്നതിൽ വീടുകൾ ഉണ്ടാക്കികൊടുക്കുന്നതും പെടുകയില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉണ്ടാക്കുന്ന കാളനികളിൽ കഴിയുന്നത്ര വീടുകൾ ഉണ്ടാക്കികൊടുക്കണമെന്നു് ഗവണ്മെൻറിനു് ആഗ്രഹമുണ്ടു്.

ശ്രീ. സി. സി. അയ്യപ്പൻ : അങ്ങനെ ഉണ്ടാക്കികൊടുക്കുന്ന വീടിനു് എന്തു ചെലവു വരുമെന്നു പറയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കുറെ നാളുകളായിട്ടു് ഗവണ്മെൻറ കാളനികൾ ഉണ്ടാക്കിയും അതിൽ വീടുകൾ കെട്ടിച്ചും വരികയാണു്. പലതരത്തിലുള്ള വീടുകൾ വച്ചിട്ടുണ്ടു്. അതുകൊണ്ടു് ഒരു വീടിനു് എന്തു ചിലവായിട്ടുണ്ടു് എന്നു ചോദിച്ചാൽ അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. സി. സി. അയ്യപ്പൻ : പല വീടുകളും ഉണ്ടാക്കുന്നതാണെന്നു് ലിസ്റ്റിൽ പറഞ്ഞിട്ടുണ്ടു്. അതിനു് ഓരോന്നിനും എന്തു ചെലവുവരും എന്നാണു് ചോദിക്കുന്നതു്.

ശ്രീ. കെ. കൊച്ചുകുട്ടൻ : കാളനിയുടെ കാര്യമാണ് ലിസ്റ്റിൽ പറയുന്നതു്.

ശ്രീ. സി. സി. അയ്യപ്പൻ : വീടിൻെറ കാര്യമാണു് ഞാൻ ചോദിക്കുന്നതു്.

Mr. Speaker : Order, order. We will proceed to the next question.

ഇൻഡസ്ട്രിയൽ ഹൗസിംഗ് സ്കീം.

* ൬൨൮. [൩] ശ്രീ. ടി. കെ. ദിവാകരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യാഗവണ്മെൻറിൻെറ ഇൻഡസ്ട്രിയൽ ഹൗസിംഗ് സ്കീം അനുസരിച്ചു് ൧൯൫൨-൫൩ വർഷങ്ങളിലേയ്ക്കു് ഈ സംസ്ഥാനത്തിനു കേന്ദ്രത്തിൽ നിന്നും എന്തെങ്കിലും ധനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണമെന്തു് ;

(സി) ഉണ്ടെങ്കിൽ ഈ സ്കീം അനുസരിച്ചു് സംസ്ഥാനത്തു് എവിടെയെങ്കിലും വീടു്പണി ആരംഭിച്ചിട്ടുണ്ടോ ?

ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ) ഇൻഡ്യാഗവണ്മെൻറിൻെറ ഇൻഡസ്ട്രിയൽ ഹൗസിംഗ് സ്കീം അനുസരിച്ചു് ൧൯൫൨-൫൩ വർഷത്തിലേക്കു് കേന്ദ്രത്തിൽ നിന്നു് സംഖ്യ ലഭിച്ചുകഴിഞ്ഞിട്ടില്ല. എങ്കിലും വേറെ ഒരു സ്കീം അനുസരിച്ചു് ൧൯൫൧-൫൨-ൽ ലഭിച്ച ൧൦ ലക്ഷം രൂപ ഈ സ്കീമിലേക്കു് വകയാക്കുവാൻ അനുവദിച്ചിട്ടുണ്ടു്.

(ബി) ഈ പദ്ധതി അനുസരിച്ചു് ഗവണ്മെൻറ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങളുടെ എസ്റ്റിമേററ പ്ലാൻ മുതലായവ തയാറാക്കി അയച്ചതിനുശേഷം ധനസഹായം ലഭിക്കുകയുണ്ടായില്ല.

(സി) ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ : നമ്മുടെ ഗവണ്മെൻറിൽ നിന്നു് ഇതിലേക്കുള്ള പദ്ധതി അയക്കുവാൻ താമസിച്ചതുകൊണ്ടാണോ കേന്ദ്രഗവണ്മെൻറിൽനിന്നു് സംഖ്യ കിട്ടാതിരുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ സ്കീം സംബന്ധിച്ച വിവരം കിട്ടിയതു് അടുത്തകാലത്താണു്. അതിനുശേഷം ഒരു പ്ലാൻ അയച്ചു. കുറച്ചുകൂടി വിശദവിവരം വേണമെന്നു് പറഞ്ഞിട്ടു് അതു് ശേഖരിച്ചു് അയക്കുകയാണു ചെയ്തതു്.

ശ്രീ. ടി. കെ. ദിവാകരൻ : ൧൯൫൩-൫൪-ൽ ഈ സംഖ്യ കിട്ടുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കിട്ടും. ൧൦ ലക്ഷം രൂപ ഇപ്പോൾ കിട്ടിയിട്ടുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ സംസ്ഥാനത്തെ ഏതെങ്കിലും മുതലാളികളുമായിട്ട് സഹകരിച്ച് പ്രവർത്തിക്കുവാൻ സാധിക്കുമോ എന്ന് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ സ്കീം അനുസരിച്ച് വീടുകൾ വയ്ക്കുന്നതിന് മുതലാളികളുടെ സഹായം ആവശ്യമില്ല. കിട്ടുന്ന സംഖ്യ ഇൻഡ്യാഗവണ്മെൻറ് ഗ്രാൻറായിട്ട് കിട്ടുന്നതാണ്. പകുതി സംഖ്യ ലോണായും തരും. ആ സംഖ്യകൊണ്ട് ഈ ഗവണ്മെൻറിൻെറ ചുമതലയിൽതന്നെ കെട്ടിടം ഉണ്ടാക്കി കൊടുക്കുന്ന ഒരു സ്കീം ആണ് ഗവണ്മെൻറ ഇപ്പോൾ സ്വീകരിച്ചിട്ടുള്ളതു്. ൫൦ ലക്ഷം രൂപാ വേറെ ഒരു സ്കീം അനുസരിച്ച് കിട്ടിയതു് ഇതിലേയ്ക്കു വകയാക്കി. ഫാക്ടറി ഉടമസ്ഥന്മാരുടെ സഹകരണത്തോടുകൂടി നടത്തേണ്ട സ്കീമിനേക്കാൾ പ്രവർത്തനയോഗ്യമായിട്ടുള്ളതു് ഇതാണെന്ന് വിചാരിച്ചതുകൊണ്ടാണ് ഗവണ്മെൻറ ഈ സ്കീം എടുത്തതു്.

ശ്രീ. ടി. കെ. ദിവാകരൻ: പ്രധാനപ്പെട്ട എല്ലാ കമ്മേർഷ്യൽ സെൻറേഴ്സിലും ഈ സ്കീം പ്രകാരം വീടുകൾ വയ്ക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആലുവാ, എറണാകുളം, കൊല്ലം, തൃശ്ശിവപേരൂർ, ആലപ്പുഴ മുതലായ എല്ലാ സ്ഥലങ്ങളിലുംകൂടി ൮൦൦ വീടുകൾ ഉണ്ടാക്കാനുള്ള ഒരു സ്കീം ആണ് ഗവണ്മെൻറ് തയാറാക്കിയിട്ടുള്ളതു്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ വർഷത്തിൽതന്നെ ഈ വീടുകളുടെ പണി തുടങ്ങുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സംഖ്യ കിട്ടിയാൽ ഉടനെതന്നെ അതിൻെറ പ്രവർത്തനം തുടങ്ങും. സംഖ്യ ചെലവാക്കുന്നതിനുമുമ്പ് പ്ലാൻ കേന്ദ്രഗവണ്മെൻറ് അപ്രൂവ് ചെയ്യണം. ഇൻഡ്യാഗവണ്മെൻറിൽനിന്നും മുഴുവൻ സംഖ്യയും തരുന്നതുകൊണ്ട് പ്ലാനും എസ്റ്റിമേറ്റും അപ്രൂവ് ചെയ്തേ തുടങ്ങുവാൻ സാധിക്കുകയുള്ളു. അവർ അപ്രൂവ് ചെയ്ത പ്ലാനിൽനിന്നും അല്പം വ്യത്യസ്തമായ ഒരു പ്ലാനാണ് നമ്മുടെ നാട്ടിൻെറ സ്ഥിതി അനുസരിച്ച് ആവശ്യമുള്ളതു്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ വീടുകൾ നിർമ്മിക്കുന്നതു് കാളനിയായിട്ടോ അല്ലെങ്കിൽ പ്രത്യേകം പ്രത്യേകം വീടുകളായിട്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒററവീട് ആയിട്ടുവേണമെന്നാണ് ഗവണ്മെൻറിൻെറ ആഗ്രഹം.

ശ്രീ. ടി. കെ. ദിവാകരൻ: തൊഴിലാളികൾക്ക് ഏതു വ്യവസ്ഥയിൽ ഈ വീടുകൾ കൊടുക്കുവാനാണ് ഗവണ്മെൻറ വിചാരിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വാടകയ്ക്കു കൊടുക്കാനാണ് വിചാരിക്കുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ: ഇത്രകൊല്ലം വാടക കൊടുക്കണം എന്നു വല്ല വ്യവസ്ഥയും ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തൊഴിലാളികൾക്ക് ഉടമസ്ഥത കിട്ടുന്നവിധത്തിലല്ലാ ഈ സ്കീം.

ശ്രീ. കെ. കരുണാകരൻ: മുതലാളികൾ സ്ഥലം തരാൻ തയാറാകുന്ന സ്ഥലത്ത് വീടുകൾ പണിയുന്നതിന് മുൻഗണന കൊടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് കൊടുക്കും.

ശ്രീ. ഏ. കെ. ചെല്ലയ്യം: ഇൻഡസ്ട്രിയൽ ഹൗസിംഗ് സ്കീം അനുസരിച്ച് തെക്കൻ തിരുവിതാംകൂറിൽ വീടുകൾ പണിയുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തെക്കൻ തിരുവിതാംകൂറിൽ വ്യവസായതൊഴിലാളികൾ ഉണ്ടെങ്കിൽ അവിടെയും പണിയും.

ശ്രീ. ഏ. കെ. ചെല്ലയ്യം: മണവാളക്കുറിച്ചിയിൽ ഉള്ള നെയ്ത്തുകാർ അത്രയും ഈ സ്കീം അനുസരിച്ച് തങ്ങൾക്കും വീടുകിട്ടുമെന്നു വിചാരിച്ചിരിക്കുന്നതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ കുറെ ആളുകൾ ഉണ്ടെങ്കിൽ അവരുടെ കാര്യവും ആലോചിക്കാം.

Sale of Essence.

❋ 625. [5] **Shri T. S. Ramaswami :** Will the Minister for Medicine and Public Health be pleased to state whether the Government will take immediate steps to prohibit coloured arrack in the name of 'essence' largely in sale in the prohibition areas?

Minister for Medicine and Public Health (**Shri V. Madhavan**): No such information regarding the sale of coloured arrack in the name of 'essence' in the prohibition areas has been received by Government so far. Instructions have, however, been issued to the Board of Revenue to investigate the matter immediatly and take necessary steps if the allegation is found true so that no such malpractices may occur in the prohibition areas.

Shri T. S. Ramaswami : May I know when this instruction was given ?

ശ്രീ. വി. മാധവൻ: അടുത്തകാലത്താണ്.

Shri T. S. Ramaswami : This matter was raised even during the last session. Did the Government make any enquiry after the last session?

ശ്രീ. വി. മാധവൻ: നടപടി നടത്തുവാനായിട്ടു തീരുമാനിച്ച് ആർഡറയച്ചതു് അടുത്ത ഒന്നു രണ്ടു മാസങ്ങൾക്കുമുമ്പാണ്.

Shri T. S. Ramaswami : Are the Government aware that this arrack is being supplied by the Travancore Sugars and Chemicals in the Pampa River Factory to a wholesaler and this is coloured and sent to the prohibition areas?

ശ്രീ. വി. മാധവൻ: അങ്ങനെ കൊടുക്കുന്നില്ലെന്നാണ് ഗവണ്മെൻറിൻെറ അറിവ്. യാതൊരു പരാതികളും ഗവണ്മെൻറിന് ലഭിച്ചിട്ടില്ല.

Shri T. S. Ramaswami: Are Government aware of some fatal cases having occurred because of these injurious drinks?

ശ്രീ. വി. മാധവൻ: അങ്ങനെ ഉണ്ടായിരുന്നു എന്ന് വർത്തമാനപത്രങ്ങളിൽ പ്രസ്താവനകൾ കണ്ടതല്ലാതെ വേറെ വിധത്തിലുള്ള അറിവുകൾ ഒന്നും ഇല്ല.

ശ്രീ. ടി. എ. മജീദ്: തിരുവനന്തപുരം പട്ടണത്തിൽ രണ്ടു സ്ഥലങ്ങളിൽ എസൻസ് വിൽക്കുന്നതായിട്ട് ഗവണ്മെൻറിന് റിപ്പോർട്ടു ലഭിച്ചിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: ഏതെല്ലാം സ്ഥലങ്ങളിൽ ഉണ്ട് എന്നുള്ളതു ഇപ്പോൾ പറയുവാൻ തരമില്ല.

ശ്രീ. ടി. എ. മജീദ്: തിരുവനന്തപുരത്ത് എവിടെയെങ്കിലും ചാരായം വിൽക്കുന്നതായി പരാതി കിട്ടുകയോ, നടപടി നടത്തുകയോ ചെയ്തിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: ചാരായം വിൽക്കുന്നതായി പരാതികൾ ഒന്നും ഇല്ല.

Shri M. Gopalan Nair: Did the Government ascertain whether it is not being sold in front of this House?

ശ്രീ. വി. മാധവൻ: അങ്ങനെ ഉണ്ടെങ്കിൽ അതിനെപ്പററി അന്വേഷിക്കാം.

Shri M. M. Abdul Khader: It has been brought to the notice of the Minister even during the last session that such drinks are being dispensed right before the Secretariat. And yet does the Minister say that nothing has been done as yet?

ശ്രീ. വി. മാധവൻ: ഈമാതിരി ഇത്ര അടുത്ത് ഉണ്ട് എന്നു പറയുന്നതിനെപ്പററി അന്വേഷിക്കാതെയോ കണ്ടുപിടിക്കാതെയോ ഇരിക്കാനായിട്ട് പ്രത്യേക കാരണമൊന്നുമില്ല. ആറു മാസത്തിനു മുമ്പു പോലും അങ്ങനെയുള്ള കാര്യങ്ങൾ അന്വേഷിക്കുകയും കണ്ടുപിടിക്കുകയും നടപടി നടത്തുകയും ചെയ്തിട്ടുണ്ട്. അതിനെപ്പററിയുള്ള കൂടുതൽ വിവരങ്ങൾ കൈവശമില്ലാത്തതുകൊണ്ട് വേറെ ഒരു ചോദ്യംവരാതെ ക്ലിപ്തമായ മറുപടി പറയുവാൻ തരമില്ല.

ശ്രീ. അമ്പാട്ട് ഈച്ചര മേനോൻ: ചാരായത്തിൻെറ ആവശ്യത്തിനാണോ എസ്സൻസ് ഉപയോഗിക്കുന്നതു?

ശ്രീ. വി. മാധവൻ: ലഹരിയുള്ള ചില സാധനങ്ങൾ ചേർത്തുണ്ടാക്കുന്നതാണ് എസ്സൻസ് എന്ന് പറയുന്നതു. എസ്സൻസ് ഉണ്ടാക്കുന്നതിനും അതു സൂക്ഷിക്കുന്നതിനും അല്പം ലിക്കർ കൂടി അതിൽ ചേർക്കേണ്ട ആവശ്യമുണ്ട്.

ശ്രീ. കൊച്ചുകുഞ്ഞു്: ചാരായത്തിൽ വെള്ളംചേർത്തു കൊടുക്കുന്നുണ്ടെന്നു വല്ല പരാതിയും കിട്ടിയിട്ടുണ്ടോ?

Mr. Speaker: That is a different question.

ശ്രീ. പി. എസ്. നടരാജപിള്ള: എസ്സൻസ് ഉണ്ടാക്കുമ്പോൾ അതിനു സ്പിരിററ വരുത്തുവാൻവേണ്ടി ഉപയോഗിക്കുന്ന സാധനത്തിനു് ഡിപ്പാർട്ടുമെൻറിൽനിന്നും പെർമിററ കൊടുക്കുന്നുണ്ടോ?

ശ്രീ. വി. മാധവൻ: അതിനു പ്രത്യേകമായിട്ടു് ഒരു ചോദ്യം ചോദിച്ചാൽ മറുപടിപറയാം. എസ്സൻസ് ഉണ്ടാക്കുന്നതിനു ലൈസൻസു കൂടാതെ നിവൃത്തിയില്ല.

ശ്രീ. പി. എസ്. നടരാജപിള്ള: എസ്സൻസിൽ സ്പിരിററ ചേർക്കുവാൻ ലൈസൻസു കൊടുക്കുന്നതുകൊണ്ടു് എസ്സൻസിൽ കള്ളിനേക്കാൾ കൂടുതൽ സ്പിരിററ ചേർത്താണു കൊടുക്കുന്നതെന്നു് ഗവൺമെൻറിനറിയാമോ?

ശ്രീ. വി. മാധവൻ: അന്വേഷിച്ചുവേണം പറയുവാൻ.

ശ്രീ. എ. കെ. ചെല്ലപ്പൻ: എസ്സൻസിനോ ചാരായത്തിനോ ഏതിനാണു വില കൂടുതൽ?

Mr. Speaker: Has the Minister any experience?

ശ്രീ. എ. കെ. ചെല്ലപ്പൻ: ചാരായം കൊടുക്കുന്ന കുപ്പിയിൽ എസ്സൻസ് എന്ന ലേബൽ ഒട്ടിച്ചു് വിൽക്കുന്നുണ്ടോ?

Mr. Speaker: You can make a reference to that while speaking on the Excise Demand.

ശ്രീ. സി. സി. അയ്യപ്പൻ: നിരോധനംചെയ്ത സ്ഥലങ്ങളിൽ ചാരായം കുടിച്ചവരേയും എസ്സൻസ് കുടിച്ചവരേയും തിരിച്ചറിയുവാൻ എക്സൈസുകാർക്കു് എന്തെങ്കിലും വിഷമമുണ്ടോ?

ശ്രീ. വി. മാധവൻ: വിഷമമുള്ളതായി അറിവില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: മദ്യാംശമുള്ള എസ്സൻസ് വിൽക്കുന്നതു് നിയമാനുസൃതമാണോ?

ശ്രീ. വി. മാധവൻ: എസ്സൻസ് വിൽക്കുവാൻ അനുവദിച്ചിട്ടുണ്ടു്.

ശ്രീ. ടി. കെ. കൃഷ്ണൻ: പ്രൊഹിബിഷൻ ഏരിയായിൽ മദ്യാംശമുള്ള എസ്സൻസ് വിൽക്കുവാൻ അനുവദിച്ചിട്ടുണ്ടോ? അതു നിയമാനുസൃതമാണോ? എന്നാണു ഞാൻ ചോദിക്കുന്നതു്.

Mr. Speaker: The answer is in the affirmative.

ശ്രീ. ടി. കെ. ദിവാകരൻ: ഇപ്പോൾ എത്രയിനം എസൻസുകൾ പ്രചാരണത്തിലിരിക്കുന്നുണ്ടു്, ഏതുതരം എസൻസുകൾ വിൽപ്പന നടത്തുന്നുണ്ടു് എന്നു പറയാമോ?

ശ്രീ. വി. മാധവൻ: അതിനു് ഒരു പ്രത്യേക ചോദ്യം വന്നാൽ മറുപടി പറയാം.

ശ്രീ. പ്രാക്കുളം ഭാസി: ബഹുമാനപ്പെട്ട മെമ്പർ കുഞ്ഞൻനാടാർ ബഹുമാനപ്പെട്ട മന്ത്രിയോട് ഈ കെട്ടിടത്തിന്റെ അടുത്ത് ചാരായം വില്ക്കുന്നത് മന്ത്രികൂടെ വന്നാൽ കാണിച്ചുതരാമെന്നു വെല്ലുവിളിക്കുകയുണ്ടായില്ലേ? അതു മന്ത്രിയവർകൾ ഓർക്കുന്നുണ്ടോ? അതിനെപ്പററി അന്വേഷിച്ചുവോ എന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. വി. മാധവൻ: അദ്ദേഹം പറഞ്ഞുവോ എന്നു ഞാൻ ഓർക്കുന്നില്ല. ഈ കാര്യം പരസ്യമായിട്ടല്ല, രഹസ്യമായിട്ട് അന്വേഷിക്കേണ്ടതാണ്.

ശ്രീ. പ്രാക്കുളം ഭാസി: ഇവിടെ പോസ്റ്റാഫീസിനു മുൻവശത്ത് രാത്രികാലങ്ങളിൽ മുട്ടയും മററുംവച്ചു വിൽക്കുന്നതായിട്ടറിയാമോ?

ശ്രീ. വി. മാധവൻ: അത് അന്വേഷിച്ചിട്ടില്ല. അതിനു ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്മാർ അന്വേഷിക്കുന്നുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: ഇതിനടുത്തുതന്നെ എസൻസുവിൽപ്പന നടത്തുന്നുണ്ടെന്നു പറയുന്നതിനെപ്പററി അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: അത് അഭിപ്രായവ്യത്യാസമുള്ള ഒരു കാര്യമാണ്. അതിനു പ്രത്യേകം ഉദ്യോഗസ്ഥന്മാരെ വച്ചിട്ടുണ്ട്. അങ്ങിനെയുണ്ടെങ്കിൽ അവർ അതു് അന്വേഷിച്ചു കണ്ടുപിടിച്ചു കേസാക്കിക്കൊള്ളും.

ശ്രീ. ഇ. കൃഷ്ണൻനായർ: ഒരാൾക്ക് എത്ര ഔൺസ് എസൻസു വാങ്ങാം എന്നു വല്ല നിബന്ധനയുമുണ്ടോ?

ശ്രീ. വി. മാധവൻ: അത് ഈ ചോദ്യത്തിൽപെടുന്നില്ല. വേറെ ചോദ്യം വേണം.

ശ്രീ. ഇ. കൃഷ്ണൻനായർ: ഒരാൾക്ക് ൨ ഔൺസ് ചാരായം കുടിക്കണം എന്നുണ്ടെങ്കിൽ എത്ര ഔൺസ് എസൻസ് അയാൾ വാങ്ങണം?

(ഉത്തരമില്ല).

ശ്രീ. എൻ. രാജഗോപാലൻനായർ: രണ്ട് ആളുകൾ വിൽപ്പന നടത്തുന്നുണ്ടെന്നു പറഞ്ഞു അവർ ആരെല്ലാമാണ്?

ശ്രീ. വി. മാധവൻ: ഈ ചോദ്യത്തിൽനിന്നും ആ വിവരങ്ങൾ പറയുവാൻ സാദ്ധ്യമല്ല.

ശ്രീ. എൻ. രാജഗോപാലൻനായർ: കേന്ദ്രപാർലമെൻറിൽതന്നെ തിരുവിതാംകൂർ-കൊച്ചിയിലെ മെമ്പർമാർ, ഇവിടത്തെ പോലീസുമന്ത്രിയുടെ ഉററബന്ധുക്കളാണ് ഇവിടെ എസൻസുണ്ടാക്കുന്നതെന്നു പരാതിപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് എസൻസ് ഉണ്ടാക്കുന്നവർ ആരെല്ലാമാണെന്നു അറിവില്ലേ?

Mr. Speaker: The question is disallowed.

Shri E. P. Varghese : May I know whether Government have noted that some of these essences contain a larger percentage of liquor than ordinary essences?

Shri V. Madhavan : Government are not aware.

Shri E. P. Varghese : Will the Government be pleased to send some of these essences for testing?

Shri V. Madhavan : That will be considered.

ശ്രീ. കെ. കരുണാകരൻ : ഇവിടെ പുളിമൂട്ടിനടുത്തു് വില്പന നടക്കുന്നുണ്ടെന്നു് ബഹുമാനപ്പെട്ട മെമ്പർമാർ പറയുന്നതിനെപ്പറ്റി പ്രത്യേകമായിട്ടു് അന്വേഷിക്കാമോ ?

ശ്രീ. വി. മാധവൻ : അന്വേഷിക്കാം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : മദ്യം വിഷാംശമുള്ളതാണെന്നും, അതാരും കുടിക്കരുതെന്നും, വില്ക്കരുതെന്നും ശ്രീ നാരായണഗുരുസ്വാമി ഉപദേശിച്ചിട്ടില്ലേ ?

Mr. Speaker: That is not within the administrative responsibility of the Minister.

ശ്രീ. പി. വി. അവിരാ തരകൻ : എസൻസ് ഉപയോഗിക്കുന്നതിന് പ്രത്യേക കണക്കുകൾ സമർപ്പിക്കേണ്ടോ ?

ശ്രീ. വി. മാധവൻ : ഇല്ല.

Draught.

* 626. [7] **Shri A. Samraj:** Will the Minister for Works and Transport be pleased to state:

(*a*) The area of acres totally affected by the last draught in the taluks of Agasteeswaram, Thovala, Kalkulam and Vilavancode; and

(*b*) the area affected as per revenue authorities and P. W. D. authorities ?

Minister for Revenue **(Shri A. Chidambaranatha Nadar) :** This question has been answered on the floor of the House more than once.

Shri T. S. Ramaswami: On a point of order, Sir. The P. W. Minister has to give part of the answer.

Mr. Speaker: Is the hon. Member particular about the Minister who should answer the question ?

Shri A. Samraj: I am not particular. I only want the answer.

Shri A. Chidambaranatha Nadar: The total area of paddy land affected is about 7063 acres. Correct figures as to the area in which total failure of crops occurred are being collected.

General Hospital.

* 627 [8] **Dr. N. S. Pillai:** Will the Minister for Medicine and Public Health be pleased to state:

(*a*) in what year was the out-patient department of the Trivandrum General Hospital opened ;

(*b*) is there any convenience made there for the out-patients, both males and females, for answering calls of nature; and

(*c*) is there any arrangement made for the supply of drinking water for the out-patients of the General Hospital ?

Minister for Medicine and Public Health **(Shri V. Madhavan):**

(*a*) 1041 M. E.

(*b*) Two new lavatories, one for males and the other for females, are nearing completion.

(*c*) There is no special arrangement.

ഡാക്ടർ എൻ. എസ്സ്. പിള്ള: ഇതുവരെ ആ വക സൗകര്യങ്ങൾ ഇല്ലാതിരുന്നതുകൊണ്ട് അവിടെ വരുന്നവർ എന്തു ചെയ്യുകയായിരുന്നു വെന്നാണ് വിചാരിക്കുന്നത്?

Mr Speaker: Anyway, they were somehow managing.

ശ്രീ. വി. മാധവൻ: ഇതുവരെ പരാതി ഒന്നും വന്നിട്ടില്ല.

ഡാക്ടർ എൻ. എസ്സ്. പിള്ള: ഒരു ദിവസം അവിടെ ശരാശരി ഹാജരാകുന്നവരുടെ എണ്ണം എത്രയാണെന്നു പറയാമോ?

ശ്രീ. വി. മാധവൻ: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. രാജഗോപാലൻനായർ: സ്പെഷ്യൽ അറേഞ്ചുമെൻറ്സ് ഒന്നും വെള്ളത്തിൻെറ കാര്യത്തിൽ ചെയ്തിട്ടില്ലെന്നു പറഞ്ഞു. എന്നാൽ ഓർഡിനറി അറേഞ്ചുമെൻറ്സ് എന്താണുള്ളതെന്നു പറയാമോ?

ശ്രീ. വി. മാധവൻ: അവിടെ പൈപ്പുകൾ ധാരാളമുണ്ട്.

Shri N. Rajagopalan Nair: Beside this outpatient ward?

ശ്രീ. വി. മാധവൻ: ആശുപത്രികോമ്പൗണ്ടിൽത്തന്നെ ഉണ്ട്

Shri N. Rajagopalan Nair: Is the Minister aware that there is no pipe anywhere in the compound?

ശ്രീ. വി. മാധവൻ: പൈപ്പുകൾ ഉണ്ടെന്നാണ് എൻെറ വിശ്വാസം. പൈപ്പുകൾ ഇല്ലാതിരിക്കാൻ കാര്യമില്ല.

ബി. സി. ജി. കുത്തിവയ്പ്പ്.

* ൩൨-൮. [൯] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ബി. സി. ജി. കുത്തിവയ്പിന് ഒരാളിന് എന്തു ചെലവു വരും;

(ബി) ഇതുവരെ എത്ര പേക്ക് സംസ്ഥാനത്തിൽ കുത്തിവയ്പ്പ് നടത്തിയിട്ടുണ്ട്;

(സി) ബി. സി. ജി. കുത്തിവയ്പ്പ് ഫലപ്രദമാണെന്നാണോ അനുഭവംകൊണ്ട് വെളിവാകുന്നത്;

(ഡി) ക്ഷയരോഗികളും ക്ഷയരോഗകാരണങ്ങളുമുള്ള വൈക്കം താലൂക്കിൽ ബി. സി. ജി. പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ അടിയന്തിരമായി ശ്രദ്ധിക്കുമോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ഒരാളിനു ശരാശരി ൮ ണ. ചെലവു വരുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

(ബി) സംസ്ഥാനത്തിൽ ഇതുവരെ (ജനുവരി അവസാനംവരെ) ൮,൩൦,൧൫൩ പേക്ക് ട്യൂബർകുലിനും ൩,൪൪,൩൩൧ പേക്ക് ബി. സി. ജി. കുത്തിവയ്പും നടത്തിയിട്ടുണ്ട്.

(സി) അതേ.

(ഡി) ഈ കൊല്ലത്തിൽതന്നെ വൈക്കംതാലൂക്കിൽ പ്രവർത്തനം തുടങ്ങുന്നതാണ്.

ശ്രീ. സി. കെ. വിശ്വനാഥൻ: ബി. സി. ജി. പ്രവർത്തനങ്ങൾക്ക് ഇന്നു തെരഞ്ഞെടുത്തിട്ടുള്ള കേന്ദ്രങ്ങൾ തെരഞ്ഞെടുക്കുന്നതിനു ഗവണ്മെന്റിനെ പ്രേരിപ്പിച്ച കാരണങ്ങൾ എന്താണെന്നു പറയാമോ?

ശ്രീ. വി. മാധവൻ: പ്രത്യേക കാരണങ്ങളൊന്നുമില്ല. ആദ്യം തൃശ്ശൂർ ഡിസ്ട്രിക്റ്റ് മുഴുവൻ കുത്തിവയ്പ്പ് നടത്തണമെന്നാണ് തീരുമാനിച്ചത്. അതനുസരിച്ച് തൃശ്ശൂർഡിസ്ട്രിക്റ്റിൽ ഇപ്പോൾ കുത്തിവയ്പ്പ് അവസാനിക്കാറായിട്ടുണ്ട്. അതു കഴിഞ്ഞാൽ ചേർത്തല, അമ്പലപ്പുഴ, വൈക്കം, മൂവാററുപുഴ തുടങ്ങി ഇങ്ങോട്ടുള്ള സ്ഥലങ്ങളിൽ കുത്തിവയ്പ്പ് നടത്തണമെന്നു ഉദ്ദേശിക്കപ്പെട്ടിരിക്കുകയാണ്.

ശ്രീ. സി. കെ. വിശ്വനാഥൻ: ക്ഷയരോഗികളും ക്ഷയരോഗകാരണങ്ങളും അധികമുള്ള വൈക്കത്തു ആദ്യം തുടങ്ങാത്തതു എന്തുകൊണ്ടാണെന്നു പറയാമോ?

ശ്രീ. വി. മാധവൻ: വൈക്കത്തു ക്ഷയരോഗികൾ അധികമായിട്ടുണ്ടെന്നുള്ള ഒരു തീരുമാനത്തിൽ ഗവണ്മെൻറ് എത്തിയിട്ടില്ല. വടക്കെ അററംമുതൽ തുടങ്ങിയിരിക്കുകയാണ്.

ശ്രീ. സി. കെ. വിശ്വനാഥൻ: രോഗമുള്ള പ്രദേശങ്ങളിലല്ലേ ആദ്യം തുടങ്ങേണ്ടതു്?

ശ്രീ. വി. മാധവൻ : രോഗം വൈക്കത്തു മാത്രമല്ല ഉള്ളതു്. പല സ്ഥലത്തുമുണ്ടു്.

ശ്രീ. സി. കെ. വിശ്വനാഥൻ : ക്ഷയരോഗികളുള്ള സ്ഥലങ്ങൾക്കു കൂടുതൽ പരിഗണന നൽകേണ്ടതല്ലേ ?

ശ്രീ. വി. മാധവൻ : ക്ഷയരോഗികൾ കൂടുതലുള്ള സ്ഥലമാണു് ബഹുമാനപ്പെട്ട മെംബർ പറഞ്ഞ വയ്ക്കമെന്നു മനസ്സിലായിട്ടില്ല. തൃശ്ശൂർ ഡിസ്ത്രിക്ടിൽ മട്ടാഞ്ചേരി ടൗണിൽ വളരെയധികം ക്ഷയരോഗികളുണ്ടു്.

Shri A. A. D. Luiz : Is a part of this expenditure met by the World Health Organisation?

ശ്രീ. വി. മാധവൻ : അതിനുള്ള ഉദ്യോഗസ്ഥന്മാരെല്ലാം അവിടെ നിന്നും വരുന്നുണ്ടു്.

ശ്രീ. ഓ. സി. നൈനാൻ : കുത്തിവയ്ക്കാൻ ഉപയോഗിക്കുന്ന മരുന്നിന്റെ ചെലവു് എവിടെനിന്നാണു വഹിക്കുന്നതു് ?

ശ്രീ. വി. മാധവൻ : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ഓ. സി. നൈനാൻ : ആ വാക്സിൻ ഇവിടെയുണ്ടാക്കുന്നതാണോ ?

ശ്രീ. വി. മാധവൻ : അല്ല.

ശ്രീ. ടി. കെ. ദിവാകരൻ : വൈക്കം താലൂക്കിൽ ക്ഷയരോഗം ഉണ്ടാകുന്നതിനുള്ള പ്രത്യേക പരിതഃസ്ഥിതികൾ വല്ലതുമുണ്ടോ ?

ശ്രീ. വി. മാധവൻ : പ്രത്യേക പരിതഃസ്ഥിതികളൊന്നും അവിടെയുള്ളതായ അറിവില്ല.

ശ്രീ. സി. ജി. സദാശിവൻ : ബി. സി. ജി. കുത്തിവയപ്പ് നിർബന്ധിതമാണോ ?

ശ്രീ. വി. മാധവൻ : നിർബന്ധിതമാക്കിയിട്ടില്ല.

ശ്രീ. സി. ജി. സദാശിവൻ : സ്കൂളുകളിലെ അദ്ധ്യാപകന്മാർ വിദ്യാർത്ഥികളെ കുത്തിവയ്ക്കുന്നതിനു നിർബന്ധിക്കുന്നതായി അറിയാമോ ?

ശ്രീ. വി. മാധവൻ : നിർബന്ധിക്കുന്നില്ല. ഉപദേശിക്കുകയാണു ചെയ്യുന്നതു്.

ശ്രീ. സി. ജി. സദാശിവൻ : ഈ മരുന്നിന്റെ കാര്യത്തിൽ ഡാക്ടറന്മാർതമ്മിൽ അഭിപ്രായവ്യത്യാസമുണ്ടെന്നു് ഗവൺമെന്റിനു് അറിയാമോ ?

ശ്രീ. വി. മാധവൻ : ഇപ്പോൾ പൊതുവെ ബി. സി. ജി. ക്ഷയരോഗനിവാരണത്തിനുള്ള ഒന്നായി സമ്മതിക്കപ്പെട്ടിട്ടുണ്ടു്.

ശ്രീ. ഈ. കൃഷ്ണൻ നായർ: മദ്ധ്യതിരുവിതാംകൂറിൽ ഏതെങ്കിലും സ്ഥലത്തു ബി. സി. ജി. കുത്തിവയ്പ്പു നടത്തിയിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: കൊല്ലത്തു നടത്തിയിട്ടുണ്ട്. ഇപ്പോൾ വടക്കുനിന്നു തുടങ്ങിയിരിക്കുകയാണ്.

ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻ പോറ്റി: ബി. സി. ജി. എന്ന അക്ഷരങ്ങളുടെ അർത്ഥമെന്താണെന്നു പറയാമോ?

ശ്രീ. വി. മാധവൻ: എന്നാണ് ആ മരുന്നിനു പേരു പറയുന്നതു്.

ശ്രീ. സി. സി. അയ്യപ്പൻ: മൂന്നുലക്ഷത്തിലധികം പേർക്ക് കുത്തിവയ്പ്പു നടത്തിയിട്ടുണ്ടെന്നു പറഞ്ഞു. അപ്പോൾ അഞ്ചുലക്ഷത്തിലധികംപേർക്ക് രോഗംബാധിച്ചിട്ടുണ്ടെന്നാണോ പറയുന്നതു്?

ശ്രീ. വി. മാധവൻ: രോഗം ബാധിക്കാത്തവരെയാണു ബി. സി. ജി. കുത്തിവയ്പ്പു നടത്തുന്നതു്.

ഭവനനിർമ്മാണം.

* ൱൫൦. [൧൦] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കേന്ദ്രത്തിൽനിന്നു ഭവന നിർമ്മാണപദ്ധതി സംബന്ധിച്ച് എന്തെങ്കിലും പരിപാടി സമർപ്പിക്കുവാനാവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ രൂപമെന്തു്;

(സി) കേന്ദ്രത്തിൽനിന്ന് വല്ല മറുപടിയും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തു്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): മൂന്നാമത്തെ ചോദ്യത്തിന് നൽകിയ ഉത്തരം തന്നെയാണു ഇതിനും നൽകാനുള്ളതു്.

കുടിൽ വ്യവസായം.

* ൱൫൧. [൧൧] ശ്രീ. പി. രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിൽവ്യവസായികൾ ഉണ്ടാക്കുന്ന സാധനങ്ങൾ വിററഴിക്കുന്നതിന് ഗവണ്മെൻറ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ആ വക സാധനങ്ങൾ പ്രദർശിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ഗവണ്മെൻറിന് എന്തെങ്കിലും പദ്ധതിയുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) ;

(എ) ഉണ്ട്. നടപടികളുടെ വിശദവിവരങ്ങൾ മേശപ്പുറത്തു വച്ചിരിക്കുന്നു. †

(ബി) ഉണ്ട്. കൂടുതൽ വിവരങ്ങൾ മേശപ്പുറത്തുവച്ചിരിക്കുന്ന രേഖകളിൽനിന്നും അറിയാവുന്നതാണ്.

ശ്രീ. പി. രവീന്ദ്രൻ: തിരുവനന്തപുരത്തു ഒരു പ്രദർശനശാല സ്ഥാപിക്കുന്നതാണെന്നു കഴിഞ്ഞകൊല്ലം നൽകിയ വാഗ്ദാനം ഗവൺമെന്റ് നടപ്പിലാക്കിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പ്രദർശനശാലയുടെ ആർഗനൈസേഷനെപ്പററിയുള്ള കാര്യങ്ങൾ ഗവൺമെന്റിന്റെ ആലോചനയിലിരിക്കുകയാണ്.

ശ്രീ. പ്രാക്കുളം ഭാസി: ഈ വർഷത്തെ ബഡ്ജററിൽ അതിലേയ്ക്കു തുക കൊള്ളിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കാട്ടേജ് ഇൻഡസ്ട്രീസ് ബോർഡിനു lump sum പ്രൊവിഷനാണുള്ളത്.

Maintenance of Roads.

*631. [13] **Shri M. K. Mathai:** Will the Minister for Works be pleased to state:

(*a*) whether the P. W. D. or the Corporation is looking after the maintenance and construction of roads in the Trivandrum City ;

(*b*) is the Corporation contributing any share and if so, the percentage ; and

(*c*) the amounts spent by the P. W. D. for tar-creting or surfacing roads in the Trivandrum City in (1) 1950-51, (2) 1951-52, (3) 1952-53?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(*a*) The P. W. D. is looking after the maintenance and construction of roads except a few minor roads opened by the Corporation.

(*b*) No.

(*c*) 1950-51 Rs. 60,107

1951-52 Rs. 2,16,192

1952 to end of February 53 Rs. 1,12,409

† Placed on the Library Table.

ശ്രീ. എം. കെ. മത്തായി: കാർപ്പറേഷൻ നികുതിയിനത്തിൽ എത്ര തുക പിരിക്കുന്നുണ്ടെന്നു അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിയാൻ പാടില്ല.

ശ്രീ. എം. കെ. മത്തായി: വരുമാനം കാർപ്പറേഷനിൽ വർദ്ധിക്കുന്നതു ഇവിടെ ഫ്ളോട്ടിംഗ് പാപ്പുലേഷൻ ഉള്ളതുകൊണ്ടാണെന്നറിയാമോ? അങ്ങനെ അതു് സംസ്ഥാനവ്യാപകമായി പിരിക്കുന്ന ഒന്നാണെന്നു അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിന്റെ ഗുണങ്ങളും സംസ്ഥാനവ്യാപകമായി എല്ലാവരും അനുഭവിക്കുന്നുണ്ടു്.

ശ്രീ. എം. കെ. മത്തായി: ഇത്രമാത്രം നികുതിപിരിക്കുന്ന സ്ഥിതിക്കു് പി. ഡബ്ലിയു. ഡി. ഫണ്ടിൽ നിന്നും വലിയ തുകകൾ ചെലവാക്കുന്നതു ന്യായമാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ന്യായമാണെന്നു തോന്നിയതുകൊണ്ടാണു ചെലവാക്കുന്നതു്.

ശ്രീ. എൻ. പി. വറുഗീസ്: സ്റ്റേറ്റിലുള്ള മററു മുനിസിപ്പാലിററികൾക്കു് ഇതുപോലെയുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: മുനിസിപ്പാലിററികൾക്കു് ഗ്രാൻറു കൊടുക്കുന്നുണ്ടു്.

ശ്രീ. എൻ. പി. വറുഗീസ്: എത്ര പേർസെൻറേജാണു് ഈ വകയ്ക്കു ഗ്രാൻറുകൊടുക്കുന്നതെന്നു പറയാമോ?

Mr. Speaker Order, order, please. This is about the City of Trivandrum.

Shri N. P. Varghese: Is there any special preference shown to the Trivandrum Corporation?

ശ്രീ. കളത്തിൽ വേലായുധൻനായർ. മററു മുനിസിപ്പാലിററികളുമായി താരതമ്യപ്പെടുത്തി നോക്കിയാൽ പ്രത്യേക പരിഗണന നൽകുന്നുണ്ടോ എന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

Shri P. S. Nataraja Pillai: May I know whether the Trivandrum Corporation is maintaining the P. W. D. roads?

ശ്രീ. കളത്തിൽ വേലായുധൻനായർ: കാർപ്പറേഷൻ പി. ഡബ്ലിയു. ഡി. വക റോഡുകളിൽ മെയിൻറനൻസ് നടത്തുന്നുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. എൻ. പി. വറുഗീസ്: തിരുവനന്തപുരം കാർപ്പറേഷനും പി. ഡബ്ലിയു. ഡി. ഡിപ്പാർട്ടുമെൻറും തമ്മിലുള്ള ബന്ധംതന്നെയാണോ മുനിസിപ്പാലിററികളും പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറും തമ്മിലുള്ളതു്?

ശ്രീ. കളത്തിൽ വേലായുധൻനായർ: തിരുവനന്തപുരം താലൂക്ക നാനാഭാഗങ്ങളിൽ നിന്നും വരുന്ന ആളുകളുമായി പുലർത്തുന്ന ബന്ധമാണ് മററമുനിസിപ്പാലിററികളും പരിപാലിക്കുന്നതെങ്കിൽ പി ഡബ്ലിയു. ഡിപ്പാർട്ടുമെൻറുമായിട്ടുള്ള ബന്ധവും അങ്ങനെ തന്നെയായിരിക്കും.

കാളവണ്ടികൾ.

*൩൬൨. [൪൮] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് വർക്ക്സ് ആൻറ് ട്രാൻസ്പോർട്ടുവകുപ്പുമന്ത്രി സദയ മറുപടി നൽകുമോ:

(എ) സ്റ്റേററിൽ എത്ര കാളവണ്ടികൾ ഉണ്ട്;

(ബി) ഇവയിൽനിന്നു ടാക്സ് ഇനത്തിൽ വരുമാനമെത്ര?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ൩൪൩൨൨.

(ബി) ൪൨൬൨൮൮ രൂപ.

ശ്രീ. ടി. കെ. കൃഷ്ണൻ: ആ ടാക്സിൻെറ സ്വഭാവമെന്താണെന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: വെഹിക്കിൾ ടാക്സ്.

ശ്രീ. ടി. കെ. കൃഷ്ണൻ: എത്ര രൂപവീതമാണ് ഓരോന്നിൽനിന്നും ഈടാക്കുന്നത്?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതു് രൂപയെ വണ്ടിയുടെ എണ്ണംകൊണ്ടു ഹരിച്ചു നോക്കിയാൽ അറിയാവുന്നതാണ്.

ശ്രീ. ടി. കെ. കൃഷ്ണൻ: ഒററക്കാള വണ്ടിക്കുള്ള നികുതിതന്നെയാണോ ഇരട്ടക്കാളവണ്ടിക്കും ഈടാക്കുന്നത്?

Mr. Speaker; That is a matter provided for in the Vehicles Taxation Act.

ശ്രീ. ടി. കെ. ദിവാകരൻ: കാളവണ്ടികൾക്ക ടയറിടുന്നതിനെ സംബന്ധിച്ചു എന്തെങ്കിലും ഒരു സ്കീം ഉണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഇരുമ്പുപട്ടകൾ റോഡുകൾക്ക വളരെ നാശംവരുത്തുന്നതുകൊണ്ട് റബ്ബർടയർ ഇടണമെന്ന് ഒരു നിർദ്ദേശം ഉണ്ടായിരുന്നു. പക്ഷെ, അതു പ്രയോഗത്തിൽ വരുത്തിയിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ: റോഡുകൾക്ക് വളരെ തകരാറുകൾ വരുത്തുന്ന ഇരുമ്പുപട്ടമാററി ടയറിടുന്നതിനു ആവശ്യമായ നടപടികൾ ഗവണ്മെൻറ സ്വീകരിക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതു് ബഹുമാനപ്പെട്ട മെംബറിൽ നിന്നും വന്നതായ ഒരു നിർദ്ദേശമായി സ്വീകരിക്കാം.

ശ്രീ. ജോസഫ് വാഴപ്പിള്ളി : കാളവണ്ടികൾ ഉൾനാടുകളിൽ സഞ്ചരിക്കുന്നതാകകൊണ്ട് അതിൻെറ ടാക്സ് പഞ്ചായത്തുകൾക്ക കൊടുത്തുകൂടെ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : ടാക്സ് പിരിക്കുന്നതു ഉൾനാടുകൾക്കും, ഉപയോഗപ്പെടുത്തുന്നുണ്ട്.

ശ്രീ. ജോസഫ് വാഴപ്പിള്ളി : ടാക്സ് പിരിക്കാനുള്ള അധികാരം പഞ്ചായത്തുകൾക്ക കൊടുത്തുകൂടെയെന്നാണ് ഞാൻ ചോദിക്കുന്നതു് ?

Mr. Speaker : That is a matter of policy. It may be considered separately.

ശ്രീ. സി. കെ. വിശ്വനാഥൻ : ഇരുമ്പുപട്ട ഉപയോഗിച്ചുള്ള വണ്ടികൾ ഓടിക്കുന്നതുകൊണ്ടു പോലീസുകർ വണ്ടിക്കാരെ ഉപദ്രവിക്കുന്നതായി അറിയാമോ ?

Mr. Speaker : In what part of the State ?

ശ്രീ. സി. കെ. വിശ്വനാഥൻ : മൂവാററുപുഴ മുതലായസ്ഥലങ്ങളിലും ചില ടൗണുകളിലും അങ്ങനെ നടക്കുന്നുണ്ട്.

ശ്രീ. കളത്തിൽ വേലായുധൻനായർ : അതറിയാൻ പാടില്ല.

ശ്രീ. ഇ. കൃഷ്ണൻനായർ : ടാക്സ് അടയ്ക്കാത്ത വല്ല കാളവണ്ടിയും ഉണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : അതിനെപ്പററി അന്വേഷിച്ചിട്ടില്ല.

ലഗ്ഗേജ്.

* ൯൩൩. [൧൫] ശ്രീ. ടി. കെ. കൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് വർക്ക്സ് ആൻഡ് ട്രാൻസ്പോർട്ട വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു പാസഞ്ചർ ബസ്സിൽ നിയമാനുസൃതം കൊണ്ടുപോകാവുന്ന മാക്സിമം ലഗ്ഗേജ് എത്ര;

(ബി) ഒരു ലോറിയിൽ നിയമാനുസൃതം കൊണ്ടുപോകാവുന്ന ലഗ്ഗേജ് എത്ര;

(സി) ബസ്സിൽ കൂടുതൽ ഭാരം കൊണ്ടുപോകുന്നപേരിൽ എത്ര കേസുകൾ ൧൧൨൮-ൽ ചാർജ്ജുചെയ്തിട്ടുണ്ട് ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻനായർ): (എ) ഒരു പാസഞ്ചർ ബസ്സിൽ ഇരുപതുറാത്തൽ മാക്സിമം ലഗ്ഗേജ് അനുവദിച്ചിട്ടുണ്ട്.

(ബി) ഇതു് ലോറിയുടെ ടണ്ണേജിനെ അടിസ്ഥാനപ്പെടുത്തി ഓരോ ലോറിയുടെയും പെർമിററിൽ പ്രത്യേകം തിട്ടപ്പെടുത്തിയിരിക്കും.

(സി) ഇതിനെപ്പററിയുള്ള വിവരം ശേഖരിക്കുകയാണ്.

ശ്രീ. ടി. കെ. കൃഷ്ണൻ : ലഗ്ഗേജ് കൊണ്ടുപോകുന്നതിനു ടിക്കററു കൂടുതലായി എടുക്കണമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഫ്രീയായി കൊണ്ടുപോകാൻ അനുവദിച്ചിട്ടുള്ള ലഗ്ഗേജാണെങ്കിൽ ടിക്കററ വാങ്ങേണ്ടയാവശ്യമില്ല.

ശ്രീ. ടി. കെ കൃഷ്ണൻ: എല്ലാ വണ്ടികളിലും കയററുന്നതിനും ഇറക്കുന്നതിനും പോർട്ടറന്മാരുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: മിക്കവാറും വണ്ടികളിൽ കാണും.

ശ്രീ. ടി. കെ. കൃഷ്ണൻ: പോർട്ടറന്മാക്ക് എന്തെങ്കിലും കൊടുക്കണമെന്നു വ്യവസ്ഥയുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പോർട്ടറേജ് കൊടുക്കണമെന്നു വ്യവസ്ഥയുണ്ട്.

ശ്രീ. കെ. കെ. കുമാരപിള്ള: സ്വകാര്യവ്യക്തികളുടെ സാധനം കൊണ്ടുപോകുന്നതിനുള്ള റേററതന്നെയാണോ ഗവണ്മെൻറ സാധനം കൊണ്ടുപോകുന്നതിനും ഗവണ്മെൻറ കൊടുക്കുന്നതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതൊരു പ്രത്യേക ചോദ്യമായി ചോദിച്ചാൽ അന്വേഷിച്ചു് മറുപടി പറയാം.

ശ്രീ. ടി. കെ. ദിവാകരൻ: ലോറികൾക്കു് അനുവദിച്ചിട്ടുള്ള ലഗ്ഗേജിനു പുറമെ കൂടുതൽ ലഗ്ഗേജ് കയററിക്കൊണ്ടുപോകുന്നതു ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു സംബന്ധിച്ചു പരാതിയുണ്ടായിട്ടുണ്ട്. അതന്വേഷിച്ചു നിയന്ത്രിക്കുന്നതിനുള്ള നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. കെ. ദിവാകരൻ: കൊല്ലം പുനലൂർ ലൈനിൽ തീരെ കൂടുതൽ കയററിക്കൊണ്ടുപോകുന്നതായി അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെയൊരു പരാതി വന്നിട്ടുണ്ട്. അങ്ങനെ കൂടുതൽ കൊണ്ടുപോകാതിരിക്കുന്നതിനു വേണ്ട നിയന്ത്രണം ഏർപ്പെടുത്തുന്നതിനു ഗവണ്മെൻറ ശ്രമിച്ചുകൊണ്ടാണിരിക്കുന്നതു്.

ലഗ്ഗേജ്.

* നമ്പ ൪. [൧൩] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് വർക്സ് ആൻറ് ട്രാൻസ്പോർട്ടുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമം അനുവദിക്കുന്നതിലധികം ലഗ്ഗേജ് ബസ്സുകളിൽ കയററിക്കൊണ്ടുപോകുന്നതു കാളവണ്ടിക്കാരുടെ താൽപര്യത്തിനു വിരോധമാണെന്നു ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കുവാൻ ഗവണ്മെൻറ് എന്തു നടപടി എടുക്കുന്നു?

മരാമത്തും ഗതാഗതവും വകുപ്പു മന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) നിയമം അനുവദിക്കുന്നതിൽ അധികം ലഗ്ഗേജ് കൊണ്ടുപോകാൻ സമ്മതിക്കുന്നതല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഇപ്പോൾ ഉള്ള നിയന്ത്രണം പകൽ കൊണ്ടുപോകരുതു്, രാത്രിയിൽ കൊണ്ടുപോകാം എന്നാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഗവണ്മെൻറിൽ നിന്നും അങ്ങിനെ ഒരു നിയന്ത്രണം അനുവദിച്ചിട്ടില്ല. അങ്ങിനെ കൊണ്ടുപോകുന്നതു് നിയമവിരുദ്ധമാണ്.

ശ്രീ. ടി. കെ. ദിവാകരൻ: പാസഞ്ചർ ബോട്ടുകളിൽ അനുവദിച്ചിട്ടുള്ളതിൽ വളരെ കൂടുതലായി ലഗ്ഗേജ് കൊണ്ടുപോകുന്നതായി അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങിനെ പരാതി ലഭിച്ചിട്ടുണ്ടു്. അതു് അനുവദിക്കാൻ പാടില്ലാ എന്നു് നിർദ്ദേശിച്ചിട്ടുമുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ: അപ്രകാരം ചെയ്യുന്നതുകൊണ്ടു് നാവിക തൊഴിലാളികൾക്കു് തൊഴിലില്ലാതെയാകുന്നുണ്ടെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങിനെയും ഒരു പരാതി കിട്ടിയിട്ടുണ്ടു്.

UNSTARRED QUESTIONS

കുഴൽകിണറുകൾ.

൩൭൧. [൧] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽകിണറുകൾ സ്ഥാപിച്ചു കിട്ടണമെന്നു് കാണിച്ചു് ചിറയിൻകീഴ് താലൂക്കിൽ നിന്നും എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടു്;

(ബി) എത്ര കുഴൽ, കിണറുകൾ പ്രസ്തുത താലൂക്കിൽ നിർമ്മിച്ചിട്ടുണ്ടു്?

ഉത്തരം

(എ) ഒന്നിൽകൂടുതൽ അപേക്ഷകൾ കിട്ടിയിട്ടുണ്ടു്.

(ബി) ഇതുവരെ ഒന്നും നിർമ്മിച്ചിട്ടില്ല. കുഴൽകിണർ നിർമ്മാണം പ്രയോറിററി ലിസ്റ്റിൻപ്രകാരമാണു് നടന്നുവന്നതു്.

മട്ടാഞ്ചേരി ഫെറിസർവ്വീസ്.

നം. ൧൨. [൨] ശ്രീ. കെ. സദാനന്ദൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടാഞ്ചേരി ഫെറിസർവീസിലെ കീഴ്ജീവനക്കാരെ നിയന്ത്രിക്കുന്ന മേലുദ്യോഗസ്ഥന്മാർ ഏതെങ്കിലും സാങ്കേതിക പരിജ്ഞാനമുള്ളവരാണോ;

(ബി) ഇല്ലെങ്കിൽ ജോലിക്കാരുടെ തെററുകളെ കണ്ടുപിടിക്കാൻ എന്തു മാർഗ്ഗമാണുള്ളതു്?

ഉത്തരം.

(എ) അതെ.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കേസുകൾ.

നം. ൧൩. [൩] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൯൫൧-ൽ എത്ര പ്രൊഹിബിഷൻ കേസുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട്;

(ബി) ൧൯൫൨-ൽ പ്രസ്തുത കേസുകളുടെ എണ്ണം എത്ര;

(സി) പ്രൊഹിബിഷൻ ഉദ്യോഗസ്ഥന്മാരുടെ ചെലവിലേക്ക് ൧൯൫൧-൫൨-ലും ൧൯൫൨-൫൩-ലും എത്ര രൂപാ വീതം ചെലവായിട്ടുണ്ട്?

ഉത്തരം.

(എ) ൧൦൪൯.

(ബി) ൧൧൦൩.

		ക.	ണ.	സ്.
(സി)	൧൯൫൧-൫൨.	൨,൦൩,൨൭൧	൧൪	൨
	൧൯൫൨-൫൩.	൧,൬[illegible],൧൧൫	൧൩	൩

ചാന്നാങ്കര തോട്.

നം. ൧൪. [൪] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുവശങ്ങളിൽനിന്നുമായി കരമാറിവീണ് നികന്നുകൊണ്ടിരിക്കുന്ന ചാന്നാങ്കര തോട് കഴിപ്പിക്കുന്നതിന് ഉള്ളജോലി ഗവണ്മെൻറ് നിറവേറിവച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം.

(എ) നിറുത്തിവച്ചിട്ടില്ല.

(ബി) ഉദ്ദേശിക്കുന്നില്ല.

കൊല്ലക്കടവു പാലത്തിലെ ടോൾ.

ന. ൧൫. [൫] ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു് ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലക്കടവ് പാലത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന വാഹനഗതാഗതനികുതിയിനത്തിൽ ൧൯൫൩ ജനുവരി ൩൧-ാം-വരെ എന്തു് ആദായം ഉണ്ടായെന്നു പറയുമോ; ഈ നികുതി എത്ര കൊല്ലത്തേക്കു് തുടരുവാനാണു് ഉദ്ദേശിക്കുന്നതെന്നു പറയുമോ?

ഉത്തരം.

൧൦,൦൧൪ രൂപാ ൧൧ ണ. ൪ പൈ; പാലം പണിക്കു് ചിലവായിട്ടുള്ള തുക മുഴുവൻ ഈടാകുന്നതുവരെ.

വിദ്യാലയങ്ങളിൽ റേഡിയോ.

ന. ൧൬. [൬] ശ്രീ. വാറുണ്ണി പുളിക്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:-

(എ) ഇരിഞ്ഞാലക്കുട ബോയിസ് ഹൈസ്കൂളിൽ പൊതുജനങ്ങളിൽനിന്നും പിരിവെടുത്തു ഒരു റേഡിയോ സ്ഥാപിച്ചിട്ടുള്ളതായി ഗവണ്മെൻറിനറിയാമോ;

(ബി) നിവൃത്തിയുള്ളിടത്തോളം സ്ഥലങ്ങളിൽ വിദ്യാലയങ്ങളിൽ പൊതുപിരിവു നടത്തിയെങ്കിലും റേഡിയോ സ്ഥാപിക്കുന്നതു നന്നായിരിക്കുമെന്നു് ഡിപ്പാർട്ടുമെൻറിൽനിന്നോ ഗവണ്മെൻറിൽനിന്നോ വല്ല ഉപദേശമോ നിർദ്ദേശമോ സ്കൂൾ അധികാരികൾക്കു നൽകിയിട്ടുണ്ടോ;

(സി) ഇരിഞ്ഞാലക്കുട ഹൈസ്കൂൾ റേഡിയോയുടെ ഇലക്ട്രിക്ക് കണക്ഷൻ വേർപെടുത്തുവാൻ ഡിപ്പാർട്ടുമെൻറിൽനിന്നും നോട്ടീസ് കൊടുക്കുകയുണ്ടായോ;

(ഡി) ഇലക്ട്രിക്ക് കണക്ഷൻ കിട്ടുവാൻ ടി സ്കൂൾ അധികാരികൾ അപേക്ഷിച്ചിട്ടു് എത്രകാലമായി?

ഉത്തരം.

(എ) അറിയാം.

(ബി) വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽനിന്നും നിർദ്ദേശം നൽകിയിരുന്നു.

(സി) ഈ കണക്ഷൻ അനധികൃതവും ചട്ടങ്ങൾക്കു വിരുദ്ധവുമായതിനാൽ ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെൻറിൽനിന്നും നോട്ടീസു കൊടുത്തിട്ടുണ്ട്.

(ഡി) ഗവണ്മെൻറ അനുവാദം [illegible] നൽകി കഴിഞ്ഞു.

ശ്മശാനസ്ഥലം.

൩൭൭. [൧] ശ്രീ. ടി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടിയം, കുണ്ടറ എന്നീ സ്ഥലങ്ങളിൽ ഹരിജനങ്ങൾക്ക ശ്മശാനത്തിന സ്ഥലം പൊന്നും വിലകൊടുത്തു നൽകണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ,

(ബി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം.

(എ) ഇല്ല.

(ബി) എ-യുടെ ഉത്തരംമൂലം ഈ ചോദ്യം ഉദിക്കുന്നില്ല.

Postwar Reconstruction Fund.

378. [8] **Shri K. Bhanu**: Will the Minister for Resettlement be pleased to state:

(*a*) What amount is allotted for our State by the Centre under the Services Postwar Reconstruction Fund;

(*b*) how much has been disbursed so far from this fund;

(*c*) Who is in charge of this fund;

(*d*) Under what all items this fund is being utilised;

(*e*) How many ex-servicemen's Co-operative Societies are benefited by this fund;

(*f*) Are the Secretaries of these Societies appointed from among ex-servicemen;

(*g*) If not, the reason for doing so; and

(*h*) Is there any proposal for setting up a District Soldiers, Sailors and Airmen's Board?

Answer.

(*a*) Share paid to Travancore and Cochin. Rs. 41,32,811

(*b*) The total amount spent up to 31-1-1953. Rs. 9,37116-1-3.

(*c*) The fund is deposited in the name of the comptroller in a S. B. account and disbursements are being made by him on Government orders based on the resolution of the S. P. W. R. Fund Committee.

(*d*) The Fund is being utilised under the following items:—

i. Educational concession to Ex-Servicemen and their dependants.

ii. Construction of Hospital Wards for Ex-servicemen and their families.

iii. Loans to Ex-servicemen's Co-operative Societies.

iv. Other Miscellaneous expenses such as establishment charges, office expenses, etc.

(*e*) Ten.

(*f*) No.

(*g*) For want of qualified Ex-servicemen experienced in Co-operative management.

(*h*) Yes. For setting up four District Boards one in each District.

Health Unit at Koothattukulam.

379 [9] **Shri M. V. Cheriyan** : Will the Minister for Medicine and Public Health be pleased to state :

(*a*) whether there is a health Unit at Kuthattukulam and if so the scope of its work ;

(*b*) how many doctors, nurses, midwives, staff etc. are sanctioned for the same ; and

(*c*) would the Government take speedy measures to implement that scheme ?

Answer.

(*a*) A Primary Health Unit has been started at Koothattukulam. The aim of the Unit is to give combined preventive and curative health services to the people of the locality.

(*b*)	Assistant Surgeon	1
	Lady Assistant Surgeon	1
	Health Inspector	1
	Nurse or Health Visitor	1
	Midwives	3
	Compounder	1
	Clerk	1
	Warder	1
	Peons	3
	Full time contingent employee	1
	Part-time contingent employee	1

(*c*) Action is being taken in this matter.

Irrigation Tanks.

380. [11] **Shri A. Samraj:** Will the Minister for Works be pleased to state:

(*a*) the number of irrigation tanks in the taluks of Thovala, Agastiswaram;

(*b*) Whether any sum was allotted for the renovation of tanks in the two taluks for the last four years; if so how much; and

(*c*) How many tanks were deepened and renovated ?

Answer.

(*a*) Thovala..........390 tanks.
Agastiswaram ....408 tanks.

(*b*) Yes; Rs. 2, 86, 314 .

(*c*) 97.

Repairs to Roads and Street Lighting.

381. [12] **Shri A. A. D. Luiz:** Will the Minister for Public Works be pleased to state:

(*a*) when repairs to roads and street lighting will be effected in Thangasseri; and

(*b*) when will buses be permitted to run into Thangasseri?

Answer.

(*a*) Roads will be repaired as soon as a decision is made as to who should attend to the repairs—the Municipality or the P. W. D.—and necessary funds are allotted. Street lights will be installed as soon as the required street light fittings are got ready.

(*b*) Buses have already been permitted to run into Thangasseri.

കള്ളു ചെത്താൻ അനുവദിച്ച വൃക്ഷങ്ങൾ.

൩൮൨. [൧൩] ശ്രീ. കെ. പി. പ്രഭാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൯൫൧-൫൨-ൽ തിരുവിതാംകൂർ-കൊച്ചിയിൽ പുളിക്കള്ളു ചെത്താൻ അനുവദിച്ച തെങ്ങ്, പന ഇവയുടെ എണ്ണം ഓരോ ക്വാർട്ടറിലും ഓരോ താലൂക്കിലും എത്ര;

(ബി) ൧൯൫൦-൫൧, ൧൯൫൧-൫൨, ൧൯൫൨-൫൩ എന്നീ കൊല്ലങ്ങളിൽ പുളിക്കള്ളു ചെത്താൻ അനുവദിച്ച വൃക്ഷങ്ങളുടെ നികുതിവകയിൽ ഓരോ കൊല്ലവും ഗവണ്മെന്റ് ഈടാക്കിയ സംഖ്യ താലൂക്കു തിരിച്ചു പറയാമോ?

ഉത്തരം.

(എ)യും, (ബി)യും. ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടങ്ങിയ രണ്ടു സ്റ്റേറ്റുമെന്റുകൾ മേശപ്പുറത്തു വച്ചിട്ടുണ്ട്.*

கல்வி

383 (14) ஸ்ரீ. எஸ். ஜி. தேவியப்பன்: கீழ்காணும் வினாக்களுக்கு முனிசிப்பல் வகுப்பு மந்திரி விடை பகர்வார்களாக:

(எ) மலைஜாதியார்கள் கல்வியில் முன்னேற தேவிகுளம் ஆண்ட் பீர்மேடு தாலூகாக்களில் எத்தனை பள்ளிக்கூடங்கள் அமைத்துக் கொடுத்திருக்கிறீர்கள்;

(பி) அவைகளின் இடம் பெயர்களை தெரிவிப்பீர்களா?

Answer.

(*a*) and (*b*) All the 19 Schools in Devikulam admit pupils of hill-tribes also. But there is no school exclusively set apart for the hill-tribes in Devikulam. There are three schools in Peermade specially constructed for the pupils of hill tribes. Names are given below :

Devikulam Taluk.

1. Devikulam M. S. including Primary School.
2. Munnar Primary School.
3. Kanthalloor do.
4. Vattavada do.
5. Marayoor do.
6. Chithirapuram do.
7. Kunchithanni do.
8. Madupatty do.
9. Chengalam do.
10. Chittavara do.

* Please see Appendix II.

11. Gundumala	do.
12. Gudarale	do.
13. Kallar Tamil	do.
14. Luckan	do.
15. Marupetta Tamil	do.
16. Munnar A. T. P. S.	do.
17. Nadiar	do.
18. Surianally	do.
19. Yelapetty	do.

Peermade Taluk.

1. Chackupallam	Primary School,	Vandanmet.tu.
2. Kuttiplangad	do.	Peruvanthanam.
3. Murukkumvayal	do.	Mundakayam.

Liquidation of Co-operative Societies.

384. (15) **Shri O. C. Nainan:** Will the Minister for Local Self Government be pleased to state:

(*a*) how many Co-operative Societies are under liquidation;

(*b*) what is the average period taken to dissolve a society after beginning of liquidation;

(*c*) what is the longest period taken to dissolve after the liquidation process began;

(*d*) is it a fact that the duration taken is very long; and

(*e*) has any circular been issued for liquidation being expedited in 1952?

Answer.

(*a*) 691.
(*b*) Five years.
(*c*) 25 years.
(*d*) Yes.
(*e*) Yes.

Bridges and culverts in Vennikulam Section

385. (17) **Shri O. C. Ninan:** Will the Minister for Works and Transport be pleased to state:

(*a*) what are the bridges and culverts in the Vennikulam Section which are in a damaged condition;

(*b*) what are the bridges and culverts in the Vennikulam Section for which caution boards 'that the bridge is unsafe' are placed;

(*c*) was any provision made in the Budget to repair these bridges and culverts ;

(*d*) why is it that the repairing works for these have not been started as yet;

(*e*) for what all bridges and culverts repairing works have already begun in this financial year; and

(*f*) will early steps be taken to repair these culverts and bridges?

Answer.

(*a*) Odenkode bridge at 2/2 , Kalloopalam bridge at 2/5 S. M. V. Road, Bridge at 2/1 Ittiapara Ammachikad Road, Bridge at 2/3 Maramon Arattupuzha Road, & culvert at 2/7 Ranni branch road.

(*b*) Odenkode bridge at 2/2, Kalloopalam bridge at 2/5 S. M. V. Road & culvert at 2/7 Ranni branch road.

(*c*) Yes. Rs. 8,000 for Kalloopalam bridge as per item 324 Part II in the current years' budget.

(*d*) Necessary action is being taken in the matter.

(*e*) Culverts at 7/2 & 5 Manimala Ranni Road, 2/3 & 6 Vennikulam Ranni Road, culverts at 2/7 Ranni branch road and for Odenkode bridge.

(*f*) Yes. Necessary steps are being taken according to the availability of funds.

Panchayats Works.

386. (18) **N. P. Varghese:** Will the Minister for Local Self Government be pleased state:

(*a*) whether estimates and plans submitted by the Panchayat are returned from Government before the financial year is out;and

(*b*) Is it a fact that 3 estimates and plans forwarded from the Kothamangalam Panchayat for approval and sanction early in 1952 are pending with the Government.

Answer.

(*a*) Yes.

(*b*) No.

Irrigation Dams.

387. (19) **Shri N. P. Varghese :** Will the Minister for Works be pleased to state :

(*a*) how many private dams are there in Chittur Taluk:

(*b*) what is the cess that the private owners levy for irrigating 1 acre of land; and

(*c*) is there any proposal to nationalise the irrigation dams of Chittur taluk.

Answer.

(*a*) There are 11 private irrigation systems in Chittur taluk, viz.,

1. Bishop's system.
2. Sesha Iyer's system
3. Subbayya Koundan System
4. Chondath system
5. Appavu system
6. Chettiar system
7. Ankarath system
8. Panditharakan system.
9. Regunatha Koundan system. (Now under Government management)
10. Paul Sousa system.
11. Nanchamal system.

(*b*) Ten and twenty paras of paddy per acre on single and double crop lands respectively.

(*c*) The question of acquiring the private irrigation systems in the Chittur Taluk is under consideration.

Panchayats.

388. (21) **Shri O. C. Ninan:** Will the Minister for Local Self Government be pleased to state:

(*a*) refer to answer to question No. 288 at page 853 Volume VII dated 6th November 1952; why is it that grants by Government have been given to some while grants have not been given to others;

(*b*) what is the total amount of grant given to the Puramattam Panchayat in 1951 and 1952; and

(*c*) will the Government consider the question of giving a grant to the Puramattam Panchayat.

Answer.

(*a*) Every Village Union will be given an initial contribution of Rs.500 to begin with, any further contribution being made only after it has collected an equal or greater amount (vide proviso to Section 40 (1) of the Village Unions Act). Since some Unions did not collect an equal or greater amount, statutory contributions were not given to them. All panchayats are given special grants based on the population in the panchayat area.

(*b*) A special grant of Rs. 1000 was given in 1950-51 and 1951-52.

(*c*) The question of giving special grants to the various panchayats is being considered by Government.

House rent allowance.

389. (22) **Shri Ganapathy:** Will the Minister for P. W. D. and Transport be pleased to State:

(*a*) whether the Government have received a memorandum from the Chithirapuram N. G. O. Association regarding collecting house rent from the members; and

(*b*) if so, what action do the Government propose to take on this position?

Answer.

(*a*) Yes.

(*b*) The representations in the Memorandum are being enquired into.

Adjournment Motion re. Withdrawal of Travancore Coins.

12 NOON.

Mr. Speaker: The time for interpellation is over. I have received notice of a motion for the adjournment of the businecss of the House regarding the difficulties experienced in the exchange of coins. Have you got anything to say, Mr. Govinda Menon ?

Minister for Finance and civil Supplies (**Shri Panampilli Govinda Menon**): The motion given notice of by the hon.

Member for Nemom is regarding the difficulties experienced by certain people in getting Travancore coins exchanged for Indian coins in some of the treasuries here. As the House knows, by the acceptance of the Constitution three years ago, it has become necessary to demonetize the coins of Travancore and the date fixed for demonetization was adjourned from time to time, and Government have notified that the final date for demonetization will be 31st March 1953. The House knows that wide publicity was given to this final date for demonetization of Travancore coins. But for some reason, which I cannot explain or I do not understand, there was a rush yesterday in one or two treasuries outside Trivandrum and complaints were received even before yesterday evening that the people are experiencing some difficulty in the matter of getting the coins exchanged. The difficulty was on account of the rush. I also received notice of this motion from the hon. Member for Nemon yesterday late in the night. Even before that Government were apprised of the difficulty. Therefore, this morning I contacted the Second Member of the Board of Revenue and also the District Collector of Trivandrum and instructions have been given to these officers to provide some additional temporary staff for the next three or four days in all these treasuries so that they may cope with the situation, and the Collector of Trivandrum and the Second Member of the Board of Revenue have been asked to go to these treasuries, contact the Tahsildars and also ask the Tahsildars, if necessary, to depute two or three members of the staff as the case may be in order to receive all the coins produced and give Indian coins in exchange. I have received report from the Collector already that he has left the station for doing this kind of work. The Second Member of the Board of Revenue has assured me that: "I shall keep myself in touch with all the treasuries and see that every coin presented will be accepted and Indian coin given in exchange. It is true that there has been some dislocation yesterday on account of the large quantities of coins which came in. That was unusual and unprecedented." The hon. Member in the notice that he gave me has stated that there are not enough Indian coins in the treasuries to be given in exchange for the Travancore coins presented. That is not correct. There is enough and more of Indian coins in all the treasuries for being given in exchange for Travancore coins. The Second Member of the Board of Revenue who is the Head of the Department in this matter and the Collector of Trivandrum have taken every step to see that there will be enough staff in each treasury to cope with the situation. That is how the matter stands.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ട്രാൻസ്പോർട്ട് ബസ്സുകളിലും റേഷൻ ഷാപ്പുകളിലും ഇന്നു സർക്കാർ നാണയങ്ങൾ എടുക്കുന്നില്ല എന്നൊരു പരാതി തിരുവനന്തപുരം താലൂക്കിൽ ഉള്ളതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പരാതി വന്നിട്ടില്ല. വാസ്തവത്തിൽ ഈ നാണയങ്ങൾ കൈവശം ഇരുന്നാൽ മാർച്ച് ൩൧-ാം തീയതിക്കു മുമ്പ് പ്രചാരണം വരുകയില്ലെന്നു വിചാരിച്ച് ചിലർ അങ്ങനെ ചെയ്യുവാനും വന്നേയ്ക്കാം. അടുത്ത മൂന്നു നാലു ദിവസത്തിനകം ഈ പരാതി തീരുന്നതാണ്. അതിനു മുമ്പ് ഇതിന് ഒരു പരിഹാരം ഉണ്ടാകും.

ശ്രീ. ടി. എ. മജീദ്: ട്രഷറികളിൽ മാറാൻ കൊണ്ടുചെല്ലുന്ന തിരുവിതാംകൂർ നാണയങ്ങൾ തൂക്കി എടുക്കയാണെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തൂക്കി അല്ലാ എടുക്കുന്നത്; എണ്ണിത്തന്നെ. അതായത് അൻപത്തിയേഴു ചക്രം കൊടുത്താൽ രണ്ടു രൂപ പകരം കൊടുക്കും.

ശ്രീ. എം. ഗോപാലൻ നായർ: "ബാലരാമവർമ്മ" നാണയങ്ങൾ തൂക്കി എടുക്കുകയാണെങ്കിൽ ൧൦൦-ന് ൯൩ രൂപ മാത്രമെ കിട്ടുകയുള്ളു എന്ന് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പറ്റി അറിഞ്ഞുകൂടാ. അങ്ങനെയാണെങ്കിൽ അതിനെപ്പറ്റി അന്വേഷിച്ചു വേണ്ട ഏർപ്പാടു ചെയ്യാം.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: പകുതി കച്ചേരികളിൽക്കൂടി നാണയം മാറ്റി കൊടുക്കുന്നതിനു ഏർപ്പാടു ചെയ്യരുതോ?

Mr. Speaker : It is only for payment of tax. That is done only periodically.

ശ്രീ. ടി. കെ. ദിവാകരൻ: ൫൭ ചക്രം കൊടുത്താൽ രണ്ടുരൂപ പകരം കൊടുക്കുമെന്നു പറഞ്ഞു. അത് അൻപത്തി ഏഴു ചക്രമായിട്ടു തന്നെ കൊടുക്കണമെന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയില്ല. അതിന്റെ ക്രമം പറഞ്ഞുവെന്നേയുള്ളൂ. ൨൮½ ചക്രത്തിന് ഒരു രൂപ എന്ന കണക്കിൽ കൊടുക്കുമെന്നാണ്.

Mr. Speaker : I think the Member is more or less satisfied with the statement of facts, and the motion is not pressed, I suppose.

Shri M. Gopalan Nair : I do not press it.

Personal Explanation of the Minister for Home Affairs

Minister for Home Affairs **(Shri T. M. Varghese) :** Just a word of personal explanation. There was a statement during the course of the interpellation that the Police Minister—

Shri M. Gopalan Nair : Sir, I rise to a point of order. Under what provision of the Rules is the Member giving the personal explanation ?

Mr. Speaker : If some Member has cast some reflection in the course of his remarks on another Member, he has the right to offer a personal explanation.

Shri T. M. Varghese : An insinuation was thrown out during the course of the interpellation that the Police Minister is personally interested in some factory which is manufacturing essence. I may, for the information of the House, say that it is absolutely unfounded. The Police Minister is not interested in any essence preparation that is being conducted at Ernakulam, as is said to have been elsewhere suggested by somebody else or in any other place. No relation of the Minister, to the Minister's knowledge, owns a factory in Ernakulam. It is just because an insinuation was thrown out that I offer this explanation.

Shri T. K. Divakaran : Sir, a point of clarification.

Mr. Speaker : No. Order, order.

VOTING OF DEMANDS FOR GRANTS (*Contd*)

DEMAND XXXII—EXTRAORDINARY CHARGES (*Contd.*)

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): സർ, ഇന്നലെ എക്സ്ട്രാ ഓർഡിനറി ചാർജ്ജസ്സിനുള്ള ഡിബേററിനെപ്പററിയുള്ള ചർച്ചാവേളയിൽ, അഗസ്തീശ്വരം മെംബർ ശ്രീ. രാമസ്വാമി, ലെവി ചുമത്തുന്ന കാര്യത്തിൽ തെക്കൻതിരുവിതാംകൂറിനോടു എന്തോ ഭേദബുദ്ധി കാണിച്ചുവെന്നു് ആക്ഷേപിച്ചു. ഇതു് അദ്ദേഹം ഇതിനു മുൻപും പറഞ്ഞിട്ടുള്ളതാണു്. അദ്ദേഹം ഉന്നയിച്ച വാദങ്ങൾക്കു് ഉപോൽബലകമായി യൂണിവേഴ്സിററി അഗ്രിക്കൾച്ചറൽ റിസർച്ച് ഡിപ്പാർട്ടുമെൻറിൻെറ റിപ്പോർട്ടിൽ നിന്നും ചില കണക്കുകളും ഉദ്ധരിക്കുകയുണ്ടായി. ലെവി ചുമത്തുന്നതു സംബന്ധിച്ചു നമ്മുടെ രാജ്യത്തുള്ള താലൂക്കുകളെ ൧, ൨, ൩, ൪ എന്നിങ്ങനെ നാലു ക്ലാസുകളായി തരംതിരിച്ചിട്ടുണ്ടു്. വിളവിനെ ആസ്പദമാക്കിയാണു് ഇങ്ങനെ തരംതിരിച്ചിരിക്കുന്നതു്. അതു് അശാസ്ത്രീയമാണെന്നു് കുന്നംകുളം മെംബർ ശ്രീ. ടി. കെ. കൃഷ്ണൻ ഇവിടെ പ്രസ്താവിച്ചു ധാരാളം ഏക്കർ നിലമുള്ള വലിയ തരം കൃഷിക്കാർക്കും, ചുരുങ്ങിയ രീതിയിലുള്ള ലവി ചുമത്തുന്നതു കൊണ്ടു് ഗവണ്മെൻറിനു വലിയ നഷ്ടംവരുമെന്നാണു് അദ്ദേഹത്തിൻെറ അഭിപ്രായം. പക്ഷെ, അതു ശരിയായിരിക്കാം. ചുരുങ്ങിയ തരത്തിലുള്ള ലവി ചുമത്തുന്നതുകൊണ്ടു് ഗവണ്മെൻറിനു വലിയ ദോഷമൊന്നും വരികയില്ലെന്നാണു് ഗവണ്മെൻറിൻെറ വിചാരം. ഇങ്ങനെയുള്ള തരംതിരിക്കലിനു് ഫുഡ് ഡിപ്പാർട്ടുമെൻറിൻെറ ശുപാർശയും, യൂണിവേഴ്സിററിയുടെ മേൽ പ്രസ്താവിച്ച റിപ്പോർട്ടും ഉപയോഗിച്ചി

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ട്ടുണ്ട്. ആ റിപ്പോർട്ടിൽ തന്നെ വ്യാമമായ രേഞ്ച് ൧൨ാമത്തെ പട്ടികയിൽ നോക്കിയാൽ, തിരുവിതാംകൂർ-കൊച്ചിയിൽ ഏററവും അധികം ഉൽപ്പാദനമുള്ളതു തോവാളതാലൂക്കിലാണെന്നു കാണാം. അവിടെ ഒരേക്കറിന് ൧൮൯൦ റാത്തലും, കൽക്കുളം താലൂക്കിൽ ൧൧൩൬ റാത്തലും, ചെങ്കോട്ടതാലൂക്കിൽ ൩൮൭൧ റാത്തലും ഉൽപ്പാദനമുണ്ടെന്നു കാണാം. ഈ മൂന്നു താലൂക്കുകളാണ് ഉൽപ്പാദനകാര്യത്തിൽ ഒന്നാംക്ലാസായിവച്ചിരിക്കുന്നതു്. ഇതിൽ കൂടുതൽ വിളവു വേറെ ഒരു താലൂക്കിലും കാണുകയില്ല.

<u>ശ്രീ. ടി. എസ്. രാമസ്വാമി</u>: ചിററൂർ, തൃശ്ശൂർ ഈ താലൂക്കുകളിൽ ഇതുപോലെ നെല്ലു വിളയുന്നില്ലേ?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u>: ചിററൂർ, തൃശ്ശൂർ താലൂക്കുകളിലെ കാര്യങ്ങളെപ്പററി മെമ്പർക്കു് അറിവില്ലാത്തതുകൊണ്ടാണ് ഇതു ചോദിച്ചതു്. തിരുവിതാംകൂർ-കൊച്ചിയിൽ തോവാള താലൂക്കിനോളം നെല്ലു് ഉൽപ്പാദനമുള്ള താലൂക്ക വേറെയില്ല.

ഈ താലൂക്കുതന്നെയാണ് ഏററവും മുന്നിട്ടുനിൽക്കുന്നതു്. ഫുഡ് ഡിപ്പാർട്ടുമെൻറുതന്നെ ഒന്നാംതരം എന്നു പറഞ്ഞിട്ടുള്ള താലൂക്കും ഇതു തന്നെയാണ്. അതുകൊണ്ടു അടിസ്ഥാനമില്ലാതെയല്ല ഫുഡ്ഡിപ്പാർട്ടുമെൻറ് ഇതു ചെയ്തതെന്നു വരുന്നുണ്ടു്. തോവാള താലൂക്കു വിളവിൻെറ കാര്യത്തിൽ മുന്തിനിൽക്കുന്ന ഒരു താലൂക്കല്ലെന്നു എല്ലാവർക്കുമറിയാവുന്നതാണ്. നേരേമറിച്ചു ചിററൂർതാലൂക്കു് നെല്ലുൽപാദിപ്പിക്കുന്നകാര്യത്തിൽ ഒരുപക്ഷെ ഫുഡ്ഡിപ്പാർട്ടുമെൻറിൻെറ സർവ്വേ അനുസരിച്ചു് തോവാള താലൂക്കിനെക്കാൾ താണു് ആണു വരുന്നതു്. അതല്ലാതെ ഈ കാര്യത്തിൽ യാതൊരു ഭേദബുദ്ധിയുമുണ്ടായിട്ടില്ല എന്നു് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹത്തെപ്പോലെ മഹാമനസ്കനായ ഒരാൾ ഇങ്ങനെ പറയുന്നതു ശരിയല്ല.

<u>ശ്രീ. ടി. എസ്. രാമസ്വാമി</u>: ഗവണ്മെൻറിൽനിന്നും ഏതടിസ്ഥാനത്തിലാണു ഈ പ്രൊക്യൂവർമെൻറ റേററു നിശ്ചയിച്ചതു് എന്നു അറിഞ്ഞാൽകൊള്ളാം.

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u>: തിരുവിതാംകൂർ യൂണിവേഴ്സിററിയുടെ റിസർച്ചു ഡിപ്പാർട്ടുമെൻറിൽനിന്നും ഉണ്ടാക്കിയിട്ടുള്ള റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലാണ്.

<u>ശ്രീ. ടി. എസ്. രാമസ്വാമി</u>: അതിൽ ഇങ്ങനെ ൧൧൬ ശതമാനംആയി പരിഷ്കരിക്കാൻ പറയുന്നുണ്ടോ?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u>: ഉല്പാദനത്തിൻെറ കാര്യം മാത്രമാണു അതിൽ പറയുന്നതു്. ലെവി തീരുമാനിക്കുന്ന അവസരത്തിൽ ഉല്പാദനത്തിൻെറ ചെലവും നോക്കണം. അപ്പോൾ ഗ്രൗണ്ടിൻെറ നെററ പ്രൊഡക്ഷൻ എത്രയാണെന്നു നോക്കി അതനുസരിച്ചാണു തീരുമാനം ചെയ്യുന്നതു്. ധാരാളം നെല്ലു കൃഷിചെയ്തു ഉൽപാദിപ്പിക്കുന്നതിനു ധാരാളം ചെലവുമുണ്ടാകും. അതുകൊണ്ടാണു് കോൾകൃഷി പുഞ്ചകൃഷി

ഇവക്ക താണനിലയിൽ‌റേറ്റ നിശ്ചയിച്ചിട്ടുള്ളതു്. കായൽ കൃഷിയിൽ ഇവിടെ ധാരാളം നെല്ലുണ്ടാകും. അതിന ധാരാളം നെല്ല് ചിലവു ചെയ്യുകയും വേണം. അപ്പോൾ റേററ പ്രൊഡക്ഷൻ കണക്കാക്കിയാണ് എഡ്ഡിപ്പാർട്ടുമെന്റ ഇതു തീരുമാനിച്ചിട്ടുള്ളതു്. അങ്ങിനെ തീരുമാനിച്ചിട്ടുള്ളതിൽ യാതൊരു ഭേദബുദ്ധിയും ഉണ്ടായിട്ടില്ല.

ലെവിയുടെ കാര്യത്തെപ്പററി ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ പറഞ്ഞതു് ഇതുമൂലം നൽകിടയിലുള്ള ഉല്പാദകന്മാർക്കും കൂടുതൽ ഗുണം കിട്ടുമെന്നാണ്. അതുകൊണ്ടു ലെവി സംപ്രദായം മാററി എക്സസ് ബേസിസ്. സിസ്റ്റത്തിൽ നെല്ലെടുക്കണമെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ടു്. ആ വാദത്തെപ്പററി ആലോചിക്കുമ്പോൾ ചിലകാര്യങ്ങൾ നാം മനസിൽ ഓർമ്മവയ്ക്കുന്നതു നന്നായിരിക്കും. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏററവും അധികം ജനങ്ങൾ ഏർപ്പെട്ടിട്ടുള്ള ഏതെങ്കിലും ഒരു വ്യവസായമോ ഏതെങ്കിലും തൊഴിലോ ഇവിടെയുണ്ടെങ്കിൽ അതു നെൽകൃഷിയാണ്. ഏററവും അധികം ദ്രവ്യടമകളും കൃഷിക്കാരും, കർഷക തൊഴിലാളികളുടെ പ്രധാനതൊഴിലും നെൽകൃഷിയാണ്. എക്സസ് ബേസിസ് സിസ്റ്റത്തിൽ പ്രൊക്യൂവർമെൻറ നടത്തിയതിൽ നമ്മുടെ നാട്ടിലെ കൃഷിക്കാരായ തൊഴിലാളികളുടെയിടയിൽ വലുതായ പരാതിയുണ്ടായിരുന്നു.

<u>ശ്രീ. ടി. കെ. കൃഷ്ണൻ</u>: അൻപതേക്കറിൽക്കൂടുതൽ നെൽകൃഷിയുള്ളവരിൽനിന്നും എക്സസ് ബേസിസിൽ എടുക്കണമെന്നാണ ഞാൻ പറഞ്ഞതു്.

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u>: ഇതു പല ബുദ്ധിമുട്ടുകളും ഉള്ളതായ ഒരുകാര്യമാണ്. ഗവണ്മെൻറിന ഇതു വളരെ സഹായകമായ ഒരു കാര്യമായിരുന്നു എക്സസ് ബേസിസ് സിസ്റ്റത്തിൽ നെല്ലു എടുക്കുക എന്നുള്ളതു്. എന്നാൽ അതുകൊണ്ടു് നമ്മുടെ നാട്ടിലെ കൃഷിതൊഴിലാളികൾക്കുണ്ടായിരുന്ന പ്രധാനമായ പരാതി നെൽവയലിൽ ജോലി ചെയ്യുന്ന ഈ തൊഴിലാളികൾക്ക നെല്ലായിട്ടുകൂലി കിട്ടിക്കൊണ്ടിരുന്നതു അനു നിത്തൽചെയ്തിരുന്നുവെന്നും അതുകൊണ്ടു വളരെ ബുദ്ധിമുട്ടുകൾ ഉണ്ടെന്നും അതുകൊണ്ടു് നെല്ലായിട്ടുതന്നെ അവർക്കു കൂലി കിട്ടുന്നതു വളരെ നന്നായിരിക്കുമെന്നും അവർ പറയുകയുണ്ടായി. അതുകൊണ്ടാണ് ലെവീസിസ്റ്റമനുസരിച്ചു് കർഷകതൊഴിലാളികൾക്ക കൂലി നെല്ലായിട്ടു കൊടുക്കാമെന്നു സമ്മതിച്ചതു്. അതനുസരിച്ചു് ഇപ്പോൾ കിട്ടിവരുന്നുണ്ടു്. അങ്ങിനെ കൊടുക്കുന്നില്ലെങ്കിൽ അതു തെററാണ്.

പിന്നെ വേറൊരു സംഗതിയുള്ളതു നമ്മുടെ രാജ്യത്തു റേഷനിംഗ് നടപ്പിലായതു ൧൯൪൩-൪൪ മുതലാണ്. അക്കാലത്തു ഉണ്ടായിരുന്ന ജീവിത ചിലവ് ൧൦൦ ശതമാനമായിരുന്നെങ്കിൽ ഇന്നു അതു് ൪൩൭ ശതമാനമായിരിക്കുകയാണ്. അതായതു അന്നത്തേതിൽ നിന്നും നാലിരട്ടിയായി വർദ്ധിച്ചിട്ടുണ്ടു്. നെല്ലൊഴിച്ചു ബാക്കി കുരുമുളക്, നാളികേരം, റബ്ബർ ഇവക്ക ൧൯൪൪-ലെ വിലയെക്കാൾ ആറോ ഏഴോ, എട്ടോ ഇരട്ടിവിലവരെ ഏറിയിട്ടുണ്ടു്. എന്നാൽ ഈ നെൽകൃഷിക്കാർക്കുമാത്രം നെല്ലു വളരെ അത്യാവശ്യമായ ഒരു സാധനമായതു

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

കൊണ്ടു വിലക്കൂടുതൽ കിട്ടാൻ കൺട്രോൾ അന്നുമുതൽ നടപ്പിൽ വന്നതു കൊണ്ടു വിഷമമുണ്ടായിരുന്നു. ൧൧൨൫ ൽ മുതൽ ഇതുസംബന്ധിച്ചു കൃഷിക്കാർക്കു പരാതിയുണ്ടായിരുന്നു. അതായതു അവർക്കു് വില കിട്ടുന്നതുപോര എന്ന പരാതിയുണ്ടായിരുന്നു. ആ പരാതി പറയുന്നവർക്കു്—കരിഞ്ചന്തക്കാരാണു്, മുതലാളിമാരാണു് എന്നെല്ലാം പറയുന്നവർക്കു്—നമ്മുടെ ഈ രാജ്യത്തെ കൃഷിക്കാരുടെ യഥാർത്ഥ്യങ്ങൾ അറിയാൻ പാടില്ല എന്നുള്ളതാണു് അതിന്റെ പരമാർത്ഥം. പ്രത്യേകിച്ചും തന്നെ ഞാൻ കൃഷിചെയ്യുന്ന ആളുകളാകയാൽ അതിനൊരു പരിഹാരം ഉണ്ടാക്കാൻ എന്താണു മാർഗ്ഗമെന്നു ആലോചിച്ചാണു ഈ ലെവിസമ്പ്രദായം ഇവിടെ ഏർപ്പെടുത്തിയതു്. അതിനുമുമ്പു് കഴിഞ്ഞകൊല്ലം ഫുഡ്ബഡ്ജററു് ഡിബേററു വന്നപ്പോൾ എന്റെ അഭിപ്രായം ഈ സഭയിലെ ഭൂരിപക്ഷം അംഗങ്ങളും ഈ നെല്ലെടുപ്പു കാര്യത്തിൽ അയവു വരുത്തണമെന്നു അഭിപ്രായപ്പെട്ടു. അതേപ്പററിയാണു ഞാൻ പറഞ്ഞതു്. ഈ സഭയുടെ നാനാഭാഗത്തുനിന്നും അഭിപ്രായൈക്യമുണ്ടു് എന്ന വാക്കു് ഉപയോഗിച്ചതു്. നെല്ലിന്റെ പ്രൊക്യൂർമെന്റുകാര്യത്തിൽ ഏതു വിധത്തിലുള്ള ഉറപ്പും സ്ട്രിക്ററ്നസ്സും ഇവിടെ വരുത്തുന്നതിനു ഗവണ്മെന്റിനു യാതൊരു മടിയുമില്ല. പക്ഷെ അങ്ങിനെവരുത്തുന്നതുകൊണ്ടു ഒരു പ്രയോജനമുണ്ടാകണം. ഇന്നു ഈ സിസ്റ്റം കൃഷിക്കാരുടെയിടയിൽ വളരെ ആശ്വാസത്തിനു കാരണമായിട്ടുണ്ടു്. ബഹുമാനപ്പെട്ട മെമ്പറന്മാരുടെയിടയിൽ വിതരണം ചെയ്തിട്ടുള്ള ഫുഡ് അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ നിന്നു തന്നെ ചില കണക്കുകൾ കാണാൻ സാധിക്കും. ൧൧൨൮ ൽ എക്സ്ബേസിസ് സിസ്റ്റം പ്രായോഗികമായി നടപ്പിൽ വരുത്തി. അന്നു തിരുവിതാംകൂർ കൊച്ചി സർക്കാർ എടുത്ത നെല്ലു് ൩൨൦൦൦൦ ടൺ ആണു്. എന്നാൽ ഈ സിസ്റ്റം അനുസരിച്ചു് ൧൧൨൮ ൽ എടുക്കാനുദ്ദേശിക്കുന്നതു ൮൦൦൦൦ ടൺ ആണു്. അപ്പോൾ എക്സ്സസ് ബേസിസ് സിസ്റ്റം അനുസരിച്ചാണെങ്കിൽ ഇന്നു ൨൩൦൦൦ ടൺ കൂടുതൽ എടുക്കാൻ സാധിക്കും. ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ പറയുന്നമാതിരിയാണെങ്കിൽ ഇന്നു് ൨൩൦൦൦ ടൺ കിട്ടുകയില്ല. വളരെ കുറച്ചേ കിട്ടുകയുള്ളു. അതായതു ചെറിയ ആളുകൾ വളരെ അധികമുള്ളതുകൊണ്ടു വരുമാനം അവരിൽനിന്നുമാണു് ഉണ്ടാകുന്നതു്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ മാതിരി ജന്മികൾ എട്ടോ പത്തോ ഉണ്ടായിരിക്കാം. അവരിൽ നിന്നും എടുക്കുകയാണെങ്കിൽതന്നെ ഈ ൨൩൦൦൦ ടൺ എടുക്കാൻ സാധിക്കുമെന്നുദ്ദേശിക്കുകയാണു്. ഇന്നു് അരി റേഷൻ കൊടുക്കുന്നതു ൯ ഔൺസാണു്. അങ്ങിനെ കൊടുക്കാൻതന്നെ നമ്മുടെ രാജ്യത്തു ഏകദേശം മൂന്നുലക്ഷത്തി അറുപതിനായിരം ടൺ അരിവേണം. അതു ഇന്നത്തെ ഓഫ്ടേക്കിന്റെകണക്കനുസരിച്ചു പറയുകയാണു്. അതു് ആറു് ഔൺസ് വീതം കൊടുക്കുകയാണെങ്കിൽ വേണ്ടതാണു്. അപ്പോൾ ഒരൗൺസ് വീതം കൊടുക്കണമെങ്കിൽ ൩൦൦൦൦ ടൺ അരി ഒരു കൊല്ലംവേണം. അപ്പോൾ നമ്മുടെ ഈ പ്രൊക്യൂർമെന്റു ഒന്നുകൂടി ഭേദപ്പെടുത്തിയാൽ നാൽപതിനായിരമോ അറുപതിനായിരമോ അറുപത്തിമൂവായിരമോ ടൺതന്നെ എടുക്കുകയാണെങ്കിൽ ആറു് ഔൺസ് എന്നുള്ളതു ആറേകാൽ ഔൺസായി കൊടുക്കാൻ സാധിച്ചേയ്ക്കും. അങ്ങിനെ സംഗതികൾ ഇരിക്കുന്നതു കൊണ്ടു് ആണു് വളരെക്കാലമായി ബുദ്ധിമുട്ടിക്കൊണ്ടിരിക്കുന്ന നെൽകൃ

ഷിക്കാക്ക് ഈ ലെവിസമ്പ്രദായം ഏർപ്പെടുത്തിയതു്. ഈ ലെവി സമ്പ്രദായം ഏർപ്പെടുത്തിയതുകൊണ്ടു് ചെറിയ ഭൂവുടമകൾക്കു് എന്ന പോലെതന്നെ വലിയ ഭൂവുടമകൾക്കും ഗുണമുണ്ടാകും. പക്ഷെ ഗവണ്മെൻറിന്റെ നയത്തെ ബാധിക്കുന്നതു് അങ്ങിനെയുള്ള പരിഗണനകൾ അല്ല, വലിയ ഭൂവുടമകൾ ഇവിടെ വേണ്ടെന്നോ അവരെ ഇല്ലാതാക്കണമെന്നോ ഉള്ള വിചാരംകൊണ്ടല്ല. അതിനീവക മാർഗങ്ങളല്ലാം വേണ്ടതു് ഒരു നയം സ്വീകരിക്കുകയാണെങ്കിൽ അതു എല്ലാവർക്കും സ്വീകാര്യമായിരിക്കണം. വലിയ കുരുമുളകു തോട്ടങ്ങൾക്കും തെങ്ങിൻ തോട്ടങ്ങൾക്കും റബ്ബർതോട്ടങ്ങൾക്കും വലിയ വലിയ വ്യാപാരങ്ങളിലേർപ്പെട്ടിരിക്കുന്നവർക്കും വലിയ വലിയ ലാഭം കിട്ടും. എന്നാൽ അവരോടു് ഗവണ്മെൻറ ഒരു വ്യത്യസ്തമനോഭാവം വച്ചു് അങ്ങനെ ചെയ്യേണ്ട കാര്യമില്ല. അതാണു് ഈ ലെവി സിസ്റ്റത്തിനു സാധൂകരണമായി ഞാൻ പറയുന്നതു്. ഈ ൪൦ എന്നുള്ളതു മാററി ൫൦ എന്നാക്കുകയോ റേററ് ഒന്നു ഭേദഗതി ചെയ്യുകയോ ഏതു നയമാണു് ഇവിടെ നല്ലതു് എന്നുള്ളതു ഈ പാളിസി ഒന്നു് ഇംപ്ലിമെൻറ ചെയ്തു കഴിഞ്ഞിട്ടു് അതു വേണ്ടിവന്നാൽ പുനഃപരിശോധന ചെയ്യുന്നതിനു യാതൊരു തടസ്സവുമില്ല.

ബഹുമാനപ്പെട്ട കോട്ടയം മെംബർ പറഞ്ഞു ഞാൻ എല്ലാ കാര്യങ്ങളിലും വളരെ ആത്മസംതൃപ്തനായിട്ടു് കഴിയുന്നു എന്നും അതു ബഡ്ജററ പ്രസംഗത്തിൽതന്നെ കാണാമായിരുന്നു എന്നും ബഡ്ജററ് അവതരണത്തിൽ ഞാൻ ചെയ്ത പ്രസംഗം ഒരു വിശദീകരണം മാത്രമായിരുന്നു. അതായതു മുമ്പുണ്ടായിരുന്ന പരാതികൾ ഇപ്പോൾ ഉണ്ടായിട്ടില്ല എന്നാണു്, അക്കാര്യം ബഹുമാനപ്പെട്ട മെമ്പർ തെററിദ്ധരിച്ചതായിരിക്കണം. ഞാൻ വരുന്ന മുമ്പു് ഇവിടെ റേഷൻ വിതരണത്തെ സംബന്ധിച്ചു പല പരാതികളുമുണ്ടായിരുന്നു അന്നത്തെ പരിതഃസ്ഥിതി ഇന്നില്ല എന്നുള്ളതാണു്. അന്നു് അരിയുടെ ക്വാളിററിയെക്കുറിച്ചും അരി റേഷൻ തീരെ കിട്ടുന്നില്ലന്നും മറെറ നമ്മുടെ നാട്ടിൽ പരാതിയുണ്ടായിരുന്നു. പണ്ടത്തെ കാര്യം പ്രത്യേകം എടുത്തു പറയുകയാണെങ്കിൽ പന്ത്രണ്ടു് ഔൺസ് റേഷൻ നൽകുമെന്നു് പറഞ്ഞിരുന്നാലും വാസ്തവത്തിൽ അഞ്ചൗൺസും നാലൗൺസും ചിലമാസങ്ങളിൽ ൩൪ ശതമാനവും ചില മാസങ്ങളിൽ ൪൦ ശതമാനവും ഒക്കെയാണു കൊടുത്തുവന്നിരുന്നതു്. ഇപ്പോൾ അങ്ങിനെയുള്ള ബുദ്ധിമുട്ടുകൾ ഇല്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: ചിററൂർ ഡിസ്ട്രിക്ടിൽ ഒരാഴ്ചയിലെ റേഷൻ ഒന്നിച്ചു കൊടുക്കുന്നില്ല എന്നു അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് അത്ര പ്രാധാന്യമർഹിക്കുന്ന ഒരുകാര്യമാണോ? ചിലപ്പോൾ സ്റ്റാക്കു കുറവായിരിക്കാം. ചിലപ്പോൾ ഒരാഴ്ചയിൽ ഒന്നിച്ചു കൊടുക്കാൻ സാധിക്കാതെ വന്നതുകൊണ്ടു ഒരു ദിവസത്തേയ്ക്കു കൊടുത്തിരിക്കും. അങ്ങിനെ ചില സന്ദർഭങ്ങളിൽ സംഭവിക്കാറുണ്ടു്. അതത്ര ബുദ്ധിമുട്ടുള്ള കാര്യമല്ല. അതിന്നതുകൊണ്ടാണു് ഉണ്ടായതു് എന്നുണ്ടെങ്കിൽ അതിനുവേണ്ടതു ചെയ്യാവുന്നതാണു്.

പിന്നെ തോട്ടംതൊഴിലാളികൾക്കു റേഷൻകൊടുക്കുന്ന കാര്യം ബഹുമാനപ്പെട്ട വിയ്യൂർ മെംബർ പറഞ്ഞു. അതാലോചിക്കാം. ബഹു

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

മാനപ്പെട്ട കൊല്ലം മെമ്പർ കപ്പയുടെ കാര്യം പറയുകയുണ്ടായി. അതേപ്പററി ഗവൺമെൻറ് വളരെ ഗാഢമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ചാക്കിൻെറ വിലയുടെ കാര്യമാണെങ്കിൽ ഇപ്പോഴും റേഷൻ ഷാപ്പുകാരിൽനിന്നും ഈടാക്കുന്ന വില പതിനഞ്ചണ ആയി കുറച്ചിട്ടുണ്ട്. അതു മാർക്കററ റേററിൽ കൂടുതലാണെങ്കിൽ അതും പുനരാലോചിക്കാവുന്നതാണ്.

ശ്രീ. ടി. കെ. ദിവാകരൻ: റേഷൻ അളവുസമ്പ്രദായം മാററിത്തൂക്കം ഏർപ്പെടുത്തരുതോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോഴത്തെ സമ്പ്രദായമാണ് കുറച്ചുകൂടി സൗകര്യമായിട്ടുള്ളതു്.

ശ്രീ. പ്രാക്കുളം ഭാസി: മുമ്പ് രണ്ടാഴ്ചത്തെ ഒന്നിച്ചു കൊടുത്തു കൊണ്ടിരുന്നതു് ഇപ്പോൾ ഒരാഴ്ചയ്ക്കു കൊടുത്താൽ മതി എന്നു ഉത്തരവു കൊടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെന്താണു പരാതിയുള്ളതു്. ആദ്യം ഒരാഴ്ചയ്ക്കുള്ളതുകൊണ്ടു പോകണം, എത്ര കൂടുതൽ കൊണ്ടുപോകാമോ അത്രയും ഗവൺമെൻറിനു സന്തോഷമാണ്.

Mr. Speaker: Mr. Ramaswami, do you press your Motion?

Shri T. S. Ramaswami: No, Sir.

The motion was, by leave, withdrawn.

Mr. Speaker: Mr. T. K. Krishnan, do you press your motion?

Shri T. K. Krishnan,: Yes.

The motion was put and lost.

The question that Government be granted a sum of Rs. 2,32,44,000 under Demand No XXXII - Extraordinary Charges was put to vote and carried.

The grant was made.

DEMAND XXXIII - COMMUNITY DEVELOPMENT PROJECTS.

Chief Minister **(Shri A. J. John):** I move for a grant of Rs. 45,00,000 under Demand No. XXXIII - Community Development Projects.

Shri Panampilli Govinda Menon: I second it.

Mr. Speaker: Do you move Motion No. 38, Mr. Ramaswami?

Shri T. S. Ramaswami : Yes, Sir. I move:

To reduce the allotment of Rs. 44,47,000 for Project Centres by Re. 1.

ஸர், சமூக அபிவிருத்தித் திட்டங்களைப் பொறுத்தளவிலே, விளவங்கோடு-நெய்யாற்றிங்கரை, சாலக்குடி முதலிய இடங்களைத்தான் நமது அரசாங்கத்திலிருந்து தேர்ந்தெடுக்கப்பட்டிருக்கிறது. ஒரு சில தினங்களுக்கு முன்னால், விளவங்கோடு-நெய்யாற்றிங்கரை பிரதேசத்திற்கு சென்று பார்வையிடுவதற்குள்ள ஒரு சந்தர்ப்பம் எனக்குக் கிடைத்தது. கிராமசமூக அபிவிருத்தித் திட்டத்தை நடைமுறையில் கொண்டுவந்து ஆறேழு மாதங்களுக்குமேல் ஆகிவிட்டது. இருந்தபோதிலும் இந்த ஆறேழு மாதங்களுக்கிடையில் எந்தவிதமான சமூகத்தில் மாற்றம் அமைப்பதோ, சமூக அபிவிருத்திக்கான திட்டங்கள் அமைப்பதோ, அங்கு புலனாகவில்லை, திருவனந்தபுரத்திற்கு வருகிற வழியிலே, கம்யூனிற்றி ப்ராஜக்ட் ஸென்டர் என்ற ஒரு போர்டு, மஞ்சள் நிறத்தில் ஒரு போர்டையும் அங்கு ஒரு சிறிய ஆபீஸையும் காண்கிறோமே யொழிய, மாதங்கள் ஆறேழு ஆகியும்கூட விளவங்கோடு-நெய்யாற்றிங்கரையில், சமூக அபிவிருத்தி எதுவும், குறிப்பிடத்தக்க முறையில் அதற்கு யாதொரு முயற்சியும் அங்கு காணப்படவில்லை. கம்யூனிட்டி ப்ராஜக்டைப் பொறுத்தளவிலே, அதனுடைய நோக்கம் என்னவென்று இந்த ஐந்து வருடத்திட்டத்தில், Five year plan-ல் கூறப்பட்டிருக்கிறது. அதில் ஒரு வார்த்தை மிகவும் முக்கியமானது:

> "There has to be a dominant purpose round which the enthusiasm of the people can be aroused and sustained, a purpose which can draw forth from the people, and those who assist them on behalf of the Government, the will to work as well as a sense of urgency."

ஜனங்களிடையே ஒரு ஆவேசபூர்வமான ஒத்துழைப்பு வேண்டும். அந்தப் பிரதேசங்களை எவ்வளவு தூரம் முன்னேற்றத்திற்குக் கொண்டுவர முடியுமோ அவ்வளவு தூரம் முன்னுக்கு கொண்டுவரவேண்டும் என்ற ஆர்வம் அங்குள்ள மக்களிடையே வளரவேண்டும். கூடிய சீக்கிரம் அங்கு முன்னேற்றம் ஏற்படவேண்டும், சமூக அபிவிருத்தி வெகு சீக்கிரம் வரவேண்டும் என்ற ஆர்வம் அங்குள்ள மக்களிடையே வளரவேண்டும். விளவங்கோடு-நெய்யாற்றிங்கரையை ஒரு ஸென்டராக தேர்ந்தெடுத்தது சரிதான். அப்பிரதேசம் மிகவும் வறுமைப்பட்ட பிரதேசமாகும். இந்த ஸென்டரில் எவ்வளவு ரூபாய் செலவு செய்யப்பட்டிருக்கிறது என்று கேட்கப்பட்ட ஒரு கேள்விக்குப் பதிலாக இங்கு சொல்லப்பட்டது, கம்யூனிட்டி பிராஜெக்டுகளுக்கு 96,000 ரூபாய் செலவாயிற்று என்று. இதிலிருந்து தெரிகிறது, அங்கு எவ்வளவு அவசரமாக காரியம் நடக்கிறது என்று. இந்த இடத்தில் சென்ற ஏழு மாதங்களாக சமூக அபிவிருத்தி செய்கிறோம் என்று தம்பட்டம் அடிக்கிறோம். இந்த சென்டரில் உட்பட்ட சில கிராமங்களுக்குச் செல்லும் ஒரு சந்தர்ப்பம் எனக்கு ஏற்பட்டது. அங்கு சென்று பார்த்தால் அங்குள்ள வாலிபர்களும், மாணவர்களும் அங்கு சமூக அபிவிருத்தி செய்வதற்கு மிகுந்த ஆர்வம் உள்ளவர்களாகக் காணப்படுகிறார்கள். அங்கு, இந்த சமூக அபிவிருத்திக்காக ஒன்றுமே நடைபெறவில்லை என்று அவர்கள் அங்கலாய்க்கிறார்கள். அங்கு முக்கியமான ஒரு அபிவிருத்தித் திட்டத்தையும் காணோம். அங்கு, தொண்டர்களை சேகரித்து ஒரு பாரத் சேவக் சமாஜ் ஆரம்பிக்கவேண்டுமென்ற திட்டங்கள் காகிதத்தில் இருக்கிறதேயொழிய நடைமுறையில் எதையும் காணோம். இந்த ஐந்துவருடத் திட்டத்தில் agriculture and related matters; communications; education, health; supplementary employment, housing, training; social welfare என்று கூறப்பட்டிருக்கிறது. விளவங்கோடு-நெய்யாற்றிங்கரை ஏரியாவில் இதுவரையிலும் என்னென்ன வேலைகள் நடந்திருக்கின்றன என்று குறிப்பாகச் சொல்லும்படி, இது சம்பந்தப்பட்ட மந்திரி அவர்களைக் கேட்டுக்கொள்கிறேன். அங்கு, ஏங்கு

[ஸ்ரீ. டி. எஸ். ராமசுவாமி]

பார்த்தாலும் இதைப்பற்றி பராதியே சொல்லப்படுகிறது. சில மாதங்களுக்குமுன்பு நான் அங்கு சென்றபோது, அங்குள்ள மாணவர்களும், வாலிபர்களும் இந்த சமூக அபிவிருத்தி விஷயத்தில் மிகவும் உற்சாகமாக இருந்தார்கள். ஆனால் இப்பொழுது அவர்களிடையே உற்சாகம் குன்றிக்கொண்டுதான் இருக்கிறது. அங்கு இரண்டு மைலில் ஒரு ரோடு வெட்டியிருக்கிறார்கள். இம்மாதிரிப்பட்ட காரியங்களில் அங்குள்ள மாணவர்களும், வாலிபர்களும் ஒத்துழைக்க தயாராய் இருக்கிறார்கள். இரண்டுமைல் நீளத்தில் ரோடு வெட்டியதற்குப் பின்னும் அது மெட்டல் செய்யப்படவில்லை. அடுத்த மழை வரும்போது அந்த ரோடு ஒரு தோடாகும் நிலையில்தான் இன்று இருக்கிறது. அந்த ரோட்டின் பெயர், சர்வோதய ரோடு என்பதாகும். சர்வோதயம் என்ற புனிதமான வார்த்தையின் கருத்தை இவர்கள் இழிவு படுத்துகிறார்கள், இம்மாதிரிப்பட்ட செய்கைகளின்மூலம். அங்கு, 700, 800 ஏக்கராக்களுக்கு மேலாக வெகு இலகுவில் கிருஷி செய்ய முடியும். அங்கு வன்னடிச்சிறை என்ற இடம் இருக்கிறது. அதிலிருந்து வரும் இரண்டு மைல் ஓடை அந்தலையும் மண்ணால் நிறைந்திருக்கிறது. அதை மாற்றுவதற்கு, அங்குள்ள வாலிபர்கள் அதற்காக வேலை செய்யத் தயாராய் இருக்கிறார்கள். ஆனால் இது சம்பந்தப்பட்ட அதிகாரிகள் அங்கு செல்வதே இல்லை. இப்படியிருந்தால் சமூக அபிவிருத்தித் திட்டங்கள் எங்ஙனம் நிறைவேற முடியும். இந்த ஓடையில் நிறைந்திருக்கிற மண்ணை அப்புறப்படுத்தினால், சுமார் 700, 800 ஏக்கருக்குமேல் நெல் கிருஷி செய்வதற்கு மிகவும் பிரயோஜனமாய் இருக்கும். இந்த சந்தர்ப்பத்தில் நான் வேறொரு விஷயத்தைப்பற்றிக் கூற விரும்புகிறேன். வேறு தாலூகாக்களைவிட, மருத்துவ வசதியைப் பொறுத்தளவில் இத்தாலூகாக்களிலுள்ள செங்கல் என்றவிடத்தில் நிலைமை மிகவும் மோசமாய் இருக்கிறது. அங்கு, ஒரு ஆஸ்பத்திரியோ, ஒரு 'மிட்வைபறி சென்டர்' கூட கிடையாது. இந்த பிரதேசத்தில் ஆயிரக்கணக்கான மக்கள் வசித்துவருகிறார்கள். இங்குள்ள மக்களுக்கு ஒரு ஆஸ்பத்திரிக்கு போகவேண்டுமானால், நாலு மைல் நடந்து நெய்யாற்றிங்கரைக்கு வந்தால்தான் மருத்துவ வசதி கிடைக்கும். அடுத்தபடியாக, காட்டேஜ் இன்டஸ்ட்ரீஸ்-ஐ பற்றி ஒரு வார்த்தை கூற நான் ஆசைப்படுகிறேன். இங்குள்ள ஜனங்களின் முக்கியமான குடிசைக் கைத்தொழில், கருப்புக்கட்டி உற்பத்தி செய்வதாகும். ஆயிரக்கணக்கான ஏழை ஜனங்கள் இங்கு இன்று இத்தொழிலில் ஏற்பட்டிருக்கிறார்கள். இவர்கள், இந்நாட்டிற்கு மிகவும் அத்தியாவசியமான ஒரு உணவுப் பொருளை அங்கு உற்பத்தி செய்கிறார்கள். இதற்காக, நமது அரசாங்கம் பாம்கூர் ஆர்கனைஸர் என்ற ஒரு ஆர்கனைஸரை நியமித்திருக்கிறார்கள். இந்த ஆர்கனைஸர் அவரால் இயன்ற அளவு வேலை செய்துவருகிறார். ஆனால் அவருக்கு யாதொரு ஊக்கமும் அளிக்கவில்லை என்றால் அவர் என்ன செய்வார். ஒரு ஆர்கனைஸரை மாத்திரம் வைத்துக்கொண்டிருப்பதால் அங்கு இந்த விவசாயத்தில் ஏற்பட்டிருக்கும் தொழிலாளிகளுக்கு யாதொரு பிரயோஜனமும் ஏற்பட்டுவிட முடியாது. இங்கு, சுமார் அறுபதினாயிரம் டன் கருப்புக்கட்டி உற்பத்தி செய்யப்படுகிறது. நமது ராஜ்யத்தில் மொத்தம் கொள்முதல் செய்யப்படும் நெல் சுமார் 50,000 டன்தான். ஆனால் கருப்புக்கட்டி 60,000 டன்கள் உற்பத்தி செய்யப்படுகின்றன. ஆனால் இந்த கருப்புக்கட்டி தொழிலாளர்களின் நிலைமையைப் பார்த்தால், அது மிகவும் பரிதாபகரமானதாகும். அங்கு ஒரு பனை ஏறும் தொழிலாளிக்கு ஒரு நாளில் இருபது முதல் நாற்பது பனை வரை ஏறவேண்டியிருக்கிறது. பனையிலிருந்து எடுக்கும் பதனியை காய்ச்சி பனை வெல்லமாக்குவதற்கு, ஏராளமான செலவு ஏற்படுகிறது. இந்த பதனியை காய்ச்சுவதற்கு விறகு, மிகவும் அவசியமாகும். ஆனால் அங்குள்ள அந்த தொழிலாளி மக்களுக்கு இதற்காக விறகு கொடுக்கப்படுகிறதா என்றால் அதுதான் இல்லை. புனரமைப்பு, சமூக அபிவிருத்தித் திட்டங்கள் என்றெல்லாம் பேப்பரில் போட்டால் மாத்திரம் புனரமைப்பு வந்துவிட முடியாது, அங்குள்ள சமூகமும் அபிவிருத்தி அடைந்துவிட முடியாது. கிராமப் பிரதேசங்களில் புனர் அமைப்பு என்று சொல்லும்போது, எனக்கு, புனிதன் மகாத்மா காந்தி அடிகளின் நினைவுதான் வருகிறது. சர்வோதயம் என்ற தத்துவம், அவர்களிடமிருந்துதான் வந்தது. அந்நிலையில் கிராமங்களில் புனர் அமைப்பு செய்ய வேண்டுமென்றால், அங்குள்ள தொழிலாளிகளின், விவசாயிகளின், பாமரமக்களின் நிலையை உயர்

த்தவேண்டுமென்றால் கம்யூனிட்டி ப்ராஜெக்ட் ஸெண்டர் என்று ஒரு மஞ்சள் போர்டை தொங்கவிட்டுக்கொண்டிருப்பதினாலோ அல்லது இது சம்பந்தப்பட்ட அதிகாரிகள் ஜீப்பில் அங்குமிங்கும் போய்க்கொண்டிருப்பதினாலோ மாத்திரம் புனரமைப்பு வந்துவிட முடியாது. அடுத்தபடியாக, இந்த இடங்களில் பெருவாரியாக இருக்கக்கூடிய இந்த பனையேறும் தொழிலாளிகளுக்கு வேண்டிய வசதிகள் செய்துகொடுக்கவேண்டும். இவர்கள் மிகவும் கஷ்டப்பட்டு உற்பத்தி செய்யும் கருப்புக்கட்டி, பவுண்ட் ஒன்றிற்கு மூன்றணா வீதம் விற்கப்படுகிறதென்றால், இவர்களுக்கு பவுண்டு ஒன்றிற்கு இரண்டரையணா செலவாகிறது, இதை உற்பத்தி செய்வதற்கு. ஆகவே இவர்களுக்குக் கிடைக்கும் லாபம் பவுண்டு ஒன்றுக்கு அரையணா தான். அதே சமயத்தில் அங்குள்ள வியாபாரிகள் இவர்களிடமிருந்து பவுண்டு ஒன்றிற்கு மூன்று அணா வைத்து கருப்புக்கட்டி வாங்கி அதை ஆலப்புழை போன்ற இடங்களுக்குக் கொண்டு போய் 6 1/2 அணாவுக்கு விற்கிறார்கள். கூட்டுறவு முறையில் இவ்விவசாயத்தை நடத்தலாம் என்றால் அதற்கு எத்தனை எத்தனையோ இடைஞ்சல்கள் இருக்கின்றன. இம்மக்களுக்கு, கோவாப்பறேற்றிவ் சொஸைட்டி வழியாக விறகு கொடுப்பதாகச் சொல்கிறார்கள். ஆனால் அங்குள்ள இந்த ஏழைத் தொழிலாளிகளுக்கு அவ்விதம் விறகு போன்ற எந்தவிதமான உதவியும் கிடைப்பதில்லை. விளவங்கோட்டிலுள்ள பாம்கூர் கோவாப்பறேற்றிவ் சொஸைட்டியிலிருந்து விறகு கொடுக்கிறார்கள் என்று கூறப்பட்டது. ஆனால் அது விற்பனையாகிறது நாகர்கோவிலில் தான். இந்த விவசாயத்தில் ஏற்பட்டிருக்கும் தொழிலாளிகளுக்கு விறகு கிடைப்பதேயில்லை. அதே போல் இந்த முக்கியமான குடிசைக் கைத்தொழிலுக்கு உற்சாகமோ, ஊக்கமோ அளிக்கப்படுவதில்லை என்பதற்கு வேறொரு உதாரணம் காட்டுகிறேன். இந்தக் கருப்புக்கட்டிக்கு செயில்ஸ் டாக்ஸ் ரத்து செய்யப்படவேண்டும் என்று இந்த சபையிலுள்ள அங்கத்தினர்கள் எத்தனையோ பேர்கள் இங்கு சொல்லியாகி விட்டது. இதைக் குறித்து பல மனுக்களும் சமர்ப்பிக்கப்பட்டது. ஆனால் இதுவரையிலும் இதன்மேல் சுமத்தப்பட்டிருக்கும் செயில்ஸ் டாக்ஸ் ரத்து செய்யப்படவில்லை. இந்த முறையில் போய்க் கொண்டிருந்தால், நிச்சயமாக சமூக அபிவிருத்தி திட்டங்கள் சீக்கிரத்தில் முன்னேறிவிட முடியாது. இந்த விவசாயத்தை அபிவிருத்தி செய்யவேண்டுமானால், முக்கியமாக இந்த பனையேறும் தொழிலாளிகளுக்கு வேண்டிய வசதிகள் செய்து கொடுக்கப்படவேண்டும்.

Shri N. P. Varghese : What is the alternative proposal of the hon. Member for giving firewood?

ஸ்ரீ. டி. எஸ். ராமஸ்வாமி : 'ஸ்டிரிக்ட் கன்ட்ரோல்' வைக்க வேண்டும். கூட்டுறவு சங்கங்கள் மூலம் கொடுக்கப்பட வேண்டும்.

Shri N. P. Varghese: You are against the policy of giving it to the Co-operative Societies?

ஸ்ரீ. டி. எஸ். ராமஸ்வாமி : No. கூட்டுறவு முறைதான் சரியான முறை. ஆனால் அது சரியான முறையாக இருக்க வேண்டும். 'ஸ்டிரிக்ட் கன்ட்ரோல்' இருக்க வேண்டும். உதாரணமாக வீடுகள் கட்டிக் கொடுக்கும் திட்டத்தை எடுத்துக் கொண்டால் வீடு இல்லாதவர்களுக்குத் தான் வீடு கொடுக்க வேண்டும். ஆனால் நடைமுறையில் பார்க்கும்போது வீடுகள், காங்கிரஸ் மண்டல காரியதரிசிக்கும் அவரது மனைவிக்கும், மனைவியின் தங்கைக்கும், தங்கையின் புருஷனுக்கும் அப்புருஷனின் தகப்பனுக்கும், இப்படியாகத்தான் வீடுகள் கட்டிக் கொடுப்பது என்றால், அது தான் favouritism. வீடில்லாதவர்களுக்கு வீடுகள் கட்டிக் கொடுக்க வேண்டும். அப்படிச் செய்வதற்குப் பதிலாக ஒரு சிலருக்கு மாத்திரம் சலுகை காண்பித்தால்—

Mr. Speaker: Fundamentally there is something wrong. People must improve.

ஸ்ரீ. டி. எஸ். ராமஸ்வாமி: அது சரிதான். நான் சொல்வது, கூட்டுறவு முறையிலே நமது உதவி ஜனங்களுக்கு கிடைக்கிறதா என்று பார்க்க வேண்டும். நவீன முறையில் கருப்புக்கட்டி உற்பத்தி செய்வதைப் பற்றி இவ்விவசாயிகள் அறியும்படி செய்ய வேண்டும். விளவங்கோடு-நெய்யாற்றிங்கரை ஏரியாவில் இந்த கம்யூனிட்டி ப்ராஜக்ட் வேலைகளுக்கு வேண்டி ரூ.96000 மாத்திரம் தான் செலவு செய்யப்பட்டிருக்கிறது. அதற்குக் காரணம், சென்ட்ரல் கவர்ன்மென்டிலிருந்து இன்னும் சாங்ஷன் செய்து வரவில்லை என்பதால் தான் என்று அறிகிறேன். கூடியவரையிலும், எல்லாத் துறைகளிலும் நமக்கு அபிவிருத்தி வரவேண்டுமென்றால் இப்படிப்பட்ட டெக்னிக்கல் கஷ்டங்களை பொருட்படுத்தாது, உதவி செய்யவேண்டியவர்களுக்கு உதவி வந்து சேரவேண்டும். அங்குள்ள மக்கள், இந்த சென்டரில் உள்ள மக்கள் சமூக அபிவிருத்தி வேலைகள் செய்வதற்கு ஊக்கத்துடனும், உற்சாகத்துடனும் முன் வரவேண்டுமென்றால், அவர்களின் உற்சாகம் குன்றுவதற்கு முன்னால் நீங்கள் இங்கு இந்த சமூக அபிவிருத்தித் திட்டங்களுக்கான வேலைகளை ஆரம்பிக்க வேண்டுமென்று கேட்டுக்கொண்டு, நான் இந்த வெட்டுப் பிரேரணையை இங்கு பிரேரேபித்துக் கொள்கிறேன்.

Shri P. Bhaskaran Nair: Sir, I move:

To reduce the total allotment of Rs. 45,00,000 under Demand XXXIII by Rs. 10.

സർ, സാമൂഹ്യവികസനപദ്ധതിക്കുവേണ്ടി ൪൫ ലക്ഷം രൂപയാണ് ആവശ്യപ്പെട്ടിരിക്കുന്നതു്. എന്നാൽ അതിന്റെ വിവരങ്ങളൊന്നും ബഡ്ജറ്റിൽ വിശദമായി പറഞ്ഞിട്ടില്ല. എ. ബി. സി. എന്ന കുറെ വിഭാഗങ്ങൾക്കുവേണ്ടി മൊത്ത സംഖ്യകളായിട്ടാണ് ഈ തുക അതിൽ കൊള്ളിച്ചിട്ടുള്ളതു്. കുറെ പദ്ധതികളുടെ പേരും പറഞ്ഞിട്ടുണ്ടു്. എന്നല്ലാതെ വിശദമായിട്ടുള്ള യാതൊരറിവും ബഡ്ജറ്റിൽനിന്നും ലഭിക്കാൻ സാധിക്കാത്ത തരത്തിലാണ് അതിന്റെ രചന. ചുരുക്കിപ്പറഞ്ഞാൽ ഇതിനുവേണ്ടി ഒരു ബ്ലാങ്ക് ചെക്ക് ഈ സഭ അനുവദിച്ചുകൊടുക്കണമെന്നുള്ളതാണ്. സാമൂഹ്യവികസനപദ്ധതി സമാരംഭിക്കുന്നതിനെപ്പററി ഈ അസംബ്ലിയിൽ ആദ്യമായി വെച്ചുണ്ടായപ്പോൾ ഒരു എതിർപ്പു് ഈ ഭാഗത്തുനിന്നും ഉണ്ടായി. അങ്ങനെ ഒരു എതിരഭിപ്രായം പ്രതിപക്ഷത്തുനിന്നും പുറപ്പെടുവിച്ചപ്പോൾ പ്രധാനമന്ത്രി പറയുകയാണ്; 'സാമൂഹ്യവികസനപദ്ധതി ഇവിടെ നടപ്പാക്കുന്നപക്ഷം അതുമൂലം കമ്മ്യൂണിസ്ററുകാരുടെ പ്രവർത്തനവ്യാപ്തിക്കു കുറവു വരുമെന്നുള്ളതുകൊണ്ടാണ് അവർ ഇങ്ങനെ ഒച്ചപ്പാടു് ഉണ്ടാക്കുന്നതു്' എന്നു്. സർ, ഒരു കാര്യം ഞാൻ ഈ സഭയിൽ ഉറപ്പിച്ചുപറഞ്ഞുകൊള്ളട്ടെ. നമ്മുടെ രാജ്യത്തിനും ജനങ്ങൾക്കും ഏതെങ്കിലും വിധത്തിൽ പുരോഗതിയോ, നന്മയോ ഉണ്ടാകുമെന്നു ന്യായമായി ഊഹിക്കാവുന്ന ഏതു പദ്ധതിയേയും പരിഷ്കാരത്തേയും സ്വീകരിക്കാൻ ഞങ്ങൾ എപ്പോഴും തയ്യാറാണ്. അതേസമയം കമ്മ്യൂണിററി പ്രോജക്ട് എന്ന പദ്ധതി ഏതു രാഷ്ട്രീയോദ്ദേശ്യത്തോടുകൂടി ഇൻഡ്യയിൽ തുടങ്ങിയോ ആ ഉദ്ദേശ്യത്തോടുമാത്രമാണ് ഞങ്ങൾ എതിർപ്പു കാണിക്കുന്നതു്. ഇൻഡ്യയിൽ സാമൂഹ്യവികസനപദ്ധതി ബീജാവാപം ചെയ്തതു് കുരുക്ഷേത്രത്തിലെ അഭയാർത്ഥികേന്ദ്രത്തിൽ വെച്ചാണെന്നത്രെ മി. ഡേ പ്രസ്താവിക്കുന്നതു്, അമേരിക്കൻ അംബാസിഡർ മി. ചെസ്റ്റർബൗൾസിന്റെയും, മി. എസ്. കെ. ഡേയുടെയും കൂടിയാലോചനയുടെ ഫലമായിട്ടാണ് ഈ പദ്ധതി ഇൻഡ്യയിൽ കൊണ്ടുവന്നതു്. അങ്ങിനെ അമേരിക്കൻ സ്ഥാനപതിയുടെ സഹായത്തോടുകൂടി മി. എസ്സ്. കെ. ഡേ കുരു

പ്പിടിപ്പിച്ച ഒരു പദ്ധതിയാണ് ഇതു്. മി. എസ്സ്. കെ. ഡേയുടെ ബുദ്ധി വൈഭവംകൊണ്ടോ, "മഹാനായ" അമേരിക്കൻ അമ്പാസിഡറുടെ ഔദാര്യംകൊണ്ടോ, ഏതുതരത്തിലായാലും ഞങ്ങൾ അതിനെ ചോദ്യം ചെയ്യുന്നില്ല—ഈ പദ്ധതിയുടെ പ്രവർത്തനങ്ങളിൽ ഇന്നു ദൃശ്യമാകുന്നതു എന്താണ് എന്നു നോക്കേണ്ടതുണ്ട്. ഈ സാമൂഹ്യവികസനപദ്ധതിക്കു് ഇൻഡ്യാഗവണ്മെൻറും അമേരിക്കൻ ഗവണ്മെൻറും തമ്മിൽ ഒരു സാമ്പത്തിക-സാങ്കേതികസഹകരണകരാറുണ്ട്. ആ കരാറനുസരിച്ച് പദ്ധതിയുടെ പൊതുനയം ആവിഷ്കരിക്കുന്നതിൽ അമേരിക്കൻ അമ്പാസിഡറും ഇൻഡ്യൻ പ്രധാനമന്ത്രിയും തുല്യപങ്കാണ് വഹിക്കേണ്ടതു്. ആ നിലയ്ക്കു് ഈ പദ്ധതി ഇന്നയിന്ന സ്ഥലങ്ങളിൽ ആരംഭിക്കണമെന്നു പറയാൻ പ്രധാനമന്ത്രിയ്ക്കു മാത്രം അവകാശമില്ല. അമേരിക്കൻ സ്ഥാനപതിയോടു കൂടി ആലോചിച്ചുശേഷം അദ്ദേഹത്തിൻെറ അനുമതിയുണ്ടെങ്കിലേ സാധിക്കയുള്ളൂ.

<u>ശ്രീ. ജി. ചന്ദ്രശേഖരപിള്ള</u> : ഇതു് എങ്ങിനെയാണ് മനസ്സിലാക്കിയതു്?

<u>ശ്രീ. പി. ഭാസ്കരൻ നായർ</u> : ഇവയെപ്പററിയുള്ള സാഹിത്യങ്ങളുണ്ട്.

<u>ശ്രീ. ജി. ചന്ദ്രശേഖരപിള്ള</u> : ഞാൻ വായിച്ച സാഹിത്യങ്ങളിലില്ല.

<u>ശ്രീ. പി. ഭാസ്കരൻ നായർ</u> : വായിക്കാൻ പ്രസിദ്ധീകരണങ്ങൾ ധാരാളമുണ്ട്. ഇവയൊക്കെ വായിക്കണം.

സർ, ഇങ്ങനെയുള്ള സാമ്പത്തികസഹായത്തെ സംബന്ധിച്ചിടത്തോളം അമേരിക്കയെ പ്രേരിപ്പിച്ചതു് അവരുടെ മഹത്തായ മാനുഷികവികാരമാണെന്നു വിചാരിച്ചാൽതന്നെയും ഇതിനുമുൻപു് ഒരിക്കലും ഉണ്ടായിട്ടില്ലാത്ത ഒരു ഔദാര്യമനോഭാവം ഇപ്പോൾ ഉണ്ടാകാൻ ഉള്ള കാരണമെന്താണെന്നുകൂടി നാം ആലോചിച്ചുനോക്കേണ്ടതാണ്. ഇൻഡ്യൻ സ്വാതന്ത്ര്യസമരകാലത്തു് ഇൻഡ്യയിലെ നേതാക്കന്മാർ അമേരിക്കയുടെ സൗഹാർദ്ദസഹകരണങ്ങൾക്കുവേണ്ടി അപേക്ഷിച്ചപ്പോൾ അവർ പുറംതിരിയുകയാണു ചെയ്തതു്. ഇപ്പോൾ അവർ സഹായഹസ്തം നീട്ടുകയും നമ്മുടെ അഭ്യുദയകാംക്ഷികളാണെന്നു അഭിനയിക്കുകയും ചെയ്യുന്നു. ഈ വക കാര്യങ്ങൾക്കുവേണ്ടി അവർ ധാരാളം പണം ചിലവാക്കി പല രാജ്യങ്ങളിലും പ്രസിദ്ധീകരണത്തിനുവേണ്ടി ലഘുലേഖകളും മാസികകളും മററും പ്രചരണാർത്ഥം സൗജന്യമായി വിതരണം ചെയ്യുകയാണ്. ജനായത്തഭരണസിദ്ധാന്തങ്ങളിൽ വിശ്വസിക്കുന്ന ഭരണാധികാരികളെ അധികാരത്തിൽ ഉറപ്പിച്ചുനിറുത്തുന്നതിനും, ഭാവിയിൽ സ്വേച്ഛാധിപതികളായി തീരാനിടയുള്ളവർ ഭരണാധികാരികളാവാതെയിരിക്കാൻ സ്ഥിതിഗതികൾ ഭദ്രമാക്കുന്നതിനും വേണ്ടിയാണ് അവികസിതരാജ്യങ്ങളിൽ ചതുർമുഖപദ്ധതിയനുസരിച്ച് തങ്ങൾ സഹായം നൽകുന്നതെന്നു് അമേരിക്കയുടെ സ്റ്റേററ് ഡിപ്പാർട്ടുമെൻറ പ്രസിദ്ധീകരണങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ സാമൂഹ്യവികസനപദ്ധതിക്കുവേണ്ടി അമേരിക്കക്കാർ നമുക്കു നൽകുന്ന സഹായത്തെപ്പററിയാണെങ്കിൽ അതു വളരെ ചെറിയ ഒരു തുക മാത്രമാണെന്നു കാണാവുന്നതാണ്.

ശ്രീ. എൻ. പി. വർഗ്ഗീസ്: എന്തു തുകയാണെന്നു പറയാമോ?

ശ്രീ. പി. ഭാസ്കരൻ നായർ: ആകെ ചിലവാകുന്ന തുകയുടെ എട്ടിലൊന്നു്.

ശ്രീ. കെ. മാധവൻ ഉണ്ണിത്താൻ: ബഹുമാനപ്പെട്ട മെമ്പർ ജനാധിപത്യത്തിനു എതിരാണോ?

ശ്രീ. പി. ഭാസ്കരൻ നായർ: ഞാൻ ഒരിക്കലും എതിരല്ല. ജനാധിപത്യത്തിൽ വിശ്വസിക്കുന്നയാളുമാണു്.

സർ, വളരെ ചുരുങ്ങിയ തോതിലേ അമേരിക്ക ധനസഹായം ചെയ്യുന്നുള്ളുവെങ്കിലും അതിന്റെ മുഴുവൻ ചുമതലയും അമേരിക്കയുടെ നിയന്ത്രണത്തിലാണു്. അതാണു് ഞങ്ങളുടെ പരാതി. മാത്രമല്ല, രാജ്യത്തു നിലവിലിരിക്കുന്ന നിയമങ്ങളൊന്നുംതന്നെ ഈ പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി നിയോഗിക്കപ്പെടുന്ന അമേരിക്കൻ സാങ്കേതികവിദഗ്ദ്ധന്മാക്കു് ബാധകമാകയില്ലെന്നാണു് ഇൻഡ്യാഗവണ്മെന്റും അമേരിക്കയും തമ്മിലുള്ള കരാറിൽ പറഞ്ഞിരിക്കുന്നതു്. അതായതു്, നമ്മെ സഹായിക്കാൻ വന്നവക്കു് ഈ രാജ്യത്തു് നിലവിലുള്ള നിയമങ്ങൾക്കു അതീതമായി പ്രവത്തിക്കാൻകൂടി സ്വാതന്ത്ര്യം കൊടുത്തിരിക്കയാണു്.

സർ, ഈ പദ്ധതി നമ്മുടെ സംസ്ഥാനത്തു് നെയ്യാറ്റിൻകര, ചാലക്കുടി, ഈ സ്ഥലങ്ങളിലാണു് ആരംഭിച്ചിട്ടുള്ളതു്. ഏകദേശം ൯൯,൦൦൦ രൂപ ഇതിനകം ചെലവാക്കിയിട്ടുണ്ടെന്നും പറയുന്നു. ഞാൻ നെയ്യാറ്റിൻകരെ ഈ പദ്ധതിയുടെ പ്രവത്തനത്തെക്കുറിച്ചു് അന്വേഷിക്കുന്നതിനുവേണ്ടി പോകുകയുണ്ടായി. അവിടത്തെ ജനങ്ങളെ ഈ പദ്ധതിയിൽ ആവേശഭരിതരാക്കിത്തീക്കുന്നതിനുവേണ്ടി യാതൊന്നും ഇതുവരെ പ്രവത്തിച്ചതായി എനിക്കു അറിയുവാൻ കഴിഞ്ഞില്ല. തേനീച്ച വളത്തൽ, കോഴി വളത്തൽ മുതലായ ചില പദ്ധതികളെപ്പറ്റി ആലോചിക്കുന്നുണ്ടത്രേ! എന്നാൽ നെയ്ത്തുതൊഴിലാളികൾ ധാരാളം ഉള്ള ഒരു സ്ഥലമാണു് നെയ്യാറ്റിൻകര. അവരിൽ തൊഴിലില്ലായ്മ വളരെ വ്യാപിച്ചിട്ടുണ്ടു്. അങ്ങിനെയുള്ള തൊഴിലാളികൾക്കു തൊഴിൽ ഉണ്ടാക്കിക്കൊടുക്കുന്നതിനു വേണ്ടി യാതൊന്നും ചെയ്തിട്ടില്ല. അതുപോലെ ചാലക്കുടിയിലാണെങ്കിൽ, പട്ടിണിയിലും ദാരിദ്ര്യത്തിലും കഴിയുന്ന ഒട്ടേറെ തൊഴിലാളികളുണ്ടു്. ഈ പദ്ധതിക്കുവേണ്ടി അവരെക്കൊണ്ടു ജോലി ചെയ്യിക്കുന്നുമുണ്ടു്. പക്ഷെ സഹകരണത്തിന്റെ അടിസ്ഥാനത്തിൽ ഒരു തൊഴിലാളിക്കു കൊടുക്കുന്നതു് ഒരു ദിവസം ൧൦ അണയോ ൧൨ അണയോ ആണു്. അവക്കു ന്യായമായി കൊടുക്കേണ്ട വേലക്കൂലിയിൽ ബാക്കി അവരുടെ സംഭാവനയായി പരിഗണിക്കയാണുപോലും! പാവപ്പെട്ട ഈ തൊഴിലാളികളെക്കൊണ്ടു പണിയെടുപ്പിക്കയും ശരിയായ കൂലി കൊടുക്കാതെയിരിക്കയുമാണു് ചെയ്തുപോരുന്നതു്. ഇതു കഷ്ടമാണു്. ഇങ്ങനെ നോക്കിയാൽ അമേരിക്കൻ ആധിപത്യം ഇവിടെ വളരാനുള്ള സാഹചര്യങ്ങൾ ഓരോന്നായി അനുവദിച്ചുകൊടുത്തുകൊണ്ടിരിക്കയാണു്. അതായതു് നമ്മുടെ മനോവീര്യംകൂടി നശിപ്പിക്കുന്ന ഒരു പരിതഃസ്ഥിതിയി

ലേക്ക് നമ്മെ എത്തിച്ചിരിക്കയാണ്. ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ രാഷ്ട്രീയപരമാധികാരം അമേരിക്കക്ക് അടിയറ വച്ചിരിക്കയാണ്. സർ, അതുകൊണ്ടാണ് ഞങ്ങൾ ഈ അമേരിക്കൻ സഹായത്തോടുകൂടിയുള്ള സാമൂഹ്യവികസനപദ്ധതിയെ എതിർക്കുന്നത്. (ബെൽ)

<u>ശ്രീ. ചെറിയാൻ ജെ. കാപ്പൻ:</u> സർ, ബഹുമാനപ്പെട്ട മെംബർ ഭാസ്കരൻനായർ സാമൂഹ്യവികസനപദ്ധതിയെപ്പററി സംസാരിച്ചപ്പോൾ അദ്ദേഹം ഭാവനയുടെ ചിറകടിച്ച് ഉന്നതതലത്തിൽ വിഹരിക്കുന്നതല്ലാതെ, യാഥാർത്ഥ്യങ്ങളുടെ താഴ്വരയിലേക്കിറങ്ങി, സൂക്ഷ്മസ്ഥിതി കഥനം ചെയ്യാൻ ആഗ്രഹിക്കുന്നില്ല. സാമൂഹ്യവികസനപദ്ധതിമൂലം നമ്മുടെ സംസ്ഥാനത്തു പ്രതീക്ഷയിൽകവിഞ്ഞ മേന്മകളാണ് ഉണ്ടാകുന്നതെന്നാണ് എനിക്ക് അദ്ദേഹത്തെ അറിയിക്കാനുള്ളതു്.

സാമൂഹ്യവികസനപദ്ധതിയുടെ പ്രധാനമായിട്ടുള്ള ലക്ഷ്യം കൃഷിവികസനമാണ്. ഭക്ഷ്യവിഭവങ്ങൾ വർദ്ധിപ്പിക്കേണ്ടതു് നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം വളരെ അത്യാവശ്യമായിട്ടുള്ളതാകയാൽ ആ ആവശ്യത്തെ മുൻനിറുത്തിയാണ് സാമൂഹ്യവികസനപദ്ധതി ഇവിടെ ആസൂത്രണം ചെയ്തിട്ടുള്ളതെന്നും ഗവണ്മെൻറ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇവിടെ കൃഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയും, ഭക്ഷ്യവിഭവങ്ങളുടെ വർദ്ധനവിനുവേണ്ടിയും കൊല്ലംതോറും വമ്പിച്ച തുകകൾ ചെലവുചെയ്തിട്ടുണ്ട്, ഇപ്പോഴും ചെലവുചെയ്തുകൊണ്ടിരിക്കുന്നുണ്ട്. പീച്ചി, പെരിഞ്ചാണി, വാഴാനി മുതലായ വമ്പിച്ച പദ്ധതികൾ ആസൂത്രണം ചെയ്കയും, അതിലേക്കുവേണ്ടി വലിയ തുകകൾ ചിലവിടുകയും ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. കൂടുതൽ തുകകൾ മേജർ പദ്ധതികൾക്കായിട്ടും മൈനർ ഇറിഗേഷൻ പദ്ധതികൾക്കുവേണ്ടിയും ചെലവുചെയ്യുന്നുണ്ട്. ഇത്രയെല്ലാം ചെയ്തിട്ടും ഈ രാജ്യത്തു ഭക്ഷണസാധനങ്ങൾ അല്പംപോലും വർദ്ധിച്ചിട്ടില്ലെന്ന് ഈ സഭയുടെ നാനാഭാഗത്തുനിന്നും ആക്ഷേപമുണ്ടായിട്ടുണ്ട്. ഈ തരുണത്തിൽ അതിൻെറ കാരണത്തെപ്പററി നാം വളരെ ഗാഢമായി ആലോചിക്കേണ്ടതുണ്ട്. വലിയ വലിയ തുകകൾ ചിലവുചെയ്യുമ്പോൾ അതിനനുസരണമായി ഭക്ഷ്യവിഭവങ്ങൾ വർദ്ധിപ്പിക്കുവാൻ നമുക്കു കഴിയുന്നില്ലെങ്കിൽ പിന്നെയും ഈ വമ്പിച്ച തുകകൾ ചെലവുചെയ്യുന്നതു ബുദ്ധിപൂർവ്വമാണോ എന്നു നിങ്ങൾ ചിന്തിക്കണം. ഇതു നാം നിഷ്പക്ഷബുദ്ധിയോടുകൂടി ആലോചിക്കേണ്ട വിഷയമാണ്.

ഗവണ്മെൻറിൻെറ ഇതുവരെയുള്ള പ്രവർത്തനത്തിൻെറ ഫലമായി കാർഷികവിഭവങ്ങൾ നാട്ടിൽ ഒട്ടും വർദ്ധിച്ചിട്ടില്ല, ഭക്ഷണസാധനങ്ങളും വർദ്ധിച്ചിട്ടില്ല എന്നുള്ള പ്രസ്താവന ശരിയല്ല. ചിലവുചെയ്യുന്ന സംഖ്യയുടെ തോതനുസരിച്ചുള്ള വർദ്ധനവ് ഉണ്ടായിട്ടുണ്ടോ എന്നാലോചിക്കുമ്പോൾ സംശയഗ്രസ്തമായ ദൃഷ്ടിയോടുകൂടിയാണ് നോക്കുവാനിടയാകുന്നതു്. ഈ രാജ്യത്തു കൃഷിവർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യത തുലോം കുറവാകയാൽ ഭക്ഷ്യവിഷയത്തിൽസ്വയംപര്യാപ്തതയുണ്ടാക്കുവാൻ ഈ രാജ്യത്തു നമുക്കു കഴിയുകയില്ലെന്നുള്ളതു് ആരും സമ്മതിക്കും. ഈ രാജ്യത്തെ കാർഷികവിഭവങ്ങളിലൊന്നായ കുരുമുളകിനെ സംബന്ധിച്ചിടത്തോളം ഇൻഡ്യയിലെ ഒരു മൊണോപ്പളിതന്നെ നമുക്കുണ്ട്. കുരുമുളകു മുതലായ നാണ്യവിഭവങ്ങൾ (ക്യാഷ് ക്രോപ്സ്) ഈ രാജ്യത്തു് ഉൽപ്പാദി

[ശ്രീ. ചെറിയാൻ ജെ. കാപ്പൻ]

പ്പിച്ച് നാം അന്യരാജ്യങ്ങളിലേയ്ക്കയയ്ക്കുകയും, ചുങ്കം മുതലായ ഇനങ്ങളിൽ വലിയ തുക നമുക്കു കിട്ടിക്കൊണ്ടിരിക്കുകയും ചെയ്യുന്നതാണെന്നുള്ളതു ഒരു പരമാർത്ഥമാണ്. എന്നാൽ നാം കൃഷിവികസനത്തിന് ചിലവാക്കുന്ന ലഭിച്ച തുകയും നമ്മുടെ നാട്ടിലെ ക്യാഷ് ക്രോപ്സ് വർദ്ധിപ്പിക്കുവാൻവേണ്ടി വിനിയോഗിക്കുന്ന കാര്യത്തിൽ ശ്രദ്ധയോടുകൂടി പ്രവർത്തിച്ച് നമ്മുടെ രാജ്യത്തിലെ സമ്പത്തു വർദ്ധിപ്പിക്കുകയല്ലേ വേണ്ടതെന്നു നിങ്ങളും ശാന്തമായും നിഷ്പക്ഷബുദ്ധിയോടുംകൂടി ആലോചിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

നാം ഇന്നത്തെ നിലയിൽ മുന്നോട്ടുപോയാൽ നമ്മുടെ രാജ്യത്തെ കുരുമുളകുകൃഷി അഭിവൃദ്ധിപ്പെടുകയില്ലെന്നുമാത്രമല്ല പത്തു പതിനഞ്ചു കൊല്ലങ്ങൾക്കകമായി കുരുമുളകുകൃഷി തീരെ ഇല്ലാതാകുമെന്നുള്ളതും പരമാർത്ഥമാണ്.

Mr. Speaker : Why is that?

ശ്രീ. ചെറിയാൻ ജെ. കാപ്പൻ : ഈ നാട്ടിൽ കുരുമുളക് ഉല്പാദിപ്പിക്കുന്ന സ്ഥലങ്ങളായ മീനച്ചൽ, പാലാ, ചങ്ങനാശേരി മുതലായ ദിക്കുകളിൽ ഇപ്പോൾ കുരുമുളകു കൃഷിചെയ്യുന്നുണ്ടെന്നല്ലാതെ വലിയ അഭിവൃദ്ധിയൊന്നും അതിന് ഉള്ളതായി കാണുന്നില്ല. അതിനുള്ള ഒരു കാരണം പ്രധാനമായി കുരുമുളകു ചെടിയ്ക്കു ബാധിച്ചിരിക്കുന്ന ഒരു പ്രത്യേകതരം രോഗമാണ്. കുരുമുളകുചെടി വളർത്തുന്ന രീതിയെപ്പററിയും അല്പം പറയേണ്ടതുണ്ട്. എല്ലാം വൃക്ഷങ്ങളിലും കുരുമുളകുചെടി കയററിവിട്ടാൽ ഒന്നുപോലെ ഉദ്ദേശിക്കുന്ന ഫലമുണ്ടാകയില്ല. പ്ലാവ്, ആഞ്ഞിലി മുതലായ വൃക്ഷങ്ങളിൽ കയററിവിടുന്നതായാൽ അതിൽനിന്നും വളരെ ചുരുക്കമായിട്ടേ കുരുമുളകു ലഭിയ്ക്കുകയുള്ളൂ. കുരുമുളകു കയററിവിടുന്നതിനു യോജിച്ചതായ ചില പ്രത്യേകതരം വൃക്ഷങ്ങളുണ്ട്. അതിൽ കയററിവിട്ടാൽമാത്രമേ കുരുമുളകു ചെടിക്ക് ശരിയായ വളർച്ചയുണ്ടാകയുള്ളൂ. ഞാൻ മുമ്പു പറഞ്ഞ സ്ഥലങ്ങളിലെല്ലാംതന്നെ കുരുമുളകുകൃഷി നാൾക്കുനാൾ നശിച്ചുവരികയാണ്. ഈവിധത്തിൽ പോയാൽ അധികകാലതാമസംകൂടാതെ കുരുമുളകുകൃഷി ഈരാജ്യത്തു നശിച്ചുപോകുമെന്നുള്ളതു തീർച്ചയായ ഒരു സംഗതിയാണ്. ഇങ്ങിനെ ഉള്ളവ നശിച്ചുപോകുന്നതിന്റെ യഥാർത്ഥകാരണമെന്താണെന്നുള്ളതിനെപ്പററി പഠിക്കേണ്ടതാണ്. ചില സ്ഥലങ്ങളിൽ മണ്ണിന്റെ തകരാറുകൊണ്ട് ദോഷമുണ്ടാകാം, മററുചില സ്ഥലങ്ങളിൽ വളത്തിന്റെയും മണ്ണിൽ ഉണ്ടായിരിക്കേണ്ട രാസവസ്തുക്കളുടേയും കുറവുകൊണ്ടു ദോഷമുണ്ടാകാം. അതെല്ലാം...

Mr. Speaker : The Member has been pointing out that there is demand for cash crop and so on, and also about the demand for community projects in certain places.

Shri Cheriyan J. Kappen : Because the Speaker asked me "why".

Mr. Speaker : I do not see the relevancy of that.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ : ഞാൻ ഇതൊന്നു പറഞ്ഞുകഴിഞ്ഞിട്ട് അതിലേക്കു പ്രവേശിക്കാമെന്നു കരുതി പറഞ്ഞതാണ്.

നാം ഇപ്പോൾ ൫൧-ം ൫൪-ം ലക്ഷം രൂപ കമ്മ്യൂണിററി പ്രോജക്റ്റ്സിനുവേണ്ടി ചിലവാക്കുന്നുണ്ടു്. ക്യാഷ് ക്രോപ്സുകളുടെ ഉല്പാദനം വർദ്ധിപ്പിക്കുവാൻ അതു ചിലവാക്കിയിരുന്നുവെങ്കിൽ കൂടുതൽ പ്രയോജനമായിരിക്കുമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നതു്. നാം ഇതുവരെ ചിലവാക്കിയ വമ്പിച്ച തുകകൾ ഈമാതിരിയുള്ള ഒരു അടിസ്ഥാനം വച്ചുകൊണ്ടു ചിലവാക്കിയിരുന്നുവെങ്കിൽ നമുക്കു ഇതിനുമുമ്പു തന്നെ വലിയ നേട്ടം ഉണ്ടാകുമായിരുന്നു. നമ്മുടെ രാജ്യത്തു കുരുമുളകും അതുപോലെയുള്ള കാർഷികവിഭവങ്ങളും വർദ്ധിപ്പിക്കുവാൻ നമുക്കു കഴിയാത്തതു് ബുദ്ധിപൂർവ്വമായിട്ടുള്ളതല്ലെന്നാണ് എനിക്കു ഗവണ്മെൻറിനോടു പറയുവാനുള്ളതു്.

Mr. Speaker: It is absolutely beyond the scope of the community projects to give encouragement to cash crops.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: കമ്മ്യൂണിററി പ്രോജക്ട്സിൻെറ പ്രവർത്തനപരിധിയിൽ കാർഷികോൽപ്പന്നങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യങ്ങൾ—

ശ്രീ. എ. താണുപിള്ള: ഇതുവരെ പറഞ്ഞതിൽനിന്നു് മെംബർ ഉദ്ദേശിച്ചിരിക്കുന്നതെന്താണെന്നാണു മനസ്സിലാക്കേണ്ടതു്; കമ്മ്യൂണിററി പ്രോജക്ട്സ് നിറുത്തലാക്കണമെന്നാണോ?

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: കമ്മ്യൂണിററി പ്രോജക്ടിൻെറ പ്രവർത്തനത്തിൽ ക്യാഷ്ക്രോപ്സുകളുടെ വർദ്ധനവുകൂടി ഉൾപ്പെടുത്തണമെന്നാണ് ഞാൻ പറയുന്നതു്. കാർഷികഗവേഷണങ്ങൾ ആവശ്യമാണ്. അതായതു് റിസർച്ചു വർക്ക് നടത്തുക, മണ്ണിൻെറ ഗുണദോഷങ്ങളെ സംബന്ധിച്ചുള്ള ഗവേഷണങ്ങൾ നടത്തുക, ഭൂമിയിൽ വളം ചേർക്കേണ്ട കാര്യത്തിലും കൃഷിചെയ്യുന്ന വിഷയത്തിലും ആവശ്യമായ പരീക്ഷണങ്ങൾ നടത്തുക മുതലായി പല പദ്ധതികളും ആസൂത്രണം ചെയ്തതിനുശേഷം ഇന്നു ചെലവാക്കുന്ന പണം വിനിയോഗിക്കുന്നപക്ഷം അതു രാജ്യത്തിൻെറ അഭിവൃദ്ധിക്കു കൂടുതൽ ഉപകാരപ്രദമായിരിക്കും. അതുകൊണ്ടു് കമ്മ്യൂണിററിപ്രോജക്ട്സിൻെറ കാര്യം ആലോചിക്കുമ്പോൾ ഈവക കാര്യങ്ങൾ കൂടി അതിൽ ഉൾപ്പെടുത്തിയാൽ ഉപകാരപ്രദമായിരിക്കുമെന്നു ബോദ്ധ്യപ്പെടുത്തുവാനും ഉപദേശിക്കുവാനുമാണ് ഞാൻ ഈ അവസരം ഉപയോഗിക്കുന്നതു്.

Mr. Speaker: Therefore it seems the Member is not in favour of community projects being worked on the lines laid down. It comes to that.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കമ്മ്യൂണിററി പ്രോജക്ട്സിൻെറ പ്രവർത്തനം ഇന്നത്തെ അതിൻെറ ലക്ഷ്യം വച്ചുകൊണ്ടു നടത്തുന്നതു് ബുദ്ധിപൂർവ്വമാണോ എന്നുള്ളതിനെപ്പററി എനിക്കു സംശയമുണ്ടു്.

ശ്രീ. എം. ഗോപാലൻനായർ: കമ്മ്യൂണിററി പ്രോജക്ട്സ് നടത്തിത്തുടങ്ങിയാൽ അതിൽ ഈവിധത്തിലുള്ള പ്രവർത്തനങ്ങൾക്കു കൂടുതൽ സൗകര്യം കിട്ടുകയില്ലേ?

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: എനിക്കറിഞ്ഞുകൂടാ, ബഹുമാനപ്പെട്ട മെംബർക്കറിയാമെന്നുണ്ടെങ്കിൽ അതു പറഞ്ഞുകൊള്ളുക. അതിനു വേണ്ടി അമേരിക്കയിൽ നിന്നും ലോൺ വാങ്ങുകയും, ആളുകൾ വന്നു ഗവേഷണം നടത്തുകയും മററും ചെയ്യുന്നുണ്ടെങ്കിൽ അതിലൊന്നും എനിക്കാക്ഷേപമില്ല. മണ്ണിന്റെയും മററും ഗുണദോഷങ്ങൾ മുൻകൂട്ടി അറിയാതെ കൃഷിക്കായി പണം ചെലവു ചെയ്യുന്നതു തെററാണെന്നുള്ളതിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. ഇവിടെ പ്രതിപക്ഷത്തുള്ള മെംബർമാർപോലും ഭക്ഷ്യോൽപ്പാദനം ഈ നാട്ടിൽ നശിച്ചു പോകയാണെന്നു പറയുന്നുണ്ടു്. ആ സ്ഥിതിക്കു് എന്തിനായിട്ടാണു മററുള്ളവരുടെ പണവും കൂടി കടമായിവാങ്ങി ചെലവു് ചെയ്യുന്നതെന്നു ഞാൻ ചോദിക്കുന്നു. നമ്മുടെ രാജപ്രമുഖന്റെ പ്രസംഗത്തിലും മന്ത്രിയവർകളുടെ ബഡ്ജററ് പ്രസംഗത്തിലും ഈ സംഗതികളെ സംബന്ധിച്ചു പറഞ്ഞിട്ടുണ്ടു്.

Mr. Speaker: What is the big scheme now undertaken under the community project? Is it the Perunchani, Peechi or what else?

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: കമ്മ്യൂണിററി പ്രോജക്ട്സിനു വേണ്ടി ചെലവുചെയ്യുവാനുദ്ദേശിച്ച സംഖ്യ, പീച്ചി, പെരുഞ്ചാണി, വാഴാനി മുതലായ സംബന്ധിച്ച പദ്ധതികൾക്കു വേണ്ടി നാം ചെലവുചെയ്ത തുകകൾപോലെ ചെലവു ചെയ്താൽ അതു് അബദ്ധമായിരിക്കും.

ശ്രീ. എൻ. രാഘവക്കുറുപ്പ്: കമ്മ്യൂണിററിപ്രോജക്ട്സ് വേണ്ട എന്ന അഭിപ്രായമാണോ ബഹുമാനപ്പെട്ട മെംബർക്കുള്ളതു്?

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: ഞാൻ പറഞ്ഞതു് അതിൽ cash crops വർദ്ധിപ്പിക്കുവാൻ ഉള്ള പദ്ധതി കൂടി ഉൾപ്പെടുത്തി പ്രവർത്തനം നടത്തണമെന്നാണു്.

ശ്രീ. പി. സദാശിവൻപിള്ള: കമ്മ്യൂണിററിപ്രോജക്ട്സ് തുടങ്ങുമ്പോൾ അതിൽ അഗ്രികൾച്ചറൽ എക്സ്ററൻഷനും കൂടി ഉൾപ്പെടുത്തണമെന്നല്ലേ ഗവണ്മെൻറുദ്ദേശിച്ചിരിക്കുന്നതു്?

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: അതുകൊണ്ടു പ്രയോജനമില്ലെന്നല്ല ഞാൻ പറയുന്നതു്. ഇന്നത്തെ പരിതഃസ്ഥിതിയിൽ ഈ രാജ്യത്തു ഭക്ഷ്യധാന്യങ്ങൾ വർദ്ധിപ്പിക്കുവാനുള്ള സാദ്ധ്യത കുറവുള്ളതുകൊണ്ടു്—

ശ്രീ. പി. സദാശിവൻപിള്ള: കൃഷി വർദ്ധിപ്പിക്കുന്നതിനും കാർഷികഗവേഷണങ്ങൾ നടത്തുവാൻ പരിചയവും അറിവുമുള്ള ആളുകളെ പുറത്തുനിന്നും വരുത്തി പരീക്ഷണങ്ങൾ നടത്തുന്നതിനും കമ്മ്യൂണിററി പ്രോജക്ട്സ് നടപ്പിലാക്കുമ്പോൾ സഹായമായിട്ടല്ലേ തീരുകയുള്ളൂ?

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: അങ്ങിനെയാണെങ്കിൽ കൃഷിക്കാര്യത്തിൽ പുതിയപുതിയ പദ്ധതികൾ രാജ്യത്തുണ്ടാകുന്നതു് വളരെ നല്ലതാണു്. എന്റെ എളിയ ബുദ്ധിക്കു തോന്നിയ സംഗതികൾ ഞാൻ ഈ സഭയുടെ മുമ്പിൽ വെയ്ക്കുകയാണു്. ഭക്ഷ്യധാന്യകൃഷിയുടെ പ്രവർത്തനം അഭിവൃദ്ധിപ്പെടുത്തിയാൽ എത്ര പ്രയോജനം ഉണ്ടാക്കുവാൻ കഴിയുമെന്നു

ള്ളതിന്റെ ഒരു സ്റ്റാററിസ്റ്റിക്സ് എടുക്കുക, പഴയ പദ്ധതികൾ ഏതെല്ലാമാണെന്നുനോക്കി അവയുടെ പ്രവൃത്തനംകൊണ്ടു് ഇതുവരെ എന്തു ഗുണമുണ്ടായി എന്നും, ഭാവിയിൽ എത്രമാത്രം പ്രയോജനമുണ്ടാകുമെന്നും നോക്കി കൂടുതൽ പ്രയോജനമുണ്ടാകത്തക്കവണ്ണം പ്രവൃത്തിക്കണമെന്നാണു് ഞാൻ അപേക്ഷിക്കുന്നതു്. നമുക്കു കിട്ടുന്ന ലോണിന്റെ തുകയും കൂടി എടുത്തു് കുറേക്കൂടി ചിലവു വർദ്ധിപ്പിക്കാമെന്നേയുള്ളൂ.

Mr. Speaker: Evidently the Member is confusing the community projects with the Five Year Plan.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: ഞാൻ പ്രസ്താവിച്ചമാതിരി പ്രവൃത്തിക്കുകയാണെങ്കിൽ നമുക്കു ഭക്ഷണക്ഷാമം ഉണ്ടാകാത്ത സാമ്പത്തികസ്ഥിതിയിൽ എത്തിച്ചേരാൻ കഴിയും. നമ്മുടെ രാജ്യത്തുണ്ടാകുന്ന കുരുമുളകു തുടങ്ങിയ കാർഷികവിഭവങ്ങൾ വർദ്ധിപ്പിച്ചു് അതു മററു രാജ്യങ്ങളിലേക്കു കയററിയക്കുകയും മററു രാജ്യങ്ങളിൽനിന്നും നമുക്കാവശ്യമുള്ള സാധനങ്ങൾ ലഭിക്കുവാനുള്ള സൗകര്യം കൂടുതലായി കിട്ടുകയും ചെയ്താൽ നമുക്കു ഭക്ഷണക്ഷാമം ഉണ്ടാകയില്ല; അതായിരിക്കും രാജ്യത്തിനും ഗുണമായിട്ടുള്ളതു്.

ഇൻഡ്യയുടെ പല ഭാഗങ്ങളിലും നെൽകൃഷി ചെയ്യുന്നതിനുള്ള സൌകര്യം നമ്മെക്കാൾ കൂടുതലുണ്ടു്. അങ്ങനെയുള്ള സ്ഥലങ്ങളിൽ നെൽകൃഷി വർദ്ധിപ്പിക്കുകയും, നമ്മുടെ ഈ ചെറുരാജ്യത്തു് ക്യാഷ്ക്രോപ്സ് കൂടുതൽ ഉല്പാദിപ്പിക്കുകയും ചെയ്താൽ അതായിരിക്കും ബുദ്ധിപൂർവ്വമായ നടപടി.

Mr. Speaker : We have plenty of cash. Wherefrom can we get our food ?

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: നമ്മുടെ ഭക്ഷണസാധനങ്ങളിൽ മൂന്നിലൊരുഭാഗം കപ്പയാണു്. അങ്ങനെയുള്ള കപ്പ, വാഴ മുതലായ സാധനങ്ങൾ ധാരാളം കൃഷി ചെയ്യുന്ന മീനച്ചൽ, മൂവാററുപുഴ മുതലായ താലൂക്കുകൾകൂടി കമ്യൂണിററിപ്രോജക്ടിൽ ഉൾപ്പെടുത്തണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

Mr. Speaker : That is exactly the reverse of what is contemplated under the community project.

The House rose for lunch at 1 P. M. and reassembled at 2 P. M. with the Speaker in the Chair.

Members elected to the Committees on Estimates and Public Accounts.

2 P. M.

Mr. Speaker : I have to make an announcement.

[Mr. Speaker.]

On a scrutiny of the nomination papers filed by the candidates for election to the Committee on Estimates and the Committee on Public Accounts, it was found that the nominations were valid, As the number of candidates nominated to each of these committees is equal to the number of members to be elected, there is no necessity to take a poll. The following members are accordingly declared elected to the respective committees:

Committee on Estimates.

1. Shri C. Atchutha Menon.
2. Shri Cheriyan J. Kappen.
3. Shri T. K. Divakaran.
4. Shri P. S. Nataraja Pillai.
5. Shri R. Ponnappa Nadar.
6. Shri K. I. Velayudhan.

Committee on Public Accounts.

1. Shri A. Atchuthan.
2. Shri P. C. Athichan.
3. Shri K. Bhanu.
4. Shri K. Govinda Pillai.
5. Shri A. Kunjan Nadar.
6. Shri T. A. Majeed.

The Travancore State Aid to Industries Board.

Mr. Speaker : Three members have to be elected to the Travancore State Aid to Industries Board. Nominations have been filed in respect of four members, *viz.*, Shri K. Balakrishna Menon, Shri Chengarapalli P. Narayanan Potti, Dr. M. Sivaraman Nair and Shri E. P. Varghese. All the nominations have been found to be valid. The election to choose three members will be held tomorrow, as already announced, in the Committee Room on the first floor of the Assembly building between 2 P. M. and 4–30 P. M.

DEMAND XXXIII — COMMUNITY DEVELOPMENT PROJECTS—(*Contd*.)

<u>ശ്രീ ജി. ചന്ദ്രശേഖരപിള്ള</u> : സർ, നെയ്യാററിൻകര—വിളവംകോട് കമ്യൂണിററി പ്രോജക്ററിനെപ്പററി രണ്ടുവാക്ക പറയണമെന്ന് ഞാൻ വിചാരിക്കുന്നു. കമ്യൂണിററി പ്രോജക്ററുകൾ വിജയകരമായി പ്രവർത്തിക്കണമെന്നുണ്ടെങ്കിൽ അതിന് ജനങ്ങളുടെ ഇടയിൽ ഉന്മേഷവും, ആവേശവും ഉണ്ടാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പക്ഷെ ഇന്ന്

നെയ്യാററിൻകര—വിളവംകോട്ടു് കമ്മ്യൂണിററി പ്രോജക്ററിനെക്കുറിച്ചു് പൊതുജനങ്ങളുടെ ഇടയിൽ വിചാരിക്കുന്നതുപോലെയുള്ള ഔൽസുക്യമോ, ഉന്മേഷമോ, ആവേശമോ ഉണ്ടായിട്ടില്ലാ എന്നുള്ളതു് ഒരു പരമാത്ഥമാണു്. അതിനു കാരണം പൊതുജനങ്ങളെ കൂടുതലായി ഇങ്ങനെയുള്ള പ്രവത്തനങ്ങളിൽ പ്രോത്സാഹിപ്പിക്കുന്നില്ല എന്നുള്ളതാണു്. അവിടെ ഏററവും വിജയകരമായി ഈ പ്രോജക്ററ പ്രവത്തിക്കണമെന്നുണ്ടെങ്കിൽ പ്രോജക്ററുകൊണ്ടു പൊതുജനങ്ങളുടെ ഇടയിൽ തൊഴിലില്ലായ്മ അവസാനിപ്പിക്കുമെന്നും, അവരുടെ കാർഷികപരമായ വൈഷമ്യങ്ങൾ പരിഹരിക്കപ്പെടുമെന്നും അവക്കു ബോധ്യപ്പെടണം. അതിനു് ആദ്യമായി എനിക്കു ഗവണ്മെൻറിനോടു് പറയുവാനുള്ളതു് നെയ്യാർ ഡാമും ലെഫ്ടുബാങ്കു് റൈററബാങ്കു് ചാനലുകളും വളരെ വേഗത്തിൽ പൂത്തിയാക്കാമെന്നു് ഗവണ്മെൻറ് അവിടത്തെ ജനങ്ങൾക്കു് ഉറപ്പുനൽകുകയും അതനുസരിച്ചു് ത്വരിതഗതിയിൽ നടപടി നടത്തുകയും വേണം എന്നു്. ആ ഒരു പ്രവൃത്തികൊണ്ടുമാത്രമേ അവിടത്തെ ജനങ്ങളെ ഈ വിഷയത്തിൽ ആവേശഭരിതരാക്കുവാൻ സാദ്ധ്യമാകയുള്ളു എന്നാണു് എൻെറ വിശ്വാസം. കൃഷിപരമായി വേണ്ട പ്രോൽസാഹനവും സൗകര്യങ്ങളും ഉണ്ടാക്കി കൊടുക്കുകയാണു് അവിടത്തെ ഏററവും പ്രധാന ആവശ്യം. ഏതാണ്ടു് ൩൦,൦൦൦ ഏക്കർ ഭൂമി ജലസേചനം ചെയ്യുന്നതിനു് നെയ്യാർഡാംകൊണ്ടു സാധിക്കുന്നതാണു്. ഡാമും രണ്ടു ചാനലുകളും പൂത്തിയാക്കിയാൽ മാത്രമേ ആ പ്രദേശങ്ങളിൽ ജലസേചനത്തിനു് സൌകര്യം ഉണ്ടാകുകയുള്ളു. അവിടെയുള്ള ജനങ്ങൾക്കു് നേരിട്ടു ഗുണം ചെയ്യുവാനുള്ളതാണു് കമ്മ്യൂണിററി പ്രോജക്ററ പ്രവർത്തനം എന്നു് അവിടത്തെ ജനങ്ങൾ മനസ്സിലാക്കിയാൽ പൊതുജനങ്ങൾ തീർച്ചയായും അതിനോടു സഹകരിച്ചു് പ്രവർത്തിക്കുന്നതാണു്. ശ്രീ. ഭാസ്കരൻ നായർ ഇവിടെ പറയുകയുണ്ടായി അമേരിക്കൻ തന്ത്രമാണു് ഈ കമ്മ്യൂണിററി പ്രോജക്ററ പ്രവർത്തനത്തിൽ ഒളിഞ്ഞുകിടക്കുന്നതെന്നു്. അതു അടിസ്ഥാനരഹിതമാണു്. പക്ഷെ ഈ പ്രോജക്ററ പ്രവർത്തനത്തെപ്പററി ഇങ്ങനെയുള്ള ആക്ഷേപം കമ്മ്യൂണിസ്ററുകൾ പറഞ്ഞുപരത്തുന്നുണ്ടു്. വളരെ സംശയദൃഷ്ടിയോടുകൂടി പ്രോജക്ററ പ്രവർത്തനത്തെ വീക്ഷിക്കുന്ന ഒരു രാഷ്ട്രീയകക്ഷിയായ കമ്മ്യൂണിസ്ററുപാർട്ടി ഇവിടെയുണ്ടെന്നു ഓർമ്മിക്കണം. അവരുടെ പ്രചരണഫലമായി പ്രോജക്ററ പ്രവത്തനത്തെ വളരെ സംശയദൃഷ്ടിയോടുകൂടി അവിടത്തെ ജനങ്ങൾ വീക്ഷിച്ചേയ്ക്കാം. അതുകൊണ്ടു് അങ്ങനെയുള്ള ആക്ഷേപങ്ങൾക്കും സംശയങ്ങൾക്കും ഇടവരാത്ത വിധത്തിൽ അവിടത്തെ ജനങ്ങൾ അതിനോടു കൂടുതൽ സഹകരിച്ചു പ്രവർത്തിക്കുന്നതിനു വേണ്ടി റൈററബാങ്കു ചാനൽപോലെ ലെഫ്ററബാങ്കു ചാനലും വളരെവേഗത്തിൽ തുടങ്ങണമെന്നാണു് എനിക്കു അപേക്ഷിക്കുവാനുള്ളതു്.

രണ്ടാമതായി എനിക്കു പറയുവാനുള്ളതു് കമ്മ്യൂണിററി പ്രോജക്ടിലെ ഫീൽഡ് വക്കിനെപ്പററിയാണു്. ഫീൽഡ് വക്കിനു കുറെ ആളുകളെ അവിടെ നിയമിച്ചിട്ടുണ്ടു്. ആ നിയമനത്തെപ്പററി വളരെ ആക്ഷേപങ്ങൾ ഉണ്ടു്. ഫീൽഡു വക്കിനു നിയമിക്കപ്പെടുന്നവർ എപ്പോഴും ആ സ്ഥലത്തുള്ളവരായിരിക്കണം. അതാതു സ്ഥലത്തെ കമ്മ്യൂണിററി പ്രോജക്ടിലെ ഫീൽഡ് വക്കേഴ്സിനെ നിയമിക്കുന്നതു അതാതു പ്രോജക്ട്

[ശ്രീ. ജി. ചന്ദ്രശേഖരപിള്ള]

ഏരിയായിലുള്ളവരെയായിരിക്കുന്നതു് തീർച്ചയായും ആശാസ്യവും ഗുണകരവുമാണു്. അങ്ങനെയായാൽ അവിടത്തെ ജനങ്ങൾക്കു് ഉന്മേഷവും താല്പര്യവും ഉണ്ടാക്കാൻ സാധിക്കും. അതുകൊണ്ടു് ഫീൽഡു് വക്കേഴ്സായി ഇനി നിയമിക്കുന്ന ആളുകളെങ്കിലും അവിടെയുള്ള ആളുകൾ തന്നെയായിരിക്കണം എന്നു് ഒരപേക്ഷയുണ്ടു്.

കൃഷിപരമായി അവിടെ ചെയ്യുവാനുള്ള ഒരു വലിയ കാര്യം അവിടെയുള്ള കുളങ്ങൾ കുഴിക്കുകയാണു്. അതു കമ്മ്യൂണിററി പ്രോജക്ടുകൊണ്ടു് സാധിതപ്രായമാക്കാവുന്നതാണു്. നെയ്യാററിൻകര-വിളവംകോട്ടു് താലൂക്കുകളിലേയ്ക്കു് എൻ. ഇ. എസ്.-ലെ ബഡ്ജററിൽ പബ്ളിക്ക് വർക്ക്സിനു് വളരെ തുച്ഛമായ തുകയേ കൊള്ളിച്ചിട്ടുള്ളു. അതു് ഏററവും ഖേദകരമാണു്. അതു് ഒരു കമ്മ്യൂണിററി പ്രോജക്ററ ഏരിയ ആയതുകൊണ്ടു മനഃപൂർവ്വം അങ്ങനെ ചെയ്തതായിരിക്കും. ചിലപ്പോൾ വിട്ടുപോയതും ആയിരിക്കും. അതിനാൽ അവിടെയുള്ള കുളങ്ങളെല്ലാം വളരെ വേഗത്തിൽ മുഴുവൻ ഭംഗിയായ രീതിയിൽ കുഴിക്കേണ്ടതു് അത്യാവശ്യമാണു്. എന്നാൽ മാത്രമേ അവിടത്തെ ജനങ്ങൾക്കു് കൃഷിക്കു വേണ്ട ജലസേചനസൗകര്യം ഉണ്ടാകയുള്ളു. കുളങ്ങൾ കുഴിക്കുന്നതു് ഊററ കാണത്തക്കവിധത്തിലായിരിക്കണം. വയലുകളുടെ കുളങ്ങൾ താഴ്ന്നാൽ നിലങ്ങൾക്കു് പ്രയോജനമുണ്ടാകുമോ എന്ന ഒരു ചോദ്യം ഉണ്ടാകാം. ഊററ കാണുന്നവിധത്തിൽ കുളം കുഴിച്ചാൽ കുളത്തിൽ കെട്ടിനിൽക്കുന്ന വെള്ളം മണ്ണിന്റെ അടിയിലേയ്ക്കുതാണു് എളുപ്പം വററിപ്പോകയില്ല. അതുകൊണ്ടു് കുളങ്ങൾ കുഴിക്കുന്നതെല്ലാം വളരെ ഭംഗിയായിട്ടു് ഊററ കാണത്തക്കവിധത്തിൽ കുഴിക്കണം. അങ്ങനെ നെയ്യാററിൻകര താലൂക്കിലും വിളവംകോട്ടു താലൂക്കിലും ഉള്ള കുളങ്ങളെല്ലാം വളരെ ഭംഗിയായി ഊററകാണത്തക്കവിധത്തിൽ കുഴിച്ചാൽ പ്രോജക്ററപ്രവർത്തനം അത്രത്തോളമെങ്കിലും പ്രയോജനപ്രദമാകും.

ഇനി റോഡിനെപ്പററിയാണു് എനിക്കു പറയുവാനുള്ളതു്. നെയ്യാററിൻകരതാലൂക്കിലും വിളവങ്കോടുതാലൂക്കിലും റോഡില്ലാ വളരെ ആവശ്യം. എന്തായാലും പുതിയ റോഡുകൾ അവിടെ തുടങ്ങുകയില്ലെന്നു് നിർബന്ധം വയ്ക്കണം. ഏററവും അത്യാവശ്യം വേണ്ടതായ റോഡുകൾ അവിടെ തുടങ്ങുകയല്ലാതെ പുതിയ റോഡുകൾ ധാരാളമായി ഉണ്ടാക്കുന്നതൊന്നും ശരിയല്ല. അവിടെ പ്രധാനമായിട്ടുള്ള ആവശ്യം കൃഷി വികസിപ്പിക്കുകയാണു്. അവിടെയുള്ള തോടുകൾ എല്ലാം വെട്ടുക, കുളങ്ങൾ എല്ലാം വെട്ടുക, ഡാമുകൾ ശരിയായിട്ടു കെട്ടി രണ്ടു ചാനലുകളും തുറക്കുക, ഇതാണു് അവിടെ പ്രധാനമായി ചെയ്യേണ്ടതു്. കമ്മ്യൂണിററി പ്രോജക്ടിലേക്കു കൊള്ളിച്ചിട്ടുള്ള തുക lumpsum ആയതുകൊണ്ടു് ഓരോന്നിനും ഇത്രയിത്ര തുകയാണെന്നു് അറിയുവാൻ നിവൃത്തിയില്ല. അതുകൊണ്ടു് കൂടുതൽ അതിനെപ്പററി പറയണമെന്നു് ഞാൻ വിചാരിക്കുന്നില്ല.

ഇനി എനിക്കു പറയുവാനുള്ളതു് കമ്മ്യൂണിററി അഡ്വൈസറി ബോർഡിന്റെ പ്രവർത്തനത്തെപ്പററിയാണു്. ഞാനും അഡ്വൈസറി ബോർഡിൽ ഒരു അംഗമാണു് അഡ്വൈസറി ബോർഡിന്റെ പ്രവ

ത്തനം കാണുമ്പോൾ പണ്ടത്തെ ശ്രീമൂലം പാപ്പുലർ അസംബ്ളിയുടെ പ്രതീതിയാണ് ഉണ്ടാകുന്നത്. ഒരു ബഡ്ജറ്റ് തയ്യാറാക്കി എന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ ആ ബഡ്ജറ്റ് ഞങ്ങൾ ആരും കണ്ടിട്ടില്ല. ബഡ്ജറ്റ് തയ്യാറാക്കേണ്ടത് പൊതുജനങ്ങളുടെ പ്രതിനിധികളായ അസംബ്ളി മെമ്പറന്മാരോടുകൂടി ആലോചിച്ചിട്ട് അവരുടെ അഭിപ്രായപ്രകാരം വേണ്ടതായിരുന്നു. ഏതായാലും ബഡ്ജറ്റ് തയ്യാറാക്കി. ആ ബഡ്ജറ്റ് സെൻട്രൽഗവണ്മെന്റിൽനിന്ന് പാസ്സായി ഇതേവരെ വന്നിട്ടില്ലെന്നു തോന്നുന്നു. അതും ദുഃഖകരമാണ്. ആറുമാസമായിട്ടും ഇവിടെനിന്ന് അയച്ച ബഡ്ജറ്റ് സെൻട്രൽഗവണ്മെന്റിൽ പോയിട്ട് തിരിച്ചുവന്നിട്ടില്ലെന്നു പറയുന്നത് നമുക്ക് അഭിമാനകരമല്ല. ഈ ബഡ്ജറ്റ് വേഗം പാസ്സാക്കി അയക്കുന്നതിന് കുറച്ചുകൂടി ശക്തിയായി കേന്ദ്രഗവണ്മെന്റുമായി ഗവണ്മെന്റ് എഴുത്തുകുത്തു നടത്തണം. പ്രോജക്റ്റിനെ സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളിലും കേന്ദ്രഗവണ്മെന്റിനോട് ആലോചിച്ചേ ചെയ്യാവൂ എന്ന നിർദ്ദേശമുണ്ടെങ്കിൽ ആ നിർദ്ദേശത്തെ വകവയ്ക്കാതെ ഈ ഗവണ്മെന്റ് പ്രവർത്തിക്കുവാൻ സന്നദ്ധമാകണമെന്നും എനിക്കപേക്ഷയുണ്ട്. അഡൈ്വസറിബോർഡുതന്നെ പല കാര്യങ്ങളും ഗവണ്മെന്റിലേക്കു ശുപാർശ ചെയ്യുയക്കുന്നുണ്ട്. കഴിഞ്ഞ അഡൈ്വസറിബോർഡ് ഒരു പ്രമേയം പാസ്സാക്കിയിട്ടുണ്ട്. അഡൈ്വസറിബോർഡിൽനിന്ന് പാസ്സാക്കി അയക്കുന്ന എസ്റ്റിമേറ്റ് പാസ്സാക്കാതെ കാലതാമസപ്പെടുത്തുന്നതുകൊണ്ട് വിഷമങ്ങൾ ഉണ്ടെന്ന് ആ പ്രമേയത്തിൽ പറഞ്ഞിരുന്നു. അതുകൊണ്ട് ആ കാര്യത്തിലെല്ലാം കുറേക്കൂടി ത്വരിതതരമായ രീതിയിൽ ഗവണ്മെന്റ് പ്രവർത്തിക്കണമെന്നും ഗവണ്മെന്റ് അതിനു വേണ്ട നിർദ്ദേശവും പ്രചോദനവും അവിടത്തെ ഭാരവാഹികൾക്കു കൊടുക്കണമെന്നുമാണ് എനിക്കു പറയുവാനുള്ളത്.

മറ്റൊന്നു പറയുവാനുള്ളത് അതിലുള്ള ഉദ്യോഗസ്ഥന്മാരെപ്പറ്റിയാണ്. അതിലുള്ള പല ഉദ്യോഗസ്ഥന്മാരെപ്പറ്റിയും പല ആക്ഷേപങ്ങളും ഉണ്ടെന്ന് പത്രദ്വാരാ നമുക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്. ആക്ഷേപങ്ങൾ പരിഹൃതമാകത്തക്കവണ്ണം കുറേക്കൂടി കർശനമായ ഒരു നിയന്ത്രണം ഗവണ്മെന്റ് നടത്തണമെന്ന് എനിക്ക് അപേക്ഷയുണ്ട്. അവിടത്തെ ഉദ്യോഗസ്ഥന്മാർ ജീപ്പുകളും കാറുകളും നാനാവിധമായി ഉപയോഗിക്കുന്നുണ്ടെന്നും അതായത് ഊണു കഴിക്കുവാനും കാപ്പി കുടിക്കുവാനുംമററും തിരുവനന്തപുരത്ത് ദിവസവും വന്നും പോയും ഇരിക്കുന്നുണ്ടെന്നും ആക്ഷേപമുണ്ട്. അതിന് ശരിയായ സമാധാനം മറുപടി പറയുമ്പോൾ മുഖ്യമന്ത്രി പറയുമെന്നു ഞാൻ വിശ്വസിക്കുന്നു. പൊതുജനങ്ങളുടെ ഇടയിൽ അങ്ങനെ ഒരു ആരോപണം ഉദ്യോഗസ്ഥന്മാരെപ്പററിയുണ്ടെന്നുള്ള സംഗതി ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു.

ശ്രീ. ഏ. താണുപിള്ള: പ്രോജക്റ്റ് ഉദ്യോഗസ്ഥന്മാർ പ്രോജക്റ്റ് ഏരിയായ്ക്ക് അകത്തല്ലേ താമസം?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അല്ല, ഫീൽഡ് വർക്കേഴ്സിനെപ്പററിയാണ് ഞാൻ പറഞ്ഞത്. ഫീൽഡ് വർക്കേഴ്സ് എല്ലാം ആഫീസിലാണ് കിടക്കുന്നത്. അതു ശരിയല്ല. ഫീൽഡ് വർക്കേഴ്സെല്ലാം

[ശ്രീ. ജി. ചന്ദ്രശേഖരപിള്ള]

ദിവസവും സെൻട്രൽ ആഫീസിൽ വരേണ്ട ആവശ്യമില്ല. ഓരോ ഫീൽഡ് വർക്കും പ്രവർത്തിക്കത്തക്ക രീതിയിൽ പ്രത്യേക ഫീൽഡ് നിർദ്ദേശിച്ചുകൊടുക്കണം. അവർ അവിടെ താമസിക്കുകയും വേണം.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: എന്താണ് അവിടെ നടക്കുന്നതു് എന്നു് അറിഞ്ഞാൽ കൊള്ളാം?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അവിടെ റോഡുകൾ ഉണ്ടാക്കുന്നുണ്ട്, പാലങ്ങൾ കെട്ടുന്നുണ്ട്; കിണറുകൾ കുഴിക്കുന്നുണ്ട് ഇങ്ങനെ പല ജോലികളും ചെയ്യുന്നുണ്ട്. പലതും ചെയ്യുന്നതിനുള്ള പ്ലാനുണ്ട്. റൂറൽ ഡവലപ്പ്മെൻറ് സെൻറർ തുടങ്ങുവാൻ പോകയാണ്. തേനീച്ചവളർത്തൽ, കോഴിവളർത്തൽ ഇങ്ങനെ പലതും അവിടെ ചെയ്യുവാൻ പ്ലാനുണ്ട്.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഇപ്പോൾ അവിടെ എന്താണ് നടക്കുന്നതു്? അഡൈ്വസറികമ്മിററി മെംബറായതുകൊണ്ടാണ് ചോദിക്കുന്നതു്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഇപ്പോൾ കുളങ്ങൾ വെട്ടുന്നുണ്ട്. റോഡുകൾ വെട്ടിയിട്ടുണ്ട്. കലുങ്കുകൾ പലതും തീർത്തിട്ടുണ്ട്. ഈ വർക്കുകൾ തുടങ്ങിയിട്ട് ഇപ്പോൾ ആറ മാസമേ ആയുള്ളു. ബഡ്ജററതന്നെ സാംക്ഷൻ ആയി വരുവാൻ താമസിക്കുന്നതുകൊണ്ട് ജോലി നടത്തുവാൻ വൈഷമ്യം ഉണ്ട്. ബഡ്ജററ് പാസ്സായിവന്നതിനുശേഷമേ ജോലികൾ എല്ലാം പൂർത്തിയാക്കാൻ സാദ്ധ്യമുള്ളു.

ശ്രീ. എ. താണുപിള്ള: പഴയ ഇറിഗേഷൻ ടാങ്കുകൾ നന്നാക്കുന്നതും അവരുടെ ജോലിയാണോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അങ്ങനെയാണ് മനസ്സിലാക്കുന്നതു്. കുളങ്ങൾ കുഴിക്കുവാൻ ബഡ്ജററിൽ വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. പബ്ലിക്ക് വർക്ക്സിൽനിന്നു് അവിടെയുള്ള കുളങ്ങൾ കുഴക്കുകയാണെങ്കിൽ എത്രാണ്ട് അഞ്ചുകൊല്ലംകൊണ്ടുപോലും കുഴിച്ചുതീർക്കാൻ സാധിക്കുകയില്ല. നെയ്യാററിൻകരതാലൂക്കിലും വിളവങ്കോടുതാലൂക്കിലും ഉള്ള കുളങ്ങളെല്ലാം വളരെ ഭംഗിയായി കുഴിച്ചാൽ മതി. എല്ലാ കുളങ്ങളും കുഴിക്കുകയും നെയ്യാർഡാമും രണ്ടു ചാനലും തീർക്കുകയും ചെയ്താൽ കൃഷി സംബന്ധമായി ഞങ്ങൾ തൃപ്തരാകുന്നതാണ്. അതു് വളരെ വേഗം ചെയ്യണമെന്ന കാര്യം മാത്രമേ എനിക്ക ഗവണ്മെൻറിനെ ഓർമ്മപ്പെടുത്തുവാനുള്ളു. കുടിൽവ്യവസായം വളരെ വേഗത്തിൽ പരിപോഷിപ്പിക്കേണ്ടതും അത്യാവശ്യമാണ്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: അഡൈ്വസറി ബോർഡിൽ ഉള്ളവരോ ഉദ്യോഗസ്ഥന്മാരോ നേരിട്ടു കുളം കുഴിക്കാറുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: കുഴിക്കാറുണ്ട്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : അതിന്റെ ചില പടങ്ങൾ ഇൻഫർമേഷനിൽ കണ്ടു. അതാണ് ചോദിച്ചതു്.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : പക്ഷെ അവിടെ നടക്കുന്നതു് പടമല്ല.

ശ്രീ. കെ. സദാനന്ദൻ: സർ, ഈ കമ്മ്യൂണിററി പ്രോജക്ട് കൃഷിവികസനത്തിനും ഗ്രാമോദ്ധാരണത്തിനുമായി അമേരിക്കൻ സഹായത്തോടുകൂടി തുടങ്ങിയിട്ടുള്ള ഒരു പ്രസ്ഥാനമാണു്. ഈ പ്രസ്ഥാനത്തിന്റെ വിജയത്തിലാണു് ഇൻഡ്യയുടെ ഭാവിതന്നെ നിലനിൽക്കുന്നതെന്നാണു ഇതിന്റെ ഉപജ്ഞാതാക്കൾ പറഞ്ഞിട്ടുള്ളതു്. പക്ഷെ, അതു് ഇൻഡ്യയെ സംബന്ധിച്ചിടത്തോളം ശരിയായിരുന്നാലും തിരുവിതാംകൂർ-കൊച്ചിയെ സംബന്ധിച്ചിടത്തോളം ശരിയാണോയെന്നു എനിക്കു സംശയമുണ്ടു്. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനം വ്യാവസായികമായി പിന്നണിയിൽ നിൽക്കുന്ന ഒരു സംസ്ഥാനമാണു്. അങ്ങനെയുള്ള ഒരു രാജ്യത്തു് കാർഷികമായിട്ടുള്ള ഒരു വികസനംമാത്രമാണു് ഉദ്ദേശിക്കുന്നതെങ്കിൽ അതുകൊണ്ടു് ഒരു പ്രയോജനവുമുണ്ടാകുകയില്ല. നേരെമറിച്ചു കൃഷിയെപ്പോലെതന്നെ വ്യവസായത്തേയും വികസിപ്പിക്കുന്ന അടിസ്ഥാനത്തിലാണു് ഈ കമ്മ്യൂണിററിപ്രോജക്ട് പ്രവർത്തിക്കുന്നതെങ്കിൽ രാജ്യത്തിനു എന്തെങ്കിലും ഗുണമുണ്ടാകുമായിരുന്നു. പക്ഷെ അങ്ങനെയല്ല ചെയ്യുന്നതെന്നു വളരെ സ്പഷ്ടമായി കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയും. ഈ രാജ്യം എന്നുമൊരു കാർഷികരാജ്യമായിതന്നെ നിലനിൽക്കണമെന്നാണു ഈ പദ്ധതിയുടെ ഉപജ്ഞാതാക്കൾ ഉദ്ദേശിച്ചിട്ടുള്ളതു്. അതുപോലെയാണു ഈ പദ്ധതിക്കുവേണ്ടി സഹായം നല്കുന്ന അമേരിക്കയും ആഗ്രഹിക്കുന്നതു്. ഈ ഉദ്ദേശത്തിൻമേലാണു് അവർ കാർഷികവികസനത്തിനുവേണ്ടി സഹായം നൽകാൻ തയ്യാറായിരിക്കുന്നതു്. അതിലേക്കു് തന്നെയും ഈ ൪൭ ലക്ഷം രൂപ ശരിയായി വിനിയോഗിക്കുന്നുണ്ടോയെന്നാണു നോക്കേണ്ടതു്. ആ തുക പ്രയോജനപ്രദമല്ലാത്തവിധത്തിൽ വിനിയോഗിക്കാനാണു ഉദ്ദേശിക്കുന്നതെന്നു് വ്യക്തമാക്കാൻ കഴിയും. ഇതുസംബന്ധമായ ബഡ്ജററിൽ ഓരോ അയിററങ്ങൾക്കും പ്രത്യേകം പ്രത്യേകം തുകകൾ കൊള്ളിച്ചിട്ടില്ലെങ്കിലും ആഫീസറന്മാരുടെ ശമ്പളത്തിനായും എസ്റ്റാബ്ലിഷ്മെൻറു ചാർജിനായും ഒരു വലിയ തുക കൊള്ളിച്ചിട്ടുണ്ടു്. അതുകൂടാതെ ഏതാനും ജീപ്പുകളും ട്രാക്ടറുകളും മററും വാങ്ങുന്നതിനായി തുക കൊള്ളിച്ചിട്ടുണ്ടു്. ഇതെല്ലാം വാങ്ങിയിട്ടു് ഫലപ്രദമായി ഉപയോഗിക്കുന്നുണ്ടോയെന്നുള്ളതിനെപ്പററി എനിക്കുമുമ്പു പ്രസംഗിച്ച മെംബർമാർ ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞു. ജീപ്പുകൾ സ്വന്തയാവശ്യത്തിനുവേണ്ടിയാണു വിനിയോഗിച്ചുകൊണ്ടിരിക്കുന്നതു്. ശരിയായി കാര്യങ്ങൾ നടക്കണമെങ്കിൽ കമ്മ്യൂണിററി പ്രോജക്ടുകളുടെ ചുമതലവഹിക്കുന്ന ആൾ സമർത്ഥനായിരിക്കണം.

എന്നാൽ ഇന്നു അതിന്റെ ചുമതലവഹിക്കാൻ നിയമിച്ചിരിക്കുന്ന ഉദ്യോഗസ്ഥൻ ഗ്രാമങ്ങളുമായോ, ഗ്രാമീണജീവിതവുമായോ പരിചയപ്പെട്ടിട്ടുള്ള ഒരാളാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. ആ ആളിനെ സംബന്ധിച്ചു എനിക്കു ചില കാര്യങ്ങൾ കൂടി ഇവിടെ പറയേണ്ടതുണ്ടു്.

[ശ്രീ. കെ. സദാനന്ദൻ]

ഇന്നു ആ മനുഷ്യൻ ഇവിടത്തെ സെക്രട്ടറിയേററിൽ ഒരു സെക്രട്ടറിയായി ജോലിനോക്കിക്കൊണ്ടിരിക്കുകയാണു്. ആ ആളുതന്നെ ഡെവലപ്പുമെൻറു കമ്മീഷണരുടെ ചുമതലയും വഹിക്കുന്നു. അദ്ദേഹത്തെ ഡെവലപ്പുമെൻറു കമ്മീഷണരായി തുടരുന്നതിനു സഹായിക്കത്തക്ക വിധത്തിൽ സെക്രട്ടറിയേററിലെ ജോലിയിൽനിന്നും അദ്ദേഹത്തെ ഒഴിച്ചുവെക്കുന്നതായി എനിക്കു മനസ്സിലാക്കാൻ കഴിയുന്നുണ്ടു്. ആ ഉദ്യോഗസ്ഥൻ അടുത്തകാലത്തുതന്നെ പെൻഷൻപററേണ്ട ഒരാളാണു്. ആ ആളിനെയാണു ഡെവലപ്പുമെൻറു കമ്മീഷണരായി ജോലിചെയ്യുന്നതിനു ചുമതലപ്പെടുത്തിയിട്ടുള്ളതു്. കമ്മ്യൂണിററി പ്രാജക്ടുകളിൽ ജോലിനോക്കുന്ന ആളുകളെ കൂടെക്കൂടെ മാററിയാൽ ആ പദ്ധതിതന്നെ പരാജയത്തിലാകുമെന്നു ആ പദ്ധതിയുടെ ഉപജ്ഞാതാക്കൾ പ്രത്യേകം പറഞ്ഞിട്ടുണ്ടു്. ആ നിലയിൽ അടുത്തകാലത്തു് പെൻഷൻ പററാൻ പോകുന്ന ഈ ഉദ്യോഗസ്ഥനെ ഡെവലപ്പുമെൻറു കമ്മീഷണരുടെ ചുമതല വഹിക്കുന്നതിനു് നിയോഗിച്ചിരിക്കുന്നതു് അദ്ദേഹത്തിന്റെ ഉദ്യോഗകാലാവധി നീട്ടിക്കൊണ്ടുപോകുന്നതിനുള്ള ഉദ്ദേശത്തോടുകൂടിയാണെന്നാണു ഞാൻ പറയുന്നതു്. ഈ ആഫീസറുടെ ശംബളസ്കെയിൽ എത്രയാണെന്നു ഇതുവരെ നിർണ്ണയിച്ചിട്ടില്ല. പെൻഷൻകാലം അടുത്തിരിക്കുന്ന ആ ഉദ്യോഗസ്ഥനെ ഐ. ഏ. എസ്സ്. ക്യാഡറിലേക്കുള്ള തെരഞ്ഞെടുപ്പു ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നതായി അറിയുന്നുണ്ടു്. പെൻഷൻപററി പിരിയാറായ ആളിനെ എങ്ങനെയാണു് ഉൾപ്പെടുത്തിയതെന്നു കേന്ദ്രത്തിൽനിന്നും എഴുതിചോദിച്ചിട്ടുണ്ടെന്നും അറിയുന്നു. അതു പക്ഷെ, തെററായിരിക്കാം. ഏതായാലും ആ ആഫീസറെ ഒരു ഐ. ഏ. എസ്സ്. കാരനായി ഉയർത്തി ൧൫൦൦ രൂപ ശമ്പളംകൊടുക്കുന്ന ഒരു സ്വജനപക്ഷപാതം ഇവിടെ സ്വീകരിച്ചിട്ടുണ്ടെന്നു എനിക്കു പറയാൻ കഴിയും. ഈ ഉദ്യോഗസ്ഥൻ ഇവിടത്തെ പോലീസുമന്ത്രിയുടെയും പ്ലാനിംഗ് വകുപ്പിന്റെ ചുമതല വഹിക്കുന്ന മുഖ്യമന്ത്രിയുടേയും മനഃസാക്ഷി സൂക്ഷിപ്പുകാരനാണെന്നു് പ്രസ്താവിക്കാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു. അവരുടെ രണ്ടുപേരുടേയും മനസ്സിനെ മററാളുകൾ അപഹരിച്ചുകൊണ്ടുപോകാതെ കാത്തു സൂക്ഷിക്കുന്ന ഒരു മനുഷ്യനാണു് ആ ഉദ്യോഗസ്ഥൻ. അങ്ങനെയുള്ള ഒരാളിന്റെ ഉദ്യോഗകാലാവധി അവസാനിക്കാറായിട്ടും നീട്ടിക്കൊണ്ടുപോകുന്നതിനുള്ള ചില പരിപാടികളാണു് ഇവിടെ എടുത്തിരിക്കുന്നതു്. ഇതുപോലെയുള്ള കുറെ ഉദ്യോഗസ്ഥന്മാരുടെ നിയമനംകൊണ്ടു് ഈ പദ്ധതിതന്നെ പരാജയപ്പെട്ടുപോകുകയാണു് ചെയ്യുന്നതു്.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: അദ്ദേഹത്തിന്റെ ഉദ്യോഗപ്രാപ്തിയെപ്പററി മെമ്പറുടെ അഭിപ്രായമെന്താണു്?

ശ്രീ. കെ. സദാനന്ദൻ: ഉദ്യോഗപ്രാപ്തിയുള്ള അനേകമാളുകൾ ഈ സെക്രട്ടറിയേററിലുണ്ടു്. സ്വജനപക്ഷപാതം കാണിക്കുന്നുവെന്നാണു് ഞാൻ പറയുന്നതു്.

ശ്രീ. കെ. കരുണാകരൻ: പ്രാപ്തനാണെങ്കിൽ സ്വജനത്തിൽപെടുന്നതു ഒരു ഡിസ്ക്വാളിഫിക്കേഷൻ ആകുമോ?

ശ്രീ. കെ. സദാനന്ദൻ: ഈ രാജ്യത്ത് ഒരാൾമാത്രമെ സമർത്ഥനായിയുള്ളുവെന്ന് എനിക്കു വിശ്വസിക്കാൻ കഴികയില്ല. സമർത്ഥന്മാരായ പല ഉദ്യോഗസ്ഥന്മാരും ഈ രാജ്യത്തുണ്ട്. ഇക്കാര്യത്തിൽ കാലേക്കൂട്ടി ദീർഘവീക്ഷണത്തോടുകൂടി പ്രവർത്തിച്ചിട്ടുണ്ടെന്നവസ്തുത മെമ്പർ മനസ്സിലാക്കണം.

കമ്മ്യൂണിററി പ്രോജക്ടിൽ റോഡുവെട്ടുന്ന ഒരു പദ്ധതിയുണ്ട്. റോഡു അത്യാവശ്യമുള്ള ഒന്നല്ല. അതുകൊണ്ട് റോഡുവെട്ടേണ്ടെന്നു എനിക്കഭിപ്രായമില്ല. പക്ഷെ അതിലും അത്യാവശ്യമായ ചില കാര്യങ്ങൾ ഉണ്ട്. കുടിൽവ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്ന കാര്യം പ്രോജക്ടിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. നെയ്യാററിൻകരയിൽ നെയ്ത്തുവ്യവസായവും ചാലക്കുടിയിൽ സാമാനം പാക്ക് ചെയ്യുന്ന മരപ്പെട്ടികൾ (packing cases) ഉണ്ടാക്കുന്നതും വീടുകളിൽ നടത്തുന്ന ഒരു വ്യവസായമാണ്. അതിന്റെ മാർക്കററ ഇപ്പോൾ നശിച്ചിരിക്കയാണ് ചെയ്യുന്നത്. അതുപോലെതന്നെ ചെറിയ ചെറിയ മൂലധനം കൊണ്ടു തുടങ്ങിയിട്ടുള്ള തീപ്പെട്ടി വ്യവസായം. അതൊന്നും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. കാരണം ഈ രാജ്യം വ്യാവസായികമായി പുരോഗമിക്കാൻ പാടില്ലായെന്നുള്ള വിചാരമാണ് അമേരിക്കൻ മൂലധനംകൊണ്ട് വ്യാവസായികമായ ഒരു പുരോഗതി ഈ നാട്ടിൽ ഉണ്ടാകരുതെന്നു അവക്കു ആഗ്രഹമുണ്ട്. അമേരിക്കയുടെ താൽപര്യം അതാണെങ്കിൽ കേന്ദ്രത്തിന്റെയും താൽപര്യം അതുതന്നെയാണ്. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനം എന്നും ഇതേനിലയിൽ ഇരുന്നാൽ മാത്രമെ കേന്ദ്രത്തിലെ വ്യവസായികളുടെ ഉൽപാദനങ്ങൾ വിററഴിക്കുന്നതിനു സാധിക്കുകയുള്ളു. ഈ നാൽപത്തഞ്ചുലക്ഷം രൂപയും കുളംകുഴിപ്പിക്കുന്നതിനും റോഡുവെട്ടുന്നതിനും തോടുവെട്ടുന്നതിനുമെല്ലാം ആണ് ഉദ്ദേശിക്കുന്നതെങ്കിൽ ഈ തുക പഞ്ചായത്തുകൾക്കു വീതിച്ചുകൊടുക്കുകയായിരിക്കും നല്ലതെന്നു എനിക്കു തോന്നുന്നു. അവർക്കാണെങ്കിൽ ഈ വക കാര്യങ്ങൾ കുറെക്കൂടി പ്രയോജനകരമായനിലയിൽ നടത്താൻ കഴിയുമെന്നു എനിക്കു വിശ്വാസമുണ്ട്. അങ്ങനെയാണെങ്കിൽ വലിയ ശമ്പളം കൊടുത്തു ഉദ്യോഗസ്ഥന്മാരെയൊന്നും നിയമിക്കേണ്ട ആവശ്യവും വരുന്നതല്ല. ഇന്നു നിലവിലിരിക്കുന്ന പഞ്ചായത്തു ഡിപ്പാർട്ടുമെന്റിനു് അതിലുള്ള ഉദ്യോഗസ്ഥന്മാരെകൊണ്ടുതന്നെ ഈ വകകാര്യങ്ങൾ ചെയ്യുന്നതിനു കഴിയും. അല്ലാതെ ഈ നിലയിൽ ഈ പദ്ധതി തുടർന്നുപോയാൽ അഞ്ചുകൊല്ലം കഴിയുമ്പോൾ തകർന്ന തരിപ്പണമായ കുറെ ജീപ്പുകളും, കുറെ ട്രാക്ടറുകളും, കുണ്ടും കുഴിയും നിറഞ്ഞ ഏതാനും റോഡുകളും മാത്രമേ ഇവിടെ അമേരിക്കൻ സംഭാവനയായി അവശേഷിക്കുകയുള്ളു. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ധനാഭ്യർത്ഥനയെ ശക്തിയായി എതിർത്തുകൊള്ളുന്നു.

Shri A. Thanu Pillai : Sir, I wish to say a word or two about this subject. A good deal of irresponsibility has been displayed in presenting this Community Development Projects Budget in this form. It is a fairly big amount of Rs. 45 lakhs that we find in this Budget and this House is asked to vote this large amount without being supplied with the necessary particulars. I do not know,

[Shri A. Thanu Pillai.]

Sir, why the Finance Department has taken this view in regard to this budget. Mr. Chandrasekhara Pillai, a Member of the Advisory Board, told us that the budget has not been approved by the Government of India. I do not know the facts about that. Whatever that be, Sir, we expect more information when we are asked to vote funds particularly to the tune of half a crore of rupees. I wish to get an explanation from the Government Benches as to why this course is adopted.

Now, they have divided this into a number of heads and this is how it is made—

Agriculture and Animal Husbandry :	Rs. 6,00,000
Irrigation	,, 6,20,000
Reclamation Works	,, 3,00,000
Health and Sanitation	,, 5,00,000
Education	,, 1,60,000
Social Education	,, 1,10,000
Communications	,, 6,10,000
Rural Arts, Crafts and Industries	,, 12,00,000

Then some sub-heads are also given. But what amounts will come under these sub-heads nobody knows. Take for instance Agriculture. The sub-heads given are Tractor Centres, Contingencies, Paddy Cultivation, Cocoanut and Arecanut cultivation, Market Centres and so on. But then what amount are to be spent under these different sub-heads there is no knowing. So it is really difficult for any responsible Member of this Legislature to agree to the sanctioning of this amount.

Then, Sir, the main point about this Community Development Projects is that these projects, it is agreed, can be worked satisfactorily only if there is adequate co-operation from the public. It was with an admission of that fact that the project itself was placed before the country by the Central Government. Now, here, I find from the Members of the Advisory Board that they are purely nominal bodies and that they are not taken into confidence, even the Budget was not shown to them. If such large amounts are to be for the good of the people of the locality and if the people of the locality are to co-operate in this endeavour, what good is there if this budget is not shown to the members of the Advisory Board ? Then what is that they have to advise? Is it not for them to say 'we must spend such and such an amount on tanks; such and such an amount on roadmaking and so on' If Members of the Advisory Board are not consulted, and if the Government at the Secretariat

fixes the amount, it will merely be a mockery. I can understand their opinions would not be fully accepted; but should they not be consulted ? More than one member told me something of this kind. Sir, it is no wonder that public cooperation is not coming forward in full measure.

Sir, a word in regard to expenditure. The point was raised here that the salary of the officers fixed is too high. I wish to make one observation with regard to that. I am not concerned with personalities at all. I find that the pay of the officer at the head-quarters is Rs. 18,500. I wonder whether they are going to get the services of a specialist in Social Service from outside the State. I can understand if they are going to get the services of a specialist on such a large salary from outside Travancore or Cochin. But if they are going to be satisfied with the services of an ordinary man available inside the State, how can we justify this Rs. 18,000 per year ? In any case that is not a remuneration which we can afford to give for a man from inside the State. We must consider the general level of salary in our State. The Chief Engineer who spends 2 to 3 crores of rupees per year gets Rs. 450—Rs. 750. The Director of Public Instruction who spends Rs. 4 crores per year is getting Rs. 450—Rs. 750. Again the Surgeon-General is on the same level. Why should this officer alone be on this high grade ? I urge the necessity for lowering the higher scales as far as possible and raising the lower scales as high as possible. Of course, this may be a work for three or four years. It may be a temporary provision. But that is no justification for raising the pay to this abnormal level. I hope Government will take note of that fact. I do not know what the present arrangement is. This officer is one of the Secretaries to Government. Then later on he was put in charge of other work on a higher salary. If this work is to be done properly there must be a full time officer so that necessary sanction may be given as and when required. But that does not justify this abnormal pay. It is abnormal so far as the conditions that exist in our country are concerned. Again we should not create discontent among the officers working here by giving preferential treatment like this. I think the way in which I.A.S. selection was made was objectionable. But in this matter I request Government not to make mistakes.

Now we have got the Village Panchayats. There will be about 35 to 40 Village Panchayats in the State, and about 20 Panchayats in the Community Project area with a population of three lakhs of people. How is the work of the Village Panchayats to be co-ordinated with that of the Community Projects ? Is there any scheme

[Shri A. Thanu Pillai.]

for it ? Or is the Village Panchayat workers and the Community Project workers each to go their own way ? There must be some co-ordination. I do not want to take more time of the House. I want the Government to consider these things. Unless a satisfactory explanation is given, I for myself am not prepared to support the Budget proposal. They must bring forward a budget with all the necessary details. They must also use the Advisory Board to the fullest extent possible and take them into their confidence. Even these amounts must be fixed in consultation with the Advisory Board. There must be an officer who will be always available to issue necessary instructions and sanction must be given from time to time. If the Government of India are idle in the matter, then this Government should say that they are not prepared to co-operate. The Central Government must be sufficiently helpful. If any sanction is required they must get it in time. There must be co-operation from the people. They began the Scheme with that plea. Everything necessary should be done to secure that co-operation. The money is partly American and partly Indian but largely our own. There should not be the misunderstanding that those officers who are able to influence the Ministers are helped. The idea underlying Community Projects is that there must be service and not exploitation. The workers must have a sense of service. They must approach the problem from that view point. With these words, I oppose the Demand.

ശ്രീ. പി. ഗോവിന്ദപ്പിള്ള: സർ, പ്രതിപക്ഷത്തിൽപ്പെട്ട ഐക്യമുന്നണി മെംബറന്മാർ എല്ലാവരും, കമ്മ്യൂണിററി പ്രോജക്ററ് പ്രവർത്തനങ്ങൾക്ക് എതിരാണെന്ന് ഇവിടെ ഒരു തെററിദ്ധാരണയുണ്ടെന്നുകാണുന്നു. കമ്മ്യൂണിററി പ്രോജക്ററ് പ്രവർത്തനങ്ങൾ പ്രധാനമായും പഞ്ചവത്സരപദ്ധതിയുടെ ഒരു ഭാഗമാണ്. പഞ്ചവത്സരപദ്ധതിയിൽ ഏററവും പ്രാധാന്യം കൃഷിവികസനകാര്യങ്ങൾക്ക് കൊടുത്തിരിക്കുന്നു. നമുക്ക് ഇപ്പോൾ ആഹാരസാധനങ്ങൾക്ക് ദൗർലഭ്യമുണ്ട്. അതിനു പരിഹാരമുണ്ടാക്കുകയാണ് ആദ്യത്തെ പ്രശ്നമെന്നാണ് അതിന്റെ പ്രയോക്താക്കളുടെ വാദം. കൃഷിക്കു പ്രാധാന്യം കൊടുക്കുന്ന കാര്യത്തിൽ ഞങ്ങൾ യാതൊരു തരത്തിലും എതിർക്കുകയില്ല. ജലസേചനപദ്ധതികളെ സംബന്ധിച്ചും ഞങ്ങൾക്ക് യാതൊരു എതിരുമില്ല. പീച്ചി, വാഴാനി, പെരിഞ്ചാണി മുതലായ പദ്ധതികൾകൊണ്ടും കൃഷിക്കും കൃഷിക്കാർക്കും വെള്ളം ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും ഞങ്ങൾ എതിരല്ല. പിന്നെ, ഐക്യമുന്നണിക്കാർ കമ്മ്യൂണിററി പ്രോജക്ററ് പ്രവർത്തനങ്ങൾക്ക് എതിരാണെന്നു പറയുന്നതിന്റെ അടിസ്ഥാനം എന്താണ്? കാർഷികരാജ്യമായ ഇൻഡ്യയെ ഒരു വ്യാവസായികരാജ്യമാക്കി മാററാനുദ്ദേശിച്ചിട്ടുള്ള നയം ശരിയല്ല. അതു വിജയകരമാകുകയില്ല എന്നാണു ഞങ്ങൾ പറയുന്നതു്. പ്ലാനിങ്ങിനെ വിമർശിക്കുന്നതു് അതിൽ അടങ്ങിയ

ഇനങ്ങൾ പ്രത്യേകം എടുത്തു നോക്കിയാൽ ഗുണം കിട്ടുമോ എന്നു നോക്കിയല്ല; പ്രത്യുത സമഗ്രമായ സാമ്പത്തിക പുരോഗതിക്കുള്ള ഇനങ്ങളുടെ മുൻഗണനാപ്രശ്നം മുൻനിറുത്തിയാണ്. ഈ കാര്യത്തെപ്പററി കഴിഞ്ഞദിവസം ഒരു ചോദ്യം ചോദിച്ചപ്പോൾ, ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഞങ്ങളെ ആക്ഷേപിക്കാൻ ഒരു ശ്രമം നടത്തി. സർ, നിങ്ങൾക്ക് ഇവിടെ എന്തും പറയാം—

Mr. Speaker: The member can speak about the Community Projects. But if he goes to the Five Year Plan then I will have to stop him.

ശ്രീ. പി. ഗോവിന്ദപ്പിള്ള: കമ്മ്യൂണിററി പ്രോജക്ററ് പ്രവർത്തനങ്ങൾക്ക് സ്വീകരിച്ചിരിക്കുന്ന ഒരു നയത്തെപ്പററി ഞങ്ങൾക്ക് പ്രത്യേകിച്ചു ചില അഭിപ്രായങ്ങളുണ്ട്. പഞ്ചവത്സരപദ്ധതിയെ അടിസ്ഥാനമാക്കിക്കൊണ്ടാണ് ഇതു പുരോഗമിക്കുന്നതു്.

Mr. Speaker: I do not think the Community Project is based on the Five Year Plan.

ശ്രീ. പി. ഗോവിന്ദപ്പിള്ള: കമ്മ്യൂണിററി പ്രോജക്ററ് പ്രവർത്തനം മൂലം നമുക്ക് അമേരിക്കയുടെ അടിമത്വത്തിനു കാരണമാകുമെന്നു പറഞ്ഞപ്പോൾ, ഇതു എവിടെനിന്നു മനസ്സിലാക്കിയെന്നു നെയ്യാററിൻകര മെമ്പർ ചോദിച്ചു. എങ്ങും നോക്കാൻ പോകേണ്ട; കമ്മ്യൂണിററി പ്രോജക്ററിനാധാരമായ ഇൻഡോ-അമേരിക്കൻ ടെക്നിക്കൽ കോഓപ്പറേഷൻ എഗ്രിമെൻറ മാത്രം നോക്കിയാൽ മതി.

In the preamble it is stated:

> "Considering that the U. S. Government and the Government of India agree to join in promoting international understanding and goodwill and in maintaining world peace, and to undertake such action as they may mutually agree upon to eliminate causes for international tension."

ഈ വാക്യത്തിൽനിന്നും, ഈ ഉടമ്പടി നിരുപദ്രവമായ ഒരു സാങ്കേതിക കരാർ മാത്രമല്ലെന്നു മനസ്സിലാക്കാം. ഇതു വളരെ വ്യക്തമായ ഒരു രാഷ്ട്രീയ രേഖയാണ്. ലോകസമാധാനം സ്ഥാപിക്കുക, സാർവ്വലൗകികമായ ഉരസലുകളുടെ കാരണം ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുക മുതലായ ഉദ്ദേശങ്ങളിൽ യോജിച്ചു പ്രവർത്തിക്കണമത്രെ. ഈ കാര്യങ്ങളിൽ അമേരിക്കയുമായി എങ്ങനെ യോജിക്കാനാണ്? ലോകസമാധാനം സ്ഥാപിക്കാൻ ലോകമെങ്ങും അമേരിക്കൻ താവളങ്ങൾ ഉണ്ടാകണമെന്നും, ഏഷ്യയിലെ സ്വാതന്ത്ര്യസമരങ്ങളെ തകർത്തു പാശ്ചാത്യമേധാവിത്വം ഇവിടെ അരക്കിട്ടു ഉറപ്പിക്കണമെന്നും, കൊറിയൻ ജനതയെ ആററം ബോംബിടണമെന്നും, ആഫ്രിക്കയിലെ മലാൻെറ വർഗ്ഗീയമേധാവിത്വപരമായ ഫാസിസ്ററ നടപടികളെ അനുകൂലിക്കണമെന്നും അമേരിക്ക വിശ്വസിക്കുമ്പോൾ, ഭാരതീയരായ നമുക്ക് വളരെ ഭിന്നമായ ആശയ

[ശ്രീ. പി. ഗോവിന്ദപ്പിള്ള]

ഗതിയാണു ഈ പ്രശ്നങ്ങളെപ്പററിയുള്ളതു്. മാത്രമോ, അമേരിക്ക നമുക്കു തരുന്ന പണത്തിന്റെ പുറകെ അപമാനകരമായ വ്യവസ്ഥകളുമുണ്ടു്. നോക്കുക:

Second proviso to Article 2 says:

> "He (Director of Technical Co-operation) and his staff shall be a part of the diplomatic mission of the U. S. Government in India and shall share fully in the privileges and immunities enjoyed by that mission and its personnel."

ചൈനയും റഷ്യയും തമ്മിലും മററുമുള്ള സാങ്കേതിക സഹകരണക്കരാറുകൾ എനിക്കു വായിക്കുവാനിടയായിട്ടുണ്ടു്. പക്ഷെ, ഇത്ര ലജ്ജാകരമായ ഒരു വകുപ്പു് അതിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. വെറും സാങ്കേതികസഹായങ്ങൾക്കുവേണ്ടിയാണു് അവർ വരുന്നതെങ്കിൽ എന്തിനാണു അവർക്കു് ഡിപ്ലോമാററിക്ക് ഇമ്മ്യൂണിററി കൊടുക്കുന്നതെന്നു എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. കണക്കുനോക്കിയാൽ ഈ പദ്ധതികൾക്കു് ചെലവാകുന്ന ഓരോ രൂപയ്ക്കും രണ്ടണ മാത്രമാണു അമേരിക്കക്കാരൻ തരുന്നതെന്നു മനസ്സിലാക്കാൻ സാധിക്കും. ഈ തുച്ഛമായ ഒരു സഹായത്തിന്റെ പേരിൽ നൂറുകണക്കിനു അമേരിക്കൻ ചാരന്മാരെ സ്വതന്ത്രസ്വാതന്ത്ര്യരായി ഈ രാജ്യത്തു വിഹരിക്കാൻ അനുവദിക്കുക മാത്രമല്ല, ഈ പദ്ധതി നിയന്ത്രിക്കുവാനും നടത്തുവാനും അവരുടെ ധനപരമായ പങ്കുമായി താരതമ്യപ്പെടുത്തുമ്പോൾ എത്രയോ ഭീമമായ ഒരു അധികാരം നൽകുകയുമാണു ചെയ്തിരിക്കുന്നതു്. മുപ്പതു വെള്ളിക്കാശിനു് ക്രിസ്തുവിനെ ഒററുകൊടുത്ത യൂഡാസിന്റെ മനോഭാവമാണു് ഇതിൽ ഭരണകക്ഷി കാണിച്ചിട്ടുള്ളതെന്നു പറയേണ്ടിവന്നതിൽ ഖേദിക്കുന്നു.

എന്താണു ഈ അമേരിക്കക്കാരനു് ഇൻഡ്യാക്കാരോടു പെട്ടെന്നൊരു പ്രേമം ജനിക്കാൻ സംഗതി? ഇൻഡ്യൻ സ്വാതന്ത്ര്യസമരകാലത്തൊന്നും ഈ അനുഭാവം കണ്ടില്ല. പ്രസിഡൻറു തിയഡോർ റൂസ്‌വെൽററ് ഇൻഡ്യയിലെ ബ്രിട്ടീഷ് മേധാവിത്വത്തെ മുക്തകണ്ഠം ശ്ലാഘിക്കുകയും അവർക്കു് സ്വാതന്ത്ര്യസമരത്തെ അമർത്താൻ സഹായവാഗ്ദാനം ചെയ്കയും ചെയ്തിട്ടുണ്ടു്. പിന്നീടുവന്ന ലോകപ്രശസ്തനായ 14 പായിൻറുകാരൻ വിൽസൺ, ആ പതിനാലു പായിൻറുകൾ ഇൻഡ്യയെപ്പോലെയുള്ള രാജ്യങ്ങൾക്കു കൂടി ബാധകമാക്കണമെന്ന വാദത്തെ പുറംകാൽകൊണ്ടു തട്ടിയെറിഞ്ഞു. മാത്രമല്ല, ഈ വാദം പ്രചരിപ്പിക്കുവാൻവേണ്ടി, ഒരു കമ്മിററി രൂപീകരിച്ചതിനു് ശ്രീമതി അഗ്നീസ് സ്മെഡ്‌ലിയെപ്പോലുള്ള മഹതികളെ കാരാഗൃഹത്തിലടയ്ക്കുകയുംചെയ്തു. മഹാകവി ടാഗൂറിന്റെ അമേരിക്കൻ സന്ദർശനങ്ങളെ വിഘാതപ്പെടുത്താൻ ശ്രമിക്കുകയും അദ്ദേഹത്തെ പോലീസുകാരെ അയച്ചു് അവമാനിക്കാൻ മുതിരുകയും ചെയ്തിട്ടുണ്ടു്. 1929-ൽ ടാഗൂറിന്റെ അമേരിക്കൻ സന്ദർശനത്തെ നിരോധിക്കയും ചെയ്തു. അപ്പോൾ ടാഗൂർ പറഞ്ഞു: 'ക്രിസ്തുവിനുപോലും അമേരിക്കയിൽ പ്രവേശനമുണ്ടാകയില്ല. കാരണം, ഒന്നു് അദ്ദേഹത്തിനു വേണ്ടത്ര പണം കാണുകയില്ല രണ്ടു് അദ്ദേഹം ഒരു

ഏഷ്യാക്കാരനാണ്.' പഴയകാലത്തു ഹരിജനങ്ങളെ ഇൻഡ്യയിൽ കരുതിയ കണക്കാണ് അമേരിക്കർ ഇന്നു നീഗ്രോകളെ കണക്കാക്കുന്നതു്. ഇങ്ങനെയുള്ള അമേരിക്കയ്ക്കു് ഒരു സുപ്രഭാതത്തിൽ ഇൻഡ്യയോടു പ്രേമമുദിച്ചു എന്നു പറഞ്ഞാൽ ആരും വിശ്വസിക്കയില്ല. അവരുടെ സഹായത്തിനു പുറകിൽ സ്വാർത്ഥപരമായ ഉദ്ദേശങ്ങളുണ്ടെന്നു വ്യക്തമാണ്. ഇൻഡ്യയുടെ വ്യാവസായിക വളർച്ച തടഞ്ഞു്, വെറും കാർഷികരാജ്യമായി ഇതിനെ നിലനിറുത്തി, പാശ്ചാത്യ സാമ്രാജ്യകോയ്മകൾക്കു് അസംസ്കൃതസാധനങ്ങൾ നൽകുകയും അവരുടെ സംസ്കൃതസാധനങ്ങൾ വാങ്ങുകയും ചെയ്യുന്ന ഒരു കൊളോണിയൽ വിപണിയാകണം ഇൻഡ്യയെന്നവർ ആഗ്രഹിക്കുന്നു. ഇതൊരാരോപണമല്ല. അവരുടെതന്നെ ഔദ്യോഗികരേഖകളിൽനിന്ന് തെളിയുകയും, അവരുടെ പ്രവൃത്തിയിൽനിന്ന് അനുഭവപ്പെടുകയും ചെയ്യുന്ന ഒരു പരമാർത്ഥമാണിതു്.

Mr. Speaker: Is it the declaration of the American Diplomatic Mission or is it the idea contained in the Five Year Plan that is being implemented in India?

ശ്രീ. പി. ഗോവിന്ദപ്പിള്ള: യുദ്ധകാലത്തു ഇവിടെ വന്ന ഡാക്ടർ ഗ്രേഡിയുടെ സാങ്കേതികാന്വേഷണക്കമ്മിററിയുടെ റിപ്പോർട്ടിലും, പിന്നീടു് ഊട്ടിയിൽ നടന്ന എക്കഫേ (ECAFE) സമ്മേളനത്തിലും മററു പലയിടങ്ങളിലും ഈതരം പ്രസ്താവങ്ങളുണ്ടായിട്ടുണ്ടു്. അതിനുള്ള പരിതഃസ്ഥിതി സൃഷ്ടിക്കുവാനും അമേരിക്കൻ സാമ്രാജ്യയുദ്ധവലയത്തിലേക്കു് സമാധാനകാംക്ഷികളും സ്വാതന്ത്ര്യപ്രിയരുമായ ഭാരതീയരെ കുടുക്കുവാനുമുള്ള വകുപ്പുകളാണിതെല്ലാം.

ഈ കമ്മ്യൂണിററി പ്രാജക്ററിനെ സംബന്ധിച്ചു മറെറാരു പ്രവർത്തനപദ്ധതി നടപ്പിൽവരുത്തുന്നതിന് നാട്ടുകാർക്കു ഉള്ളതിനേക്കാൾ കൂടുതൽ നിയന്ത്രണം അവർക്കുണ്ടു്. അതുകൊണ്ടു അവർക്കു് ഇൻഡ്യയിൽ രാഷ്ട്രീയപ്രചാരം നടത്തുന്നതിനും, രാഷ്ട്രീയചാരവേല നടത്തുന്നതിനും സാധിക്കുമെന്നുള്ളതുകൊണ്ടാണ് ഞങ്ങൾ അതിനെ എതിർത്തിട്ടുള്ളതു്.

ഇനി റയിൽവേയും, കമ്മ്യൂണിക്കേഷനും സംബന്ധിച്ചു പറയുകയാണെങ്കിൽ രണ്ടുവിധത്തിൽ അവർക്കു സഹായമായിത്തീരും. അതാണ് ഈ ടെക്കനിക്കൽ കോവാപ്പറേഷൻ എഗ്രിമെൻറിൻെറ മറെറാരുദ്ദേശം. നോക്കുക, അവരുടെ സംസ്കൃതസാധനങ്ങൾ ലാഭകരമായി ഉൾനാടുകളിൽ എത്തിക്കുവാനും, നമ്മുടെ അസംസ്കൃതസാധനങ്ങൾ ചിലവു കുറഞ്ഞു തുറമുഖങ്ങളിലെത്തിക്കുവാനും നമ്മുടെ ഗതാഗതമാർഗ്ഗം വർദ്ധിപ്പിക്കേണ്ടതു അവരുടെ ആവശ്യമാണ്.

Mr. Speaker: Questions like the general industrialisation of India and the railways are absolutely irrelevant to the question of Community projects. The hon: Member's speech is very informative but has no bearing at all on the discussion at hand.

ശ്രീ. പി. ഗോവിന്ദപ്പിള്ള: അതുകൊണ്ടു് എനിക്കു പറയാനുള്ളതു് അമേരിക്കയുടെ വ്യവസായം വർദ്ധിപ്പിക്കുന്നതിനും, അവരുടെ സാധനങ്ങൾ ഇവിടെ ചെലവാക്കുന്നതിനും ഇൻഡ്യയെ ഒരു [illegible]

[ശ്രീ. പി. ഗോവിന്ദപ്പിള്ള]

രാജ്യമായിത്തന്നെ തുടരാൻ അനുവദിക്കുന്നതിനുംവേണ്ടിയാണ് ഈ ടെക്കനിക്കൽ കോവാപ്പറേഷൻ എഗ്രിമെൻറുകൊണ്ടു അവർ ഉദ്ദേശിക്കുന്നതു്. അപ്പോറം ഞങ്ങളുടെ നിഗമനം ശരിയായിരിക്കുമെന്നുള്ളതുകൊണ്ടാണു ഞാൻ ഇതു പറയുന്നതു്. ഞങ്ങളെക്കുറിച്ചൊരു തെററിദ്ധാരണയുള്ളതുകൊണ്ടാണ് ഇതു വിശദീകരിക്കുന്നതു്.

കമ്മ്യൂണിററി പ്രോജക്ററ പ്രവൎത്തനങ്ങളിൽ സഹകരിക്കുവാൻ ഞങ്ങറം തയാറാണ്. എന്തുകൊണ്ടെന്നാൽ ഈ രാജ്യത്തെ നന്നാക്കുവാനും, ജനങ്ങറംക്കു ക്ഷേമമുണ്ടാക്കുന്നതിനും വേണ്ടിയാണു ഈ പ്രോജക്ററകൊണ്ടു ദ്ദേശിക്കുന്നതെങ്കിൽ, അതിൽ സഹകരിക്കാൻ തീൎച്ചയായും തയാറാണ്. ഇന്നു തൊഴിലാളികറംക്കു് ഒരു രൂപാ കിട്ടുന്നതു്, ഒരു രൂപാ അരയണക്കുട്ടി കൊടുക്കാൻ സാധിക്കുവാൻ അങ്ങേഅററം പ്രവൎത്തിക്കുന്ന കമ്മ്യൂണിസ്റ്റ് പാൎട്ടി, ഒരു തോടുണ്ടാക്കുവാനും, ഒരു കുളംകുഴിക്കാനുമെങ്കിലും ഇതു ഫലപ്രദമാവുകയാണെങ്കിൽ സഹകരിക്കാൻ തയ്യാറാണ്. അങ്ങനെ ജനങ്ങറംക്കു എന്തെങ്കിലും നന്മവരുന്ന പദ്ധതികറം നടപ്പിൽ വരുത്തുകയാണെങ്കിൽ അതിനോടു ഞങ്ങറം സഹകരിക്കുവാൻ തയാറാണെന്നുള്ളതു ഇവിടെ അറിയിച്ചുകൊള്ളട്ടെ.

ഇന്നു രാഷ്ട്രീയകാരണങ്ങളാൽ അതിനെ വിജയിപ്പിക്കുന്നതിനു് ഞങ്ങളുടെ സഹായം ആവശ്യപ്പെടാതിരിക്കുകയാണ് സൎക്കാർ ചെയ്യുന്നതു്. ഇവിടെ കാൺസ്റ്റിററ്യൂട്ടുചെയ്ത കമ്മ്യൂണിററി പ്രോജക്ററ അഡൈ്വസറി കമ്മിററിയിൽ ഒരു ഐക്യമുന്നണി എം. എൽ. എ.യെപ്പോലും എടുത്തിട്ടില്ല. പറവൂർ എം. എൽ. എ യായ ശ്രീ. ശ്രീകുല്ലമേനോൻ ഉള്ളപ്പോറം അദ്ദേഹത്തിനെതിരായി നിന്നു് തെരഞ്ഞെടുപ്പിൽ തോററ ശ്രീ. കെ. പി. ഗോപാലമേനോനെ അഡൈ്വസറികമ്മിററിയിലേക്കു തെരഞ്ഞെടുത്തു. ഇതുപോലെ എത്ര ഉദാഹരണങ്ങറംവേണമെങ്കിലും കാണിക്കാം. തെരഞ്ഞെടുപ്പിൽ തോററുപോയ കാൺഗ്രസ്സ് സ്ഥാനാൎത്ഥികളെ പ്രീണിപ്പിക്കുന്നതിനൊരു സംഘം ഉണ്ടാക്കി ഈ കമ്മ്യൂണിററി പ്രോജക്ററിൽ, അഡൈ്വസറിക്കമ്മററിയിൽ അംഗങ്ങളായി എടുത്തു സമാധാനിപ്പിക്കുകയാണ്. കമ്മ്യൂണിസ്ററുകാർ സഹകരിക്കുമോ എന്നതല്ല പ്രശ്നം, കാൺഗ്രസ്സുകാർ സഹകരിപ്പിക്കുമോ എന്നതാണു പ്രശ്നം. ഇതു വളരണമെന്നും, വികസിപ്പിക്കണമെന്നും വിചാരിച്ചു പ്രവൎത്തിക്കണം. ഇവിടെയുള്ളപാൎട്ടികറംക്കും സഹകരിച്ചു പ്രവൎത്തിക്കാൻ സൗകൎയ്യം കൊടുക്കണം. ഇത്രയും പ്രസ്താവിച്ചുകൊണ്ടു ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): കമ്മ്യൂണിററിപ്രോജക്ററിനെ സംബന്ധിച്ചു വളരെ ശ്രദ്ധേയമായ അഭിപ്രായങ്ങറം ബഹുമാനപ്പെട്ട അംഗങ്ങറം പുറപ്പെടുവിച്ചതു ഞാൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ഈ കമ്മ്യൂണിററിപ്രോജക്ട് ഇവിടെ ആരംഭിക്കുന്നതിലേക്കു യു. എസ്. ഗവണ്മെൻറും ഇൻഡ്യാഗവണ്മെൻറും തമ്മിൽ ഒരു എഗ്രിമെൻറ് ഉണ്ടായി. ആ എഗ്രിമെൻറനുസരിച്ച് യു. എസ്. ഗവണ്മെൻറ് ൨.൫ കോടി രൂപായും ഇൻഡ്യാഗവണ്മെൻറ ൨.൫ കോടിരൂപായും ഇങ്ങനെ ൫ കോടി രൂപായാണു ഈ ആവശ്യത്തിലേക്കു നീക്കിവച്ചിരിക്കുന്നതു്. ഈ ഫണ്ട് കമ്മ്യൂണിററിപ്രോജക്റിനുവേണ്ടിമാത്രമുള്ളതല്ല. അതായതു കൃഷി

ആയുധങ്ങൾ നന്നാക്കുക, ട്യൂബ്‌വെൽസുണ്ടാക്കുക, കിണറുകൾ കുഴിപ്പിക്കുക, കന്നുകാലികളെ അഭിവൃദ്ധിപ്പെടുത്തുക, ഫെർട്ടിലൈസേഴ്സിനും, റോഡുകൾ ഉണ്ടാക്കുക മുതലായ എല്ലാ സംഗതികൾക്കും കൂടിയാണ് ഈ അൻപതു കോടി രൂപാ ഈ ഫണ്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നതു്. ഈ ഫണ്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന ൫൦ കോടി രൂപാ ഏതു വിധത്തിലാണ് ഈ ഓരോ പ്രോജക്ടിലും വിനിയോഗിക്കേണ്ടതെന്നുള്ളതിനെപ്പററി ആലോചിച്ചു തീരുമാനിക്കുകയും ഓരോ പ്രോജക്ടിനും ൬൫ ലക്ഷം രൂപാ വീതം അനുവദിക്കയും ചെയ്തിട്ടുണ്ടു്. അങ്ങിനെ ൬൫ ലക്ഷം രൂപാ അനുവദിച്ചിട്ടുള്ളതിൽ ൨൩ ലക്ഷം രൂപാ സെൻട്രൽ ഗവണ്മെൻറിൽ നിന്നും ഓരോ പ്രോജക്ടിനും ഗ്രാൻറായി കൊടുക്കുന്നതാണ്. ൧൦ ലക്ഷം രൂപാ ഓരോ പ്രോജക്ടിനും ലോണായിട്ടും കൊടുക്കുന്നതാണ്. ബാക്കിയുള്ള ൩൨ ലക്ഷം രൂപാ ഓരോ സ്റ്റേററിൽ നിന്നും അനുവദിക്കേണ്ടതുമാണ്.

ഇതു സംബന്ധിച്ച് ഈ ടെക്കനിക്കൽ കോവാപ്പറേഷനമായി ഉണ്ടായിട്ടുള്ള ഏഗ്രിമെൻറുകൊണ്ടു് ഇൻഡ്യാഗവണ്മെൻറും ഇൻഡ്യയിലുള്ള ആളുകളും അമേരിക്കൻ ഗവണ്മെൻറിൻെറ അടിമകളായിതീരുന്നതാണ് എന്നു പ്രതിപക്ഷത്തിരിക്കുന്ന ചില മെംബറന്മാർ ഇവിടെ പ്രസ്താവിക്കയുണ്ടായി. അതിലേക്കു ബഹുമാനപ്പെട്ട മെംബർ ഏതിൽ നിന്നോ ഒരു ക്ലാസ് വായിച്ചു. അതായതു അമേരിക്കൻഗവണ്മെൻറുദ്യോഗസ്ഥന്മാർ പറയുന്നതെല്ലാം ഇൻഡ്യാഗവണ്മെൻറു കേൾക്കേണ്ടതായിവരുമെന്നും പ്രസ്താവിക്കയുണ്ടായി. അതൊന്നും ശരിയല്ല. ഈ എഗ്രിമെൻറു എഴുതുന്നതിനുമുമ്പുതന്നെ ഇൻഡ്യാഗവണ്മെൻറിൻെറ പ്രധാനമന്ത്രി ഇതു സംബന്ധിച്ചു വളരെ വ്യക്തമായ ഭാഷയിൽ പ്രസ്താവിച്ചിട്ടുണ്ടു്. അന്യരാജ്യങ്ങളിൽനിന്നും ഏതുവിധത്തിലുള്ള സഹായങ്ങൾ കിട്ടുകയാണെങ്കിലും അതിനു യാതൊരു വക രാഷ്ട്രീയ ചരടുകളും ചേർക്കാൻ സാദ്ധ്യമല്ല എന്ന് ഈ എഗ്രിമെൻറ്, അതായതു ടെക്കനിക്കൽ കോവാപ്പറേഷൻ എഗ്രിമെൻറ് ആർട്ടിക്കിൾ ൨-ൽ പറഞ്ഞിരിക്കുന്നതിങ്ങനെയാണ്.

> "The two Governments agree that there shall be established an Indo-American Technical Co-operation Fund (hereinafter known as Fund A) in which the Government of the United States of America will deposit, up to the 30th June 1952, the sum of 50 million dollars for agreed Projects. This Fund shall be jointly administered by a duly appointed officer of the Government of India and by the Director and shall be utilised only for the execution of agreed Projects of Technical co-operation. Allocations will be made pursuant to Article V paragraph 2 of this Agreement, whereby agreed amounts shall be transferred from Fund A to the consolidated funds of the Government of India or shall otherwise be authorised to be expended."

About organisation, the Prime Minister says :

[ശ്രീ. എ. ജെ. ജാൺ]

"The Government of India have appointed the Planning Commission as the Central Committee under the Indo-U. S. Technical Co-operation Agreement. The Central Committee will lay down the broad policies and provide the general supervision under which agreed Projects of Technical Co-operation will be executed."

ഇപ്പോൾ ഇതിൽ പ്ലാനിംഗുകമ്മിഷനെയാണ് സെൻട്രൽ കമ്മിററിയായി ഗവണ്മെൻറ അപ്പോയിൻറ ചെയ്തിരിക്കുന്നതു്. ഈ പ്ലാനിംഗു കമ്മീഷനിൽ ഒരൊററ അമേരിക്കൻ പോലുമില്ല. ഇൻഡ്യാഗവണ്മെൻറും ഇൻഡ്യയിലെ ജനങ്ങളും അമേരിക്കൻ ഗവണ്മെൻറിന്റെ അടിമകളായി തീരുന്നതെങ്ങിനെയാണെന്നു എത്രയൊ ആലോചിച്ചിട്ടും മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. ഈ ബഡ്ജററിൽ കമ്മ്യൂണിററി പ്രോജക്ററിൽ ഉൾപ്പെട്ടിട്ടുള്ള ഓരോ ഐററത്തിനും ഉള്ള തുകകൾ പ്രത്യേകം പ്രത്യേകം ചേർത്തിട്ടില്ല എന്നു ബഹുമാനപ്പെട്ട തിരുവനന്തപുരം മെമ്പർ പറയുകയുണ്ടായി. അതു കുറെ ശരിയാണ്. അതിന്റെ സബ്ഹെഡ്സ് ചേർത്തിട്ടില്ല എന്നുള്ളതു മാത്രമേയുള്ളു. അതു സംബന്ധിച്ചു് എനിക്കു ബഹുമാനപ്പെട്ട സഭയെ അറിയിക്കാനുള്ളതു് ഇതിന്റെ ബഡ്ജററുപോലും ഫൈനലായി തീരുമാനിച്ചിട്ടില്ല എന്നാണ്. ഇതൊരു ടെൻററീവ് ബഡ്ജററായിട്ടാണ് തീരുമാനിച്ചിട്ടുള്ളതു്. ഈ [illegible] ബഡ്ജററ് തയാറാക്കിയ കാലത്തു ഇതിന്റെ ബഡ്ജററ് ടെൻററീവ് ആയിട്ടേ തീരുമാനിച്ചിട്ടുള്ളു. ഇപ്പോഴത്തെ ബഡ്ജററ് അനുസരിച്ചാണെങ്കിൽ ചാലക്കുടി കുന്നത്തുനാട്ട് പ്രോജക്ടിലേക്കു മുപ്പതു ലക്ഷത്തി അൻപത്തിആറായിരം രൂപായും നെയ്യാററിൻകര വിളവംകോട്ട പ്രോജക്ടിലേക്കു മുപ്പത്തിരണ്ടുലക്ഷത്തി തൊണ്ണൂററിമൂവായിരം രൂപായും ഇങ്ങനെ രണ്ടു പ്രോജക്ടുകളും ചേർത്തു് ഒരു ബഡ്ജററാണു സ്വീകരിച്ചിട്ടുള്ളതു്. അതിലേക്കു് ഓരോ സംഗതികൾക്കും ആവശ്യമുള്ള പ്രത്യേക തുകകൾ ഡീറെറയിൽഡ് ബഡ്ജററിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. അതും ടെൻററീവ് ആണ്. ആ കാരണംകൊണ്ടാണ് ഒരോ ബഡ്ജററ് ഡീറെറയിൽസും പറയാതെയിരുന്നതു്.

<u>ശ്രീ. എ. താണുപിള്ള</u>: ബഡ്ജററിൽ ൪൭ ലക്ഷം കൊള്ളിച്ചിരിക്കുന്നതല്ല യഥാർത്ഥത്തിൽ ൬൭ ലക്ഷം വരുമെന്നാണോ പറയുന്നതു്.

<u>ശ്രീ. എ. ജെ. ജാൺ</u>: ൬൭ ലക്ഷം രൂപായാണ്. ഈ പ്രോജക്ടുകൾക്കു ആവശ്യമുള്ള ചെലവ് ൬൭ ലക്ഷം രൂപയാണ്. അപ്പോൾ രണ്ടുംകൂടി ൧൩൪ ലക്ഷം രൂപാ വരും. ഈ തുക ൨ ബ്ലോക്കുകൾ വീതമുള്ള രണ്ടു് പ്രോജക്ററുകൾക്കാണ്. രണ്ടു ബ്ലോക്കുകളാണ് ഇപ്പോൾ ആരംഭിച്ചിരിക്കുന്നതു്. ഒരു ബ്ലോക്കിൽ വരുത്തേണ്ട എല്ലാ ജോലികളും അതിലേക്കു എടുക്കാനുള്ള എല്ലാ കാര്യങ്ങളും അതിലേക്കുള്ള ബഡ്ജററുതയ്യാറാക്കിയതിൽ പ്രത്യേകം പറഞ്ഞിട്ടുണ്ടു്. അതനുസരിച്ചുതന്നെയാണ് രണ്ടു വർഷവും തുക തരുമെന്നുവ്യവസ്ഥ ചെയ്തിരിക്കുന്നതു്.

<u>ശ്രീ. എ. താണുപിള്ള</u>: ഈ ൬൭ ലക്ഷം രൂപാ എത്ര വർഷത്തേക്കാണ്?

ശ്രീ. ഏ. ജെ. ജാൺ: മൂന്നുവർഷംകൊണ്ടാണു് തരുന്നതു്. അതിൽ ആദ്യം ഒരു ബ്ലോക്കും പിന്നെ രണ്ടും മൂന്നും ബ്ലോക്കുകൾ ഒരുമിച്ചുമാണു്. സ്റ്റേററു് ഹെഡ്ക്വാർട്ടേഴ്സിൽ ഉള്ള ആഫീസുകൾക്കു് ൫൮,൦൦൦ രൂപാ എന്നു പറഞ്ഞിരുന്നതു അച്ചടിപ്പിശകാണു്. ആഫീസേഴ്സ് എന്നാണു് ചേർക്കേണ്ടിയിരുന്നതു്. അവിടെ ഒരു ആഫീസർക്കു ൯൫൦ മുതൽ ൧൫൦ രൂപാവരെയുള്ള ശമ്പളവും ഒരു ഫൈനാൻഷ്യൽ അസിസ്റ്റൻറിനു ൨൦൦ മുതൽ ൫൦൦ രൂപാവരെ ശമ്പളവുമാണു്. അതെല്ലാം കൂടി ചേർത്താണു് ഈ തുക.

ശ്രീ. ഏ. താണുപിള്ള: അതു് അങ്ങിനെയാണെങ്കിൽ എനിക്കു് ആക്ഷേപമില്ല.

ശ്രീ. ഏ. ജെ. ജാൺ: ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ അങ്ങിനെ ചൂണ്ടിക്കാണിച്ചതു വളരെ ശരിയാണു്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അതിൽ ഒരു ഭാഗത്തു് ആഫീസർമാർക്കു് ശമ്പളമായി ൯൩,൦൦൦ രൂപാ ചേർത്തിട്ടുണ്ടു്. അതു് എന്താണു്?

ശ്രീ. ഏ. ജെ. ജാൺ: അതു ഹെഡ്ക്വാർട്ടേഴ്സ് സ്റ്റാഫിൽ പെട്ട മററ ഉദ്യോഗസ്ഥന്മാർക്കുവേണ്ടിയാണു്. ഇങ്ങനെ ചോദ്യം ചോദിച്ചാൽ എനിക്കു സമയം കിട്ടുകയില്ല. എനിക്കിതിനെ സംബന്ധിച്ചു കുറച്ചുകൂടി സംസാരിക്കാനുണ്ടു്. അതുകൊണ്ടു് ചോദ്യങ്ങൾക്കു അവസാനം ഞാൻ മറുപടി പറയാം. ഇപ്പോൾ പറഞ്ഞാൽ എനിക്കു പ്രസ്താവിക്കാനുള്ളതു് പ്രസ്താവിക്കുവാൻ സാധിക്കാതെ വന്നേക്കും. ഇതുപോലെ ബഡ്ജററു് അനുവദിച്ചു് ഇപ്പോൾ സ്റ്റേററു് ഹെഡ്ക്വാർട്ടേഴ്സ് സ്റ്റാഫിലേക്കു് രണ്ടുലക്ഷത്തി തൊണ്ണൂറായിരം രൂപയും പ്രാജക്ട് ഹെഡ്ക്വാർട്ടേഴ്സിലേക്കു നാലുലക്ഷത്തി തൊണ്ണൂററി ഏഴായിരം രൂപായും കൊള്ളിച്ചിട്ടുണ്ടു്. ഞാൻ ഇതെല്ലാം പറയുന്നതു ഇതെല്ലാം ചെയ്യാൻതന്നെയാണു് തീരുമാനിച്ചിരിക്കുന്നതെന്നറിയിക്കാനാണു് വിശദവിവരങ്ങൾ പറയുന്നതുകൊണ്ടു് പിന്നീടു അവയെപ്പററി ചോദ്യം ചോദിക്കുന്നതിനു അവകാശം കിട്ടുന്നതായിരിക്കുമല്ലോ.

പ്രോജക്ററു് സംബന്ധിച്ചു ജോലികൾ ആരംഭിക്കുന്നതിനു കുറെ താമസം നേരിട്ടു എന്നു പറയുന്നതു ശരിയാണു്. ഇതു സംബന്ധിച്ചു് ബഡ്ജററു് തയാറാക്കുന്നതിനു മുൻപു് ഈ രണ്ടു പ്രാജക്ടുകളിൽ എന്തെല്ലാം സംഗതികൾ ചെയ്യണമെന്നുള്ളതിനെക്കുറിച്ചു് അന്വേഷിച്ചു. അതിൻെറ ഫലമായി ഒരു സ്റ്റേററുമെൻറു തയ്യാറാക്കികൊണ്ടുവന്നിട്ടുണ്ടു്. അതു ഞാൻ വായിക്കാം.

	Rs.
Agricultural Supplies Scheme	.. 3,00,000
Rural reconstruction centres	.. 45,000
Markets	.. 45,000
Tractors	.. 75,000
Agricultural Extension Sub-Headquarters	.. 30,000
Dry Cattle Farm	.. 1,00,000

[ശ്രീ. എ. ജെ. ജാൺ]

	Rs.
Veterinary Dispensaries and artificial Insemination centres	.. 60,000
Poultry Farm	.. 10,000
Cattle shows	.. 5,000
Jeep	.. 14,000
Demonstration equipment and miscellaneous	.. 15,000
Irrigation	.. 1,50,000
Reclamation	.. 2,00,000
Primary Health Centres	.. 1,35,000
Drinking water supply	.. 2,50,000
Latrines and bathing ghats	.. 75,000
Mobile Health Van	.. 42,000
Jeep	.. 14,000
Rural housing	.. 75,000
Conversion of existing primary schools into Basic type	.. 60,000
Equipment grants to Schools	.. 15,000
Jeep	.. 14,000
Community recreation centres	.. 30,000
Adult literacy and libraries	.. 30,000
Mobile Van and Publicity	.. 40,000
Construction of roads	.. 5,00,000
Foot bridges	.. 90,000
Road bridges	.. 1,50,000
Canals, etc.	.. 1,00,000
Ferry boats	.. 3,000

[3 P. M.]

ഇങ്ങനെ ശരിപ്പെടുത്തിയതിനുശേഷം ഇതിന്റെ മൂന്നിലൊന്നു മാത്രമാണ് ഈ ആണ്ടിൽ ചെലവാക്കാൻ നിശ്ചയിച്ചിരിക്കുന്നതു്. ബാക്കിയുള്ള മൂന്നിൽ രണ്ടു ഭാഗവും മററു രണ്ടു ബ്ലോക്കുകളിലും ഉള്ള ജോലികൾ തുടങ്ങുമ്പോൾ അനുവദിക്കുന്നതായിരിക്കും. ഈ തുകകൾ ചാലക്കുടി പ്രോജക്ട്സ്കീമിനു ൩൪.൪൪ ലക്ഷം രൂപയും നെയ്യാററിൻകര-വിളവംകോട്ടു സ്കീമിനു ൩൩ ലക്ഷം രൂപയുമാണ് അനുവദിച്ചിട്ടുള്ളതു്. ഇതിലേക്കുവേണ്ടി ചെലവാക്കുന്നതിനുള്ള ഇനങ്ങൾക്കു് ഒരു ലിസ്ററുണ്ടു്. അവ—

1. Irrigation
2. Reclamation
3. Rural Housing
4. Arts and Crafts
5. Fisheries
6. Rural Electrification
7. Cottage Industries.

എന്നിവയാണ്. അതിനുശേഷം ഫിഷറീസ് സംബന്ധിച്ചും കാട്ടേജ് ഇൻഡസ്ട്രീസ് സംബന്ധിച്ചും ഉള്ള സംഗതികൾ അടുത്ത ദിവസംതന്നെ

സീ. പീ. ഏ.-ക്കാരും ആയി ആലോചിച്ചു ഒരു സ്കീം തയാറാക്കി ഇൻഡ്യാഗവണ്മെൻറിലേക്കയച്ചിട്ടുണ്ട്. ആ സ്കീം ഇതാണ്. ഈ സ്കീം പ്രോജക്ററ് എക്സിക്യൂട്ടീവ് ആഫീസറന്മാരും ഫിഷറീസ് ഡയറക്ടരുമായി ആലോചിച്ച് തയാറാക്കിട്ടുള്ളതാണ്. മിക്കവാറും ഇൻഡ്യാഗവണ്മെൻറ് ഇതുതന്നെ സ്വീകരിക്കുവാനും ഇടയുണ്ട്. സ്കീമിൽ ആദ്യമായി പറഞ്ഞിരിക്കുന്നതു് നെയ്യാററിൻകര-വിളവംകോട്ട പ്രോജക്ററിനെപ്പററിയാണ്. അതുപോലെ തന്നെ കടിൽ... സായ... സംബന്ധിച്ചും ഒരു സ്കീം തയാറാക്കിയിട്ടുണ്ട്. നെയ്യാററിൻകര വിളവംകോട്ട് പ്രോജക്ററിൽ നടപ്പിലാക്കേണ്ട പ്രോഗ്രാമാണ് ആദ്യമായി തയാറാക്കിയതു്. ഒന്നാമത്തതു് ഹാൻറ്ലൂം ഇൻഡസ്ട്രിയെപ്പററിയാണ്. പ്രോജക്ററ് ഏരിയായിൽ ഇപ്പോൾ ഇരുപത്തയ്യായിരം കൈത്തറികൾ ഉണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഇവക്ക് മാർക്കെററിംഗിനും മററും വളരെ സൗകര്യം ഉണ്ടാകണമെങ്കിൽ വേണ്ടപോലെ ബ്ളീച്ചു ചെയ്യുന്നതിനും മററും സൗകര്യം ലഭിക്കണം. അതിലേക്കു നെയ്യാററിൻകരയിൽ ഒരു കലണ്ടറിംഗും ബ്ളീച്ചിംഗും പ്ലാൻറ് സ്ഥാപിക്കണമെന്നും അതിലേക്കു രണ്ടു ലക്ഷം രൂപാ ചെലവാക്കണമെന്നും ഉദ്ദേശിക്കുന്നു. അങ്ങനെ പ്ലാൻറ് സ്ഥാപിച്ച് അവിടെ കൈത്തറിവസ്ത്രങ്ങൾ ബ്ളീച്ചു ചെയ്യുകയാണെങ്കിൽ വസ്ത്രങ്ങൾക്ക് നല്ല മാർക്കററ് കിട്ടുമെന്നാണ് വിദഗ്ദ്ധന്മാരുടെ അഭിപ്രായം. ഇപ്പോൾ ഈ പ്ലാൻറ് സ്ഥാപിക്കുവാൻ പര്യാപ്തമായ സഹകരണസംഘങ്ങൾ ഇല്ലാത്തതിനാൽ തൽക്കാലം കമ്മ്യൂണിററി പ്രോജക്ററുകയായിത്തന്നെ ഈ പ്ലാൻറ് സ്ഥാപിക്കണമെന്നാണ് തീരുമാനിച്ചിരിക്കുന്നതു്. താമസിയാതെതന്നെ ഇതിലേക്കു എല്ലാ സ്ഥലങ്ങളിലും സഹകരണസംഘങ്ങൾ ഉണ്ടാക്കുന്നതിനും ശ്രമിക്കുന്നതാണ്.

അടുത്തതായി തേനീച്ചവളർത്തലാണ്. അതിലേക്കു ഇരുപതിനായിരം രൂപാ മാററിവച്ചിട്ടുണ്ട്. ഇതിലേക്കു വേണ്ട മാർക്കററ് ഉണ്ടാക്കുക മുതലായ ജോലികൾ ഇവിടത്തെ കുടിൽവ്യവസായബോർഡു് നടത്തുന്നതാണ്. മറെറാന്ന് പാംഗർ ഇൻഡസ്ട്രിയാണ്. ബഹുമാനപ്പെട്ട പാറശ്ശാലമെംബർ ഇതുസംബന്ധിച്ച് ഇവിടെ പ്രസ്താവിച്ച കാര്യം ശരിയാണ്. ഇതിനാവശ്യമുള്ള വിറകു ശരിയായി കിട്ടുന്നില്ലെന്നും കിട്ടുന്നതുതന്നെ വില കൂടുതലായിട്ടാണെന്നും അദ്ദേഹം പറഞ്ഞു. അതിലേക്കു ഗാല്പത്തിനാലായിരം രൂപാ ചെലവുചെയ്തു രണ്ടു ലോറി വാങ്ങി ഈ വിറകു ആവശ്യക്കാർക്കു എത്തിക്കണമെന്നാണ് ഉദ്ദേശിക്കുന്നതു്. ഈ വിറകു കൊടുക്കുന്നതിലേക്കു ഒരു സഹകരണസംഘം സ്ഥാപിക്കണമെന്നും അവർ ന്യായമായ വിലക്കു പാംഗർ വർക്കേഴ്സിന് വിറകു കൊടുക്കണമെന്നും അതിൽ എന്തെങ്കിലും നഷ്ടം സൊസൈററിക്കു ഉണ്ടാകുന്നപക്ഷം അതിന്റെ പകുതി തുക നൽകിക്കൊള്ളാമെന്നു ഇൻഡ്യാഗവണ്മെൻറിന്റെ അഗ്രികൾച്ചറൽ മിനിസ്ട്രി സമ്മതിച്ചിട്ടുണ്ടെന്നുംകൂടി ഞാൻ സഭയെ അറിയിച്ചുകൊള്ളുന്നു. പനയുടെ ഓലകൊണ്ടുള്ള വ്യവസായത്തിലേക്കായി അയ്യായിരം രൂപാ നീക്കിവച്ചിട്ടുണ്ട്. അടുത്തതു് കോഴിവളർത്തലാണ്. അതിപ്പോൾ തന്നെ ആരംഭിച്ചിട്ടുണ്ട്. അതു കുറെക്കൂടി അഭിവൃദ്ധിപ്പെടുത്തണമെന്നും വിചാരിക്കുന്നുണ്ട്. അടുത്തതു് ആയിൽക്രഷിംഗ് ആണ്. ഇപ്പോൾ പ്രോജക്ററ് ഏരിയായിൽ ഏകദേശം ൫൦൦ ചക്കുകൾ ഉണ്ട്.

[ശ്രീ. എ. ജെ. ജാൺ]

എന്നാൽ അവ ആദായകരം അല്ലെന്നു കണ്ടതിനാൽ വാർദ്ധായിൽ പോയി പുതിയ ചക്കുകളുടെ പ്രവർത്തനരീതി മനസ്സിലാക്കി ആ നിലയിലുള്ള ചക്കുകൾ ഉണ്ടാക്കേണ്ടതുണ്ട്. അതിലേക്കു മുപ്പതിനായിരം രൂപാ നീക്കിവച്ചിട്ടുണ്ട്. വേറൊന്നു മൺപാത്രവ്യവസായമാണ്. ഏകദേശം മൂവായിരം കുടുംബങ്ങളാണ് ഈ തൊഴിലുകൊണ്ടു ജീവിക്കുന്നതു്. അവക്ക് ഇന്നത്തെ നിലയ്ക്കു ആദായകരമായി ജോലി ചെയ്യാൻ സാദ്ധ്യമല്ലാത്തതുകൊണ്ടു ഗവണ്മെന്റ് നല്ല കളിമണ്ണുള്ള സ്ഥലങ്ങൾ പാട്ടത്തിനെടുത്തു ഈ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുവാനാണുദ്ദേശിക്കുന്നതു്. ഇതിലേക്കു മുപ്പതിനായിരം രൂപാ മാററിവച്ചിട്ടുമുണ്ട്. ഇത്രയും സംഗതികളാണ് നെയ്യാററിൻകര വിളവംകോടുപ്രോജക്റ്റ് ഏരിയായിൽ ചെയ്യുവാനുദ്ദേശിക്കുന്നതു്. ഇതിനുംപുറമെ ട്രെയിനിംഗ് സംബന്ധിച്ചും ചിലതൊക്കെ ചെയ്യുവാനുദ്ദേശിക്കുന്നുണ്ട്. ഹാൻഡ്ലൂം, ഹോസിയറി, ഇതുസംബന്ധിച്ചുള്ള ട്രെയിനിംഗിനായി നാല്പതിനായിരം രൂപാ നീക്കിവച്ചിട്ടുണ്ട്. പവ്വർലൂം മെഷീൻസും വാങ്ങിക്കണമെന്നുദ്ദേശിക്കുന്നുണ്ട്. അടുത്തതു് പ്രിൻറിംഗാണ്. ഇതിലേക്കു ൯ പ്രിൻറിംഗ് മെഷീൻസ് വാങ്ങിക്കണമെന്നുദ്ദേശിക്കുന്നുണ്ട്. അതിലേക്കു രണ്ടായിരം രൂപാ നീക്കിവച്ചിരിക്കുന്നു. അതുപോലെതന്നെ ആണി ഉണ്ടാക്കുന്നതു അഭ്യസിപ്പിക്കുന്നതിനായി എലക്ട്രിസിററികൊണ്ടോടുന്ന വില കുറഞ്ഞ രണ്ടു യന്ത്രങ്ങൾ വരുത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. അതിലേക്കു ഇരുപത്തയ്യായിരം രൂപാ കൊള്ളിച്ചിട്ടുണ്ട്. പിന്നീട് ആശാരി, മൂശാരി, കൊല്ലൻ, തട്ടാൻ ഇവക്ക് വേണ്ട ട്രെയിനിംഗ് കൊടുക്കുവാനും വ്യവസ്ഥ ചെയ്യുന്നുണ്ട്. അവരുടെ കുടുംബങ്ങളിലുള്ള കുട്ടികൾക്ക് വേണ്ട അഭ്യസനം നൽകുവാനാണുദ്ദേശിക്കുന്നതു്. ഇതിലേക്കു രണ്ടു ലക്ഷം രൂപാ മാററിവച്ചിരിക്കുകയാണ്. ഒരു ലക്ഷം രൂപാ ഇവരുടെ ആവശ്യത്തിലേക്കു ചെറിയ ആയുധങ്ങൾ വാങ്ങാനും മററുമായി മാററിവച്ചിട്ടുണ്ട്. കമ്മ്യൂണിററി പ്രോജക്റ്റ് ഏരിയാക്കകത്തു എലക്ട്രിഫിക്കേഷൻ വരുത്തുന്നതിനുവേണ്ടി രണ്ടു ലക്ഷം രൂപയും ചെലവാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇത്രയുമാണ് കുടിൽവ്യവസായത്തെ സംബന്ധിച്ച് ചെയ്യുവാൻ വിചാരിക്കുന്നതു്.

അടുത്തതു് ഫിഷറീസാണ്. ഇതേപ്പററി അല്പം ഞാൻ മുൻപു പറഞ്ഞു. ഇവിടത്തെ ഫിഷറീസ് ഡയറക്ടർ പ്രോജക്റ്റ് എക്സിക്യൂട്ടീവ് ആഫീസറന്മാരുമായി ആലോചിച്ച് തയാറാക്കിയ ഒരു സ്കീമാണിതു്. ഇതിലേക്കു കോവപ്പറേറീവ് ഫിഷിംഗ് സൊസൈററികൾ സ്ഥാപിക്കണമെന്നാണ് ഉദ്ദേശിക്കുന്നതു്. അതിലേക്കു ആവശ്യമുള്ള വള്ളങ്ങളും തടികളും എല്ലാം സൊസൈററി വാങ്ങണമെന്നും എന്നാൽ മീൻ പിടിക്കുന്നവർ ആ സാധനങ്ങൾ ഉപയോഗിക്കുന്നതിനു അനുവദിക്കണമെന്നുമാണ് വ്യവസ്ഥ. എന്നാൽ അവർ ഈ വ്യവസ്ഥയോടു യോജിക്കുന്നില്ലെന്നും, ഇപ്പോൾ തുടർന്നുകൊണ്ടുപോകുന്ന രീതി തന്നെ അനുവർത്തിച്ചുപോരുകയാണ്; നല്ലതെന്നും, അഭിപ്രായപ്പെടുന്നു. അതുകൊണ്ട് ഇതുസംബന്ധിച്ചുള്ള വിദഗ്ദ്ധന്മാരുമായി ആലോചിച്ചു ഒരു പദ്ധതി നടപ്പിൽവരുത്തുവാനാണ് ഉദ്ദേശിക്കുന്നതു്.

അടുത്തതായി എനിക്കു പറയുവാനുള്ളതു കുന്നത്തുനാടു ചാലക്കുടി സ്കീമിനെപ്പററിയാണു്. ഇവിടെ നെയ്യാററിങ്കര വിളവംകോടു അതൃത്തിയിലുള്ളതുപോലെ കൈത്തറികൾ അധികം ഇല്ല. അതുകൊണ്ടു് കൈത്തറികൾ സ്ഥാപിച്ചു് ആ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിലേക്കു ഒരുലക്ഷത്തിഅൻപതിനായിരം രൂപ നീക്കിവച്ചിട്ടുണ്ടു്. ബാംബൂ ഇൻഡസ്ട്രീസിനെ അഭിവൃദ്ധിപ്പെടുത്തുന്നതിനായി ഉദ്ദേശിക്കുന്നുണ്ടു്. കാട്ടിൽ ചെന്നു് ഈററ വെട്ടിക്കൊണ്ടുവരുന്നതിനു് ലൈസൻസ് സിസ്റ്റം ഏർപ്പെടുത്തിയും, ഒരു ലോറി വാങ്ങിക്കുന്നതിലേക്കു് ഇരുപത്തീരായിരം രൂപ കൊള്ളിച്ചിട്ടുള്ളതിനാൽ കാട്ടിൽനിന്നു ശേഖരിച്ച ഈററകൾ അതുകൊണ്ടു വ്യവസായം ചെയ്യുന്നവക്കു എത്തിച്ചുകൊടുക്കുവാനായി സൗകര്യപ്പെടുത്തിയും, പ്രത്യേകം സഹകരണസംഘങ്ങൾ സ്ഥാപിച്ചും ഫോറസ്റ്റ് റിസേർച്ചു് ഇൻസ്റ്റിററ്യൂട്ടിൽ ഇതു സംബന്ധിച്ചുള്ള ഗവേഷണങ്ങൾ നടത്തിയും ഈ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുവാനാണുദ്ദേശിക്കുന്നതു്. ഇവിടത്തെ കുടിൽവ്യവസായ ബോർഡു ഇതു സംബന്ധിച്ചുള്ള എല്ലാ സഹായങ്ങളും ചെയ്യുന്നതായിരിക്കും. ഈററകൊണ്ടുള്ള പലവിധ സാധനസാമഗ്രികൾ നിർമ്മിക്കുകയും അവയ്ക്കു മാക്കററു കണ്ടുപിടിക്കുകയും ചെയ്യുന്നതാണു്. അതിലേക്കുള്ള എല്ലാ ശ്രമങ്ങളും ബോർഡുചെയ്യുന്നതായിരിക്കും. നെയ്യാററിങ്കര സ്കീമിൽ പറഞ്ഞിട്ടുള്ള മററു വ്യവസായങ്ങളും ഇവിടെ നടപ്പിൽവരുത്തുവാൻ ആലോചിക്കുന്നുണ്ടു്. അതിനാവശ്യമുള്ള തുക നീക്കിവച്ചിട്ടുമുണ്ടു്. ഇവിടത്തെ അലൂമിനിയം ഫാക്ടറി നമ്മുടെ രാജ്യത്തിനു ഒരു അസ്സററാണു്. അതു സംബന്ധിച്ചുള്ള, അതായതു അലൂമിനീയംകൊണ്ടു പാത്രങ്ങൾ ഉണ്ടാക്കുവാനുള്ള സമ്പ്രദായങ്ങൾ പഠിക്കുന്നതിലേക്കും അതുപോലെ മററു വ്യവസായ സംബന്ധമായ സാമഗ്രികൾ ഉണ്ടാക്കുന്നതിനും ഉപയോഗിക്കുന്നതിനും ഉള്ള മാർഗ്ഗങ്ങൾ അഭ്യസിക്കുന്നതിലേക്കും മററുമായി ഇവിടെ മൂന്നു ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ടു്.

ഇവിടെ ഇതു സംബന്ധിച്ചു് ഒരു ജോലിയും ചെയ്തിട്ടില്ലെന്നു തോവാള—അഗസ്തീശ്വരം മെമ്പർ പറഞ്ഞു. അതു ശരിയല്ല. ഇതിന്റെ ഉദ്ദേശം ഇപ്പോൾ നിലവിലിരിക്കുന്ന റോഡുകളെയും തോടുകളെയും മാററിമറിക്കുക എന്നുള്ളതാണെന്നും പറഞ്ഞു. അതും ശരിയല്ല. ജനങ്ങളുടെ പരിപൂർണ്ണമായ സഹകരണമാണു് ഏതു പ്രസ്ഥാനത്തിന്റേയും വിജയത്തിനു ആവശ്യമായിട്ടുള്ളതു്. ജനങ്ങളുടെ സഹകരണം ഇല്ലാതെ ഈ പ്രസ്ഥാനവും വിജയിക്കുകയില്ലെന്നു ഗവണ്മെൻറിനു നല്ലതുപോലെ അറിയാം. ബഹുമാനപ്പെട്ട കോട്ടയം മെമ്പർതന്നെ ജനക്ഷേമകരമായ പ്രവർത്തനങ്ങളിൽ തങ്ങൾ തീർച്ചയായും സഹകരിക്കുന്നതാണെന്നു ഉറപ്പു നൽകിയപ്പോൾ എന്നെപ്പോലെയുള്ളവക്കു വളരെ സന്തോഷം തോന്നി. ഗവണ്മെൻറുമായി കമ്മ്യൂണിസ്ററുകാർ സഹകരിക്കാൻ പോകുന്നല്ലോ എന്നു ഞാൻ സന്തോഷിച്ചു. അടുത്ത നിമിഷത്തിൽ അദ്ദേഹം പറഞ്ഞു, ഈ കമ്മ്യൂണിററിപ്രോജക്ടു ഇവിടെ ഒരു ഗുണവും ചെയ്യാൻ പോകുന്നില്ല; അമേരിക്കക്കാർ, ഇവിടെയുള്ള വിഭവങ്ങൾ മുഴുവനും കൊള്ള ചെയ്തുകൊണ്ടു പോകുവാൻ എടുത്തിരിക്കുന്ന ഒരു പദ്ധതിയാണു് ഇതു് എന്നു്. ഈ പ്രസ്താവനകൾ ശരിയല്ല. കുന്നത്തുനാടു്—ചാലക്കുടി പ്രോജക്ടിലും അതുപോലെ വിളവംകോടു്—നെയ്യാററിൻകര പ്രോജക്ടിലും ലഭിച്ചിട്ടുള്ള റിപ്പോർട്ടു് പ്രോത്സാഹജനകമാണു്.

[ശ്രീ. എ. ജെ. ജാൺ.]

"Public Co-operation : Public Co-operation in all the above works was encouraging. Unskilled labour was done by the people free and land was surrendered free of cost."

അവിടെ ജനങ്ങൾ യാതൊരു പ്രതിഫലവും വാങ്ങാതെയാണ് ജോലി ചെയ്യുന്നതു്. ബഹുമാനപ്പെട്ട കോട്ടയം മെംബർ ഈ രണ്ടു സ്ഥലത്തും എന്തൊക്കെ ജോലികളാണു നടത്തുന്നതെന്നു ആർക്കും നിശ്ചയമില്ലെന്നു പറഞ്ഞു. അദ്ദേഹം അതിനെപ്പററി അന്വേഷിക്കാഞ്ഞതുകൊണ്ടുമാത്രമാണ് അങ്ങനെ അഭിപ്രായപ്പെട്ടതെന്നേ എനിക്കു പറയുവാനുള്ളു.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ബഹുമാനപ്പെട്ട മെംബർ ശ്രീ. ചന്ദ്രശേഖരപിള്ള പറഞ്ഞകാര്യത്തിനു കൂടി മറുപടി പറഞ്ഞാൽ കൊള്ളാമായിരുന്നു.

ശ്രീ. എ. ജെ. ജാൺ: റഷ്യയിലെപ്പോലെ ഇവിടെ ഒരുകാര്യവും വിചാരിക്കുന്ന നിമിഷത്തിൽ നടത്താൻ ഒക്കുകയില്ല. ഒരു കുളം തന്നെ നന്നാക്കണമെങ്കിൽ അതിനു് ഡിമോക്രാററിക്ക് സമ്പ്രദായത്തിൽതന്നെയുള്ള നടപടികൾ നടത്തി മാത്രമെ അതു ചെയ്യുവാനൊക്കുകയുള്ളു. അല്ലാതെ കുറെ പട്ടാളക്കാരെ ഇറക്കിവിട്ടു ഉടനടി കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുവാൻ ഇവിടെ ഒക്കുകയില്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഞാൻ പറഞ്ഞതു അഡ്വൈസറി കമ്മററിയോടു ചോദിക്കാതെയും അതിലെ അംഗങ്ങളെ അറിയിക്കാതെയും ചില കാര്യങ്ങൾ നടക്കുന്നു എന്നു അദ്ദേഹം പറഞ്ഞതിനെപ്പററിയാണ്.

ശ്രീ. എ. ജെ. ജാൺ: അങ്ങിനെ പറയത്തക്കവണ്ണം ഒന്നും ഉണ്ടായിട്ടില്ല.

അതുകൊണ്ടു് ഞാൻ എന്റെ കമ്മ്യൂണിസ്ററു സ്നേഹിതന്മാരോടു അപേക്ഷിക്കുന്നതു് നിങ്ങൾ രാജ്യത്തിന്റെ ക്ഷേമത്തെകരുതി ഗവൺമെൻറുമായി എല്ലാ കാര്യത്തിലും സഹകരിക്കുന്നതായിരിക്കും നല്ലതെന്നാണ്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഞങ്ങളെ മനഃപൂർവ്വം ഗവൺമെൻറു സഹകരിപ്പിക്കാതെയിരുത്തുകയല്ലേ ചെയ്യുന്നതു് ?

ശ്രീ. എ. ജെ. ജാൺ: ഗവൺമെൻറു എപ്പോഴും ജനങ്ങളുടെ സഹകരണം ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ സ്കീം വിജയിപ്പിക്കുന്നതിലേക്കു ആവശ്യമായ വിധത്തിൽ സഹകരിക്കാമെന്നു വാഗ്ദാനംചെയ്താൽ കമ്മ്യൂണിസ്ററു സഖാക്കളെ കമ്മററികളിൽ എടുക്കുവാൻ സമ്മതമാണ്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: എന്നാൽ പിന്നെ ചാലക്കുടി കമ്മ്യൂണിററി പ്രോജക്ടിലെ കമ്മററിയിൽ ഒരൊററ കമ്മ്യൂണിസ്ററു മെമ്പറെപ്പോലും എടുക്കാതിരുന്നതു എന്തുകൊണ്ടാണ് ?

ശ്രീ. എ. ജെ. ജാൺ: കമ്മ്യൂണിററി പ്രോജക്ടു സ്കീമിൽ അവർ സഹകരിക്കുകയില്ല എന്നു പറഞ്ഞതുകൊണ്ടു്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഇതിനുവേണ്ടി ചെലവാക്കുന്ന പണം സ്വന്തം അല്ലല്ലോ? സ്റ്റേററിന്റെ വകയല്ലേ? ആ നിലക്കു് അഭിപ്രായവ്യത്യാസം ഉണ്ടായാലും സഹകരണം ഇല്ലെന്നു പറഞ്ഞാലും കമ്മ്യൂണിസ്റ്റ്പാർട്ടിയിൽപ്പെട്ട ആളുകളെക്കൂടി ആ കമ്മററിയിൽ ഉൾപ്പെടുത്തേണ്ടതു ഗവണ്മെന്റിന്റെ കടമയല്ലേ?

ശ്രീ. എ. ജെ. ജാൺ: ഗവണ്മെന്റിന്റെ കടമ എന്താണെന്നു ഗവണ്മെന്റിനറിയാം.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അവരവക്കു ഇഷ്ടം എന്നു തോന്നുന്നതല്ല കടമ.

Mr. Speaker: Order, order Please. I cannot tolerate this. We must have orderly behaviour in this House.

ശ്രീ. എ. ജെ. ജാൺ: അതുപോലെതന്നെ വിളവംകോട്ടു താലൂക്കിലുള്ള കുളങ്ങളെല്ലാം നന്നാക്കണമെങ്കിൽ പെട്ടെന്നു സാദ്ധ്യമല്ല. അതിനുവേണ്ട നടപടികളെല്ലാം എടുത്തതിനുശേഷമെ സാധിക്കയുള്ളു. നന്നാക്കിയിട്ടുള്ള കുളങ്ങൾതന്നെ അവിടെയുള്ളവർ സൂക്ഷിക്കുന്നില്ല. എന്നിരുന്നാലും നിവർത്തിയുള്ളിടത്തോളം കുളങ്ങൾ നന്നാക്കാനുള്ള നടപടികളെടുക്കണമെന്നുതന്നെയാണു് ഗവണ്മെന്റു വിചാരിക്കുന്നതു്. അതുകൊണ്ടു എനിക്കു അവസാനമായി പറയാനുള്ളതു് രാജ്യത്തിന്റെ അഭിവൃദ്ധിയെ ഉദ്ദേശിച്ചു് ബഹുമാനപ്പെട്ട കമ്മ്യൂണിസ്റ്റ് സഖാക്കളെല്ലാം ഒത്തൊരുമിച്ചു് വേണ്ട സഹകരണങ്ങൾ ചെയ്തുതരണമെന്നാണു്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഞങ്ങളെ സഹകരിപ്പിക്കാതിരിക്കയല്ലെ ചെയ്യുന്നതു്? ഈ സ്റ്റേററിന്റെ പണം ചെലവാക്കി നടത്തുന്ന ഒരു പദ്ധതിയിൽ ഇവിടത്തെ ജനപ്രതിനിധികളെ എങ്ങനെ അവഗണിച്ചുയെന്നു് ഞാൻ ചോദിക്കുന്നു.

ശ്രീ. എ. ജെ. ജാൺ: ജനപ്രതിനിധികളെ സംബന്ധിച്ചു് ഞങ്ങൾക്കു നല്ലതുപോലെ അറിയാം. അതുകൊണ്ടാണല്ലൊ നിങ്ങളുടെ സഹകരണം ഞാൻ അഭ്യർത്ഥിക്കുന്നതു്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഞങ്ങളെ നിങ്ങൾക്കു അറിയാമെങ്കിൽ നിങ്ങൾ എന്തുകൊണ്ടു ഞങ്ങളോടു ആലോചിച്ചില്ല?

Mr. Speaker: Order, order. There must be orderly behaviour in the House. I will not tolerate disorder.

ശ്രീ. എ. ജെ. ജാൺ: അതിനാൽ ഈ പദ്ധതി വിജയിപ്പിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട എല്ലാ മെംബറന്മാരുടെയും സഹായസഹകരണങ്ങൾക്കുവേണ്ടി ഞാൻ അപേക്ഷിക്കുന്നു. ഇത്രമാത്രമെ ഇതിനെപ്പററി എനിക്കു പറയുവാനുള്ളു.

The motion of Shri T. S. Ramaswami was, by leave, withdrawn.

The motion of Shri P. Bhaskaran Nair was put and lost.

The question that the Government be granted a sum of

Rs. 45,00,000 under Demand XXXIII — Community Development Projects-was put and carried.

The grant was made.

DEMAND XXXIV—TRANSPORT SCHEMES

Minister for Works and Transport **(Shri Kalathil Velayudhan Nair) :** I move for a grant of Rs. 1,52,30,000 under Demand XXXIV—Transport Schemes.

Shri K. Kochukuttan : I second the motion.

Shri N. Neelakantaru Pandarathil : I move: To reduce the allotment of Rs. 4,02,900 for Direction by Rs. 100.

സർ, തിരുവിതാംകൂർ-കൊച്ചിയിൽ സ്റ്റേറ്റ് ഉടമയിൽ കൊണ്ടുവന്നിട്ടുള്ള ഏററവും മുഖ്യപ്രധാനമായ ട്രാൻസ്പോർട്ട് വ്യവസായത്തെപ്പററി പ്രതിപാദിക്കുവാനാണ് ഞാൻ ഈ ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നത്.

സർ, ഈ വ്യവസായത്തെപ്പററി പ്രതിപാദിക്കുമ്പോൾ സ്വാഭാവികമായി അതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടേയും സ്റ്റാഫിൻെറയും അവശതകളേയും ദിവസേന യാത്രചെയ്തുകൊണ്ടിരിക്കുന്ന ഒരു ലക്ഷത്തിലധികം വരുന്ന സഞ്ചാരികളായ ആളുകൾക്ക് എന്നല്ല നാട്ടുകാർക്കാകമാനം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന വൈഷമ്യങ്ങളെയും കുറിച്ചും സർവ്വോപരി ഈ ഡിപ്പാർട്ടുമെൻറിൽ നടമാടുന്ന അഴിമതികളെപ്പററിയും പ്രസ്താവിക്കേണ്ടതു് ഒരു ആവശ്യം മാത്രമാണ്.

സർ, ദേശീകരിച്ച ഈ വ്യവസായം സ്റ്റേററിൻെറ ഉടമയിൽ കൊണ്ടുവന്നതു് ആദ്യം സർ സി. പി. യുടെ കാലത്താണ്. അതായതു്, ൧൯൩൮ ഫെബ്രുവരി ൨൦-ാംനു-യാണ്. തിരുവിതാംകൂറിൽ കോൺഗ്രസ്സിൻെറ നേതൃത്വത്തിൽ ദിവാൻ ഭരണത്തിനും രാജവാഴ്ചയ്ക്കും എതിരായി ദേശീയ സമരം അലയടിച്ചുയർന്നിരുന്ന അക്കാലത്തു്, ഇന്നു് ആ മന്ത്രിക്കസേരയിലിരിക്കുന്നവർ കണ്ണൻദേവൻ കമ്പനിയെന്നല്ല പാലാഴിയും വൈകുണ്ഠവും വരെ ദേശീകരിക്കുമെന്നു മൈതാനങ്ങളിൽ കയറി നിന്നു് തട്ടിവിട്ടിരുന്ന അക്കാലത്തു് വളരെ തന്ത്രപരമായും നിശബ്ദമായും സ്റ്റേററിൻെറ ഉടമയിൽ ആക്കിത്തീർത്തതാണ് ഈ വ്യവസായം. അന്നു്, തിരുവനന്തപുരം-നാഗർകോവിൽ-കേപ്പ്, നാഗർകോവിൽ-കുളച്ചൽ എന്നീ ലൈനുകളിൽ ആരംഭിച്ചു് ഒരു മാസത്തിനുള്ളിൽ തിരുവനന്തപുരം സിററി സർവ്വീസും, ഏറെറടുത്തു് ക്രമേണ തിരുവനന്തപുരം—കൊല്ലം റൂട്ട് എന്നിങ്ങനെ വികസിപ്പിച്ചു് ഇന്നോളമായപ്പോൾ ഏകദേശം ൩൫൫ മൈൽ റോഡുകളിൽ മൊണോപ്പളി സ്ഥാപിച്ചു്, ൨൫൩ സാധാരണ ബസ്, ൪൭ എക്സ്പ്രസ്സ് ബസ്, ൫ ഡബിൾ ഡെക്കർ, [illegible] ലോറി എന്നിവയോടുകൂടിയ ൧൩൧.൩ ലക്ഷം രൂപയുടെ അസ്സെററ്സ് ഉള്ളതും [illegible]൦൦൦ പേർക്ക് ജോലി നൽകുന്നതുമായ ഒരു വമ്പിച്ച വ്യവസായ സ്ഥാപനമായി രൂപാന്തരപ്പെടുകയാണ് ചെയ്തിരിക്കുന്നതു്.

ഇനി ഈ വ്യവസായ സ്ഥാപനത്തിലുള്ള അംഗങ്ങളുടെ എണ്ണംകൂടി ഒന്നു പറഞ്ഞുകൊള്ളട്ടെ. സർ, ഈ സ്ഥാപനത്തിൽ,

	എണ്ണം.
മിനിസ്റ്റീരിയൽ	൪൧൯
മെക്കാനിക്കൽ	൧൦൧൭
ഓപ്പറേറ്റിംഗ് സ്റ്റാഫ്	൧൬൬൮
ടെംപററി	൨൯൬
കണ്ടിജൻസി ക്ലീനേഴ്സ്	൨൬൬
ഡയിലിവേജസ്	൪൦൬

എന്നീ വിഭാഗങ്ങളിലായി ആകെ ൪൦൯൦ ജോലിക്കാരാണുള്ളത്. ഇതിൽ എനിക്കാദ്യമായി പറയാനുള്ളത് ഈ വ്യവസായത്തിൽ പണിയെടുക്കുന്ന തൊഴിലാളികളെക്കുറിച്ചുതന്നെയാണ്. എന്തെന്നാൽ, സർ, ഈ വ്യവസായത്തിന്റെ കാതൽ അവരാണ്. ൩൨൧ ബസുകളെ ഉദ്ദേശം ഒരു ദിവസം ൩൭,൦൦൦ മൈൽ അതായത്, ഭൂമിയുടെ ചുററളവിന്റെ മൂന്നിലൊന്നിൽ കൂടുതൽ വരുന്ന ദൂരം ഓട്ടിച്ച് സ്റ്റേററിലേക്ക് ഏററവും വൻപിച്ച ആദായം ഉണ്ടാക്കിക്കൊടുക്കുന്നവരാണ് ഈ തൊഴിലാളികൾ. മറെറാരു രൂപത്തിൽ പറഞ്ഞാൽ ൧൦ ലക്ഷം രൂപയുടെ ഡീസൽ ഓയിലും ൨൦ ലക്ഷം രൂപയുടെ പെട്രോളും ഒഴിച്ചാൽ ഓടുന്ന മൈലേജ് കണക്കാക്കിയാൽ എത്ര വരുമോ അത്രയും വലിയ ഒരു ദൂരം അടുത്ത കൊല്ലത്തിൽ വണ്ടി ഓടിച്ചാണ് അടുത്തകൊല്ലത്തെ ഈ ഡിപ്പാർട്ടുമെന്റിന്റെ റവന്യൂ ൮,൫൦,൦൦൦ രൂപ വരുമാനം ഉണ്ടാക്കിക്കൊടുക്കേണ്ടതും.

സർ, ഈ ഡിപ്പാർട്ടുമെന്റിലെ വരുമാനം ഒന്നു പരിശോധിച്ചു നോക്കുകയാണെങ്കിൽ അടുത്ത ആണ്ടിൽ ൮,൫൦,൦൦൦ രൂപ റവന്യൂ ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നതായി കണക്കു കാണുന്നുണ്ട്. കഴിഞ്ഞ കാലങ്ങളിലെ റവന്യൂവിലേക്ക് നമുക്കൊന്നു തിരിഞ്ഞുനോക്കേണ്ടതാവശ്യമാണ്. ൧ ൧൨൨-ൽ ൨൦ ലക്ഷവും, ൧൨൩-ൽ ൧൮ ലക്ഷവും ൧൨൪-ൽ ൧൫ ലക്ഷവും, ൧൯൭൦-൭൧-ൽ ൨൦ ലക്ഷവും ൭൧-൭൨-ൽ ബഡ്ജററ ചെയ്തിരുന്നത് ൧൭ ലക്ഷവും ആണ്. എന്നാൽ ആക്ച്വൽസ് പ്രകാരം ൯,൯൯,൮൫൫ രൂപയും ൭൨-൭൩-ൽ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളത് ൫,൮൫,൬൦൦ രൂപയും ആണെങ്കിലും പുതുക്കിയ എസ്റ്റിമേററനുസരിച്ച് ൧൧,൭൩,൦൦൦ രൂപ ലഭിച്ചിട്ടുള്ളതായി കണക്കുകൾ കാണിക്കുന്നുണ്ട്. ഈ തോതനുസരിച്ച് ഈ വ്യവസായസ്ഥാപനത്തിലെ അടുത്തകൊല്ലത്തിൽ ഉള്ള വരവ് ആണ് ൮,൫൦,൦൦൦ രൂപ. സർ, ഞാൻ മേൽ ഉദ്ധരിച്ച കണക്കുകളിൽ നിന്ന് ഈ ഡിപ്പാർട്ടുമെന്റിലെ budgeting എത്രമാത്രം വസ്തുനിഷ്ഠമായ യഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടുത്തി നടത്തിയിട്ടുണ്ടെന്നും നടത്തുവാൻ ഈ ഗവണ്മെന്റിനു കഴിവുണ്ടെന്നും തെളിയിക്കുന്നില്ലേ. വൃഥാ ഒരു കണക്കെഴുത്തർപ്പാട്ടു മാത്രമാണ് ഇവരുടെ ബഡ്ജററ തയാറാക്കൽ budgeted amount-ഉം revised estimate-ഉം actuals-ഉം തമ്മിൽ യാതൊരു പൊരുത്തവും കാണാനില്ലാത്തതു കൊണ്ടല്ലേ എന്നു ചിന്തിക്കേണ്ടതാണ്.

[ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ]

സർ, ഞാൻ നൽകിയിട്ടുള്ള മുൻ കൊല്ലങ്ങളിലെ കണക്കനുസരിച്ചു നോക്കുകയാണെങ്കിൽ അതതുതോറും budget പ്രതീക്ഷയിൽ കവിഞ്ഞ വരവുണ്ടാക്കാൻ ഈ ഡിപ്പാർട്ടുമെൻറ മുഖേന സാധിച്ചിട്ടുണ്ടെന്നുള്ളതു് വ്യക്തമാണു്. അതുമാത്രമല്ല, സൽഭരണംമൂലം വളരെയേറെ കൂടുതൽ വരുമാനമുണ്ടാക്കാവുന്നതുമാണു്. ഇനി മറെറാരു കാര്യം പറയാനുള്ളതു്, ഇങ്ങനെ അററാദായം കാണിച്ചിരിക്കുന്നതുതന്നെ ശരിയായ കണക്കുകൂട്ടൽ നടത്തിയല്ല. ൯൦൦൦൦൦ രൂപ മററ വണ്ടികൾക്കുള്ളതുപോലെ ഈ ഡിപ്പാർട്ടുമെൻറ വണ്ടികളിൽ നിന്നും വെഹിക്കിൾ ടാക്സ് ഇനത്തിൽ കണക്കെഴുതുന്നതു കൂടാതെ മെയിൻറനൻസ് റൂട്ടുകളുടെ അററകുററപ്പണി തീർക്കുന്നതിനു ൬൦൦൦൦൦ രൂപയും സ്പെഷ്യൽ സർഫസിംഗ് നടത്തുന്നതിനു ൩. ൬൦൦൦൦ രൂപയും കൂടി ഈ ഡിപ്പാർട്ടുമെൻറിൻെറ ചിലവിനത്തിൽ നീക്കിവച്ചിട്ടുള്ളതു് അത്ര ശരിയല്ല. ഈ സംഖ്യകൾ യഥാർത്ഥത്തിൽ ഈ ഡിപ്പാർട്ടുമെൻറിൻെറ റവന്യൂ ഇനത്തിൽ വരവു കൊള്ളിക്കുകയും ഈ വകയ്ക്കുള്ള ചെലവു് P. W. D. യിൽ കമ്മ്യൂണിക്കേഷൻസ് (roads) ഇനത്തിൽ ചേർക്കേണ്ടതുമായിരുന്നു. പക്ഷെ, ഇങ്ങനെ ചെയ്യാത്തതു് കരുതിക്കൂട്ടിയാണു്. മറെറാരുദ്ദേശംകൂടി അതിൽ ഉണ്ടു്. അതായതു്, ൧൯൫൨-ൽ ന്യൂഡൽഹിയിൽ വച്ചു നടന്ന ട്രാൻസ്പോർട്ടു വകുപ്പു മന്ത്രിമാരുടെ കാൺഫറൻസിൽ വച്ചു സ്റ്റേററടമയിൽ നടത്തുന്ന ട്രാൻസ്പോർട്ടിനെ സംബന്ധിച്ചിടത്തോളം നാലരശതമാനത്തിൽ കൂടുതൽ ലാഭം എടുക്കാൻ പാടില്ലെന്നു് ഒരു തീരുമാനം ചെയ്കയുണ്ടായി. എന്നാൽ നമ്മുടെ ഗവൺമെൻറ് കാൺഫറൻസുകഴിഞ്ഞു വന്നയുടനെ ആ കൊല്ലത്തെ ഡിപ്പാർട്ടുമെൻറ് Administratin report പാസാക്കിയതു് നാലര ശതമാനത്തിനു പകരം ൭൯ ശതമാനം ലാഭമുണ്ടാക്കിയിട്ടുണ്ടെന്നു് അഭിമാനപുരസ്സരം പ്രഖ്യാപിച്ചുകൊണ്ടാണു്. ആ കാൺഫറൻസിലുണ്ടായ തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ ലാഭത്തിനെ പരിമിതപ്പെടുത്താൻ വേണ്ടി ഇങ്ങനെ മററ ഡിപ്പാർട്ടുമെൻറ ചിലവിനങ്ങൾ ഈ ഡിപ്പാർട്ടുമെൻറ ചിലവിനങ്ങളിൽപ്പെടുത്തിയിരിക്കുകയാണു്. എന്നിട്ടുപോലും ഇപ്പോഴും $4\frac{1}{2}$%-ൽ കൂടുതലാണു് ലാഭമെന്നോർക്കേണ്ടതാണു്.

സർ, ഇന്നത്തെ ഡിപ്പാർട്ടുമെൻറിലെ ഭരണരീതി പരിശോധിച്ചു നോക്കിയാൽ തൃപ്തികരമല്ലാത്ത ഒരു നിലയിലാണു് നടക്കുന്നതെന്നു ഗവൺമെൻറുതന്നെ സമ്മതിച്ചിട്ടുണ്ടു്. തൊഴിലാളികളുടെ തുടർച്ചയായ പരാതികളെയും മററും പരിഗണിച്ചും ഡിപ്പാർട്ടുമെൻറ നടത്തിപ്പു് പരിഷ്കരിക്കാൻവേണ്ടി ഗവൺമെൻറിൽ നിന്നും കാര്യങ്ങൾ പര്യാലോചിച്ചും റിപ്പോർട്ടു ചെയ്യുന്നതിലേക്കായി ആദ്യം ഒരു കാപ്പൻ കമ്മററിയെ നിയമിച്ചു. അതിനു ശേഷം കാമ്പിൻസിനെ വരുത്തി. അതുകൂടാതെ ഒരു ഖോസ്ലയിനെ നിയമിക്കുകയുണ്ടായി. ഇങ്ങനെഡിപ്പാർട്ടുമെൻറ്പ്രവർത്തന ദൂഷ്യങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി ഗവൺമെൻറ് എന്തൊക്കെയോ പ്രവർത്തിച്ചു. ഇതെല്ലാമായിട്ടും ഈ വ്യവസായത്തിനഭിവൃദ്ധിയുണ്ടായിട്ടില്ലെന്നുള്ളതു്ഒരു പരമാർത്ഥം മാത്രമാണു്. എന്താണിതരക്കേടു് എന്നു്ആലോചിച്ചാൽ നടത്തിപ്പിൻെറ ലക്ഷ്യത്തിൽതന്നെ മൗലികമായ തകരാറുണ്ടെന്നു കാണാം. സ്റ്റേററടമയിലുള്ള utility concern എന്ന നിലയിൽ നടത്തുന്നതിനു പകരം ജോലിക്കാർക്കു് ജീവിക്കുവാനാവശ്യമായ ശമ്പളം നൽകാതെ അവരെ ഊററിപ്പിഴിഞ്ഞും നാട്ടുകാരെ കൊള്ളയടിച്ചും എങ്ങ

നെയും പണമുണ്ടാക്കണമെന്ന ലക്ഷ്യത്തിൽ പ്രവർത്തിക്കുന്നതും അങ്ങനെ അക്രമവും അഴിമതിയും കൈക്കൂലിയും നടമാടുന്ന കുറെ വൻകിട ഉദ്യോഗസ്ഥന്മാരെ തീററിപ്പോററുന്നതുമായ ഒരു സ്ഥാപനമാക്കി ഈ വ്യവസായത്തെ രൂപാന്തരപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇതെല്ലാം കാണാതെ കഴിഞ്ഞ അസംബ്ലി വാദപ്രതിവാദത്തിനു ശേഷം ട്രാൻസ്പോർട്ട് ഡയറക്ടരെ മാററി മറെറാരു ഡയറക്ടറെ നിയമിച്ചാൽ കാര്യങ്ങൾ ഭംഗിയായി നടക്കുമെന്നുള്ള വ്യാമോഹത്തിൽ ഒരു പുതിയ ഡയറക്ടരെ കൊണ്ടുവന്നു ആ സ്ഥാനത്തുവയ്ക്കുകയും ചെയ്തു. ആ ഡയറക്ടറാണ് ഇപ്പോൾ ഭരണം നടത്തുന്നത്. "പുത്തനച്ചി പുരപ്പുറം തൂക്കും" എന്നു പറഞ്ഞതുപോലെ അദ്ദേഹം കുറെ പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്. അതായത് എല്ലാ ബസ്സുകളിലും "ഇത് നിങ്ങളുടെ വണ്ടിയാകുന്നു"വെന്നു ബോർഡ് വച്ചു. അതുപോലെ മറെറാരു ബോർഡ് എല്ലാ Bus-stop കളിലും സ്ഥാപിച്ചിട്ടുണ്ട്, സമയം കുറിക്കുന്ന ബോർഡ്. കാൺഗ്രസ്സിന്റെ പ്രകടനപത്രികയും ഭരണക്രമവും തമ്മിലുള്ള അന്തരംപോലെയാണ്, ഈ സമയ ബോർഡും വണ്ടികളുടെ വരവുമായുള്ള ബന്ധം. അങ്ങനെയുള്ള time board സ്ഥാപിച്ചിട്ടുണ്ട്. അതുകൂടാതെ "jolly ride" എന്ന ഒരു വെള്ളിവണ്ടി ഇറങ്ങിയിട്ടുണ്ട്. ഇങ്ങനെയുള്ള പുറംപൂച്ചുകളല്ലാതെ കാര്യമായി യാത്രാ സൗകര്യം വർദ്ധിപ്പിക്കുന്നതിനോ ആ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ തൃപ്തിയായ രീതിയിൽ ജോലിചെയ്യിക്കുന്നതിനോ വേണ്ടി ഒട്ടുംതന്നെ അദ്ദേഹം യത്നിച്ചിട്ടില്ല.

നാട്ടുകാരുടെ സ്ഥിതി ഇതാണെങ്കിൽ തൊഴിലാളികളുടെ സ്ഥിതി ഇതിലും കഷ്ടമാണ്. കൊല്ലാക്കൊലയാണവിടെ നടത്തുന്നത്. തൊഴിലാളികളോടു ഡിപ്പാർട്ടുമെന്റ മേധാവി യാതൊരുവിധമായ അനുകൂല മനോഭാവവും കാണിക്കുന്നില്ലെന്നു മാത്രമല്ല നിസ്സാര കുററങ്ങൾക്കു വേണ്ടി കഠിനതരമായി ശിക്ഷിക്കുകയുമാണ് ചെയ്യുന്നത്. കുറഞ്ഞ ശമ്പളക്കാരെ അന്യദിക്കിലേക്ക് സ്ഥലംമാററി മേലുദ്യോഗസ്ഥന്മാർ പ്രതികാരം വീട്ടുന്ന നടപടിയെപ്പററി അസംബ്ലിയിൽ പരാതിപ്പെടുമ്പോൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറയും, അതൊക്കെ ഡിപ്പാർട്ടുമെന്റിന്റെ താൽപ്പര്യത്തിനുവേണ്ടി മാത്രമാണെന്നു. സർ, ഡിപ്പാർട്ടുമെന്റിന്റെ താൽപ്പര്യത്തിനുവേണ്ടി മാത്രമാണെന്നു പറയുന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഒരു സ്ഥലംമാററത്തിന്റെ കാര്യം ഞാൻ കൊണ്ടുവരാം. city-workshop-ൽ ജോലി ചെയ്യുന്ന ഒരു ആശാരിയെ—അയാളുടെ ജോലി സീററിൽ കുഷൻ അടിക്കുകയാണ്—അവിടെ നിന്ന് യൂണിയനിൽ പ്രവർത്തിക്കുക കാരണം central works-ലേക്ക് സ്ഥലംമാററി. അവിടെ സീററുജോലിയില്ല. തന്മൂലം എന്തു ജോലിയാണ് ചെയ്യേണ്ടതെന്നു ചോദിച്ചപ്പോൾ ഫൗണ്ഡ്രിയിൽ നിന്നുകൊള്ളാൻപറഞ്ഞു. ഇതാണ് സ്ഥലംമാററത്തിൽ ഡിപ്പാർട്ടുമെന്റ് താല്പര്യം പരിഗണിക്കുന്നത്. അതുപോലെ മററുവിധത്തിലുള്ള ശിക്ഷണനടപടികളും ഒട്ടനവധിയുണ്ട്.

സർ, ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെന്റ വക വണ്ടി മറേറതെങ്കിലും പ്രൈവററുവണ്ടിയുമായി കൂട്ടിമുട്ടിയാൽ പ്രൈവററുവണ്ടി ഉടനെ ഉടമസ്ഥൻവന്ന് ഇറക്കിക്കൊണ്ടു പോകും, ഡ്രൈവർസഹിതം. നമ്മുടെ സർക്കാർവണ്ടി ചിലപ്പോൾ രണ്ടും മൂന്നും ദിവസം അവിടെത്തന്നെ കിടന്നുവെന്നുവരും. അല്ലെങ്കിൽ വണ്ടി അധികാരികൾ വന്ന് ജാമ്യത്തിലിറക്കി

[ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ]

കൊണ്ടുപോയേക്കും. പക്ഷെ അതിലെ ഡ്രൈവർ കസ്റ്റഡിയിലാകും. ജാമ്യത്തിലിറക്കാൻ ഡിപ്പാർട്ടുമെൻറ് ഒന്നും ചെയ്യുകയില്ല. അയാളുടെ ബന്ധുക്കളറിഞ്ഞുവന്നുവേണം ജാമ്യം നൽകി ഇറക്കേണ്ടതു്. അതിനു ശേഷം ഡ്രൈവർക്ക് (i) പോലീസ്‌കേസ്, (ii) ഡിപ്പാർട്ടുമെൻറലായി സസ്പെൻഷൻ. (iii) ലൈസൻസും ബാഡ്ജും കണ്ടുകെട്ടൽ ഇവയെല്ലാം ശിക്ഷകളായി അനുഭവിക്കേണ്ടിവരും. അതേസമയം പ്രൈവററുവണ്ടിയിലെ ഡ്രൈവർക്ക് നിർബാധം വണ്ടി ഓടിക്കുകയും ചെയ്യാം. ഇതാണ് കീഴ്‌ജോലിക്കാരോടു കാണിക്കുന്ന സ്നേഹമസൃണമായ പെരുമാററം.

ശ്രീ. കളത്തിൽ വേലായുധൻ നായർ: വണ്ടി രണ്ടും മൂന്നും ദിവസം വഴിയിൽ കിടക്കുകയും ഡ്രൈവർ സസ്പെഷനിലാവുകയും ചെയ്തതായി അടുത്തകാലത്തു് നടന്ന ഒരു ഉദാഹരണം വിശദമായി പറയാമോ?

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: ഈ അടുത്ത കാലത്തു് തന്നെ ആലംകോട്ട് എന്ന സ്ഥലത്തു് നടന്ന accident അതിൻെറ വിശദവിവരങ്ങൾ ട്രാൻസ്പോർട്ട് ഡയറക്ടറോട് ചോദിച്ചാൽ മനസ്സിലാകുന്നതാണ്.

ഇങ്ങനെയുള്ള പല കുഴപ്പങ്ങളും ഉണ്ടായിട്ടുണ്ടു്. അതൊന്നും ഞാനിവിടെ വിവരിക്കുന്നില്ല. ട്രാൻസ്പോർട്ടു തൊഴിലാളികൾ ശിക്ഷയനുഭവിക്കേണ്ടിവരുന്ന വേറെയും ചിലസംഗതികൾ ഉണ്ടു്. ഉദാഹരണം പറയുകയാണെങ്കിൽ ഒരു ചെക്കിംഗ് ഇൻസ്പെക്ടർ ഡ്യൂട്ടിയിലിരുന്ന അവസരത്തിൽ അയാളുടെ കാൽ ഒടിഞ്ഞുപോകുകയാൽ ട്രാൻസ്പോർട്ടുവണ്ടിയിൽതന്നെ കയററി അയാളെ ആശുപത്രിയിലേയ്ക്കു കൊണ്ടുപോയി എന്നുള്ള കാരണംവച്ചുകൊണ്ടു് അതിൻെറ വാടകസംഖ്യ സാധാരണ റേററിലുള്ളതു്, അയാളുടെ അടുത്തമാസത്തെ ശമ്പളത്തിൽ നിന്നും പിടിച്ചുകൊണ്ടു ബാക്കിയുള്ളതുമാത്രമേ നൽകുകയുണ്ടായുള്ളു.

ഇനി ഈ വ്യവസായത്തിലെ തൊഴിലാളികളുടെ ശമ്പളത്തെപ്പററി പറയാം. കഴിഞ്ഞ Budget session-ൽ ബഹുമാനപ്പെട്ട മെംബർ ററി. വി. തോമസ് സ്റ്റേററുടമയിൽ നടത്തുന്ന ഇതരരാജ്യങ്ങളിലെ ട്രാൻസ്പോർട്ടു തൊഴിലാളികളുടെ ശമ്പളത്തെക്കാൾ തുലോം കുറവാണ്, ഇവിടത്തെ ശമ്പളനിരക്കെന്നു പറഞ്ഞപ്പോൾ ട്രാൻസ്പോർട്ടു മന്ത്രി Collins report-ൽ തൂങ്ങിപ്പിടിച്ചു് മറുപടി പറയുകയുണ്ടായി അവിടെ ഹൈദ്രബാദിൽ ഇതുപോലെ ബോണസ്സ് നൽകുന്നില്ലെന്നു്. പക്ഷെ അദ്ദേഹം തൊട്ടാണുടായുള്ള കാളിൻസ് റിപ്പോർട്ടിലെതന്നെ ശമ്പളകണക്ക് ഒന്നു പരിശോധിച്ചു നോക്കേണ്ടതാണ്. സ്റ്റേററുടമയിൽ നടത്തുന്ന ററു രാജ്യങ്ങളിലെ തൊഴിലാളികളുടെ ശമ്പളത്തെക്കാൾ തുലോം കുറവാണ് ഇവിടെ നൽകുന്ന ശമ്പളമെന്നു് കാണാൻ വിഷമമൊന്നുമില്ല. അതിൻെറ ഒരു പട്ടിക ഞാൻ ചൂണ്ടിക്കാണിക്കാം. ബാംബെയിൽ ഒരു കണ്ടക്ടർക്ക് ൪൦-൭-൫ രൂപയും, ഹൈദരബാദിൽ ൪൧-൰-൫ ൧-൩-൬ രൂപയും ശമ്പളം നൽകുമ്പോൾ ഇവിടെ ൩൦-൪-൫ രൂപമാത്രമാണ് കൊടുത്തുവരുന്നതു്. നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി പക്ഷെ,

ഹൈദ്രാബാദിൽ ബോണസ്സ് ഇല്ല എന്നു പറഞ്ഞേക്കാം. ഹൈദ്രാബാദിൽ ശമ്പളം കൂടാതെതന്നെ ൨൨ രൂപാ ഡിയർനസ്സ് അലവൻസായും കൊടുത്തുവരുന്നുണ്ട്. അതിനുപുറമെ ഹൗസ്‌റെൻറ് അലവൻസ് ൫൨ രൂപയും സിററി അലവൻസ് ൬ രൂപയും നൽകിവരുന്നുണ്ട്. ആകപ്പാടെ കണക്കാക്കിയാൽ അവിടെ ൮൩ രൂപയാണ് ഒരു കണ്ടക്ടറക്ക് സ്റ്റാർട്ടിങ്ങ് കിട്ടിവരുന്നത്.

ഇവിടെ ഒരു ഡ്രൈവർക്ക് നൽകിവരുന്ന ശമ്പളം ൩൦-൧ ൭ രൂപയാണെങ്കിൽ ബാംബെയിൽ അതു ൭൦-൮൦-ം, മദ്രാസിൽ ൪൦-൬൦-ം ഹൈദ്രാബാദിൽ ൫൫൨ രൂപയുമാണ്. മേൽപറഞ്ഞ കൂട്ടർക്ക് മാത്രമല്ല ഇവിടെ ഈ വ്യവസായത്തിലേർപ്പെട്ടിരിക്കുന്നവർക്ക് ആകമാനംതന്നെ വളരെ കുറഞ്ഞ ശമ്പളമെ കൊടുക്കുന്നുള്ളു. അതായത് മെക്കാനിക്കൽ സ്റ്റാഫിന് കുറഞ്ഞ ശമ്പളം ൨൦ രൂപയാണ്. കണ്ടിജൻസി ക്ലീനർമാർക്കും പാഴ്സൽ അററണ്ടർമാർക്കും ഈ ശമ്പളം മാത്രമാണ് ഇവിടെയുള്ളത്. ഇത്രമാത്രം കുറഞ്ഞ ശമ്പളം മറെറാരു രാജ്യത്തും ഈ വ്യവസായികളുടെയിടയിൽ കാണുകയില്ല. സർ, പ്രൈവററ് വ്യവസായികളുടെ ഇടയിൽപോലും കാണുകയില്ല. അതേ സമയം തന്നെ ഇവരെ അങ്ങേയററത്തെ മർദ്ദനങ്ങൾക്കുംകൂടി വിധേയരാക്കുന്നുണ്ട്. എന്തെങ്കിലും കുററം ചെയ്തുവെന്നുകേട്ടാലുടനെതന്നെ, അതിനെ സംബന്ധിച്ച് ശരിയായ അന്വേഷണം നടത്തി തെളിവെടുക്കുന്നതിനു മുമ്പായിതന്നെ അവരെ സ്ഥലംമാററുക, സസ്പെൻറുചെയ്യുക തുടങ്ങിയുള്ള നിർദ്ദയമായ നടപടികൾക്കു വിധേയരാക്കുന്നുണ്ട്. പലപ്പോഴും നിസ്സാരങ്ങളായ കാര്യങ്ങൾക്കുപോലും അവരെ ശിക്ഷിച്ചുവരുന്നുണ്ട്. അങ്ങനെയുള്ള ശിക്ഷകൾ നൽകിവരുന്നതിനെപ്പററി വിവരിച്ചാൽ ഒട്ടുന്താത്തവിധം വിചിന്നവും ക്രൂരവുമാണ്. അതിനാൽ ഞാനതിനൊരുമ്പെടുന്നില്ല.

ഇനി അടുത്തതായി എനിക്കു പറയുവാനുള്ളത് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലെ നാൺപെൻഷണബിൾ ജീവനക്കാരെ പെൻഷൻകാരാക്കുന്നതിനെപ്പററിയാണ്. ഇതിനുമുമ്പ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ അടുത്ത ഭാവിയിൽ പെൻഷണബിൾ സർവ്വീസാക്കുന്നതിനെപ്പററി ഒരു സ്ക്കീം പൂർത്തിയാക്കി നടപ്പിൽ വരുത്തുന്നതാണെന്നു പറഞ്ഞിട്ടുണ്ട്. ബഡ്ജററു കണക്കുനോക്കിയാൽ അടുത്ത കൊല്ലം ബോണസ്സ് കൊടുക്കേണ്ട ആവശ്യത്തിലേക്കായി ൫,൨൦,൦൦൦ രൂപാ നീക്കി വച്ചിട്ടുള്ളതായി കാണാം. അതേസമയംതന്നെ മറെറാരു ൫൦,൦൦൦ രൂപയും നീക്കിവച്ചിട്ടുണ്ട്. അത് നാൺപെൻഷണബിൾ സർവ്വീസുകാരെ പെൻഷണബിളാക്കുവാനായിട്ടാണു ചേർത്തു കാണുന്നത്. ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലെ ജോലിക്കാരുടെ ഞാൻ മുൻ പ്രസ്താവിച്ച പട്ടികയെടുത്തുനോക്കിയാൽ മിനിസ്റ്റീരിയൽ സ്റ്റാഫിൽ ആകെ ൪൫൯ പേരുള്ളതിൽ പെൻഷണബിൾ സർവ്വീസുകാർ ൩൦-ം ബാക്കിയുള്ള ൩൭൯ പേർ നാൺപെൻഷണബിൾകാരുമാണ്. മെക്കാനിക്കൽ സ്റ്റാഫിൽ ആകെ ൫൦൫൭ പേരുള്ളതിൽ പെൻഷണബിൾ ഒന്നും ബാക്കി ൫൦൫൪ പേർ നാൺപെൻഷണബിൾകാരുമാണ്.

[ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ]

ഓപ്പറേറ്റിംഗ് സ്റ്റാഫിൽ ആകെ ൫൯൭ പേരുള്ളതിൽ പെൻഷൻകാർ ൩൯൨-ം, പെൻഷണബിളല്ലാത്തവർ ൫൯൨-൭-ം ആണ്. ടെമ്പററി സ്റ്റാഫിൽ ആകെ ൨൯൩ പേരിൽ ൯ പെൻഷൻകാരും ൨൮൭ പെൻഷണബിൾ അല്ലാത്തവരും ഉണ്ട്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇങ്ങിനെയുള്ള കണക്കുകൾ ശരിയായിട്ടുള്ളതാണെന്നു ഞാൻ വിചാരിക്കുന്നില്ല.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: ബഹുമാനപ്പെട്ട മന്ത്രി, ഇയ്യിടെ നടന്ന ചോദ്യോത്തര സമയത്തും അല്ലാതെ മററു സന്ദർഭങ്ങളിലും ഇതുപോലെ ട്രാൻസ്പോർട്ടു തൊഴിലാളികളുടെ സമരവും അവരെ പെൻഷണബിൾ ആക്കുന്നതുമായി യാതൊരു ബന്ധവും ഇല്ലെന്നു പറയുകയുണ്ടായിട്ടുണ്ട്. Chief Minister-ം അതു് പലപ്പോഴും ആവർത്തിച്ചിട്ടുമുണ്ട്. അതിനെ സംബന്ധിച്ചു് എനിക്കു് ഒന്നു പറയുവാനുണ്ടു്. സാർ, ഇതുവരെ ഇയ്യിടെ ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിൻെറ ചർച്ചാവേളയിൽ ഒരു പ്രാവശ്യമെങ്കിലും അവരെ പെൻഷണബിളാക്കാൻ ആലോചിക്കുകയാണെന്നു് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുള്ളതായി അസംബ്ലി രേഖകളിൽ എന്തെങ്കിലുമുണ്ടോയെന്നു് ഞാൻ ചോദിക്കുന്നു. അതുപോകട്ടെ. ഞാൻ മന്ത്രിയെ വെല്ലുവിളിക്കുകയാണു് ട്രാൻസ്പോർട്ടു് തൊഴിലാളികൾ നടത്തിയ സമരത്തിനു മുമ്പായി ഇങ്ങനെ അവരെ പെൻഷണബിൾ ആക്കണമെന്നാലോചിക്കുന്നതായി Official ആയ എന്തെങ്കിലും ഒരു സ്റ്റേററുമെൻറു പുറപ്പെടുവിച്ചിട്ടുള്ളതായി ചൂണ്ടിക്കാണിക്കാൻ. എന്നിട്ടു് സമരവും സ്കീമുമായി ബന്ധമില്ലെന്നു പറഞ്ഞാൽ മനസ്സിലാക്കാമായിരുന്നു. അതു് സാദ്ധ്യമല്ലാത്ത സ്ഥിതിക്കു് എന്തിനീ പാഴ്‌വേല ചെയ്യുന്നു! ഞാൻ ഗവർമെൻറിനെപ്പററി തുടരട്ടെ. ആകെയുള്ള ൪൦൯൦ പേരിൽ ഇപ്പോൾ പെൻഷണബിളായുള്ള ൯ പേർ ഒഴിച്ചു ബാക്കിയുള്ളതിൽ ൨൮൭ പേരെക്കൂടി പെൻഷണബിൾ ആക്കാമെന്നാണു് സ്കീം. അതനുസരിച്ചാണെങ്കിൽ പെൻഷണബിൾ ആക്കേണ്ടതായുള്ള ൨൮൭ പേരുടെ പെൻഷൻ Contribution-നു് ഇപ്പോൾ budget-ൽ കൊള്ളിച്ചിരിക്കുന്ന ൫൦,൦൦൦ രൂപ പോരാത്തതും അതുപോലെ സ്കീം അനുസരിച്ചു് ശേഷിക്കുന്ന നാൺപെൻഷണബിൾ വിഭാഗത്തിനു് ബോണസ്സ് നൽകാൻ ഈ budget-ൽ കൊള്ളിച്ചിരിക്കുന്ന ൫,൨൦,൦൦൦ രൂപ വേണ്ടി വരുകയുമില്ല. അങ്ങനെ ഈ ഗ്രാൻറിനത്തിൽ ചേർത്തിരിക്കുന്ന തുകയും അപര്യാപ്തമായതിനാൽ അതേപ്പററി മന്ത്രി മറുപടിപറയുമ്പോൾ വിശദീകരിക്കണമെന്നു ഞാനപേക്ഷിക്കുന്നു. എന്തായാലും പെൻഷൻ സ്കീമിനെപ്പററി എനിക്കു പറയാനുള്ളതു് ഇത്രമാത്രമാണു്. അടുത്ത ബോണസ്സ് നൽകേണ്ട അവസരം ചിങ്ങമാസത്തിൽ സമാഗതമാവുകയാണു്. അതിനുമുമ്പു് ഇതിനെ രാജ്യസാനരൂപം നൽകുകയും അതു് യൂണിയൻെറ അഭിപ്രായത്തിനു വിധേയമാക്കുകയും ചെയ്തു് വേണ്ട ഭേദഗതികളോടെ അടുത്ത ചിങ്ങമാസത്തിനുമുമ്പു് നടപ്പിൽ വരുത്തണമെന്നുമാത്രമാണു്. അതല്ലെങ്കിൽ ഈ ഡിപ്പാർട്ടുമെൻറധികാരികൾ സാധാരണ തൊഴിലാളികളുടെ നേരെ പ്രയോഗിക്കാറുള്ള "Until further orders you are suspended" എന്ന അതേ ആയുധംതന്നെ അവരും എടുത്തു് "Until further order, we suspend our work" എന്നു് മന്ത്രിയോടും പറയാൻ പ്രേരിതരായി തീരുമെന്നും

അതിനവർ മടിക്കുകയില്ലെന്നും ഒന്നുകൂടി ഞാൻ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഈ ഖണ്ഡനോപക്ഷേപം സഭയിൽ അവതരിപ്പിക്കുകയാണ്".

Shri P. S. Nataraja Pillai : Sir, I move :

> To reduce the total allotment of Rs. 1,52,30,000 under. Demand XXXIV by Re. 1.

I wish to lay before the House one or two facts concerning the origin of the Department itself. You may remember in 1113 when the then Travancore Government and its executive authority decided on a scheme to nationalise a portion of the transport service in the country, a section of public opinion including you, Sir, sounded a note of warning that such nationalisation should not end in State capitalism. Sir, if an industry is to be nationalised, it must be in the interest of the public as well as the industry concerned. It should not become a State monopoly or State capitalism as it is called. That was the note of warning sounded, even at the time of inception of the State Transport scheme by you, Sir, and your friends in the then Assembly. What do we find today? We have invested to the tune of nearly Rs. 85 lakhs in this Transport service. Year after year the net profits are also shown as receipts in the State accounts. In an essential service as the Transport, if it is nationalised, it should not be a source of revenue and not so administered as a capitalistic organisation. The question of administration should be approached from the standpoint of nationalising the industry in the interests of the society. What are the tests by which we can judge the State managed industry as having been nationalised in the interests of the people? Firstly, it should be run on efficient lines and there should be the satisfaction that it is being run to the benefit of the public at large. Secondly, the running of the organisation should be such as to generate satisfaction and interest for the industry in the minds of the workers engaged in the industry. Taking these two aspects of the thing, let us see the facts. Does the present working of the State Transport give satisfaction to the travelling public? I need not hesitate to answer that in the negative. There is overload in buses even according to the Member in charge of the Department up to the tune of 50 per cent over and above its normal capacity. Not only that. There is another indication. Its earning per mile is the surest indication to say whether there is over crowding or not. The Minister was saying that there has been trouble on many occasions and as a consequence poor service at some times. He added that this kind of trouble was not so prevalent now as before. Anyhow, the figures published by the department does not indicate any clue with regard to this. In the year 1123, the earning

[Shri P. S. Nataraja pillai]

capacity per mile was shown as 29.7 chuckrams which is nearly 16.6 annas. In 1950 it was shown as 16.9 annas and in 1951, the figure is 17.4 annas. That is the rate at which the department earns per mile. This is a sure index of the overcrowding. By increasing the number of passengers, the rate per mile also increases. What I therefore wish to point out is, the figures so far published does not go to show that there was a substantial reduction in overcrowding. I agree to a certain extent that during the recent past there was a little easing in the situation. There was some bettering in the condition of the services. At the same time during the past 3 or 4 weeks that thing worsened. The breakdown of services during those period is greater. There is overcrowding in the buses. The carelessness of the staff is also more patent. True there was a toning up during the past two or three months; but during the past 2 or 3 weeks things had gone wrong. From that what I say is, there is a discontent in the services. This is an essential service and Government have monopolised and nationalised it. Unless they give the fullest satisfaction to the travelling public and manage it in such a way as to give the greatest benefit to the society, this activity need not be of Government. Government is not a capitalist concern. When once Government enters into the field of private enterprise it should be for the purpose of giving maximum benefit to the society as a whole. The concern is not to be worked as a source of revenue. That is wrong in principle. The society is entitled to enjoy the benefit and the receipts got therefrom can go into the State exchequer. Not that I object to the pro t s su h, b t to earn profi, by neglectin the interest of the ublic is ce ta ly to b blamed. Th is my stan in espect of this matter. Judging from the statistics so far available, my friends can rest whether th State Tr n p rt s rvice h s been giving till oday the best s vice to h travelling publ c as is expected of it. Tak the case of the workers in that line. They are very dissatisfied. Wl atever it may e, t eir dissatisf ction is a bane that ou ht to be avoided. May I ask, what steps have G ve mment taken to satisfy the interest of the workers?

Sir, in that connection, I would like to place some facts for the consideration of my friends here. Sir, the cost of Administration and Control was Rs. 1.9 lakhs in 1113; when you reach 1953-54, it is 4. lakhs & more. It has doubled itself. The increase of emoluments is for the Controlling authorities. The revision of pay is for the Controlling officers. There is nothing for the workers. Why I say so is, Sir, even in

1113, when they first started the Department, the motor drivers started on the basic pay of Rs. 30 P. M. After a lapse of 15 years, when cost of living has gone up by 400 per cent. that basic pay remains there still. But I find the basic pay of the Inspectors, and of the Clerks, and of the Manager and of the District officers have been revised, even doubled. Not that I grudge it, but I certainly object to the approach to the workers in that matter. Who is the backbone of the service? The driver certainly. But what is the approach that the authorities are making towards him? They do not think it is necessary to revise his basic pay. Perhaps my hon. Friend in charge of the portfolio, with his usual ingenuity may say that a Rs. 30-75 scale has been introduced, and thereby the maximum has been raised. But I am questioning about the minimum. Has the minimum been revised. That shows the attitude taken towards the driver. That has not been changed. As long as the approach to the problem is a capitalistic approach, we cannot expect this problem to be solved. The efficiency of services cannot be secured. The result which we anticipate and visualise cannot be attained. We can get it, the State can get, the people can get it only if a radical change in the approach is made. The industry must be run as a nationalised industry in the interests of the public by the State. The feeling must be generated in the minds of labour that they have equal interest in the welfare of the Concern. What is the State, Sir. (President's Bell.) I don't see that harmonious relationship which we expect to see in a nationalised industry in a democratic state. Wrangling for pay, differences in the division of net profits, all these can arise only in a capitalistic concern. But this is a concern run by the people where the interests of the people and of the Government and of the worker is one. Unless a promise is made at and an approach to effect it is made by the authorities who control it, I will not improve. It will be doing an injustice to the future of the State in a national democracy, as envisaged by the Congress they expect to build up nationalised industries in the interests of the State. If this Government which calls itself a Congress Government is going to nationalise industries and conduct them as a capitalistic concern, the future of nationalisation will be in danger. Therefore, I plead before the Government that they must revise their method of approach and build up a spirit of co-operation between the workers and the management. Unless this is done, we may be sure that trouble will come. Even in the matter of promotions in the Department, we heard that even attenders who acted for several months as conductors are not appointed as conductors. Even in such cases, Government are sticking to the rule that only P. S. C. recruits will

[Shri P. S. Nataraja pillai]

be appointed as conductors, ignoring the claims of these people. On grounds of equity and efficiency these people who have already gained experience in the line ought to be preferred. But that has not been done. Why? Because the Government is behaving like a capitalist employer in this matter. But I would like to warn that if they proceed so, it will be a danger, and I would plead to the Government that they should change their attitude. I, for one, was expecting a change for the last one year or more and that my friend in charge of the portfolio now would effect a better condition of things. With these words, I close.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻ നായർ: സർ, കുറച്ചു കാര്യമായിട്ടു ആലോചിക്കുന്നപക്ഷം ഗവണ്മെൻറിന് ഗണ്യമായ ലാഭമുണ്ടാക്കുവാൻ സാധിക്കുന്ന ഒരു ഡിപ്പാർട്ടുമെൻറാണ് ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറ്. അതു തുടങ്ങിയിട്ടു പന്ന സംവത്സരം കഴിഞ്ഞു എങ്കിലും ഗണ്യമായ രീതിയിൽ ആ ഡിപ്പാർട്ടുമെൻറ് അഭിവൃദ്ധിയിൽ വന്നിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. തിരുവിതാംകൂർ-കൊച്ചിയിൽ ഉള്ള മൂന്നിൽ ഒരുഭാഗം റോഡ് മാത്രമാണ് ഇപ്പോൾ ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിൽനിന്നും എടുത്തിട്ടുള്ളതു്. ഇങ്ങനെ വളരെ പരിമിതമായ ഒരു ഭാഗം മാത്രമാണ് എടുത്തിട്ടുള്ളതെങ്കിലും ഗണ്യമായ ലാഭം ഡിപ്പാർട്ടുമെൻറിന് ഉണ്ടായിട്ടുള്ളതായി കണക്കുകളിൽനിന്നു കാണാം. പണമില്ലാത്തതുകൊണ്ട് കൃത്യങ്ങൾ നടക്കുന്നില്ലെന്നു പരാതിപ്പെടുന്ന ഗവണ്മെൻറിന് ഈ ഡിപ്പാർട്ടുമെൻറിന്റെ ഭരണം കുറച്ചുകൂടി കാര്യബോധത്തോടുകൂടി നടത്തുന്നപക്ഷം വളരെ പണം ഉണ്ടാക്കുവാനുള്ള സാദ്ധ്യതകൾ ഉണ്ട്. സംസ്ഥാനത്തെ മൂന്നിൽരണ്ടുഭാഗം റോഡുകൾകൂടി ഈ ഡിപ്പാർട്ടുമെൻറിന്റെ ഭരണത്തിൽ വരുത്തുന്നപക്ഷം നൂറു ലക്ഷം രൂപാകൂടി എടുക്കാമെന്ന് കണക്കുകളിൽനിന്നു കാണാവുന്നതാണ്. ഇപ്പോഴത്തെ ഓവർലോഡ് മുമ്പത്തേതിൽനിന്ന് തെല്ലും കുറഞ്ഞിട്ടില്ല. ആയതിലേയ്ക്കു ആവശ്യമായ ബസ്സുകൾ എടുക്കുവാൻ ആവശ്യപ്പെട്ടപ്പോൾ പണമില്ലെന്നാണ് ഗവണ്മെൻറു പറയുന്നതു്. എന്നാൽ കൂടുതൽ ബസ്സുകൾ എടുത്തു് രാജ്യത്തെ കൂടുതൽ റോഡുകൾ ട്രാൻസ്പോർട്ടിലേയ്ക്കു എടുക്കുവാൻ പാടില്ലെന്ന് തല്പരകക്ഷികൾ അടുത്തകാലത്തു് ഒരു വ്യവസായം തുടങ്ങിയിട്ടുണ്ട്. അതു് തീർച്ചയായും അനുവദിക്കുവാൻ പാടില്ലെന്നുമാത്രമല്ല നിവൃത്തിയുള്ളിടത്തോളം റോഡുകൾ ഗവണ്മെൻറിൽനിന്ന് എടുത്തു് ട്രാൻസ്പോർട്ട് ദേശീകരിക്കേണ്ടതു് അത്യാവശ്യമാണ്. ഇപ്പോൾ കൊച്ചിയിൽ ഒരു ഒറററോഡും ഗവണ്മെൻറു ട്രാൻസ്പോർട്ടിന് വേണ്ടി എടുത്തിട്ടില്ല. ഈ ഡിപ്പാർട്ടുമെൻറിലേക്ക് ഇപ്പോൾ വന്നിട്ടുള്ള പ്രത്യക്ഷമായ ചില ന്യൂനതകൾ എനിക്കു ചൂണ്ടിക്കാണിക്കുവാനുണ്ട്. ഒന്നാമതായി യാതൊരു സ്ഥിരതയും ഇല്ലാതെയുള്ള ബസ്സുവാങ്ങലിനെപ്പററിയാണ് എനിക്കു പറയുവാനുള്ളതു്. ചോദ്യോത്തരവേളയിൽ എപ്പോഴും കാളിൻസ് റിപ്പോർട്ടിനെ സംബന്ധിച്ച് ചോദ്യം ഉണ്ടാകുമ്പോളെല്ലാം ഞാൻ ചോദ്യങ്ങൾ ചോദിക്കാറുണ്ട്. അപ്രകാരം ചോദ്യങ്ങൾ ചോദിക്കുന്നതിന്റെ കാരണം ഈ സന്ദർഭത്തിൽ വിശദീ

കരിക്കണമെന്നു് ഞാൻ വിചാരിക്കുന്നു. ൧൯൪൯-ൽ അഥവാ നാലു് സംവത്സരത്തിനുമുമ്പു് ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറ ഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഡിപ്പാർട്ടുമെൻറിൽ നിന്നും ഉള്ള ആദായത്തെ വർദ്ധിപ്പിക്കുന്നതിനുമായി ഒരു പ്രശസ്തനായ കാളിൻസ് എന്ന ധുരന്ധരനെ വളരെ പണം ചെലവാക്കി ഹൈദ്രബാദിൽ നിന്നും ഇവിടെ ഇറക്കുമതി ചെയ്തു. അദ്ദേഹം വളരെ സ്ഥിതിവിവരക്കണക്കുകൾ സമ്പാദിച്ചശേഷം കാളിൻസ് റിപ്പോർട്ടു എന്നു പറയുന്ന ഒരു റിപ്പോർട്ടു സമർപ്പിച്ചു. ആ റിപ്പോർട്ടിൽ പല കാര്യങ്ങളും അദ്ദേഹം പറഞ്ഞിട്ടുണ്ടു്. അദ്ദേഹം റിപ്പോർട്ടുചെയ്തിട്ടുള്ള കാര്യങ്ങളെല്ലാം അനുസരിക്കേണ്ടതാണെന്നും ആ റിപ്പോർട്ടിനെ ആദരിക്കേണ്ടതാണെന്നും സ്പഷ്ടമായ ഭാഷയിൽ ഗവൺമെൻറ പലപ്പോഴും ഇവിടെ പറഞ്ഞിട്ടുണ്ടു്.

ശ്രീ. എ. താണുപിള്ള: 'ധുര' എന്നതിൻെറ അർത്ഥം എന്താണു്?

ശ്രീ. നെടുമങ്ങാട്ടു് ആർ. കേശവൻ നായർ: സായിപ്പു് എന്നാണു്. ധുരയെന്നു ബഹുമാനമായി ഞാൻ പറയുകയാണു്. കാളിൻസിൻെറ റിപ്പോർട്ടു നിവൃത്തിയുള്ളിടത്തോളം ഗവൺമെൻറിൽനിന്നും സ്വീകരിക്കണം. അതു് പ്രായോഗികമാക്കണമെന്നും നടപ്പിലാക്കണമെന്നും മുമ്പുള്ള മന്ത്രിമാർ എല്ലാവരും പറഞ്ഞിട്ടുണ്ടു്.

Shri P. S. Nataraja Pillai: Is that report the last work on the subject? Is it the Bible of the Transport Department?

ശ്രീ. നെടുമങ്ങാട്ടു് ആർ. കേശവൻ നായർ: എന്നു പറയത്തക്ക വിധത്തിലുള്ള മൗഢ്യം എനിക്കില്ല. എൻെറ അഭിപ്രായം ട്രാൻസ്പോർട്ടിനെ സംബന്ധിച്ചു് കൂടുതൽ കാര്യങ്ങൾ നടക്കണം.

Shri E. P. Varghese: Can it be considered an expert's report?

Shri Nedumangad R. Kesavan Nair: Decidedly so. Mr. Collins is an expert and therefore his report can be considered decidedly as an expert report.

ആ റിപ്പോർട്ടിൽ കാളിൻസ് പറഞ്ഞിട്ടുള്ള പല കാര്യങ്ങളിൽ ഒന്നു രണ്ടു് കാര്യങ്ങൾ പ്രത്യേകം പറഞ്ഞിട്ടുള്ളതാണു് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതു്. അതിശയത്തു് പല പലഭേദങ്ങൾ ഉം വംശംവദരായി പല ഇനം വണ്ടികൾ അധികാരികൾ വരുത്തിയതായിട്ടു് കാണുന്നുണ്ടു്. അദ്ദേഹത്തിൻെറ കാലത്തുതന്നെ ഫോർഡു്, ചെവ്‌ർലറ, ബെഡു് ഫോർഡു്, സ്റ്റുഡിബേക്കർ, ആസ്റ്റിൻ ഇങ്ങനെ അഞ്ചിനം ബസ്സുകൾ ഡിപ്പാർട്ടുമെൻറിൽ ഇരിക്കുന്നതുകൊണ്ടു് ഈ അഞ്ചിനം വണ്ടികൾ വാങ്ങുന്നതായാൽ ഓരോ ഇനത്തിലുമുള്ള വണ്ടികളുടെ മിഷ്യനിൽ വൈദഗ്ദ്ധ്യമുള്ള ആളുകളെ പ്രത്യേകം ഗവൺമെൻറിനു ലഭിക്കുവാൻ ബുദ്ധിമുട്ടു വരുമെന്നും അതുകൊണ്ടു പല ഇനങ്ങളിൽ വണ്ടികൾ പാടില്ല എന്നും അദ്ദേഹം റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടു്. നിവൃത്തിയുള്ളിടത്തോളം രണ്ടിനം വണ്ടികളേ പാടുള്ളുവെന്നും വണ്ടികൾ എല്ലാം രണ്ടിനങ്ങളിൽ സ്റ്റാൻറർഡൈസ് ചെയ്യണമെന്നും പറഞ്ഞിട്ടുണ്ടു്. എന്നു മാത്രമല്ല,

[Shri Nedumangad R. Kesavan Nair.]

"All the existing types of vehicles must be standardised" എന്നാണ് പറഞ്ഞിരിക്കുന്നത്. അപ്പോൾ നിലവിൽ ഇരുന്ന അഞ്ചിനം വണ്ടികളിൽ രണ്ടിനം വണ്ടികൾ സ്റ്റാൻഡാർഡൈസ് ചെയ്തിട്ട് മററ വണ്ടികൾ എലിമിനേററ ചെയ്യണം. ൧൯൪൯-ൽ ആണ് ഈ റിപ്പോർട്ട് ഗവൺമെൻറിന് സമർപ്പിച്ചിട്ടുള്ളത്. എന്നാൽ ഓരോ മന്ത്രിമാർ വരുമ്പോഴും പോകുമ്പോഴും—

<u>ശ്രീ. പ്രാക്കുളം ഭാസി</u>: ഈ അഞ്ചിനം വണ്ടികളേയും നിലനിറുത്തുന്നതിന് അവയുടെ സ്പെയർ പാർട്ട്സ് വരുത്തുന്നതു കാര്യക്ഷമമാണോ?

<u>ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻ നായർ</u>: സ്പെയർ പാർട്ട്സ് വരുത്തുന്നതിലും പല കുംഭകോണങ്ങളും വരാൻ ഇടയുണ്ട്. ഞാൻ പറഞ്ഞുകൊണ്ടുവന്നതു് ഇങ്ങനെ രണ്ടിനം വണ്ടികൾ സ്റ്റാൻഡർഡൈസ് ചെയ്യണമെന്നും ഇപ്പോൾ നിലവിലുള്ള രണ്ടിനങ്ങളേ സ്റ്റാൻഡർഡൈസ് ചെയ്യുവാൻ പാടുള്ളുവെന്നും പറഞ്ഞിട്ടുണ്ട് എന്നാണ്. ഈ റിപ്പോർട്ടിൽ തന്നെ ഏതു വണ്ടികളെ സ്റ്റാൻഡർഡൈസ് ചെയ്യണമെന്നു പറയുന്നുണ്ട്. അദ്ദേഹത്തിൻെറ റിപ്പോർട്ടു നടപ്പിൽ വരുത്തുകയാണെങ്കിൽ ഫോർഡു് ഒഴിച്ചുള്ള വണ്ടികളേയായിരിക്കണം സ്റ്റാൻഡർഡൈസ് ചെയ്യുന്നതു്. ഇപ്പോൾ നിലവിലിരുന്ന വണ്ടികളെയെല്ലാം വിസ്മരിച്ചു് കാളിൻസ് റിപ്പോർട്ടിനെ പരിഗണിച്ചു് കുറെ ആസ്റ്റിൻ വണ്ടികൾ വരുത്തി എന്നു പറയുന്നു. അന്നു അങ്ങനെ ൬൧ വണ്ടികൾ വരുത്തിയതായി കാണുന്നുണ്ട്.

<u>ശ്രീ. ജെ. ടി. മൊറായിസ്</u>: കാളിൻസ് റിപ്പോർട്ട് ഏതു കാലത്തുള്ളതാണ്?

<u>ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻ നായർ</u>: ൧൯൪൯-ൽ ഉള്ളതാണ്. പിന്നീടു ആ റിപ്പോർട്ടിനെ അവഗണിച്ചു എന്നു മാത്രമല്ല റിപ്പോർട്ടിനു വിപരീതമായി ഏതാനും വണ്ടികൾ വരുത്തുകയും ചെയ്തു. അതിനെ നീതീകരിക്കാൻവേണ്ടി ആസ്റ്റിൻ വണ്ടികൾ വരുത്തുന്നതിനു മുമ്പായി ഒരുവണ്ടി ഡോളർ ഏരിയായിൽനിന്നും, ഒരു വണ്ടി സ്റ്റെർലിംഗ് ഏരിയായിൽനിന്നും വരുത്തണമെന്നു ട്രാൻസ്പോർട്ട് അഡ്വൈസറി ബോർഡിൽനിന്നു് ശുപാർശയും വരുത്തി. ഫോർഡു്, ഷെവർലററ്, ഡോളർ ഏരിയായിൽനിന്നും വരുത്തി. സ്റ്റെർലിംഗ് ഏരിയായിൽനിന്നു ആസ്റ്റിൻ വണ്ടിയും വരുത്തി. ഇങ്ങനെ കണക്കു നോക്കിയാൽ ൧൦൦ വണ്ടികൾ വരുത്തിയതിൽ ൯൦ ആസ്റ്റിൻ വണ്ടികളും ബാക്കിയുള്ളതു ഫോർഡും ഷെവർലററുമാണ്.

4 P. M.]

അടുത്തതായി ഇൻറർനാഷണൽ വണ്ടികൾ വാങ്ങിച്ചു. അതിൽ യാതൊരു മെച്ചവും ഇല്ലായിരുന്നു. അന്നത്തെ കമ്മ്യൂണിസ്ററുകാരനായ ഒരാളിൻെറ ഏജൻസിയിൽനിന്നാണ് ഈ വണ്ടികൾ വാങ്ങിയതു്. കമ്മ്യൂണിസ്ററു പാർട്ടിയിൽനിന്നും മാറുന്നതിനു, പാരിതോഷികമായി ആ ആളിൽനിന്നും വണ്ടികൾ വാങ്ങിയെന്നാണ എൻെറ വ്യക്തമായ അറിവു്. അതല്ലാതെ ഈ വണ്ടി വാങ്ങുന്നതിനു യാതൊരു ന്യായവും ഞാൻ കണ്ടില്ല. മിനിഞ്ഞാന്നു് ഒരു ചോദ്യത്തിനുത്തരമായി ൫. ൪

ഇൻറർനാഷനൽ വണ്ടികൾ വാങ്ങിയെന്നു പറയുകയുണ്ടായി. ഗുണത്തിലും വിലയിലും മെച്ചമില്ലാത്ത വണ്ടികൾ കോളിൻസ് റിപ്പോർട്ട് വന്നതിനുശേഷവും എടുത്തിട്ടുണ്ട്. ഇങ്ങനെ പലയിനം വണ്ടികൾ എടുക്കുന്നതുമൂലം ഡിപ്പാർട്ടുമെൻറിനു ഭീമമായ നഷ്ടമാണു വരുന്നതു്. മന്ത്രിമാർ വരുകയും പോകുകയും ചെയ്യും. ഓരോ മന്ത്രിമാർ വരുമ്പോഴും ഓരോ തരത്തിലുള്ള വണ്ടികൾ വാങ്ങുന്നതു ഒരിക്കലും ശരിയായ നടപടിയല്ല. ഇപ്പോഴത്തെ മന്ത്രി വന്നശേഷം ന്യൂകോമർ വണ്ടി എടുക്കുകയുണ്ടായി. അതിനു സമാധാനമായി ഹെവിഡ്യൂട്ടി ഉള്ളതാണെന്നാണ് ഇവിടെ കേട്ടതു്.

ശ്രീ. പ്രാക്കുളം ഭാസി : ഹെവി ഡ്യൂട്ടി ഇല്ലെന്നാണ് ഞാൻ പറഞ്ഞതു്.

ശ്രീ. നെടുമങ്ങാട്ടു് ആർ. കേശവൻ നായർ : ഹെവി ഡ്യൂട്ടിയാണെന്നു മന്ത്രി പറഞ്ഞതിനെ ഞാൻ വിശ്വസിക്കുന്നു.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: കോമർവണ്ടിയുടെ ഏജൻറ് ഒരു കമ്മ്യൂണിസ്റ്റുകാരനാണോ?

ശ്രീ. നെടുമങ്ങാട്ടു് ആർ. കേശവൻനായർ: ഒരു എ. വി. ജാജ്ജാണ്.

ஸ்ரீ. ஸி. சங்கர் : இன்டர்நாஷனல் வண்டியின் ஏஜன்ட் இப்பொழுது காங்கிரஸ்காரனா அல்லது கம்யூனிஸ்ட்டா?

ശ്രീ. നെടുമങ്ങാട്ടു് ആർ. കേശവൻ നായർ : ഇപ്പോൾ ആ മനുഷ്യൻ ഒരു ബിസിനസ്മാൻ ആണ്. ആ വണ്ടികൾ നല്ലതെന്നോ ചീത്തയെന്നോ ഞാൻ പറയാൻ ഒരുങ്ങുന്നില്ല. എന്തായിരുന്നാലും നമ്മുടെ പ്രവൃത്തികൾ സംശയാതീതമായിരിക്കണം.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ആ സംശയത്തിൻെറ കാര്യം മനസ്സിലായില്ല.

ശ്രീ. നെടുമങ്ങാട്ടു് ആർ. കേശവൻ നായർ : ഇതു പറയുമ്പോൾ മന്ത്രി പറയുമായിരിക്കും കോമർവണ്ടി വാങ്ങുന്നതിനു ട്രാൻസ്പോർട്ട്ബോർഡു ശുപാർശ ചെയ്തിട്ടുണ്ടെന്നും മുമ്പുണ്ടായിരുന്ന വണ്ടികളെക്കാൾ ഈ വണ്ടികൾ നല്ലതാണെന്നുമെല്ലാം. നാം ആരും ഇക്കാര്യത്തിൽ വിദഗ്ദ്ധന്മാരല്ല. ഒരു വിദഗ്ദ്ധൻെറ റിപ്പോർട്ടാണു ഇവിടെ കാണുന്നതു്. ഇതു് ഗവൺമെൻറ സ്വീകരിക്കുന്ന ഒരു റിപ്പോർട്ടുമാണ്. ആ റിപ്പോർട്ടിലേക്കു ഒട്ടുവളരെ പണവും ഗവൺമെൻറ ചെലവാക്കിയിട്ടുണ്ടു്. ആ റിപ്പോർട്ടു നടപ്പിൽ വരുത്തുന്നതാണ് ഗവൺമെൻറിൻെറ നയമെന്നും പറഞ്ഞിട്ടുണ്ടു്.

ശ്രീ. ഒ. സി. നൈനാൻ : ട്രാൻസ്പോർട്ട് അഡൈ്വസറി ബോർഡു് ഈ റിപ്പോർട്ടു സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. നെടുമങ്ങാട്ടു് ആർ. കേശവൻ നായർ : ട്രാൻസ്പോർട്ട് അഡൈ്വസറി ബോർഡിലുള്ള അംഗങ്ങൾ മിനിസ്റ്ററും, ഫിനാൻസു സെക്രട്ടറിയും, ചീഫ് ഇൻജിനീയരും, ഇൻജിനീയറിംഗ് കാളേജ് പ്രിൻസിപ്പാളും, ട്രാൻസ്പോർട്ട ഡയറക്ടറുമാണ്. അവരെല്ലാം വിദഗ്ദ്ധന്മാരാണെങ്കിൽ അവരെപ്പോലെ ഞാനും വിദഗ്ദ്ധനാണ്. ഈ ബോർഡു സ്വീകരിക്കുന്ന

[ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻ നായർ]

തല്ല കാര്യം. ഗവണ്മെൻറ സ്വീകരിക്കുന്നതാണ് കാര്യം. ഗവണ്മെൻറ അതു സ്വീകരിക്കാൻ പോകുന്നുവെന്ന പറഞ്ഞിട്ടുമുണ്ട്. അതുകൊണ്ടു വണ്ടികൾ എടുക്കുന്നതു വളരെ വളരെ ശുഷ്കാന്തിയായും, ന്യായമായും അന്യർക്കു സംശയത്തിന ഇടകൊടുക്കാത്തവിധത്തിലും ആയിരിക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിൽനിന്നും മൂന്നിൽ രണ്ടുഭാഗം റോഡുകൾ കൂടി എടുക്കാതിരിക്കുന്നതു ധനത്തിൻെറ കുറവു മൂലമാണെന്നു കാണുന്നു. അങ്ങനെയാണെങ്കിൽ ഒരു കാർപ്പറേഷനായി ട്രാൻസ്പോർട്ടു നടത്തണം. അങ്ങനെ നടത്തി അൻപത്തിയൊന്നു ശതമാനമോ ൬൦ ശതമാനമോ ഷെയർ ഗവണ്മെൻറ എടുത്തു ബാക്കിയുള്ളതു പബ്ലിക്കിനു കൊടുക്കണമെന്നാണ് ഞാൻ പറയുന്നതു്. അതുപോലെതന്നെ കാര്യക്ഷമമായ ഒരു ബോർഡു രൂപീകരിക്കണം. ഇന്നത്തെ അഡൈ്വസറിബോർഡിനു ചില വൈഷമ്യങ്ങളുണ്ടു്. ഇന്ന് ഒരു ഡ്രൈവർ ഒരു ട്രിപ്പ് കൂടുതൽ പോകണമെങ്കിൽ ഫൈനാൻഷ്യൽ സെക്രട്ടറിയുടെ അനുവാദം വേണം. തിരുവിതാംകൂറിലെ ധനകാര്യം മുഴുവൻ ആ മനുഷ്യൻെറ തലയിലിരിക്കുന്നുവെന്നാണു അദ്ദേഹത്തിൻെറ വിചാരം. ആ മനുഷ്യന് കർട്ടെയിൽമെൻറിനെപ്പററിയല്ലാതെ എക്സ്പാൻഷനെപ്പററി യാതൊരു ഗ്രാഹ്യവും ഇല്ല. ഇന്നത്തെ പരിതഃസ്ഥിതിയിൽ ഒരു ഡ്രൈവറെ ഓവർ വർക്ക് ചെയ്യിച്ചാൽ ഫിനാൻസ് ഒബ്ജക്ററു ചെയ്യും. അതുകൊണ്ടു ഞാൻ പറയുന്നതു ഈ സെററപ്പ് മാററി പരിപൂർണ്ണ അധികാരമുള്ള ഒരു ഇൻഡിപ്പെൻഡൻറ് കാർപ്പറേഷൻ ഉണ്ടാക്കിയാൽ മുഴുവൻ റോഡുകളിലും ട്രാൻസ്പോർട്ടു സൗകര്യങ്ങൾ ഉണ്ടാക്കാൻ ഗവണ്മെൻറിനു കഴിയുമെന്നാണ്. അങ്ങിനെ ചെയ്താൽ ഇന്നു കിട്ടുന്നതിൽ മൂന്നിരട്ടി ആദായം ഗവണ്മെൻറിനു കിട്ടുകയും ചെയ്യും. ഇപ്പോൾതന്നെ ഡീസൽ വണ്ടികൾ ഓടുന്നതുകൊണ്ടു മുമ്പു കിട്ടുന്നതിനേക്കാൾ നാലും അഞ്ചും ഇരട്ടി ലാഭം ഗവണ്മെൻറിനു കിട്ടുന്നുണ്ടു്. തിരുവനന്തപുരത്തുനിന്നും നാഗർകോവിലിലേക്ക് ഡീസൽവണ്ടി രണ്ടു ട്രിപ്പ് ഓടുന്നതിന് ൪൦ രൂപയാണ് ചിലവു വരുന്നതു് ആ രണ്ടു ട്രിപ്പിലുമായി ൨൪൦ രൂപയോളം കിട്ടുകയും ചെയ്യും. അങ്ങനെ നോക്കുമ്പോൾ ഒരു വണ്ടിയിൽനിന്നുതന്നെ ൨൦൦ രൂപ വരെ ആദായം കിട്ടുന്നതായി കാണാൻ കഴിയും. അങ്ങനെ ദിവസം പത്തുപന്ത്രണ്ടു വണ്ടികൾ ഓടിയാൽ ഒരു വലിയ ആദായമാണ് ഗവണ്മെൻറിന് കിട്ടുന്നതു്. അതിനാൽ മുഴുവൻ റോഡുകളും നാഷണലൈസു ചെയ്തു് ഈ ഡിപ്പാർട്ടുമെൻറിനെ ഒരു കാർപ്പറേഷനാക്കി നടത്തണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നതു്.

ശ്രീ. വാറുണ്ണി പുളിക്കൽ: സർ, ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിൽ അടുത്തകാലത്തു പല പരിഷ്കാരങ്ങളും പുതിയ ട്രാൻസ്പോർട്ടു ഡയറക്ടരുടെ ശ്രമത്തിൽ വരുത്താൻ സാധിച്ചതിൽ ഞാൻ ഡിപ്പാർട്ടുമെൻറിനെ അനുമോദിക്കുന്നു. എങ്കിലും ശ്രീ. നടരാജപിള്ള പ്രസ്താവിച്ചതുപോലെ ആ ഡിപ്പാർട്ടുമെൻറിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കോ യാത്രക്കാർക്കോ സംതൃപ്തി കൊടുക്കുന്നില്ലെങ്കിൽ ആ ഭരണവൽക്കരണം ശരിയായിട്ടുള്ളതല്ലെന്നു ചൂണ്ടിക്കാണിക്കാൻ ഞാനും ആഗ്രഹിക്കുന്നു. ഇപ്പോഴത്തെ

രീതിയിൽ ഓവർലോഡ് കയറാൻ അനുവദിച്ച് നിയമസാധുത്വം കൊടുത്തിരിക്കെ ഓവർക്രൗഡ് ഇല്ലെന്നു പറഞ്ഞു സമാധാനിക്കുന്ന ഈ സിസ്റ്റം കൊച്ചിയിലേയ്ക്കും പകർത്തണമെന്ന് ശ്രീ. കേശവൻ നായർ പ്രസ്താവിച്ചപ്പോൾ രണ്ടു വാക്കു ഇതിനെപ്പററി പറയണമെന്നു ഞാൻ ആഗ്രഹിച്ചു. ഞങ്ങളും അവിടെ ബസ്സിലാണ് യാത്രചെയ്യുന്നത്. ഇങ്ങനെ നൂററൊന്നു ശതമാനം ഓവർലോഡ് അനുവദിക്കുന്ന ഒരു സിസ്റ്റം അവിടെ നടപ്പിലില്ല. അവിടെയുള്ള തൊഴിലാളികൾക്ക് ഇവിടത്തെ തൊഴിലാളികൾക്ക് കിട്ടുന്നതിനേക്കാൾ അൻപതു ശതമാനത്തോളം കൂടുതൽ വേതനം അവിടെയുള്ള പ്രൈവററ് മോട്ടോർ വ്യവസായികൾ നൽകുന്നുണ്ടെന്ന് എനിക്കു ധൈര്യമായി പറയാൻ കഴിയും. ഇപ്രകാരം നാട്ടുകാർക്കും ജോലി എടുക്കുന്ന ആളുകൾക്കും ഗുണമില്ലാത്ത ഒരു സിസ്റ്റം അവിടെക്കൂടി നടപ്പിലാക്കി ഇപ്പോൾ കിട്ടുന്ന ⅔ ലക്ഷം രൂപ ⅗ ലക്ഷമായി വർദ്ധിപ്പിക്കുന്നത് എന്തിനാണെന്നാണ് ഞാൻ ചോദിക്കുന്നത്. ശ്രീ. നടരാജപിള്ള പ്രസ്താവിക്കുകയുണ്ടായി, ദേശവൽക്കരിച്ച ഒരു സ്ഥാപനം നാട്ടിന്റെ ഗുണത്തിനു വേണ്ടിയാണ് നിലകൊള്ളേണ്ടതെന്നും ഈ ഗവണ്മെൻറ് ഒരു ക്യാപ്പിററലിസ്ററ് ഗവണ്മെൻറായി തീരരുതെന്നും. ⅔ ലക്ഷം രൂപ കിട്ടുന്നത് ⅗ ലക്ഷമായി വർദ്ധിപ്പിക്കാൻ ബാക്കിയുള്ള മൂന്നിൽ രണ്ടു ഭാഗംകൂടി ദേശസാൽക്കരിക്കണമെന്നാണ് ശ്രീ. കേശവൻ നായർ പറഞ്ഞത്. എന്തായാലും കൊച്ചിയിലേയ്ക്ക് ദീർഘിപ്പിക്കുന്നതിനു മുമ്പായി അവിടത്തെ ജനങ്ങളുടെ ഹിതംകൂടി അറിയണമെന്നാണ് ഞാൻ പറയുന്നത്. ഇപ്പോൾ ഇവിടെ നടക്കുന്ന രീതിയിലാണെങ്കിൽ ഞങ്ങൾക്ക് വേണ്ട വേണ്ടാ എന്നു നൂറു പ്രാവശ്യം പറയുന്നു. ഇവിടത്തെ ട്രാൻസ്പോർട്ടുവകുപ്പുമന്ത്രി തന്നെ ബസ്സിന്റെ പിന്നിലെ ഗോവണിയിന്മേൽ നിന്നു യാത്ര ചെയ്യാറ പതിവുണ്ടെന്നു സഭയിൽ പറയുകയുണ്ടായിട്ടുണ്ട്. എന്നാൽ കൊച്ചിക്കാർ ഇപ്രകാരമുള്ള കസർത്തു പരിചയിച്ചിട്ടില്ലെന്നു അറിയിച്ചുകൊള്ളുന്നു. അവിടെ ഒരു വണ്ടിയിൽ ഓവർലോഡ് കയററിയാൽ വിറച്ചുവിറച്ചുവേണം കണ്ടക്ടർ അങ്ങേയററം കൊണ്ടു ചെന്നു എത്തിക്കാൻ. ഇവിടെ ഓവർലോഡിനെ ഗവണ്മെൻറ് സാധൂകരിച്ചിരിക്കുന്നതു് ശരിയാണോ എന്നാണ് ഞാൻ ചോദിക്കുന്നത്?

Mr. Speaker : You are saying that this system should not be introduced in Cochin.

ശ്രീ. വാറുണ്ണി പുളിക്കൽ : അവിടെ പ്രൈവററ് സർവീസു മാത്രമേയുള്ളു. ഈ ഓവർലോഡു സിസ്ററം അങ്ങോട്ടു വേണ്ടെന്നാണ് പറയുന്നത്.

ശ്രീ. പ്രാക്കുളം ഭാസി : മെംബർ കൊച്ചിയെ മുഴുവൻ പ്രതിനിധീകരിച്ചുകൊണ്ടാണോ പറയുന്നത്?

ശ്രീ. വാറുണ്ണി പുളിക്കൽ : സമയമില്ലാത്തതുകൊണ്ട് ഞാൻ ചോദ്യങ്ങൾക്ക് ഉത്തരം പറയണമെന്നു വിചാരിക്കുന്നില്ല. ഗവണ്മെൻറ് ട്രാൻസ്പോർട്ടു തൊഴിലാളികൾക്കും ജനങ്ങൾക്കും ഉപകാരപ്രദമായ രീതിയിൽ നടന്നു കാണുന്ന പക്ഷം ഞങ്ങൾ അതിനെ സ്വാഗതം ചെയ്യാൻ തയ്യാറാണ്. അതിനു മുമ്പായി ഞങ്ങളുടെ തലയിൽ അതു് ഏൽപ്പി

[ശ്രീ. വാറുണ്ണി പുളിക്കൽ]

കരുതെന്നാണ് ഞാൻ പറയുന്നത്. വാലുപോയ കുറുക്കന്റെ കഥയാണ് എന്റെ ഓർമ്മയിൽ വരുന്നത്. ഇവിടെയുള്ളവരുടെയെല്ലാം വാലു പോയതുകൊണ്ട് അവിടെയുള്ളവരുടേയും വാലുപോകണമെന്നും അതാണ് ഭംഗിയെന്നും അവരെ വിശ്വസിപ്പിക്കാനും ആണ് മിസ്റ്റർ കേശവൻ നായർ ആഗ്രഹിക്കുന്നത്.

ഒരു ദിവസം നേരം വെളുത്തപ്പോൾ പ്രൈവററ ബസ്സുടമസ്ഥന്മാർക്ക് മൈലിന് ഒരു പൈസ വീതം കൂലിനിരക്ക് കൂട്ടുന്നതിന്ന് അനുവാദം കൊടുത്തു. അതുപ്രകാരം നിസ്സാരമെന്ന നാട്യേന ഒരു പൈ മൈലിനു കൂട്ടുന്നതിന് പ്രൈവററ ബസ്സുടമകൾക്ക് അനുവാദം കൊടുത്തതുമൂലം യാത്രക്കാർക്ക് വലുതായ നഷ്ടം സംഭവിക്കുന്നുണ്ട്. ഒരു മൈലിന് ഒരു പൈ കൂട്ടുമ്പോൾ ൫൦ ബസ്സുള്ള ഒരു ആൾക്ക് മാസത്തിൽ കണക്കാക്കിയാൽ ഒരു വലിയ തുകയാണ് ലാഭം കിട്ടുന്നത്. ഹിൽട്രാക്ക് എന്നും ഫ്ളാററ് ട്രാക്ക് എന്നും പല കൂലിനിരക്കുകൾ നിശ്ചയിച്ചുകൊടുത്തിട്ടുണ്ട്. ഇങ്ങനെയൊരു സൗകര്യമുള്ളതുകൊണ്ട് ബസ്സുകാർ സ്വല്പം ഒരു കയററമുള്ളിടമെല്ലാം ഹിൽട്രാക്ററാണെന്നു പറഞ്ഞു കൂടുതൽ തുക യാത്രക്കാരിൽനിന്നും ഈടാക്കിവരുന്നുണ്ട്. ആളുകളെ ചൂഷണം ചെയ്യുന്നതിനാണ് ഈ റൂൾ ഇപ്പോൾ ഉപകരിക്കുന്നത്. രണ്ടണയോ മൂന്നണയോ കൂട്ടിക്കൊടുക്കേണ്ടിവരുന്ന സാധാരണ ഒരു യാത്രക്കാരന് ഇതിനെപ്പററി ഒരു ആക്ഷേപം കൊടുക്കുന്നതിനൊന്നും സാധിച്ചെന്നു വരുകയില്ല. ഇതിന്ന് ഒരു നിവാരണം ഉണ്ടാക്കാൻ പോകുകയാണെന്നും അതിന് പ്രത്യേക ഒരു കമ്മിററിയോ മററോ നിശ്ചയിച്ചിട്ടുണ്ടെന്നും പറയുന്നതല്ലാതെ ഇതുവരെ യാതൊന്നും ചെയ്തിട്ടില്ല. കുന്നംകുളം–തൃശ്ശൂർ, ചാലക്കുടി–തൃശ്ശൂർ ലൈനുകളിൽ ക്രമാതീതമായി റേററ് വർദ്ധിപ്പിച്ചിട്ടുണ്ട്. അവിടത്തെ കൂലി തിട്ടപ്പെടുത്തണമെന്നും നിയമാനുസരണം ബസ്സ് നടത്തിപ്പാൻ അവരെ നിർബ്ബന്ധിക്കണമെന്നും ഞാൻ ഗവണ്മെൻറിനോട് ആവശ്യപ്പെടുന്നതല്ലാതെ അവരെ ഉപദ്രവിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: തൃശ്ശൂരിൽ ട്രാൻസ്പോർട്ടു സർവ്വീസ് വേണ്ടെന്നല്ലേ മെംബറുടെ വാദം?

ശ്രീ. വാറുണ്ണി പുളിക്കൽ: വേണ്ടെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: മെംബറല്ലേ പി. എസ്സ്. എൻ. കമ്പനിയുടെ ലീഗൽ അഡ്വൈസർ?

ശ്രീ. വാറുണ്ണി പുളിക്കൽ: ഒരു ബസ്സുടമസ്ഥന്മാരുടേയും ലീഗൽ അഡ്വൈസറല്ലെന്നു മാത്രമല്ല എനിക്ക് അവരുമായി കൂടുതൽ പരിചയവുമില്ല. മെംബറുടെ സ്വന്തം പരിചയത്തിൽനിന്നും ഞാനും അപ്രകാരമാണെന്ന് വിചാരിച്ചു പറയുന്നതായിരിക്കാം. ഇവിടെ തൊഴിലാളികൾക്ക് കൊടുക്കുന്നതിനേക്കാൾ ൫൦ ശതമാനം കൂടുതൽ ശമ്പളം അവിടെ കൊടുക്കുന്നുണ്ട്.

ശ്രീ. കെ. കരുണാകരൻ: ജോലി ചെയ്തിട്ടു ശമ്പളം കൊടുക്കാത്ത മുതലാളിമാരുണ്ടെന്ന് അറിയാമോ?

ശ്രീ. വാറണ്ണി പുളിക്കൽ: ശമ്പളം കൊടുക്കാത്ത മുതലാളിമാർ ബസ്സുടമകളിൽ അവിടെയില്ലെന്നു എനിക്കറിയാം. ഒരു തൊഴിലാളി നേതാവും അവിടത്തെ തൊഴിലാളി യൂണിയൻ പ്രസിഡന്റുമായ ശ്രീ. കരുണാകരൻ തന്നെ പറയട്ടെ അവിടെ പി. എസ്സ്. എൻ. പയണിയർ, ഈ കമ്പനികളിലുള്ള ശമ്പളം ഇവിടത്തേക്കാൾ കൂടുതലാണോ കുറവാണോയെന്ന്.

ശ്രീ. കെ. കരുണാകരൻ: അവിടെ രണ്ടു മാസമായി ശമ്പളം കൊടുത്തിട്ടില്ല.

ശ്രീ. വാറണ്ണി പുളിക്കൽ: ശമ്പളം അവിടെ കൂടുതലാണോ കുറവാണോ എന്നു മേൽപ്പറഞ്ഞ തൊഴിലാളിയൂണിയൻ പ്രസിഡന്റ് പറയുവാൻ ഞാൻ ചലഞ്ച് ചെയ്യുകയാണ്.

ശ്രീ. ഒ. സി. നൈനാൻ: പ്രൈവറ്റ് സർവീസിൽ ജോലി ചെയ്യുന്ന ഡ്രൈവറന്മാരും ട്രാൻസ്പോർട്ടിൽ ജോലി കിട്ടണമെന്നു അപേക്ഷിക്കുന്നതായറിയാമോ?

ശ്രീ. വാറണ്ണി പുളിക്കൽ: ഇവിടെ പ്രാവിഡന്റ ഫണ്ടും പെൻഷനുമെല്ലാം ഉണ്ടെന്നു പ്രചരിച്ചു വരുന്നതുകൊണ്ടാണ് എന്റെ അഭിപ്രായം. പക്ഷെ അതു് ഒരു തെററിദ്ധാരണയാണ്.

ശ്രീ. എം. എം. അബ്ദുൽ ഖാദർ: ട്രാൻസ്പോർട്ടു കൊച്ചിയിലേയ്ക്കു് നീട്ടിയാൽ ചാർജ്ജ് വളരെ കുറയുമല്ലോ?

ശ്രീ. വാറണ്ണി പുളിക്കൽ: വലിയ കുറവൊന്നും കുറയുകയില്ലെന്നു മാത്രമല്ല സൗകര്യം ഒരു ശതമാനവും കുറയും. എനിക്കു് രണ്ടു കാര്യങ്ങൾ പറയുവാനുള്ളതു്, കോന്നിപുലം വഴി തൃശ്ശൂർനിന്നും ഇരിങ്ങാലക്കുടയ്ക്കു്, ഒരു ബസ്സ് റൂട്ടു കിട്ടണമെന്ന് അപേക്ഷിച്ചിട്ടു് രണ്ടു വർഷമായി. ഞാൻ ഇവിടെ അസംബ്ലിമെമ്പറായതിനുശേഷവും അതു് അനുവദിച്ചു കിട്ടാനായി ഐ. ജി. യുടെ കയ്യിൽ നേരിട്ടു അപേക്ഷ കൊടുത്തും വളരെ ശ്രമിച്ചു. ഒരാളിനു് അനുവദിച്ചു കൊടുത്തിട്ടുണ്ടു് എന്നു കേൾക്കുന്നുണ്ടു് പക്ഷെ സംഗതി നടപ്പിൽ വരുന്നില്ല. ഏതായാലും ഇതേവരെ അനുവദിച്ചു കിട്ടിയിട്ടുമില്ല.

അതുപോലെ തന്നെ, കല്ലൂർ ദേശക്കാർ അവർക്കു് ഇരിഞ്ഞാലക്കുട താലൂക്കാഫീസിലേയ്ക്കും കോടതിക്കും വരുവാനായി മഹാലക്ഷ്മി സർവ്വീസ്സ് കല്ലൂർവരെ എക്സ്റ്റന്റ് ചെയ്തു കിട്ടണമെന്നു് രണ്ടുകൊല്ലം മുമ്പു അപേക്ഷ കൊടുത്തു തുടങ്ങിയതാണ്. അതും ഇതുവരെ അനുവദിച്ചു കിട്ടിയിട്ടില്ല. രണ്ടു കൊല്ലക്കാലമായിട്ടും ഈ രണ്ടു കാര്യങ്ങൾക്കും യാതൊരു തീരുമാനവും ഉണ്ടായിട്ടില്ല. ട്രാൻസ്പോർട്ടു റീജിയനൽ അതാറിട്ടിയുണ്ടു്; സെൻട്രൽ അതാറിട്ടിയുണ്ടു്. അപ്രകാരം ചില പരിഷ്കാരങ്ങളൊക്കെ ഇയ്യിടെ വരുത്തിയിട്ടുണ്ടു് എന്നൊക്കെ കേൾക്കുന്നുണ്ടു്. എല്ലാം ഉണ്ടെങ്കിലും ഇതിനു യാതൊരു തീരുമാനവും ഉണ്ടായിട്ടില്ലെന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെടുത്തിക്കൊള്ളുന്നു.

ശ്രീ. പ്രാക്കുളം ഭാസി: സർ, എറണാകുളം—മട്ടാഞ്ചേരി ലൈൻ ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെന്റിൽ നിന്നും ഏറെറടുക്കാൻ പോകുന്നതായി ഇവിടെ പറയുകയുണ്ടായി, ആ ലൈൻ ഡിപ്പാർട്ടുമെന്റിൽനിന്നും

[ശ്രീ. പ്രാക്കുളം ഭാസി]

എടുക്കുന്നതോടുകൂടി, അവിടെ ഇപ്പോൾ ജോലിയിലിരിക്കുന്ന നാനൂറോളം വരുന്ന ജോലിക്കാരുടെ കാര്യം കൂടി ഈ സഭയുടെ ശ്രദ്ധയിൽ പ്പെടുത്തേണ്ടതുണ്ടെന്നു ഞാൻ വിചാരിക്കുന്നു. അതായതു്, പരീക്ഷായോഗ്യതയും മററും നോക്കി എടുക്കുകയാണെങ്കിൽ, വളരെ കുറച്ചുപേരെമാത്രമെ ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിലേയ്ക്കു എടുക്കുകയുള്ളു. അതുകൊണ്ടു് ആ ലൈൻ എടുക്കുന്ന സ്ഥിതിക്കു് അവിടെ ഏറിയ കാലമായി ജോലി നോക്കിക്കൊണ്ടിരിക്കുന്ന ജോലിക്കാരെയും നിവൃത്തിയുള്ളിടത്തോളം ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിലേക്കു എടുക്കണമെന്നാണു് എൻെറ അഭിപ്രായം. ദേശവൽക്കരണം എല്ലാ സ്ഥലങ്ങളിലും ഉണ്ടാക്കണമെന്നുള്ളതാണു് ഗവണ്മെൻറിൻെറ നയമെങ്കിൽ ആ സർവീസിൽ ഇരിക്കുന്ന ആളുകളെക്കൂടി ഡിപ്പാർട്ടുമെൻറിലേയ്ക്കു് എടുക്കണം.

ഓവർ ലാപ്പിങ്ങ് സർവ്വീസിൻെറ കാര്യം പറയുകയാണെങ്കിൽ കൂടക്കൂടെ ട്രാൻസ്പോർട്ടു് റൂട്ടുകളിൽ പ്രൈവററു് ബസ്സു് റൂട്ടുകൾ അനുവദിക്കുന്നതായി കാണാം. രാഷ്ട്രീയമായ ചില പരിഗണനകൾ വെച്ചുകൊണ്ടാണു് അങ്ങിനെ അനുവദിക്കുന്നതു്. അതുമാതിരി പുതിയ സർവീസുകളും അനുവദിച്ചുകൊടുക്കുന്നതായി അറിയാം. ചവറ ലഹളക്കേസ്സിൽ പോലീസിനെ സഹായിച്ചതിൻെറ പേരിൽ അവിടെ ഒരു ശേഖരൻ മുതലാളിയ്ക്കും മററാ ഒരു സർവ്വീസും അനുവദിച്ചുകൊടുത്തിട്ടുണ്ടു്. ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിൽ നിന്നും സർവ്വീസ് നടത്തുന്ന റൂട്ടുകളിൽ പ്രൈവററ ലൈൻ അനുവദിക്കുന്നതുകൊണ്ടു് ഡിപ്പാർട്ടുമെൻറിനു വലിയ നഷ്ടം സംഭവിക്കുന്നുണ്ടു്. ഡിപ്പാർട്ടുമെൻറിലെ കണ്ടക്ടർമാരുടെ ശമ്പളം കൂട്ടിക്കൊടുക്കണം. നാൺ പെൻഷനബിൾ സർവ്വീസിലിരിക്കുന്ന ആളുകളെ പെൻഷനബിൾ സർവ്വീസിലാക്കുന്നതാണെന്നു ഇവിടെ പറഞ്ഞിട്ടു് ഇതുവരെ തീരുമാനമുണ്ടായിട്ടില്ല. ട്രാൻസ്പോർട്ടു ജീവനക്കാരുടെ ബോണസ്സു് പ്രശ്നത്തിനു് ഒരു ഒഴിവുണ്ടാക്കിയതു ഈ ഒരു തീരുമാനം കൊണ്ടാണു്. അങ്ങനെ വാഗ്ദാനം ചെയ്തിട്ടില്ലെന്നു മന്ത്രി പറഞ്ഞുവെങ്കിലും ഞാനും, ട്രാൻസ്പോർട്ടു യൂണിയൻ പ്രസിഡൻറു് സഖാവു ടി. വി. താമസ്സുംകൂടി ട്രാൻസ്പോർട്ടുമന്ത്രിയെ കണ്ടു് ബോണസ്സു പ്രശ്നത്തെപ്പററി സംസാരിച്ചു.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അന്നത്തെ സംസാരത്തെപ്പററി മുഴുവനും ഇവിടെ പറയാതിരിക്കുകയല്ലേ നല്ലതു്?

ശ്രീ. പ്രാക്കുളം ഭാസി: അല്ല, എൻെറ അറിവു ശരിയാണെങ്കിൽ ഇവിടത്തെ ഫിനാൻഷ്യൽ സെക്രട്ടറിയാണു് ഈ പ്രശ്നത്തിനെതിരായി നിൽക്കുന്നതു്. ട്രാൻസ്പോർട്ടുമന്ത്രിക്കു അതിൽ വിപരീതാഭിപ്രായമില്ല. ഇതിനെപ്പററി ഒരു ചോദ്യം ചോദിച്ചപ്പോൾ, എനിക്കറിവില്ല എന്നാണു മന്ത്രി മറുപടി പറഞ്ഞതു്. ഇക്കാര്യത്തെക്കുറിച്ചു ഒരു പ്രസ്സു് നോട്ടും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടായിരുന്നു. അതുകൊണ്ടു് കഴിയുന്നതും വേഗം ഇതു നടപ്പിൽവരുത്തുന്നതിനു വേണ്ട നടപടി നടത്തണം.

വെയിററിംഗ് ഷെഡ്ഡുകൾ കെട്ടുന്ന കാര്യത്തിലും ഡിപ്പാർട്ടുമെൻറു വളരെ അനാസ്ഥ കാണിക്കുന്നുണ്ടു്. അഞ്ചും ആറും മണിക്കൂർ നേരം ആളുകൾ വെയിലുംകൊണ്ടു ബസ്സിനുവേണ്ടി വെയിററുചെയ്യു

നിൽക്കുന്നുണ്ട്. കഴിഞ്ഞ നിയമസഭയിലും ഇക്കാര്യം ഇവിടെ ഉന്നയിച്ചിട്ടുള്ളതാണ്. ഇക്കാര്യത്തിലും ഗവണ്മെൻറ ഊർജ്ജിത നടപടികൾ കൈക്കൊള്ളണം.

ഇവിടെ സാധാരണ ബസ്സുകൾക്ക് പച്ചനിറം കൊടുത്തു എക്സ്പ്രസ്സ് ബസ്സായി ഉപയോഗിക്കുന്ന ഒരു പതിവുകാണുന്നു. ഈ എക്സ്പ്രസ്സ് ബസ്സ് സർവ്വീസിനെപ്പററി വളരെയധികം പരാതികളുണ്ട്. ഡിപ്പാർട്ടുമെൻറിൽ പുതിയ ഡയറക്ടർ വന്നു ചാർജ്ജെടുത്തശേഷം, അദ്ദേഹത്തിന് ഡിപ്പാർട്ടുമെൻറം, സർവ്വീസുകളും ഭംഗിയാക്കാനുള്ള ആഗ്രഹം കാണുന്നുണ്ട്. ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനം, അദ്ദേഹം ആഗ്രഹിക്കുന്നതുപോലെ ഭംഗിയായിട്ടില്ലെന്നു സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുണ്ട്. അദ്ദേഹത്തിൻെറ പ്രവർത്തനം മൂലം ഡിപ്പാർട്ടുമെൻറിനുണ്ടായിട്ടുള്ള ഊർജ്ജിതത്തെയും സർവ്വീസു നടത്തുന്നതിലുള്ള സമയക്ലിപ്തതയെയും മററും കുറിച്ച് പത്രങ്ങളിൽ വളരെ ശ്ലാഘിച്ചെഴുതിയിട്ടുണ്ടായിരുന്നു. ആ വിവരം പത്രത്തിൽ വായിച്ച ദിവസംതന്നെ, എനിക്കു അത്യാവശ്യമായി കൊല്ലത്തു് പോകേണ്ടിവന്നു. ഞാനൊരു പച്ചനിറമുള്ള എക്സ്പ്രസ്സിൽ കയറി അരൂർമുക്കത്തു വന്നപ്പോൾ ബസ്സ് സ്റ്റാർട്ടാകാതെ അവിടെ നിറുത്തേണ്ടിവന്നു. നാലുമണിക്കൂർ കഴിഞ്ഞതിനുശേഷമാണ് അരൂർമുക്കത്തുനിന്നും ബസ്സ് വിട്ടതു്. ആ ബസ്സുകൊണ്ടുവന്ന ഡ്രൈവറോടു ചോദിച്ചപ്പോൾ, ആ ബസ്സിനു തകരാറുണ്ട്, അതു ശരിയാക്കിയതിനുശേഷമല്ലാതെ ഓടിക്കാൻ നിവൃത്തിയില്ലെന്നു അന്നു കാലത്തു എറണാകുളം ഗാരേജിൽ റിപ്പോർട്ടുചെയ്തുവെന്നും, 'സാരമില്ല' ഓടിച്ചുകൊള്ളാൻ മേലുദ്യോഗസ്ഥൻ പറഞ്ഞതനുസരിച്ചാണു ആ ബസ്സ്കൊണ്ടുവന്നതെന്നും എന്നോടു പറയുകയുണ്ടായി. ചാർജ്ജു വളരെ കൂടുതലാണെന്നു മാത്രമല്ല, കൃത്യമായും, ഉദ്ദേശിക്കുന്ന സമയത്തു എത്താമെന്നുള്ള പ്രതീക്ഷയോടുകൂടി യാത്രചെയ്യുന്നവർക്കു പലപ്പോഴം ഇങ്ങനെ വഴിയിൽ കിടക്കേണ്ടിവരുന്ന അനുഭവമാണ് ഈ എക്സ്പ്രസ്സ് ബസ്സുകൾക്കുള്ളതു്. പച്ചനിറം മാത്രമേ ഇന്നു എക്സ്പ്രസ്സ് ബസ്സിനു ഒരു വ്യത്യാസമായി കാണുന്നുള്ളു. ഓർഡിനറി ബസ്സുകൾതന്നെ ചിലപ്പോൾ എക്സ്പ്രസ്സ് ബസ്സായി ഓടുന്നുണ്ട്.

ഫെറി സർവ്വീസിനെപ്പററിയും എനിക്കു അല്പം പറയുവാനുണ്ട്. അവിടെയും, മററു പലതിലുമെന്നപോലെ കുഴപ്പമുണ്ട്. അതിലെ തൊഴിലാളികൾക്കും ബോണസ്സ് കൊടുക്കാമെന്ന് മന്ത്രി പറഞ്ഞിരുന്നു. പിന്നീടു അതു കൊടുക്കാൻ സാദ്ധ്യമല്ലാ എന്നും മന്ത്രി പറയുന്നു. സർ, ഇങ്ങനെയായാൽ എങ്ങനെയാണ്? ഇവിടെ ട്രാൻസ്പോർട്ടു സർവ്വീസു ലാഭകരമായ ഒരു കച്ചവടമാക്കിയാൽ കൊള്ളാമെന്നു ശ്രീ. ആർ. കേശവൻ നായർ ഇവിടെ പ്രസ്താവിച്ചു കേട്ടു. ടെക്സ്റ്റ്ബുക്കു കച്ചവടം നടത്തിയതു് ഈ മന്ത്രിയാണെന്നു തോന്നുന്നില്ല. ഗാന്ധി മരിച്ചതു കൽക്കട്ടായിൽവച്ചാണെന്നും മററും എഴുതിപ്പിടിപ്പിച്ചിട്ടുള്ള ടെക്സ്റ്റ്ബുക്ക് കച്ചവടംപോലെ കാൺഗ്രസ്സിൻെറ ഈ മാതിരിയുള്ള പ്രവർത്തനങ്ങൾ നാട്ടുകാരെക്കൊണ്ടു ദേശവൽക്കരണപദ്ധതിയ്ക്കു് എതിരുണ്ടാക്കാനുള്ള ഒരു സാഹചര്യം സൃഷ്ടിക്കുകയായിരിക്കും.

ഒരു റൂട്ടിൽ തന്നെ കൂടുതൽ കൂടുതൽ ബസ്സു സർവ്വീസുകൾ അനുവദിക്കുന്നതുമൂലം കാമ്പററിഷൻ ഉണ്ടാകുന്നുണ്ട്; അപകടങ്ങളും ധാരാളം

[ശ്രീ. ..ക്കളം ദാസി]

സംഭവിക്കുന്നതു്. കൂടുതലായി അപകടങ്ങൾ ഉണ്ടാകുന്നതിനു കാരണമന്വേഷിച്ചു അതില്ലാതെയാക്കേണ്ട നിവാരണമാർഗ്ഗങ്ങൾ ഉണ്ടാക്കണം. ഓവർലോഡാണു ഇതിനൊരു കാരണമെന്നു തോന്നുന്നു. ട്രാൻസ്പോർട്ടു ബസ്സുകളിൽ ഓവർലോഡു കയററിയില്ലെങ്കിൽ ലാഭമുണ്ടാവുകയില്ലെന്നു ഒരു വാദഗതിയുണ്ടു്. അതു് ശരിയാണോ എന്നു് സംശയമുണ്ടു്. ഡിപ്പാർട്ടുമെൻറിനു് ധാരാളം ലാഭമുണ്ടായാലും, അവിടത്തെ ജീവനക്കാർക്കു ശമ്പളം കൂട്ടിക്കൊടുക്കുന്ന കാര്യത്തിൽ ഡിപ്പാർട്ടുമെൻറു ശ്രദ്ധിക്കുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു.

സർ, ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിൽ ഡിസ്ട്രിക്ററു് ആഫീസറന്മാരുടെ കാര്യവും എനിക്കു പറയുവാനുണ്ടു്. പതിനാലുകൊല്ലം മുമ്പു് ഈ സർവ്വീസിൽ വന്നിട്ടുള്ളവർ, അവരോടൊപ്പം സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവർ ഇന്നു അസിസ്റ്റൻറു സെക്രട്ടറിമാരായും മററും വലിയ ശമ്പളങ്ങൾ വാങ്ങിക്കുന്നു. ഇന്നു ഈ ഡിസ്ട്രിക്ററു ആഫീസറന്മാരുടെ ശമ്പളം വളരെ കുറവാണു്.

അതുപോലെതന്നെ ഇൻസ്പെക്ടറന്മാരുടെ കാര്യവും. അവർ അർഹിക്കുന്ന ശമ്പളം ഇന്നവർക്കു കിട്ടുന്നില്ല. അന്നു സർ. സി. പി. ജോലിയില്ലാതിരുന്ന, യാതൊരു പണിയുമില്ലാതിരുന്ന, കഷ്ടപ്പെടുന്ന കുറെ ആളുകളെ ആണു് അതിലേയ്ക്കു നിയമിച്ചതു് എന്നു്, പെട്ടെന്നു സമാധാനം പറയാമെങ്കിലും പ...ം പതിനാലും കൊല്ലം സർവ്വീസുള്ള ഇവരേയും പ്രോത്സാഹിപ്പിക്കേണ്ടതാണു്.

ഇനി കണ്ടക്ടേഴ്സായി നിയമിക്കുന്നതിനു സ്കൂൾഫൈനൽവേണമെന്നു പറയുന്നതു എന്താണു്? സ്കൂൾഫൈനൽ എങ്കിലും പാസായിരിക്കണമെന്നൊരു നിയമം എന്തിനാണു് ഗവണ്മെൻറു് പുലർത്തിക്കൊണ്ടുപോകുന്നതു്? നമ്മുടെ നാട്ടിൽ അഭ്യസ്തവിദ്യരായിട്ടുള്ളവർ അനവധിയുണ്ടെങ്കിലും സ്കൂൾഫൈനൽ തന്നെ വേണമെന്നു പറയുന്നതിനേക്കാൾ മിനിമം ക്വാളിഫിക്കേഷൻ തേഡ് ഫാറം എന്നുവച്ചു് കണ്ടക്ടേഴ്സിനെ എടുക്കണം.

ഇനി പാഴ്സൽ അററൻഡേഴ്സിനെ കണ്ടക്ടേഴ്സായിപ്രമോട്ടു ചെയ്യണമെന്നുള്ളതിനെ സംബന്ധിച്ചാണു് എനിക്കു പറയുവാനുള്ളതു്. ട്രാൻസ്പോർട്ടുമന്ത്രിതന്നെ പറഞ്ഞിട്ടുള്ളതാണു് ഈ പാഴ്സൽ അററൻഡേഴ്സ് കണ്ടക്ടേഴ്സായി ജോലിനോക്കുന്നുണ്ടെന്നു്. അവർ കണ്ടക്ടേഴ്സായി ജോലിനോക്കാമെന്നു ഡയറക്ടറും മററും പറയുമ്പോൾ പിന്നെ എന്തു കൊണ്ടു അവരെ കണ്ടക്ടേഴ്സായി എടുത്തു കൂടാ. പാഴ്സൽ അററൻഡേഴ്സിനെ കണ്ടക്ടേഴ്സായി പ്രമോട്ടു ചെയ്യണം. പുതിയ കണ്ടക്ടേഴ്സിനെ റിക്രൂട്ടുചെയ്യുന്നതിനു പകരം ഇവരെ തന്നെ നിയമിക്കണം.

സർ, ഇൻഷ്വറൻസ് സ്കീം ഉടനെ തന്നെ നടപ്പിലാക്കണം. ട്രാൻസ്പോർട്ടു ബസ്സുകളെ സംബന്ധിച്ചിടത്തോളം ഇന്നു അതിനകത്തു യാത്ര ചെയ്യുന്നവർക്കു എന്തെങ്കിലും അപകടം ഉണ്ടായാൽ ഇൻഷ്വറൻസുപദ്ധതിയുടെ പ്രവർത്തനം നടപ്പിലാകാത്തതുകൊണ്ടു് അപകടം ഉണ്ടായിട്ടുള്ളവർക്കു യാതൊരു പൈപോലും കിട്ടുന്നില്ല. ഇൻഷ്വറൻസ് സ്കീം ഉടനെ തന്നെ നടപ്പിൽ വരുത്തണം.

ഫൈനാൻഷ്യൽ സെക്രട്ടറി എതിരായിട്ടു നിന്നാൽ തന്നെ ട്രാൻസ്പോർട്ടുമന്ത്രി ഈ കാര്യങ്ങൾക്കെല്ലാം വേണ്ട പരിഹാരമുണ്ടാക്കണമെന്നു അറിയിച്ചുകൊണ്ടു എന്റെ ഈ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: സർ, ഇവിടത്തെ ട്രാൻസ്പോർട്ടു സർവ്വീസിൽ ഞാൻ ഒരു സാക്ഷിയാണ്. ഈ ഡിപ്പാർട്ടുമെന്റിന്റെ സ്ഥാപനം, പ്രയോജനം, പുരോഗമനം ഇതെല്ലാം ഒരു നിയമസഭാസാമാജികനായി മുടങ്ങാതെ ഞാൻ വീക്ഷിച്ചുകൊണ്ടിരുന്നിട്ടുള്ളതാണ്. ക്രമാനുഗതമായി വളർന്നുവരുന്ന ഈ ഡിപ്പാർട്ടുമെന്റ് പ്രതിദിനം ഖജനാവിനെ പോഷിപ്പിക്കുകയാണ്. മണി പതിനൊന്നടിച്ചാൽ പണവുമായി ഖജനാവിന്റെ മുൻപിൽ ഒരു ട്രാൻസ്പോർട്ടുവണ്ടി ഹാജരാകുന്നതു നാം കണ്ടുകൊണ്ടിരിക്കുകയാണല്ലോ. ഈ ഡിപ്പാർട്ടുമെന്റ് ഗവണ്മെന്റിനെ ധനപരമായി സഹായിക്കുന്ന ഗണനീയവസ്തുത നാം ഓർക്കേണ്ടതാണ്. നിരൂപണങ്ങൾക്കു വിധേയമായ കുറവുകൾ എണ്ണിയെണ്ണി ഒന്നൊന്നായി കുറവുചെയ്യേണ്ടതാവശ്യമാണ്. സർ, ഞാൻ സാക്ഷിയാണെന്നു പറഞ്ഞുവല്ലോ. ഈ ഡിപ്പാർട്ടുമെന്റ് ആരംഭിക്കുവാൻ അനുവാദം നൽകിയ നിയമസഭയിലും ഞാൻ ഒരു സാമാജികനായിരുന്നു. അന്ന് ഗംഭീരമായ വാദപ്രതിവാദങ്ങൾക്കും വോട്ടെടുപ്പിനും ശേഷമാണ് അനുമതി ലഭിച്ചു്. അന്നുവരെ കുറെ മുതലാളിമാരുടെയും കമ്പനികളുടെയും കയ്യിലായിരുന്നു ഇവിടത്തെ ഗതാഗതസ്ഥാപനങ്ങളെല്ലാം. തന്നിമിത്തം ഉണ്ടായിരുന്ന എതിർപ്പിന്റെ വിവിധ കാർക്കശ്യവശങ്ങളെപ്പറ്റി എനിക്കു ഇന്നും ഓർമ്മയുണ്ട്. ഗവണ്മെന്റ് ഇക്കാര്യത്തിൽ എടുത്ത ധീരമായ നിലയാണ് ഇന്നു ഇതിന്റെ നാനാവിധ പ്രയോജനങ്ങൾക്കും കാരണം. മുതലാളിമാർ കുന്നുപോലെ പണം കൂട്ടുന്ന പതിവിനെ തടയണമെന്നും തൊഴിലില്ലാതെ വലഞ്ഞ വിദ്യാസമ്പന്നരെ പ്രോത്സാഹിപ്പിക്കണമെന്നും മററുമായിരുന്നു ഗവണ്മെന്റിന്റെ താൽപര്യം. ഗവണ്മെന്റിന്റെ താൽപര്യത്തെ സഹകരിച്ച് തൊഴിലാളികൾക്കുവേണ്ടി വീറോടെ വാദിച്ചവരിൽ ഒരാളാണ് ഞാൻ. അതിൽ മുതലാളിപ്പക്ഷക്കാർക്കു അസുഖമുണ്ടാകാതെയുമിരുന്നില്ല. സർ, എന്നിട്ടുതന്നെയും ഞങ്ങൾ പിടിച്ചകക്ഷി ജയിച്ചു. ഇന്നു തൊഴിലാളികൾക്കുവേണ്ടി നടക്കുന്ന വാദപ്രതിവാദം അന്നില്ലായിരുന്നു. അന്നു തൊഴിലാളികളുടെ ആവശ്യങ്ങൾ പറഞ്ഞതു ഞങ്ങൾ അപൂർവ്വം ചിലർ മാത്രമായിരുന്നു. ഇന്ന് തൊഴിലാളികൾക്കുവേണ്ടി അപ്രതിഹതമായി വാദിക്കുവാൻ മുതലാളിമാർതന്നെ മുമ്പോട്ടുവന്നു. അങ്ങിനെ ഇങ്ങനെ ഒരു രംഗം ഉണ്ടായിരിക്കയാണല്ലോ. വാദഗതികളിൽ ശുദ്ധത ഉണ്ടായിരുന്നാൽ മതി. അതില്ലെങ്കിൽ കഷ്ടമാണെന്നേ ഞാൻ പറയുന്നുള്ളു.

സർ, ട്രാൻസ്പോർട്ടു സർവ്വീസ് തൃശ്ശൂരേക്കു വേണ്ടേ വേണ്ട എന്നു ഒരു മെംബർ പറയുന്നതുകേട്ടു. കുറവുകൾ പരിഹരിക്കണമെന്നല്ല വേണ്ടേ വേണ്ട എന്നാണദ്ദേഹം പറയുന്നതു്.

ശ്രീ. വാറുണ്ണി പുളിക്കൽ: ഇന്നത്തെ കുറവുകളോടുകൂടിയ ട്രാൻസ്പോർട്ടിന്റെ ആവശ്യം ഞങ്ങൾക്കില്ലെന്നാണു ഞാൻ പറഞ്ഞതിന്റെ സാരം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: കൊച്ചിയിൽ റെയിൽവേ നീട്ടിയതു് സർ. പി. രാജഗോപാലാചാരി ദിവാനായിരുന്ന സമയമായിരുന്നു. അന്നു് കൊച്ചിയിൽ വലിയ എതൃപക്ഷമുണ്ടായിരുന്നു. റെയിൽവേ കാര്യത്തിൽ അവിടെ നടന്ന അജിറ്റേഷനെക്കുറിച്ചു് പ്രത്യേകം പറയേണ്ടതു തന്നെയാണു്. എന്നാൽ ദിവാനും ഗവൺമെന്റും പ്രക്ഷോഭണംകണ്ടു് പിൻവാങ്ങിയില്ല. റെയിൽവേ നടത്തുകതന്നെ ചെയ്തു. ഇന്നു കൊച്ചിയുടെ വിഖ്യാതമായ പേരിനും പ്രശസ്തിക്കും റെയിൽവേ സഹായമായി. ഇക്കാര്യം ഞാൻ ഈ സന്ദർഭത്തിൽ ഒന്നു പറഞ്ഞുവെക്കുന്നയുള്ളൂ.

സർ, ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെന്റിന്റെ കുറവുകൾക്ക ഭരണമേധാവികളിലും അതാതുകാലത്തെ മന്ത്രിമാരുടെ മേൽനോട്ടത്തിലും മററും വികലതകൾ പലതും സംഭവിച്ചിട്ടുണ്ടെന്നു് മി: നെടുമങ്ങാട്ടു കേശവൻനായർ പറഞ്ഞു. സർ, അതു് മിക്കവാറും ശരിയാണെന്നു തന്നെയാണു് എന്റെ അഭിപ്രായം. ഈ ഡിപ്പാർട്ടുമെന്റിന്റെ മഹത്തായ ഉദ്ദേശങ്ങൾക്ക ക്രമേണ ഹാനിവരുന്നുണ്ടു്. അതു പരിഹരിക്കാതെ തരമില്ല. റിപ്പോർട്ടുകൾ പലതും വരുത്തിയിട്ടുണ്ടു്. അതിനു ധാരാളം പണം ചെലവാക്കിയിട്ടുണ്ടു്. എന്നാൽ തദനുസരണം നടപടികൾ നടക്കുന്നില്ല. ജി. പി. കാപ്പൻ റിപ്പോർട്ടു ഉദാഹരണത്തിനായി ഞാൻ അനുസ്മരിപ്പിക്കുന്നു. നിരൂപണങ്ങൾ എങ്ങനെയും ആകാമല്ലോ. അതുകൊണ്ടു പോരാ—ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റു് ഒന്നു പരിഷ്കരിക്കണം. ട്രാൻസ്പോർട്ടു തൊഴിലാളികളുടേയും ജീവനക്കാരുടേയും, ന്യായമായ അവകാശങ്ങൾ പരിരക്ഷിക്കണം. ആദായം അധികമാക്കാൻവേണ്ട കഴിവുകൾ ഈ ഡിപ്പാർട്ടുമെന്റിൽ അന്തർലീനമാണു്. വേലക്കാരുടെ തൃപ്തി കഴിയുന്നതും ആർജിക്കുവാൻ അധികാരികൾ പ്രത്യേകം ശ്രദ്ധിക്കുകയും മന്ത്രി കൂടുതൽ ശ്രദ്ധ ചെലുത്തുകയും ചെയ്യണം.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: നിരൂപണങ്ങളെപ്പററി എന്തു പറയുന്നു—ഒരു പദ്യം ചൊല്ലാമോ?

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: നിരൂപണങ്ങളെല്ലാം ഇവിടെ കേട്ടിട്ടുള്ളതാണല്ലോ.

നിനച്ചീടുന്നു ദുഷ്ടഭാജികളൊട്ടുകത്തെ
മുള്ളിൽ പ്രിയംകലരു മൊട്ടുകമന്യരേയും
തുഷ്ടിക്കി തുഷ്ടിയൊരുപോലിരുപക്ഷമെങ്കിൽ
പുഛിപ്പതിന്നു വകയില്ല ഇരുക്കൂട്ടരേയും.

ഞാൻ ഉപക്ഷേപത്തെ എതിർക്കുന്നു. ഡിമാന്റിനെ അനുകൂലിക്കുന്നു.

ശ്രീ. കല്ലത്തിൽ വേലായുധൻ നായർ: ഇവിടെ ചോദ്യോത്തര സമയത്തും ഈ ധനാഭ്യർത്ഥനയെ തുടർന്നുണ്ടായ വിമർശനങ്ങളിലും പ്രത്യക്ഷമായിക്കണ്ട ചില ആരോപണങ്ങളെസംബന്ധിച്ചു് സമാധാനം പറയാൻ ഞാൻ ശ്രമിക്കാം. ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെന്റിൽനിന്നും വാങ്ങിക്കുന്ന ബസ്സുകളെ സംബന്ധിച്ചാണു് പല ആക്ഷേപങ്ങളും ഈ സഭയിൽ സൂചിപ്പിച്ചിട്ടുള്ളതു്. കഴിഞ്ഞ ബഡ്ജററു് ഇവിടെ അവതരിപ്പിച്ചതിനുശേഷം ഇവിടെ ബസ്സുവാങ്ങിക്കുന്ന കാര്യത്തെപ്പററി ഗവണ്മെന്റിനു വ്യക്തമായും ക്ലിപ്തമായും ഒരു നയമുണ്ടായിരുന്നു, അതിനുമുമ്പു് പലമാതിരി

ബസ്സുകൾ വാങ്ങിച്ചതു സംബന്ധിച്ച് കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിൽ ഇന്ന് ആക്ഷേപം പുറപ്പെടുവിച്ച മെമ്പറന്മാരും ആക്ഷേപം പുറപ്പെടുവിക്കയുണ്ടായി. അതിനു മുമ്പുണ്ടായിരുന്ന നയം എന്താണെന്നും ഏതു നയമനുസരിച്ചാണ് ബസ്സു വാങ്ങിയതെന്നും കഴിഞ്ഞ ബഡ്ജറ്റ്പ്രസംഗത്തിൽ ഞാൻ പ്രസ്താവിച്ചു. അതിനുശേഷം ഉണ്ടായ കാര്യങ്ങളെ സംബന്ധിച്ചും ഏതടിസ്ഥാനത്തിലാണ് ബസ്സുകൾ വാങ്ങിച്ചിട്ടുള്ളതു എന്നും പ്രസ്താവിക്കാം. ഗവണ്മെന്റിപ്പോൾ സ്വീകരിച്ചിരിക്കുന്ന നയമനുസരിച്ച് മീഡിയം ഹെവിഡ്യൂട്ടി ബസ്സുകളാണ് വാങ്ങിക്കണമെന്നു തീരുമാനിച്ചിട്ടുള്ളതു്. ഈ പറഞ്ഞ കാര്യങ്ങൾ വാക്കുകൾപോലും മനസ്സിലാക്കാതെ വീണ്ടും വീണ്ടും ഹെവിഡ്യൂട്ടി മീഡിയം എന്നു പറഞ്ഞാൽ എന്താണെന്നാണു ചോദിക്കുന്നതു്? ഇപ്പോൾ മീഡിയം ഹെവിഡ്യൂട്ടി ബസ്സുകളാണ് ഗവണ്മെന്റ് വാങ്ങിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതു്? അതുപോലെ ഇതിനുമുമ്പു വാങ്ങിച്ചിരുന്ന വണ്ടികളുടെ എൻജിൻ ചീത്തയായതിനു ഡീസൽ എൻജിനാണു റീപ്ലേസ് ചെയ്തു ഉപയോഗിച്ചു വരുന്നതു്. എന്നാൽ ഡീസൽ എൻജിൻ വാങ്ങിക്കുന്നതു ഹർക്കിൻസ് ഡീസൽ എൻജിനാണ്. ഇവിടെ മീഡിയം ഹെവിഡ്യൂട്ടി വെഹിക്കിൾസ് വാങ്ങുന്നതിനെപ്പറ്റി സംശയമുണ്ടായതായി ഞാൻ മനസിലാക്കി. അതുസംബന്ധിച്ച് ഒരു വിദഗ്ദ്ധനെന്നു ബഹുമാനപ്പെട്ട ആര്യനാട്ടു മെംബർ സമ്മതിക്കുന്ന മി. കൊള്ളിൻസ് ഗവണ്മെന്റിലേക്കു എഴുതിയ എഴുത്തു ഞാൻ ഇവിടെ വായിച്ചുകൊള്ളട്ടെ.

"I still feel that this was the best advice I could give you since standardization of any particular vehicle must depend on so many factors which an outside adviser finds it difficult to assess. In the first place you have to make a primary decision yourself with regard to your purchase policy. It is necessary to decide either to purchase vehicles whose first cost is low and to scrap them after a comparatively short period of service or to purchase vihicles whose first cost is greater with a correspondingly long life for depreciation purposes. My own view is that in the long run it is economical to purchase the heavier duty, expensive type of chassis and retain them in service for at least 10 years but this would involve your Government in the necessity to sanction fairly considerable sums of money to meet such purchases. If your Government are not prepared to sanction expenditure of the order I have in mind, even though they are advised in the long-run it would be economical to do so, then you must standardize such vehicles as lie within the limit of your financial resources.

[ശ്രീ. കളത്തിൽ വേലായുധൻ നായർ.]

I think you should in the first place, decide whether you are going to standardize vehicles in the heavy class such as Leyland 'Tigers' Albion 'Venturers' Daimlers, etc., the medium class such as Leyland 'Comet, 'Guy Otters' Seddons Thornycrofts, etc., or light class such as Dodge, Morris, 'Commercial', Chevrolet, Austin etc. I think the important decision is the one as to which class of vehicle you propose to standardize rather than the particluar make since all vehicles from reputable manufacturers can be expected to give good service if due allowance is made for the duty for which the vehicle is designed."

ഈ അഭിപ്രായം അദ്ദേഹം പറഞ്ഞതിനു ശേഷം ഏതു ക്ലാസ്സിൽ പ്പെടുന്ന വണ്ടികൾ വേണം ഇവിടെ വാങ്ങിക്കാൻ എന്നുള്ളതിലേക്കു ഒരു വിദഗ്ദ്ധകമ്മററിയെ നിയമിക്കുകയുണ്ടായി. മെ. കേശവറാവു, മെക്കാനിക്കൽ അസിസ്റ്റൻറ് ടി. സി. എസ്. പിള്ള, വർക്കഷാപ്പ സൂപ്രണ്ടു് കെ. ആർ. കെ. മേനോൻ ഇവർ മൂന്നുപേരും ചേർന്നതാണു ആ കമ്മററി. ആ കമ്മററി ഇതേപ്പററി അന്വേഷിച്ചു് ഒരു റിപ്പോർട്ടു് സമർപ്പിച്ചിട്ടുണ്ടു്. ആ റിപ്പോർട്ടിലെ ഒരുഭാഗം ഞാൻ വായിക്കാം.

"Based on the conclusions detailed above we recommend the following:—

1. Medium Heavy Diesel type with full forward control Such as Commer, Seddons, 'Guy otter', Leyland 'Comet' etc, Mr. Collins has once again recommended this type of vehicles in his recent letter dated 2nd May, but before we recommend this type for standardization, we would suggest that we try one or two of each of these makes and carefully watch their performance by keeping proper statistics under identical running conditions and examine their relative merits after a period of about a year and finally dicide whether we should standardize that type and if so the particular make which has given the best service."

ശ്രീ. നെടുമങ്ങാട്ട ആർ. കേശവൻ നായർ: ഒന്നോ രണ്ടോ വണ്ടി വാങ്ങി പരിശോധിച്ചുനോക്കിയതിനുശേഷമാണോ നൂറു വണ്ടിയും ഒന്നിച്ചുവരുത്തിയതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: നൂറു വണ്ടിയും വാങ്ങിക്കുന്നതിനു മുമ്പു പരിശോധിച്ചുനോക്കി, കൊള്ളാമെന്നു കണ്ടു

ഇങ്ങനെ വണ്ടികൾ വരുത്തുന്നതിനു മുമ്പു ട്രാൻസ്പോർട്ടു നാഷനലൈസ് ചെയ്ത മററു രാജ്യങ്ങളിൽ ഉപയോഗിക്കുന്ന വണ്ടികളെക്കുറിച്ചും അന്വേഷിച്ചു. ബോംബെ ഗവൺമെൻറാണു് ഈ വിഷയത്തിൽ മുന്നിട്ട

നിൽക്കുന്നതു്. അവിടെ കൂടുതലായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വണ്ടികൾ കോമർ, ഗൈഡർ, ലേലാൻഡ് കോമററ് എന്നിവയാണു്. ഈ മൂന്നിനം വണ്ടികൾ വാങ്ങിക്കണമെന്നാണു് ഗവണ്മെന്റ തീരുമാനിച്ചതു്. ടപർഫിക്സ് ഡീസെൽ ഓയിൽ എൻജിനാണു് കോമർ വണ്ടികൾക്കുള്ളതു്. അതുതന്നെയാണു് ആസ്റ്റിൻ വണ്ടികൾക്കും ഉപയോഗിക്കുന്നതു്. അതുകൊണ്ടുംകൂടിയാണു കോമർ വണ്ടികൾ വാങ്ങിക്കുവാൻ തീരുമാനിച്ചതു്. ബസ്സ് വാങ്ങിക്കുന്ന കാര്യത്തിൽ ഇൻഡ്യയിൽ അസംബ്ളി ചെയ്യുന്ന കമ്പനികൾക്കു മാത്രമേ ഇമ്പോർട്ടു ചെയ്യാൻ ഒക്കുകയുള്ളു. ഇൻഡ്യാ ഗവണ്മെന്റിന്റെ നിയന്ത്രണത്തിലാണു ഇമ്പോർട്ടു ചെയ്യുന്നതു്. അവർ റിക്കഗ്നൈസ് ചെയ്ത വണ്ടികൾ മാത്രമേ വാങ്ങാവൂ. ഇമ്പോർട്ടിംഗ് ചാർജ്ജസ് നിശ്ചയിക്കുന്നതും ഇൻഡ്യാ ഗവണ്മെന്റാണു്. വിദഗ്ദ്ധകമ്മററി നിശ്ചയിച്ചിട്ടുള്ളതിൽ ഒരു വണ്ടി മാത്രമേ വാങ്ങാതിരുന്നിട്ടുള്ളു. സെഡ്ഡൻസ് വണ്ടികൾ ഇൻഡ്യാ ഗവണ്മെന്റ റിക്കഗ്നൈസ് ചെയ്തിട്ടില്ലാത്തതുകൊണ്ടാണു വാങ്ങിക്കാതിരുന്നിട്ടുള്ളതു്. ഇപ്പോഴുള്ള വണ്ടികളുടെ എൻജിൻ ചീത്തയാകുമ്പോൾ പഴയ ഡീസൽ ഓയിൽ എൻജിൻ ഉപയോഗിക്കാൻ കഴിയും. പരീക്ഷണാർത്ഥം ഉപയോഗിച്ചുനോക്കിയതിൽ അതു വിജയപ്രദമാണെന്നു കണ്ടിരിക്കുന്നു. ഇതെല്ലാം കൊണ്ടാണു് കോമർവണ്ടികൾ വരുത്തിയതു്.

മറെറാരാക്ഷേപം ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ പുറപ്പെടുവിക്കുകയുണ്ടായി. ട്രാൻസ്പോർട്ടു നാഷനലൈസു ചെയ്തിട്ടുള്ളതു് സ്റ്റേററുക്യാപ്പിററലിസം നടപ്പിലാക്കാൻ വേണ്ടിയല്ലേ എന്നു അദ്ദേഹം സംശയിക്കുന്നു. ഇതു തുടങ്ങിയ കാലത്തുതന്നെ ഈ സംശയം അദ്ദേഹത്തിനുണ്ടായിരുന്നു എന്നും ഇപ്പോഴും ആ സംശയം തീർന്നിട്ടില്ലെന്നും അദ്ദേഹം പറയുന്നു. ഇതു പൊതുജനങ്ങൾക്കു പ്രയോജനകരമായും തൊഴിലാളികൾക്കു ഉപകാരപ്രദമായും ഭവിക്കുന്നുണ്ടോ എന്നു അദ്ദേഹം ചോദിക്കുന്നു. ഈ രണ്ടു തത്വങ്ങളെ അടിസ്ഥാനമാക്കിയാണു ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിനെ സ്റ്റേററുക്യാപ്പിററലിസമാക്കി അദ്ദേഹം വിഭാവന ചെയ്യുന്നതു്. ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനങ്ങൾ ആക്ഷേപരഹിതമാണെന്നു ഞാൻ അവകാശപ്പെടുന്നില്ല. പണ്ടുണ്ടായിരുന്ന ആക്ഷേപങ്ങളിൽ കുറെയൊക്കെ കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നാണു് എന്റെ വിശ്വാസം. പ്രൈവററു ബസ്സുകൾ നടന്നുകൊണ്ടിരിക്കുന്ന സ്ഥലങ്ങളിൽനിന്നും വളരെ പരാതികൾ ലഭിക്കുന്നുണ്ടു്. അവിടെ ട്രാൻസ്പോർട്ടു സർവീസുകൾ തുടങ്ങണമെന്നു പൊതുജനങ്ങൾ നിരന്തരമായി ഗവണ്മെന്റിനെ അലട്ടിക്കൊണ്ടിരിക്കുന്നുണ്ടു്. ഇതിൽനിന്നും ട്രാൻസ്പോർട്ടു സർവീസ് കൂടുതൽ എഫിഷ്യൻറാണെന്നു കാണുവാൻ കഴിയും. ഇന്നു ഏററവും കുറഞ്ഞ ചാർജിൽ വണ്ടികൾ ഓടിക്കുന്നതും ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറുകാരാണു്. ഇത്രയും കുറഞ്ഞ ചാർജിൽ ഒരിടത്തും ബസ്സ് ഓടിക്കുന്നില്ല.

ശ്രീ. നടരാജപിള്ള ഓവർലോഡിംഗിനെപ്പററി പറയുകയുണ്ടായി. Income per mile എന്ന കണക്കുവച്ചു നോക്കുമ്പോൾ ഇപ്പോൾ വരവു കൂടിയിട്ടുണ്ടെന്നും അതു ഓവർലോഡിന്റെ ആധിക്യത്തെയാണു് കാണിക്കുന്നതെന്നും അദ്ദേഹം പറയുന്നു. അതൊരു തെററിദ്ധാരണയാണു്. ഇൻകം പെർ മൈൽ കൂടീട്ടുള്ളതു് രണ്ടു കാരണങ്ങൾകൊണ്ടാണു്. ഒന്നാമതു് ഡീസൽ ഓയിൽ എൻജിൻ ഉപയോഗിച്ചതുകൊണ്ടു്, രണ്ടാമതു

[ശ്രീ. കളത്തിൽ വേലായുധൻ നായർ.]

സീററിംഗ് വർദ്ധിപ്പിച്ചതുകൊണ്ട്. ഈ രണ്ടു കാരണങ്ങളാലാണ് വരവു വർദ്ധിച്ചിട്ടുള്ളത്. അല്ലാതെ ഓവർലോഡ് വർദ്ധിപ്പിച്ചതുകൊണ്ടല്ല. ഇതിലേക്ക ഇൻഡയറക്ററായിട്ടുള്ള തെളിവുകളും പുറമെ ഡയറക്ററായിട്ടുള്ള സ്റ്റാററിസ്ററിക്സുമുണ്ട്. ൧൯൫൦-ൽ ഉള്ള സ്റ്റാററിസ്ററിക്സിൻപ്രകാരം ശരാശരി ബസ്സൊന്നിന് ൧൨൩ ശതമാനം പാസ്സഞ്ചറന്മാർ കയറിയിട്ടുണ്ടെന്നും ൮൭ ശതമാനം മാത്രമേ ഓവർലോഡുള്ളു എന്നും കാണുന്നു. എന്നാൽ ൧൯൫൨ നവംബർ ഡിസംബർ മാസങ്ങളിൽ എടുത്ത സ്റ്റാററിസ്ററിക്സ്പ്രകാരം ൧൦൧ ശതമാനമാണ് പാസ്സഞ്ചറന്മാരുടെ കണക്ക്. ഈ വസ്തുതയെ അടിസ്ഥാനമാക്കിയാണ് ഞാൻ പറയുന്നത് ഓവർലോഡ് കുറഞ്ഞുവരുന്നു എന്ന്. പക്ഷെ ഞാൻ പറഞ്ഞതു ശരാശരി കണക്കാണ്. എല്ലാ ബസ്സിലും ഒരു ശതമാനം മാത്രമേ ഓവർലോഡു കാണുകയുള്ളു എന്നല്ല ഇതിനർത്ഥം. ആവശ്യത്തിൽ കവിഞ്ഞ് ചിലപ്പോൾ യാത്രക്കാർ ചില ബസ്സുകളിൽ കണ്ടേയ്ക്കും. ആഫീസുള്ളപ്പോൾ, കാളേജുള്ളപ്പോൾ, ഉത്സവമുള്ളപ്പോൾ, ഇങ്ങനെയുള്ള അവസരങ്ങളിൽ യാത്രക്കാർ കൂടുതൽ കണ്ടേയ്ക്കും. ധാരാളം ബസ്സുകൾ ഓടിച്ചുകൊണ്ടിരുന്നാലും ഇങ്ങനെയുള്ള ഘട്ടങ്ങളിൽ ഓവർലോഡു കാണും. സാധാരണ ഘട്ടങ്ങളിൽ ഓവർലോഡു കാണുകയില്ല. അതിനാൽ ട്രാൻസ്പോർട്ടുഡിപ്പാർട്ടുമെൻറ് ഒരിക്കലും സ്റ്റേററ് ക്യാപ്പിററലിസത്തിനുവേണ്ടി നിലകൊള്ളുന്നില്ലെന്നു കാണാവുന്നതാണ്. ഇങ്ങനെയെല്ലാമാണെങ്കിലും ഈ ഡിപ്പാർട്ടുമെൻറിൻെറ ഭരണം പരിപൂർണ്ണമായി തൃപ്തികരമാണെന്നു ഞാൻ അവകാശപ്പെടുന്നില്ല. അവിടത്തെ വർക്ക്ഷോപ്പിൻെറ കണ്ടിഷൻ കുറച്ചുകൂടി ഭേദപ്പെടുത്തേണ്ടതാണെന്നു ഗവണ്മെൻറിനറിയാം.

ശ്രീ. പണ്ടാരത്തിൽ ഹൈദ്രബാദിലെ കണ്ടക്ടറന്മാരുടെ ശമ്പളത്തെപ്പററി പറയുകയുണ്ടായി. അവിടത്തെ ക്ലാർക്കന്മാരുടേയും ഇൻസ്പെക്ടറന്മാരുടേയും ശമ്പളംകൂടി അദ്ദേഹം പറയേണ്ടതായിരുന്നു. താരതമ്യേന ഹൈദ്രബാദിലെ ശമ്പളത്തേക്കാൾ ഇവിടത്തെ ശമ്പളം എല്ലാവർക്കും കുറവാണ്. പക്ഷെ കണ്ടക്ടറന്മാരുടെ ശമ്പളം അതനുസരിച്ചു കുറവുണ്ടെന്നല്ലാതെ താരതമ്യേന കുറവല്ല. ശമ്പളം കുറവുണ്ടെന്നുവച്ച് നമ്മുടെ കണ്ടക്ടറന്മാരുടേയും ഡ്രൈവറന്മാരുടേയും സ്ഥിതി ഇതരരാജ്യങ്ങളെ അപേക്ഷിച്ച് വളരെ പുറകിലാണെന്നു വിചാരിച്ചുകൂടാ. പക്ഷെ അവരുടെ സ്ഥിതി കുറെക്കൂടി അഭിവൃദ്ധിപ്പെടുത്തേണ്ടതുണ്ടെന്നു ഗവണ്മെൻറിനറിയാം. കഴിയുന്നതും വേഗം അതിനുള്ള നടപടികൾ എടുക്കണമെന്നു ഗവണ്മെൻറിനാഗ്രഹമുണ്ട്. ബഹുമാനപ്പെട്ട ചവറ മെംബർ ഇപ്പോൾ വളരെ ബ്രേക്ക്ഡൗൺസ് ഉണ്ടെന്നു പറയുകയുണ്ടായി.

ശ്രീ. പ്രാക്കുളം ഭാസി: ഇപ്പോൾ വളരെ കുറഞ്ഞിട്ടുണ്ട്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: വളരെ സന്തോഷമായി. ബ്രേക്ക്ഡൗൺസ് ഇപ്പോൾ ഒട്ടുമില്ലെന്നു ഞാൻ പറയുന്നില്ല. ഇതിൻെറ സ്റ്റാററിസ്ററിക്സ് ആഴ്ചതോറും ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ വർഷത്തേക്കാൾ ബ്രേക്ക്ഡൗൺസിൻെറ എണ്ണം ഇപ്പോൾ വളരെ കുറഞ്ഞിട്ടുണ്ടെന്നു കാണാം. സ്റ്റാർട്ടിംഗ് ടയിമിൻെറ കാര്യത്തിലും ഗവണ്മെൻറ് വളരെ മുമ്പോട്ടു പോയിട്ടുണ്ട്.

ശ്രീ. കെ. കരുണാകരൻ: ഡ്രൈവറന്മാർക്ക് ടൂൾസ് സപ്ലൈ ചെയ്താൽ മൈനർ ബ്രേക്ക് ഡൗൺസ് എല്ലാം അപ്പോഴപ്പോൾതന്നെ തീർക്കാവുന്നതല്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ ടൂൾസ് സപ്ലൈ ചെയ്താൽ ഉണ്ടാകാവുന്ന ആപത്ത് വന്നുചേരാതെ ടൂൾസ് കൊടുക്കുന്നതിനെപ്പറ്റി ആലോചിച്ചുവരികയാണ്. ട്രാൻസ്പോർട്ട് എംപ്ലോയീസിനെ പെൻഷണബിളാക്കുന്ന കാര്യത്തെപ്പറ്റി ശ്രീ. പണ്ടാരത്തിൽ വളരെ ആവേശത്തോടും വാശിയോടുംകൂടി വാദിക്കുകയുണ്ടായി. അദ്ദേഹം വാദിച്ച സ്വരത്തിലും ആ മനോഭാവത്തിലും ആ സംഗതിയെപ്പറ്റി മറുപടി പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. അദ്ദേഹം അക്കാര്യത്തിൽ നേതൃത്വം എടുത്തുകൊണ്ടു ഇത്രയും എങ്കിലും കാര്യസാദ്ധ്യം ഉണ്ടായി എന്നു അദ്ദേഹം അഭിമാനം കൊള്ളുന്നതിലും ഇവിടെ ആർക്കും വിഷമമില്ല. ആരുടെ ശ്രമംകൊണ്ടായാലും ട്രാൻസ്പോർട്ട് എംപ്ലോയീസിന്റെ സ്ഥിതി ഭേദപ്പെട്ടുവന്നാൽ കൊള്ളാമെന്നാഗ്രഹിക്കുന്നവനാണ് ഞാൻ.

ശ്രീ. കെ. കെ. കുമാരപിള്ള: ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിൽ പോർട്ടേഴ്സ് എന്നൊരു വിഭാഗമുണ്ടല്ലോ. അവരുടെ സ്ഥിതി നന്നാക്കുന്നതിനെപ്പറ്റി ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അവർക്കും അവശതകളുണ്ടെന്നറിയാം. അവ പരിഹരിക്കുന്നതിനു ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്. മുഴുവൻ പരിഹരിച്ചു എന്നു പറയുന്നില്ല.

Mr. Speaker: Order, order, Mr. Pandarathil, do you press your motion?

Shri N. Nilakantaru Pandarathil: Yes.

The motion was put and lost.

Mr. Speaker: Mr. Nataraja Pillai, do you press your motion?

Shri P. S. Nataraja Pillai: No, Sir.

The motion was, by leave, withdrawn.

The question that Government be granted a sum of Rs. 1,52, 30,000 under Demand No. XXXIV - Transport Schemes -was put and carried.

The grant was made.

5 P. M.

Mr. Speaker: As it is 5 P. M. the remaining Demands have to be put to the vote of the House.

Demand XXXVII - Capital Outlay on Industrial Development.

The question that the Government be granted a sum of Rs.. 1,15,78,000 under Demand XXXVII - Capital Outlay on Industrial Development - was put and carried.

The grant was made.

Demand III - Excise.

The question that the Government be granted a sum of Rs. 16,78,000 under Demand III - Excise-was put and carried.

The grant was made.

Demand IV - Stamps.

The question that the Government be granted a sum of Rs. 3,38,000 under Demand IV - Stamps - was put and carried.

The grant was made.

Demand VI - Registration.

The question that the Government be granted a sum of Rs. 12,47,000 under Demand VI - Registration-was put and carried.

The grant was made.

Demand VII - Motor Vehicles Acts.

The question that the Government be granted a sum of Rs. 6,02,000 under Demand VIII - Motor Vehicles Acts - was put and carried.

The grant was made.

Demand IX - Heads of States, Ministers and Headquarters Staff.

The question that the Government be granted a sum of Rs. 25,33,700 under Demand IX - Heads of States, Ministers and Headquarters Staff - was put and carried.

The grant was made.

Demand X - State Legislature.

The question that the Government be granted a sum of Rs. 4,41,700 under Demand X - State Legislature - was put and carried.

The grant was made.

Demand XI - Elections.

The question that the Government be granted a sum of Rs. 3,72,000 under Demand XI - Elections was put and carried.

The grant was made.

Demand XII - District Administration and Miscellaneous.

The question that the Government be granted a sum of Rs. 18,90,000 under Demand XII - District Administration and Miscellaneous - was put and carried.

The grant was made.

Demand XVI - Ports.

The question that the Government be granted a sum of Rs. 43,000 under Demand XVI - Ports - was put and carried.

The grant was made.

Demand XVII - Scientific Departments

The question that the Government be granted a sum of Rs. 3,60,000 under XVII - Scientific Departments was put and carried.

The grant was made.

Demand XX - Public Health.

The question that the Government be granted a sum of Rs. 26,16,000 under Demand XX - Public Health - was put and carried.

The grant was made.

Demand XXIII - Veterinary.

The question that the Government be granted a sum of Rs. 6,48,000 under Demand XXIII - Veterinary - was put and carried.

The grant was made.

Demand XXIV - Co-operation.

The question that the Government be granted a sum of Rs. 5,31,000 under Demand XXIV - Co-operation - was put and carried.
The grant was made.

Demand XXV - Industries.

The question that the Government be granted a sum of Rs. 73,99,000 under Demand XXV - Industries - was put and carried.

The grant was made.

Demand XXVIII - Electricity.

The question that the Government be granted a sum of Rs. 45,62,000 under Demand XXVIII - Electricity - was put and carried.

The grant was made.

Demand XXIX - Pensions.

The question that the Government be granted a sum of Rs. 73,60,000 under Demand XXIX - Pensions - was put and carried.

The grant was made.

Demand XXX - Stationery and Printing.

The question that the Government be granted a sum of Rs. 32,00,000 under Demand XXX - Stationery and Printing - was put and carried.

The grant was made.

Demand XXXI - Miscellaneous.

The question that the Government be granted a sum of Rs. 16,43,000 under Demand XXXI - Miscellaneous - was put and carried.

The grant was made.

Demand XXXV - Capital Outlay on Irrigation.

The question that the Government be granted a sum of Rs. 50,39,300 under Demand XXXV - Capital Outlay on Irrigation- was put and carried.

The grant was made.

Demand - XXXVI - Capital Outlay on Agricultural Improvement.

The question that the Government be granted a sum of Rs. 1,08,000 under Demand XXXVI - Capital Outlay on Agricultural Improvement - was put and carried.

The grant was made.

Demand XXXVIII - Capital Outlay in Civil Works.

The question that the Government be granted a sum of Rs. 52,38,000 under Demand XXXVIII - Capital Outlay in Civil Works-was put and carried.

The grant was made.

Demand XXXIX - Capital Outlay on Electricity Schemes.

The question that the Government be granted a sum of Rs. 2,77,81,000 under Demand XXXIX - Capital Outlay on Electricity Schemes-was put and carried.

The grant was made.

Demand XL - Capital Outlay on Transport Schemes outside the Revenue Account.

The question that the Government be granted a sum of Rs. 32,00,000 under Demand XL - Capital Outlay on Transport Schemes outside the Revenue Account-was put and carried.

The grant was made.

Demand XLI - Capital Outlay on State Schemes of Government Trading.

The question that the Government be granted a sum of Rs. 20,02,93,000 under Demand XLI - Capital Outlay of State Schemes of Government Trading - was put and carried.

The grant was made.

Demand XLII - Loans and Advances bearing interest.

The question that the Government be granted a sum of Rs. 55,40,000 under Demand XLII - Loans and Advances bearing interest - was put and carried.

The grant was made.

Mr. Speaker: The House will now adjourn and meet again tomorrow at 11 O' clock.

The Assembly adjourned at 5. 7 P. M. to meet again at 11 O' clock on Friday, the 27th March, 1953.

APPENDIX I

*[Please see answer to Question No. *623 (2)]*

Statement showing proposed Harijan Colonies.

൧൯൫൪-ൽ ഉദ്ദേശം ൬൦ ഹരിജൻ കാളനികൾ സ്ഥാപിക്കുവാനുദ്ദേശിക്കുന്നുണ്ട്. അവ താഴെ പറയുന്ന സ്ഥലങ്ങളിലാണ്.

൧. ആറാട്ടുപുഴ
൨. ആമ്പല്ലൂർ
൩. പറപ്പൂക്കര
൪. ആറ്റിപ്ര
൫. ഉഴവൂർ
൬. കോട്ടുകാൽ
൭. കുമ്മിൾ
൮. താഴെക്കര
൯. ചെറുകോൽ
൧൦. ഏനാദിമംഗലം
൧൧. പുല്ലൂർ
൧൨. കോടശ്ശേരി
൧൩. പീരുമേട്
൧൪. നാവായിക്കുളം
൧൫. കല്ലട
൧൬. പരവൂർ
൧൭. അട്ടൂർ
൧൮. തോന്നയ്ക്കൽ
൧൯. കഴക്കൂട്ടം
൨൦. തിട്ടുവേലിക്കര
൨൧. കുട്ടമംഗലം
൨൨. ചെങ്കൽ
൨൩. എടക്കുളത്തൂർ
൨൪. ചൊവ്വര
൨൫. കുളത്തൂപ്പുഴ
൨൬. പുല്ലൂറ്റ്
൨൭. കുട്ടനെല്ലൂർ
൨൮. കടകംപള്ളി
൨൯. കരുമാത്ര
൩൦. നീണ്ടകര
൩൧. ഏറ്റുമാനൂർ
൩൨. രായമംഗലം
൩൩. റാന്നി
൩൪. മര[illegible]ക്കര
൩൫. മലയാറ്റൂർ
൩൬. ഇരവിപുത്തൂർ
൩൭. നെടുമങ്ങാട്
൩൮. വടിവീശ്വരം
൩൯. ഒല്ലൂരവിള
൪൦. എഴുമാറ്റൂർ
൪൧. പ[illegible]നാപുരം
൪൨. വെമ്പാല
൪൩. പരാക്കി
൪൪. കണ്ണംകുളം
൪൫. തേരൂർ
൪൬. തോവാള
൪൭. പുലിയൂർകുറിച്ചി
൪൮. മണവാളക്കുറിച്ചി
൪൯. മുരുക്കുംപുഴ
൫൦. പന്തളം വടക്കേക്കര
൫൧. വെട്ടിക്കവല
൫൨. എരനെല്ലൂർ
൫൩. താഴ[illegible]ട
൫൪. വടശ്ശേരി
൫൫. ഇരണിയൽ
൫൬. ചെമ്പകരാമൻ പുത്തൂർ
൫൭. മുരിങ്ങൂർ കിഴക്കുംമുറി
൫൮. നെടുംപുര
൫൯. കാക്കളിശ്ശേരി
൬൦. പുലാക്കാട്

ഹരിജനകാളനികളിൽ താമസിക്കുന്നവർക്ക് തൊഴിലുണ്ടാക്കി കൊടുക്കുന്നതിനു ചില പദ്ധതികൾ ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ട്. തലപ്പിള്ളി താലൂക്കിൽ പൂത്തുരുത്തി, തൃശ്ശൂർതാലൂക്കിൽ ഹെർബർട്ട്നഗരം, മുകുന്ദപുരംതാലൂക്കിൽ വിജയരാഘവപുരം, ചങ്ങനാശ്ശേരി താലൂക്കിൽ

സചിവോത്തമപുരം എന്നീ കാളനികളിൽ തുണിനെയ്ത്ത്, പരമ്പനെയ്ത്ത് മുതലായ കൈത്തൊഴിലുകൾ ഗവണ്മെൻറുവകയായി നടത്തിവരുന്നുണ്ട്. തന്മൂലം പ്രസ്തുത കാളനികളിലെ ഹരിജനങ്ങൾക്കു തൊഴിലുണ്ടാക്കി കൊടുക്കുകയും ചെറിയ കുട്ടികൾക്ക് വേണ്ടത്ര പരിശീലനങ്ങളും നൽകിവരുകയും ചെയ്യുന്നുണ്ട്.

ഹരിജനങ്ങളുടെ തൊഴിലില്ലായ്മയെ പരിഹരിക്കുവാൻ ഈ ഗവണ്മെൻറ് പലവിധത്തിലുള്ള പ്രോത്സാഹനങ്ങളും നൽകിവരുന്നുണ്ട്. ഉദാഹരണമായി തയ്യൽജോലി ഹരിജനങ്ങളെ പരിശീലിപ്പിക്കുന്നതിനുവേണ്ടി ഗവണ്മെൻറുവക ഒരു തയ്യൽസ്കൂൾ തിരുവനന്തപുരത്തു നടത്തുന്നുണ്ട്.

ഹരിജനങ്ങളിൽ ഭൂരിപക്ഷവും കൃഷിക്കാരാകയാൽ കൂട്ടുകൃഷി മുതലായവ നടത്തുന്നതിനുവേണ്ടി സഹകരണസംഘംവഴി ധനസഹായം ഗവണ്മെൻറ് നൽകുന്നുണ്ട്. തൊഴിലില്ലായ്മയെ പരിഹരിക്കുവാൻ കൃഷിസ്ഥലങ്ങൾ പല സ്ഥലങ്ങളിലും ഹരിജനങ്ങൾക്കു പതിച്ചുകൊടുക്കുന്നുണ്ട്. മത്സ്യംപിടുത്തം തൊഴിലായിട്ടുള്ള പടന്നന്മാർക്കു ഫിഷറീഡിപ്പാർട്ടുമെൻറിൽനിന്നും ചുരുങ്ങിയ നിരക്കിനു മത്സ്യകാപ്പുകൾ അനുവദിച്ചുകൊടുക്കുന്നുണ്ട്.

APPENDIX II.

[Please see answer to question No. 382 (13)]

Taluk-war Statement showing the number of trees (Coconut and Choondapana) licensed for tapping during 1952-1953.

	Taluk.		First four months.		Second four months.		Third four months.	
			Coconut.	*Choondapana*	*Coconut*	*Choondapana*	*Coconut*	*Choondapana*
1.	Trichur	..	9,874	64	9,141	35	4,625	..
2.	Mukundapuram	..	11,077	172	10,856	121	7,758	124
3.	Cochin-Kanayannur Taluk	..	14,828	262	13,713	170	12,387	226
4.	Parur	..	7,343	105	7,304	84	6,631	116
5.	Kunnathunad	..	4,366	1,534	4,273	1,562	3,208	1,190
6.	Vaikom	..	5,344	327	4,832	359	4,753	502
7.	Thodupuzha	..	810	1,478	828	1,348	118	1,477
8.	Moovattupuzha	..	729	3,729	707	3,857	74	3,512
9.	Meenachil	..	1,895	3,577	1,793	3,668	379	3,308
10.	Kottayam	..	6,935	816	7,240	769	6,407	865
11.	Changanacherry	..	4,013	272	4,508	235	3,727	386
12.	Shertallai	..	6,554	..	6,317	..	3,152	..
13.	Ambalapuzha	..	6,546	..	5,497	..	4,060	..
14.	Karthigapally	..	1,481	..	1,304	..	1,050	..
15.	Mavelikara	..	1,285	76	1,032	39	1,011	53
16.	Karunagapally	..	1,802	1	1,700	..	1,397	6
17.	Thiruvalla	..	3,250	54	3,482	31	3,359	51
18.	Pathanamthitta	..	842	62	663	32	518	34
19.	Kunnathoor	..	936	90	869	56	673	86
20.	Kottarakara	..	2,053	35	1,477	26	1,642	38
21.	Quilon	..	5,405	..	4,759	1	2,273	3
	TOTAL	..	97,368	12,655	92,295	12,393	69,202	11,977

Taluk-war statement showing the amount of tree tax collected during 1950-51, 1951-52 and 1952-53.

	Taluk	Tree tax collected for 1950-51. Rs.	A.	P.	Tree tax collected for 1951-52. Rs.	A.	P.	Tree tax collected for 1952-53. Rs.	A.	P.
1.	Trichur	77,442	12	0	79,794	0	0	85,533	0	0
2.	Mukundapuram	89,383	4	0	92,479	12	0	1,04,569	8	0
3.	Cochin-Kanayannur Taluk	1,23,172	8	0	1,21,880	0	0	1,47,854	0	0
4.	Parur	63,324	4	0	65,089	12	0	76,608	0	0
5.	Kunnathunad	64,974	4	0	66,005	8	0	71,466	8	0
6.	Vaikom	21,541	10	6	34,296	8	0	57,282	0	0
7.	Thodupuzha	34,017	0	0	34,169	8	0	36,267	0	0
8.	Moovattupuzha	53,044	14	0	79,844	0	0	82,971	0	0
9.	Meenachil	64,733	13	6	68,843	8	0	88,105	8	0
10.	Kottayam	74,598	14	6	83,724	12	0	88,599	0	0
11.	Changanacherry	41,297	9	0	50,777	2	0	51,249	8	0
12.	Shertallai	58,141	8	6	57,153	4	0	56,080	8	0
13.	Ambalapuzha	54,535	9	6	54,003	14	0	56,045	8	0
14.	Karthigapally	7,383	12	0	12,403	14	0	13,422	8	0
15.	Mavelikara	7,868	7	0	12,416	4	0	12,824	0	0
16.	Karunagapally	9,760	12	6	15,270	12	0	17,195	8	0
17.	Thiruvalla	26,881	8	0	36,942	8	6	35,440	8	0
18.	Pathanamthitta	4,923	2	0	7,777	6	0	6,850	0	0
19.	Kunnathoor	5,630	2	9	4,281	12	0	10,297	0	0
20.	Kottarakara	8,373	12	0	13,040	14	0	18,795	0	0
21.	Quilon	33,600	3	2	30,580	10	0	28,955	8	0
	Total	9,14,629	11	5	10,20,775	8	6	11,46,411	0	0